



# UN MUTE

# അൺമ്യൂട്ട്

## 2020-21

**PRAJYOTI NIKETAN COLLEGE**

PUDUKAD, THRISSUR




മനുഷ്യരാശിയുടെ നിലനിൽപിനെ ചോദ്യം ചെയ്ത്
തീർത്തും അപ്രതീക്ഷിതമായി ജീവിത്തിലേക്ക്
വ്യാപിച്ച കോവിഡ് മഹാമാരി!
കൊട്ടിയടയ്ക്കപ്പെട്ട വീടിന്റെ അകത്തളങ്ങളിൽ
പ്രിയപ്പെട്ടവരെ ചേർത്തുപിടിച്ച നാളുകൾ...
സൗഹൃദങ്ങളും പഠനവും ക്യാമ്പസ് ജീവിതവും
പ്രതിസന്ധി നേരിട്ടപ്പോൾ...
ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ **'unmute'** ചെയ്ത്
സമൂഹത്തോട് സംവദിച്ചു-ഈ ലോകം

Team meeting

# Our Heavenly Patron



## St Francis Assisi



# സമർപ്പണം:

കോവിഡ് ലോകത്താകമാനം പടർന്ന് പിടിച്ച നാളിൽ പകച്ചു നിൽക്കാതെ ധീരതയോടെ പോരാടിയ ആതുര ശുശ്രൂഷാ രംഗത്തെ ഏവർക്കും മറ്റ് കോവിഡ് മുന്നണി പോരാളികൾക്കും, മരണത്തിന്റെ കയങ്ങളിൽ ആഴ്ന്നു പോയവർക്കും, സർവ്വോപരി കോവിഡിനെ അതിജീവിച്ച് ഈ നൂറ്റാണ്ടിൽ മുന്നേറിയ എനിയ്ക്കും.... നിങ്ങൾക്കും....



# Manager's Message

In the aftermath of Covid-19, time hangs heavy on all of us. Therefore,  will tell its impact on life, education, job and its economic fallout. Bide your time is not in our Dictionary. Let us, there, invest ourselves in education for exponential growth on a Local, National and International Level.

A whisper has been growing that nature and human irresponsibility have become parties to this pandemic; but our staff and students with Keralites are used to get underway to come out of any tragedy; and so, this tragedy.

I admire my Staff and students for their noble and holistic stand at the service of the suffering humanity. They have kept the larger and the holistic interests of our Vision and Mission. All of them were on our Silver Jubilee, largely sold on self-seeking; still they controlled their lower needs by prioritizing higher needs inspired by greater values and played a lead role. Originality and courage with faith and conviction have been their stick.

We are engaged in the rebuilding up of Kerala; but calamity has put a spoke in our wheel of fortune. More than money, education and research with hi-tech skills will be our way. A flawed academic wave should not destroy us. Therefore, at Prajyoti, education means formation of the whole person within greater (holistic) values for greater dynamic identity and holistic progress.

Educational institutions are where memorable moments with greater vision are made. They can help seize opportunities by a convergence of views to form persons. It needs broadening of the strategic parameters that have evident global dimensions in its furtherance and reciprocal recognition of a holistic spirit and approach. Thus, Prajyoti is attractive because of its outstanding Staff and students under an able Principal. Congratulations! With a mute appeal to " Unmute" the Covid era.

Prajyoti Niketan College
Pudukad

Yours Lovingly
Rev Dr Fr Harshajan Pazhayatil, OFM. Cap.
Founder - Manager and Director
Prajyoti Niketan College, Pudukad

PRAJYOTIRGAMAYA


# സ്നേഹ തനിമയാണ് പ്രജ്യോതി
# തനിമ ത്യാഗത്തിലാണ്
# അതത്രെ മുഖ്യപ്രകാശം!



# Our Principal



DR SHAIJAN PAUL




# സ്റ്റുഡന്റ് എഡിറ്റോറിയൽ

**റോഷൻ ടോണി**

“നിങ്ങൾ മുന്നേറികൊണ്ടിരിക്കുക
കാലം നിങ്ങളുടെ വസന്തത്തെ
കാർന്നെടുത്തേക്കാം, എന്നാൽ
നിങ്ങൾ പിന്നോട്ട് നോക്കാതെ
മുന്നോട്ട് മാത്രം നോക്കുക
പിന്നിട്ട വഴികളെ ഓർക്കാതെ
കാൽവച്ച മണ്ണിൽ ആനന്ദിക്കുക
ശൈത്യകാലം നിങ്ങളുടെ ശാപമല്ല
വേനൽക്കാലം നിങ്ങളുടെ അനുഗ്രഹവും
തണുത്തുറയുന്ന മഞ്ഞിലും
വെന്തുരുകുന്ന വേനലിലും തളരാതെ
നിങ്ങൾ മുന്നേറികൊണ്ടേയിരിക്കുക
അപ്പോൾ നിങ്ങളുടെ ശബ്ദം
ബാഹ്യവശങ്ങളെ അതിജീവിച്ചുകൊണ്ട്
ഉയർന്നു കേൾക്കും”

സമസ്ത ലോകത്തേയും നിശ്ചലമാക്കിയ കോവിഡ് മഹാമാരിയുടെ അനന്തരഫലമായി കലാലയ ജീവിതം കളഞ്ഞുപോയ ഒരു കൂട്ടം വിദ്യാർത്ഥികളുടെ തൂലികയിൽനിന്നും പിറവിയെടുത്തതാണ് “അൺമ്യൂട്ട്”. കഴിഞ്ഞുപോയ ഇരുണ്ട കാലഘട്ടത്തിലും നിലകൊള്ളുന്ന സർഗാത്മകതയുടെ അവശേഷിപ്പുകൾ... ഇവിടെ ഒരു പക്ഷേ നിങ്ങൾക്ക് നിങ്ങളെ തന്നെ കാണുവാൻ സാധിച്ചേക്കും. ഋതു ഭേദങ്ങളോട് കൂടിയ ആണ്ടുകൾ ഇനിയും പിറക്കുമെങ്കിലും കൊഴിഞ്ഞ ഇലകൾക്കു പുനർജന്മമില്ല. ഇത്തരത്തിൽ കോവിഡ് കാലഘട്ടത്തിൽ ഈ കലാലയത്തിൽനിന്നും പടിയിറങ്ങിയ സുഹൃത്തുക്കളുടെ ഓർമ്മകളും വാക്കുകളും അൺമ്യൂട്ടിലൂടെ ചേർത്ത് വയ്ക്കുന്നു.



# എഡിറ്റോറിയൽ


കോവിഡ് മഹാമാരി ലോകമാസകലം നാശം വിതച്ചു നീങ്ങുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. ലോക്ക്ഡൗൺ എന്ന അപ്രതീക്ഷിത പ്രഹരം സമസ്തമേഖലകളെയും വാസ്തവത്തിൽ സ്തംഭിപ്പിച്ചു. കാണാനൊരുതെല്ലു സ്വപ്നവും പ്രതീക്ഷിക്കാൻ ഒരു പുലർവെട്ടവും അങ്ങകലെയെന്നോർത്തു നാം വിതുമ്പിയ നാളുകൾ. ലോകം നാലുചുവരുകൾക്കുള്ളിലേക്കുൾവലിഞ്ഞ് അലിഞ്ഞില്ലാതാകുമോ എന്നോർത്തുപോയ നിമിഷങ്ങൾ. ഏകാന്തതയുടെ... രോഗവ്യാപന ഭീതിയുടെ... മരണത്തിന്റെ മുഖങ്ങളെ ജാഗ്രതയോടെ നേരിട്ട ദിനങ്ങൾ. എന്നാലും നാലു ചുമരുകൾക്കുള്ളിൽ ഇരുന്ന് നാം പരസ്പരം കണ്ടും കേട്ടും ഇരുന്നു. സ്ക്രീനിനുമുന്നിൽ നാം നിരന്തരം “അൺമ്യൂട്ട്” ചെയ്ത് സംവദിച്ചുകൊണ്ടേയിരുന്നു, ഒരു പ്രതിരോധത്തിന്റെ ശബ്ദവും അവഗണിക്കാതെ... ലോകം മുഴുവൻ കേൾക്കുവാൻ... ഇരുളിന്റെ വാത്മീകങ്ങൾ ഭേദിക്കുവാൻ. എന്നും നമ്മുടെ ശബ്ദം ഇങ്ങനെ മാറ്റൊലികൊണ്ടേയിരിക്കും ഒരു കലാലയ ജീവിതത്തിന്റെ മുഴുവൻ ഉൾത്തുടിപ്പുകളെയും തുടച്ചു നീക്കാൻ ഒരു കുഞ്ഞൻ വൈറസിനും ആവതില്ല എന്ന തിരിച്ചറിവിൽ പറയുവാൻ വെമ്പിയ കൊച്ചു വലിയ ശബ്ദങ്ങൾ ഇവിടെ അക്ഷരങ്ങളായി പ്രതിധ്വനിക്കുന്നു. കളിപറച്ചിലുകളും ആത്മസംഘർഷങ്ങളും. ആഹ്ളാദാരവങ്ങളും ഇല്ലാതെ ശൂന്യമായ ഇടനാഴിയിൽനിന്നും നാം വിരിയിച്ചെടുത്ത ആ പ്രതിരോധത്തിന്റെ അതിജീവനത്തിന്റെ പടർപ്പുകളാണ് ഈ സ്വരങ്ങൾ. ലോകം ഇല്ലാതാകുമോ എന്ന ഭയാശങ്കകൾക്കിടയിൽ നമ്മൾ വിസ്മൃതരാകുമോ എന്ന ഉത്കണ്ഠകൾക്കുനടുവിൽ, നിലനില്പിനായുള്ള പോരാട്ടങ്ങളിൽ ഇടക്കെപ്പോഴെങ്കിലും നിശബ്ദരാകാതിരിക്കാം. ചില ഓർമ്മപ്പെടുത്തലുകൾക്കായി.

**“Please Unmute Yourself...”**

**സ്നേഹപൂർവ്വം**

**സ്റ്റാഫ് എഡിറ്റർ**
**ഷിന്റ ജി. നെല്ലായി**

# MAGAZINE
## COMMITTEE





# Our Vision

Redeeming love as Prajyoti-The Super light
In struggles for growth in personal wholeness for universal wholeness
for the integrity of a family/society/nation depends
on her integrity of the person who enter them.

Our Vision is holistic, Hole means more than the sum total of all the parts put together. Innate in every human being is a hunger to grow bigger than once bodily size, greater than once natural size to National size and divine size. Eg: Mahatma Gandhi and Mother Teresa. They were original and unique responses to God to bring about the kingdom of Love, God is Redeemer. Therefore God is the Redeeming Love (at the level of the Cross) so God is the most genuine love, one without a second "Advaida" the Redeeming Love is Prajyoti. The Supreme Light. It encompasses knowledge, wisdom and love as light for life in struggle to grow whole. At Prajyoti, thus education means formation of the whole person for Greater growth and wholesome concern. Over the years our experience has re-affirmed that conviction. Thousands of our committed students gave to our Holistic Vision. It is an abiding value for a dynamic organization that makes far sighted moves to take far-reaching steps.

# Our Mission

**Excellence in Education**
Education as empowerment and formation of the whole person (jn.10.10)
To work out the rhythm of love for the marginalized and less talented (mt. 25.35ff)
And to grow greater than our natural size to National and divine size (mt. 5.48)
Thus education sets us in the struggle to achieve our vision,
Mission and thereby our Constitutional goals.

A Guru/Mentor helps to understand what inferences a vision holds out to life. Holistic mission arises from ones consciousness of Redeeming Love (God) with impact on the whole person. Consciousness is the field where all feelings, perceptions, experiences, frictions, sorrows, joys, values extra reside. The moment one becomes aware of them they unfold their inner meaning and or disappear i.e. become aware of any emotional pain, tension, bitter experience in reference to genuine love (at the level of the cross), that disappear without leaving any residue in consciousness. Some of the experiences may not disappear until love grows through them. Most problems are around unmet or neurotic needs; one who regulates lower needs in view of higher needs or values, keeps growing free of tension, so much so one lives not in the past or in the future, but totally in the present with full consciousness, dynamic and kicking. One needs to discover one's consciousness from the lowest to the highest level for quality competence. Awareness and consciousness at any level are therapeutic and at the highest level is ecstasy leading to mastery in life for holistic growth, leadership and innovation. A liberated self becomes free to open its ego-boundaries to greater values. The greatest value is Genuine love (God) or Redeeming Love. It's Prajyoti, the Supreme Light for life to workout and totally from divine perspective of God's Plan which becomes a dream, a personal vision of Redeeming Love within to invest self fully, then all experiences revert to an unity in consciousness, genuineness, authenticity and freedom with social responsibility to grow divine. This is the experience of education at Prajyoti that leads to the realization of our cherished Motto.

# Our Motto

**Projyotirgamaya**
Lead us towards the fullness of Light to attain wholeness of life, through enlightenment,
determination, courage and creativity.




# College Report 2020-21

Respected Founder Manager Dr Fr Harshajan Pazhayattil, Vice Principal Dr Sonia Sunny, Teachers, non-teaching staff, parents and students

With immense pleasure, I am presenting before you the 26th Annual Report of the college for the year 2020-21. We are highly esteemed and satisfied to analyse the result of a yearlong of activities. A sincere evaluation will help us to find out our strengths and weaknesses. Different from the previous years, most of the classes were conducted in the online mode due to the current pandemic situation.

## Programmes

We are now conducting five UG programmes, two PG programmes and a research programme in Psychology. All the programmes are running under the aided stream. This year we have started an innovative interdisciplinary PG programme – M.Sc Computer Science (Data Analytics).

## Staff & Students

Twenty permanent teachers and twelve guest lectures are working in the college. Dr Tresa Peter has joined in the English department as Assistant Professor during this academic year. Sixteen non-teaching staff and a temporary staff are also working in the college. Total student strength of the college is 652 including 185 male and 467 female.

## Library

Our library is fully web-based and have a collection of nearly 17,000 books.

## University Results

During the academic year 2019-20, we were able to achieve a pass percentage of 83% for all programmes together.

B.Sc Computer Science : 73.5%

B.Sc Electronics : 85%

B.Sc Psychology : 86%

BA English : 92%

B.Com : 80%

M.Sc Clinical Psychology: 100%

## Retirement

Dr Shaijan Paul retired from service on 31-05-2021 after leading the college for eleven years as Principal. He served at the college for the last 26 years, and carried out many important responsibilities during this period. Mrs Elsy A P, Library Assistant retired from service on 30-04-2021. She served at the institute for the last 26 years.

## Condolences

I express my deep condolences in the untimely death of Dr Dhanya Menon, Associate Professor in English. She served at the college for 23 years and was the coordinator of NAAC for two cycles. Her service and charisma will be remembered for a long time.

## Departmental Activities

The Department of Computer Science conducted a webinar in Academic Project Management on 4th& 5th July 2020. Mr Prakash, TCRion and Mr Rajasekhar, Jazz Solutions, Thrissur were the resource persons. The department conducted another webinar in Software Testing on 06/07/2020. Ms Dinu George of Fanshawe College, Canada was the resource person. Another webinar on Cyber security was conducted on 30-11-2020 in collaboration with Field Outreach Bureau.Three FDPs have been conducted by the department from 10th to 21st& 24th to 30thJuly 2020. About 1350 faculty members from schools, colleges and Kendriya Vidyalaya, Ernakulam region successfully completed this programme. An industry-academia innovative extension programme was conducted on 28th & 29th July 2020 in which Mr Sujith E S, CTS, Kochi was the resource person. A virtual tour to Dwani was conducted on 11-08-2020 by Mr Midhun, Malayalam music director. A web designing contest was also conducted during the same month in which 48 students from different colleges in Kerala took part. Different webinars on *Covid Pandemic*, *Adventure and Mountaineering* were conducted on 08-08-2020 and 07-09-2020 respectively. An internal national webinar on Software testing and multimedia technologies was conducted on 25th & 26th September 2020 in which 490 delegates from 62 colleges participated. A training programme on Online Office Management for administrative staff was conducted from 19th to 23rd October 2020. An online quiz competition was conducted on December 2nd in connection with World Computer Literacy Day.

The Department of Commerce conducted a webinar on GST as part of industry interaction programme series and extension lecture in which Ms. Georgy Sam was the resource person. Another webinar was conducted on Indian Retail Industry on August 18, 2020 in which Mr Alok Thomas Paul was present as resource person. On August 27, a programme was conducted on Capital Market Awareness by Mr Ashok Kumar as resource person. A webinar on project orientation was conducted on October 6th by Dr Madhusoodanan Kartha. Another webinar was conducted to commemorate women entrepreneurs on November 11th. A webinar on Data Analytics and job opportunities was also conducted on December 8th. Another webinar on Digital Financial Security was conducted on February 6th, 2021. The department also launched a YouTube channel to broadcast these activities.

Research & Post Graduate Department of Psychology organized an international webinar on Hope, Resilience and Mindfulness-based self-care practice during Covid 19 on July 12$^{th}$, 2020. The department conducted Prayaan 2020 during 23$^{rd}$-28$^{th}$ August with the objective of empowering teenagers and youth in the community. The department also observed World Suicide Prevention Day on 10$^{th}$ September. On October 10$^{th}$, the department observed World Mental Health Day. A webinar on National Mentoring Day was also conducted on 27$^{th}$ October. An orientation programme for first year psychology students was conducted on 23$^{rd}$ January 2021. On Women's Day, the department conducted a webinar on Estrogen: An Overview. The department celebrated senior citizen's day on 21-08-2020. An Endowment lecture in the name of former HoDs Dr Varghese Paul & Dr Monsy Edward was conducted on 16-10-2020.

## Sports

Our men's cycling team won third prize in 4000m team pursuit and team time trial, and women's team won third prize in 3000m team pursuit. Yoga team also won runners-up trophy in the Calicut University inter zone tournament.

## Placement

Eighteen of our final year students were placed in MNCs like Infosys, TCS, CTS, Wipro, Deloitte, and Filedez Technologies.

## PRANA Alumni Meet

20$^{th}$ annual Alumni meet was held on 31$^{st}$ October in the online mode. The delegates shared their experiences and participated in various cultural programmes. A Nanma scholarship of Rs 84,000 for 13 students was also announced in the meeting.

## NCC

Sixteen of our students were enrolled in 1(Kerala) Remount and Veterinary Squadron NCC. These students participated in various online programmes and a three-day Cadre camp during this year.

## NSS

NSS units (85 & 183) celebrated World Environment Day, International Yoga day, Anti-Drugs

Day, World Nature Conservation Day, Independence Day, Teachers Day, NSS Day, Gandhi Jayanthi, Constitution Day, AIDS Day, Soil Day, Republic Day, and Anti-Tobacco Day with various activities.

NSS volunteers participated in NSS quiz, District Suchitwa mission webinar series II, Phrase-making competition on freedom (Christ college, Irinjalakuda), Webinar on Modernization in Motor Vehicle Department (SKVC, Thrissur), Webinar on NEP, PlogRun as part of Swachh Bharat, Webinar on Ozone day (Carmel College, Mala), Webinar on Biodiversity (St Josephs' College, Irinjalakuda), YUVAAH, Kerala Palliative Care Day Rang 2021, Pulse Polio Immunization Campaign, Covid help desk duty at Pudukad Grama Panchayat, and as student police during Election duty.

NSS units conducted online workshop on Swachhata Action Plan, webinar on Competent to Compete Covid 19, orientation programme for new volunteers, 7-day special camp, election awareness campaign, and webinar on Covid vaccination.

NSS volunteers took Covid pledge, completed Sannadha Sena training, took National Unity Day pledge, and visited Divykarunyasram Orphanage, Kallettumkara.

Joel Joseph won III prize in Samraksha contest held at LF College, Guruvayoor. Benedict Ben represented University of Calicut in Pre RD camp held at Sri Ramakrishna College, Tamil Nadu. Elrose Varghese represented Thrissur district in a speech competition related to National Youth Parliament.

## Club Activities


Film & Theatre club was inaugurated on October 8th by Mr Unniraj Cheruvathur, Cine artist. Dance club conducted a webinar, Nrithya on 8th October. Ms Uthara Unni was the resource person in the webinar. Women's Cell was inaugurated by Dr E Sandhya on 28th September 2020. In connection with International Women's Day, the Cell conducted an orientation on Manifesting the Psychological Facts of Menstruation on 8th march 2021. The Fine Arts Committee organized different competitions during March 2021 for which the Department of Commerce won the overall trophy.

## Conclusion

As Covid pandemic affected every field of life, it affected the academic community as well. The regular classes turned into online mode, and all other activities are conducted through the web. On the one hand, it gave a lot of opportunities to interact with people at large and in distance. On the other hand, it diversely affected the teaching-learning process. Seminars were turned into webinars and it increased the number of such activities. Learners/participants have to spend a lot of time on the Internet. Hope that the pros of such activities can carry to the future offline events. My sincere gratitude to Founder Manager Dr Fr Harshajan Pazhayattil, teachers, non-teaching staff, parents and students for their co-operation throughout this academic year.

**Dr. Shaijan Paul**
Principal






# Magazine 2020-21
# Prajyoti Niketan College

| | | |
|---|---|---|
| Principal | : | Dr. SHAIJAN PAUL |
| Staff Editor | : | Ms Shinta G. Nellai |
| Editor | : | Roshan Tony |
| Staff Photographer | : | Jose M O |

## Magazine Committee

Shinta G. Nellai

Shiji P. V.

Jose M. O.

Roshan Tony

Bayana BOMS

Meera Mothilal

## Layout & Printing

EBENEZER PRINTERS

Statement of ownership and particulars about publication of the Magzine of Prajyothi Niketan College, Pudukkad

| | | |
|---|---|---|
| Place of Publication | : | Pudukad |
| Periodiccity of aPublication | : | Annual |
| Printer & Publisher | : | Dr Shaijan Paul |
| Nationality | : | Indian |
| Address | : | Prajyoti Niketan College, Pudukad, Thrissur, Kerala |

I. Dr. Shaijan Paul hereby declare that the particulars given in this magazine are true and correct to the best of my knowledge and belief

Sd/

Dr Shaijan Paul

# Contents


1. ഉടൽ 25
2. ആർ യൂ പോസറ്റീവ്??? 26
3. ഭാനു 30
4. മഴനൂലുകൾ 32
5. Misty Morning 33
6. രാത്രിഞ്ചരൻ 34
7. എക്സലിൽ കുടുങ്ങിയ മലയാളി 36
8. കാത്തിരിപ്പ് 37
9. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ് ഭാഷയും മലയാളഭാഷയും 38
10. വേനൽ മഴ 39
11. ജാലകങ്ങൾക്കപ്പുറം 40
12. അതിജീവനത്തിന്റെ പാതയിൽ കേരളം 41
13. അഭിമുഖം 43
14. സമോവർ 45
15. പ്രജ്യോതി: ഒരു വെളിച്ചം 46
16. ഓർമ്മയുടെ മർമ്മരം 48
17. These Earthly Trysts 49
18. Paintings 50
19. നന്മ നിറഞ്ഞവർ പുരുഷന്മാർ 52
20. ഒരു കോവിഡ് കാലത്തിന്റെ ഓർമ്മയ്ക്ക് 55
21. സ്മൃതികൾ 56
22. കുഗ്രാമത്തിലെ ഗായിക 57
23. എന്റെ കലാലയം 60
24. Youth The Architects of Growth 61
25. പുനർജന്മം 63
26. തിരക്കുള്ളവർ വായിക്കരുത് 66
27. കോവിഡ് ലോക്ക്ഡൗൺ കാല പ്രവർത്തികൾ 67
28. ധന്യാമ.... എത്ര ധന്യ 69
29. बेरोज़गारी-एक बढ़ती समस्या 74
30. "It's not a rocket Science 75
31. പാലക്കാടൻ കാറ്റും ഒരു പിടി ഓർമ്മകളും 77
32. ആർക്കാണ് മാറ്റം വേണ്ടത്? 78
33. She; Our Light 84
34. പരിസരം 85
35. ഒരു വട്ടം കൂടി 86
36. മരീചിക 87
37. याद भरी पन्ने 88
38. A Bad Dream 89
39. കരളുറപ്പിന്റെ കേരളം 90
40. പ്രതീക്ഷ 91
41. പരിണാമം 92
42. സ്പർശം 93
43. ഈറൻ മിഴികൾ 94
44. പ്രതിസന്ധിയിൽ തളരാതെ 95
45. കനൽ 96
46. Sam and Skye 97
47. ചിരഞ്ജീവി 99
48. അവൾ 100
49. തീനാളം 101
50. കാത്തിരിപ്പ് 102
51. വേനലിൽ പൂക്കുന്ന മഴകൾ 103
52. For a fearless 'Her' 104
53. ഒരു പകലിന്റെ കഥ 105
54. Zephyr 107
55. അനന്തരാത്രി 108

കോവിഡ് ലോകമെന്നാൽ നഷ്ടങ്ങളുടെ കണക്കുകൾ മാത്രമല്ല;
അതിജീവനത്തിന്റെ, പോരാട്ടത്തിന്റെ,
പോരാടി നേടിയ ജീവിതത്തിന്റെയെല്ലാം കഥകളുണ്ട്...

ഈ താളുകൾക്കിടയിലൂടെ കണ്ണോടിക്കുമ്പോൾ
നിങ്ങൾക്ക് നിങ്ങളെ പലരും വരച്ചിട്ടതായി
കാണാൻ സാധിച്ചേക്കാം...
നിങ്ങളും ഒരു പോരാളിയെന്ന്
അവ ഓർമ്മിപ്പിച്ചേക്കാം...



# COVID WORKS





COVID WORKS

# RETIREMENTS



**Dr Shaijan Paul**
Principal (2010-2021)



**Mrs Elsy A P**
Library Assistant (1995-2021)






# NEW ASSISTANT PROFESSOR

**Dr Tresa Peter**
Department of English



# PLACEMENT CELL

# CAMPUS PLACEMENT 2020-21



# വിട...

## Dr. Dhanya Menon









# FINE ARTS 2021

Due to Covid 19 Pandemic the fine arts committee could not arrange offline programmes in academic year 2021-21. However, Online Fine Arts competitions were held in the Month of March 2021 from 24/03/2021 to 30/03/2021. As the college union was not elected for the academic year, a separate student committee, with two students representatives from each department was constituted to conduct the fine arts comptetitions in an effective manner. It was an inter-departmental competition where 38 student from the five departments of the college participated in defferent of-stage competitions like-Short story writing, Essay writing, pencil drawing, water colour painting etc and on stage competitions such as solo song, mono act, classical dance etc... The department of commerce won the overall prize.



# NSS EVENTS



NSS Orientation Programme led by Guest of Honour, Sreekrishnan Namboothiri PVK, 27th February, 2021.




Election Awareness Campaign and Cycle Rally, organized in association with Pudukad Grama Panchayat, 29th March, 2021.




Orphanage visit, and distribution of groceries and essentials, 29th March, 2021.



World Environment Day Activities - Sapling Planting, 5th June, 2020.






Volunteers involved in COVID Help Desk duties, Pudukad Panchayat, May 2021.



Volunteers take the COVID pledge via virtual meeting, 8th October, 2020.








# RENOVATION










RENOVATION

# ദീപ്ത സ്മരണയ്ക്കുമുമ്പിൽ...














# CALICUT UNIVERSITY
# RESULTS OF CALICUT UNIVERSITY INTERZONE CYCLING AND YOGA COMPETITION 2020-21

**CYCLING TEAM (MEN):**

**4000 Team Pursuit-THIRD, TEAM TIME TRIAL-THIRD**

**CYCLING TEAM(WOMEN)**

| | | |
|---|---|---|
| Jovin Jose | 2nd Bsc Psychology | 4000M Team Pursuit(3rd) |
| Divin D Illikkal2nd Ba English | 2nd Ba English | 4000M Team Pursuit(3rd) |
| Prince DEvassy | 3rd Bcom | Team Time Trial (3rd) |
| Joyal Paul | 3rd Bcom | Team Time Trial (3rd) |
| Jerfin Jainik | 3rd Bsc Electronics | Team Time Trial (3rd) |
| Akshay Shaju | 2nd Bsc Computer Science | 4000M Team Pursuit(3rd) |
| Alan Joy | 1st Bcom | Team Time Trial (3rd) |
| Joyal Siby | 1st Bcom | 4000M Team Pursuit(3rd) |
| Sreedevi C S | 3rd Bcom | 3000M Team Pursuit(3rd) |
| Elrose Varghese | 2nd Bsc Psychology | 3000M Team Pursuit(3rd) |
| Aleena Jose | 1st Ba English | 3000M Team Pursuit(3rd) |
| Angel Rose Paul | 3rd Ba English | 3000M Team Pursuit(3rd) |

3000M TEAM PURSUIT-THIRD

## YOGA MEN AND WOMEN SECURED 2nd POSITION CALICUT UNIVERSITY INTERZONE YOGA COMPETITION
## YOGA IZT 2020-2021

| | | |
|---|---|---|
| Aagnay Sunil | 3rd BSc. Psychology | 2nd |
| Adhulvas P S | 3rd BSc. Electronics | 2nd |
| Nikhil T A | 3rd BSc. Computer Science | 2nd |
| Amal P | 3rd BSc. Computer Science | 2nd |
| Sanal M S | 2nd BSc. Computer Science | 2nd |
| Viswadas E | 1st B.com | 2nd |
| Sreelakshmy M | 3rd BA English | 2nd |
| Amrutha Madhavan | 2nd Bsc Psychology | 2nd |
| Malavika Priyan | 2nd BSc. Electronics | 2nd |
| Lakshmipriya P | S2nd Bsc Psychology | 2nd |
| Arya VS | 1st BSc. Computer Science | 2nd |

# ഉടൽ

**ദിവ്യ കെ.** (പി.ജി, ഒന്നാം വർഷം മന:ശാസ്ത്ര വിഭാഗം)



തുണിചുറ്റി, ചിരിചുറ്റി ഞാൻ നിന്നു,
നിറം കെട്ട മിഴികളെ ഊതിപുകച്ചു,
"സമ്മത'പത്രങ്ങൾ എരിച്ചാണ് തീയുണ്ടാക്കിയത്
പ്രതിഷേധങ്ങൾ തിളച്ചുതൂവിയില്ല, വറ്റി വറ്റി-
ഏറ്റവുമടിത്തട്ടിൽ കരിഞ്ഞുപിടിച്ചു, തേച്ചുകഴുകാൻ-
സമയമൊട്ടും കിട്ടിയതുമില്ല, ഇത്തിരിനേരം-
ഒഴിവു കിട്ടിയൊരുച്ചയ്ക്ക് പരാതികളുമെടുത്ത്
പുഴയിലേക്ക് നടന്നു... പുഴ നിറയെ ജനാലകൾ.
ജനാലകളിലൂടെ രക്ഷപ്പെടാൻ നിനച്ചെങ്കിലും
മുറിയിലെ ഇരുട്ടിൽ കുഞ്ഞുങ്ങൾ തനിച്ചല്ലേ...
എന്റെ ഋതുക്കൾ പെയ്തതും പൂത്തതും
കായ്ച്ചതും പൊഴിഞ്ഞതും ഘടികാരത്തിലായിരുന്നു.
നിർത്താതെ ചലിക്കുന്ന സൂചിക്ക് മാംസവും മജ്ജയും
ഒരു കടലും ഒരു വാനവും ഇടയിലൊരു കരിമുകിലും.
പെയ്യാതൊരു മുകിൽ - കടലെന്ന വേദനയെ തൊട്ടില്ല,
വാനത്തിലെ സ്വപ്നങ്ങളെ വിട്ടുതിർന്നില്ല.
അടുക്കളയിലായിരുന്നു പല ഗന്ധങ്ങളുള്ള -
എന്റെ വസന്തം
അന്തിവെട്ടം മുനിയുന്നിടത്തായിരുന്നെന്റെ വേനൽ.
വേനലിൽ ഞാൻ നിർത്താതെ കരഞ്ഞു
ആ മഴയിലെവിടെയും മുളപൊട്ടിയില്ല ആശ്വാസ-
വചനങ്ങൾ
എനിക്കായ് അടുക്കളപ്പുറത്തൊരുപിടി പഴകിയ
വസന്തങ്ങൾ മാത്രം കാത്തിരുന്നു.
ഞാനെന്ന മരം - പുലരിയിൽ വീണ്ടും ചില്ലകൾ -
ചായ്ക്കണം.



# ആർ യൂ +ve...?

**Bayana BOMS,** Research Scholar, Psychology

പണ്ട് ഞാൻ +ve ആയിരുന്നു സാറേ. ഇപ്പൊ ഒട്ടും +ve അല്ല 2018 ലെ വെള്ളപ്പൊക്കത്തിലും 2019 ലെ ഉരുൾപ്പൊട്ടലിലുമൊക്കെയായി ഇടക്കിടക്ക് ഒലിച്ചു പോയ ഗവേഷണചിന്തകളെ വീണ്ടും വടിച്ചെടുത്ത് തല ചൂടുപിടിച്ചു നില്ക്കുന്ന 2020 ലെ മാർച്ച് മാസം ഇനി മുന്നും പിന്നും നോക്കാനില്ല. നാട്ടിലിറങ്ങി ഡാറ്റാ കളക്ഷൻ ചെയ്യുന്നു... അത് കഴിഞ്ഞ് സ്കോറിങ് നടത്തുന്നു... അനാലിസിസ് ചെയ്യുന്നു... ഞാനിരുന്ന് എഴുതുന്നു... അടുത്ത വർഷം തീസിസ് വെക്കുന്നു... ഹെ! സ്വപ്നത്തിന്റെ ഉത്തുംഗതയിൽ നില്ക്കുമ്പോഴാണ് 15 കോവിഡ് പോസിറ്റീവ് കേസുകളുമായി ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നതിനാൽ, ജാഗ്രതയുടെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ അടക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സാർ മാർച്ച് പത്തിന് ഉത്തരവിറക്കിയത്. ഓഹ്! പ്ലാനെല്ലാം പാളിയതിന്റെ പൊള്ളല് നെഞ്ചിൽ വിങ്ങുന്നുണ്ടായിരുന്നെങ്കിലും ഹോസ്റ്റലിൽ ചെന്ന് എന്തൊക്കെയോ കുറച്ച് സാധനം പെറുക്കി ബാഗിൽ നിറച്ച് വീട്ടിലേക്ക് ബസ്സ് കയറി. സോ സില്ലി... എന്തെന്ത് അസുഖങ്ങൾ... അടച്ചുപൂട്ടലുകൾ കണ്ടിരിക്കുന്നു. ഒരു രണ്ടാഴ്ചയൊക്കെ കഴിഞ്ഞാൽ വീണ്ടും തുറക്കാനുള്ളതല്ലേ... അടക്കട്ടെ... പക്ഷേ... അതാണ് എന്റെ മൂക്ക് തുറന്നിട്ട്, കാറ്റിനെ പ്രണയിച്ചാവാഹിച്ച അവസാന ആനവണ്ടിയാത്രയെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ലായിരുന്നു.

ആഴ്ചകൾ രണ്ട് കഴിഞ്ഞിട്ടും മാസം രണ്ട് കഴിഞ്ഞിട്ടും കോളേജ് പോയിട്ട് വീടിനടുത്ത പെട്ടിക്കട പോലും തുറക്കുന്നില്ല. അടച്ചടച്ച് വീടിന്റെ ഗേറ്റും പൂമുഖവാതിലും വരെ കൊട്ടിയടക്കപ്പെട്ടു. എന്തിന് രണ്ടു കൊല്ലം കഴിഞ്ഞിട്ടുപോലും അടക്കലിന്റെ ഭീതിയിൽ തന്നെ ജീവിതം... കൊറോണ വൈറസിനെ കുത്തിക്കൊല്ലാൻ ശരീരത്തിലേക്ക് രണ്ടു വട്ടം സൂചികുത്തിക്കേറ്റിയെന്നതാണ് പിന്നെ ഒരു ആശ്വാസം!... ഇനി ബൂസ്റ്റർ കൂടെ അടിച്ചിട്ട് വേണം ബുള്ളറ്റുപോലെ ജീവിക്കാൻ...

പക്ഷേ, ഇന്ന് വീണ്ടും കോളേജും ഹോസ്റ്റലും തുറന്നെങ്കിലും സുഹൃത്തുക്കളോടൊപ്പം സൗഹൃദം പങ്കിട്ട് ക്യാമ്പസിന്റെ മഹാഗണിച്ചോട്ടിൽ രസം കൊള്ളുമ്പഴും ലോക്കായ കഴിഞ്ഞ കാലം മറക്കാനാവില്ല... നാട് പട്ടിണിയിലേക്ക് പോകുമോ എന്ന ഭീതി... എല്ലാവരും മരിച്ച് ലോകം അവസാനിക്കാൻ പോവുകയാണോ എന്ന ആധി... റിസേർച്ച് ചെയ്ത് തുടങ്ങിയിട്ട് എവിടെയും എത്താതെ ഇതുവരെ പറയാൻ വെച്ച കാര്യങ്ങളൊക്കെ വെള്ളത്തിലാവുമോ എന്ന നിരാശ... തെങ്ങോല പോലും കറിവെക്കാൻ കേരളക്കര പഠിച്ചുവെന്ന് പറയാം... പറമ്പിലെ താളും തവരേം ചക്കേം പപ്പായേം പറിച്ച് തിന്നേണ്ട അവസ്ഥ! സംസ്ഥാനങ്ങൾ തമ്മിൽ തമ്മിൽ അതിരുകൾ അടച്ചു... വിമാനസർവീസുകൾ നിലച്ചു... ആരും എവിടെയും പോകുന്നില്ല. Locked... Just Locked Mahn...

വെക്കേഷൻ കഴിഞ്ഞ് പഠനങ്ങളെല്ലാം ഓൺലൈനായി നടത്താമെന്ന തീരുമാനം വരുന്നു. ഗൂഗിൾ മീറ്റ്, സൂം, വെബെക്സ് തുടങ്ങിയ പുതിയ അതിഥികൾ ജീവിതത്തിലേക്ക് ബസ് കയറിയിരിക്കുന്നു. എന്നാൽ അതേ സമയം ജനങ്ങൾ പരിഭ്രാന്തരായിക്കൊണ്ടേയിരിക്കുകയും ചെയ്യുന്നു. കേരളത്തിൽ പതിനായിരക്കണക്കിന് ആളുകൾ ഓരോ ദിവസവും പോസിറ്റീവ് ആവുന്ന, നൂറുകണക്കിന് പേർ മരിക്കുന്ന വാർത്തകളാണ് വരുന്നത്. ഓക്സിജൻ കിട്ടാതെ പിടക്കുന്നവരും ചങ്ക് പിളർക്കുന്ന ചുമ ചുമക്കുന്ന രോഗികളും എല്ലാവരുടെയും മൊബൈൽ സ്ക്രീനിൽ വന്നുകൊണ്ടേയിരുന്നു. ഇതു മനസ്സിലാക്കി ഗവൺമെന്റും NGO കളും മറ്റും ആളുകളുടെ മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും മനശാസ്ത്രജ്ഞരുടെ സേവനം തേടുകയും ചെയ്യുന്നു. ഉള്ളിൽ ഉണ്ടായിരുന്ന ഭീതിയൊക്കെ അങ്ങ് വിഴുങ്ങി. നാടു മുഴുവൻ സമാധാനം നശിച്ചു നില്ക്കുമ്പോൾ സുരക്ഷിതത്വത്തിന്റെ ആനുകൂല്യത്തിൽ വീട്ടിൽ വെറുതെയിരിക്കാൻ മനസ്സ് അനുവദിച്ചില്ല. മാത്രമല്ല, ഗവേഷ

ണകാര്യങ്ങളിൽ ശ്രദ്ധചെലുത്താനാവുന്നില്ല. അതിനാൽ തന്നെ തത്കാലം റിസേർച്ചിന് ഒരു pause നല്കുകയല്ലാതെ രക്ഷയില്ലെന്നായി. ഒരു സാമൂഹ്യജീവിയെന്ന നിലയ്ക്കും മനശാസ്ത്രജ്ഞയെന്ന നിലക്കും സമൂഹത്തോടൊപ്പം നിൽക്കാനേ ഇപ്പോൾ മനസ്സ് അനുവദിക്കുന്നൊള്ളൂ... സമൂഹത്തോടുള്ള ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവുന്നില്ല...

അങ്ങനെ വീട്ടിലെ തിരക്കുകളോടൊപ്പം തൃശൂർ, കോഴിക്കോട്, ഇടുക്കി ജില്ലകളിലെ ആളുകൾക്ക് കോവിഡ് മാനസികാരോഗ്യ കൗൺസിലിങ് വളണ്ടിയറായി മാറി. ദിവസവും 70 മുതൽ 100 വരെ കോവിഡ് രോഗികളെ ഫോണിൽ വിളിച്ച് വിവരങ്ങൾ അറിയുക, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക, മാനസികാരോഗ്യം പ്രശ്നത്തിലായവരെ മനസ്സിലാക്കി ഓൺലൈൻ കൗൺസിലിങ് നല്കുക, ഗുരുതര പ്രശ്നമുള്ളവരെ ഹോസ്പിറ്റലിലേക്ക് റഫറൻസ് നല്കുക എന്നതൊക്കെ ആയിരുന്നു വിളികളുടെ ഉദ്ദേശ്യം. ആയിരക്കണക്കിന് രോഗികളെ ഇതുവഴി അടുത്തറിയുവാൻ കഴിയുകയും പലതരം പ്രശ്നങ്ങളെ മനസ്സിലാക്കുവാനും സാധിച്ചു. മനസ്സിൽ തങ്ങിയ കോവിഡ് കേസുകളിൽനിന്ന് നുള്ളിയെടുക്കാവുന്ന മൂന്നെണ്ണം ഇവയാണ്...

***കേസ് 1***
*പേര് - ഡേവിഡ്*
*വയസ്സ് - 54*
*ജില്ല - ഇടുക്കി*
*കുടുംബം - ഭാര്യ, 2 മക്കൾ*

നേരം വെളുത്ത് പത്തുമണിയായാൽ ഫോൺ വിളിച്ച് തുടങ്ങും. അതാത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് വാട്സപ് ഗ്രൂപ്പിലേക്ക് വിളിക്കേണ്ട നമ്പറുകളുടെ ലിസ്റ്റ് ഓരോ കൗൺസിലിങ് വളണ്ടിയർമാർക്കും കിട്ടും. ലിസ്റ്റിന് നീളം കൂടുതലാണെങ്കിൽ എട്ടരക്കോ ഒമ്പതരക്കോ വിളി തുടങ്ങേണ്ടി വരും. വിളിക്കുമ്പോൾ ചില ആളുകൾക്കൊക്കെ കാര്യമായ കുഴപ്പങ്ങളൊന്നുമില്ല. ചിലർക്ക് മാനസികാശ്വാസത്തിന് സ്വീകരിക്കാവുന്ന ചില കാര്യങ്ങൾ നിർദ്ദേശിച്ച് നല്കും. അങ്ങനെ ഒരു ദിവസം ഉച്ചയായിക്കാണും കാൾ ലിസ്റ്റ് പകുതിയായി. ഡേവിഡിന്റെ നമ്പറെത്തി. 94958.... വിളിച്ചു. രണ്ടാം തവണ ബെല്ലടിച്ചപ്പോഴാണ് കാൾ കിട്ടിയത്.

"ഹലോ ഡേവിഡല്ലേ?"
ആരാ? (മറുതലക്കൽ സ്ത്രീ ശബ്ദം)

"തൊടുപുഴ ഹെൽത്തിൽ നിന്ന് സൈക്കോളജിസ്റ്റാണ്... ഡേവിഡ് ഇല്ലേ... അദ്ദേഹത്തിന് ഇപ്പോൾ എങ്ങനെയുണ്ട്?"

(മറുതലയ്ക്കൽ നിശബ്ദത!)

"ഹലോ, ഡേവിഡിന് എങ്ങനെയുണ്ട്? കേൾക്കുന്നില്ലേ! റേഞ്ച് ഇല്ലേ?" (ഇടുക്കിയിൽ സിഗ്നൽ പ്രശ്നം പലപ്പോഴും ഉണ്ടാവാറുണ്ട്. ഇനി അതല്ല ഒരു സ്ത്രീ ശബ്ദം തന്റെ ഭർത്താവിനെ തിരക്കുമ്പോൾ താല്പര്യമില്ലാത്ത ഭാര്യയെങ്ങാനുമാണോ ആവോ - ഓരോന്ന് ഊഹിച്ച് പോയി. കാരണം, ഇതാദ്യമായാണ്, ആദ്യത്തെ അനുഭവമാണ് ഈ നിശബ്ദത).

"ഡേവിഡിന്റെ കാര്യമൊന്നും അറിഞ്ഞില്ലേ സാറേ...?" (ഇടറിയ ശബ്ദത്തിൽ ചോദിക്കുന്നു)

"എന്തേ?"

"ഡേവിഡ് ഇന്നലെ മരിച്ചുപോയി ഡോക്ടറേ... ഞാൻ കെട്ടിയോളാണ്..."

ദൈവമേ! ആദ്യമായിട്ടാണ് വിളിച്ച രോഗി മരിച്ചതായി പറയുന്നത്. ആകെ പകച്ചുപോയി. പക്ഷേ പതറാതെ അവരോട് സംസാരിക്കാൻ ശ്രമിച്ചു. "ഡേവിഡ് ചെറിയ ശ്വാസംമുട്ട് വന്നപ്പോൾ ആശുപത്രിയിൽ പോയതാണ്. തൊട്ടടുത്ത ആശുപത്രിയിലേക്ക് ഉഷാറോടെ നടന്നുപോയ ആളാണ്! ആശുപത്രിയിൽ കേറിയതിൽ പിന്നെ ആളെ കാണാൻ ഭാര്യക്കോ മക്കൾക്കോ കഴിഞ്ഞിട്ടില്ല. ആരെയും അടുപ്പിക്കില്ലല്ലോ! പിന്നെ കാണുന്നത് ശവമാണ്. ഡോക്ടർമാർ ശ്രദ്ധിക്കാഞ്ഞിട്ടാണ് അങ്ങേര് പോയത് സാറേ" എന്നു പറഞ്ഞ് ആ ഭാര്യ കരഞ്ഞു. അവരെയും രണ്ട് പെൺമക്കളെയും പറ്റാവുന്ന രീതിയിൽ ആശ്വാസവാക്കുകൾ നല്കി ആശ്വസിപ്പിച്ചു. മരണവീട്ടിൽ പോലും ആരുമില്ലാത്തതിനാൽ ആശ്വാസത്തിന് ചായാൻ ഒരു ചുമലില്ലാതെ നില്ക്കുന്ന ആ അമ്മയുടെയും മക്കളുടെയും നൊമ്പരം ഒരു ഫോൺ തലക്കിപ്പുറം എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഫോൺ വെച്ചതിന് ശേഷം കുറച്ചുനേരം പിന്നെ ആരെയും വിളിക്കാനായില്ല. ഞാനറിയാതെ ഡേവിഡിനും കുടുംബത്തിനും എന്റെ കണ്ണീർ പൊഴിഞ്ഞു... അതിനു ശേഷം വിളിക്കുന്ന രോഗിയുടെ മരണവാർത്ത പ്രതീക്ഷിക്കാം എന്ന ബോധത്തോടെയാണ് കോവിഡ് രോഗികളെ ബന്ധപ്പെട്ടത്. പിന്നെയും പല മരണവാർത്തകളും ഫോൺ വിളികൾക്കിടയിൽ ഉണ്ടായെങ്കിലും ആദ്യത്തെ ഈ അനുഭവം മറക്കാനാവാത്തതാണ്.

***കേസ് 2***
*പേര് - അനു രാജ്*
*വയസ്സ് - 25*
*ജില്ല - തൃശൂർ*
*കുടുംബം - ഭർത്താവ്, ഒന്നരവയസ്സുള്ള മകൻ*

അനു നല്ല ഉന്മേഷവതിയായിരുന്നു. സംസാരിക്കാൻ താത്പര്യമുള്ളവൾ. സത്യത്തിൽ എന്റെ ഫോൺ വന്നപ്പോൾ ഗ്രഹണിപിള്ളേർക്ക് ചക്കക്കൂട്ടാൻ കിട്ടിയ പ്രതീതിയായിരുന്നു അനുവിന്. സംസാരിച്ചിട്ട് മതിയാവുന്നില്ല. കാരണം, ഒരാഴ്ചയായി മുറിയിൽ അടച്ചിരിപ്പാണ്. ഫോണിൽ കുത്തി കുത്തി മടുത്തുപോലും. വാട്സാപ്പിൽ നിന്ന് ഫെയ്സ്ബുക്കിൽ കേറി അവിടന്ന് ഇറങ്ങി യൂട്യൂബിൽ കേറി അവിടുന്ന് ഇറങ്ങി ടെലിഗ്രാമിലും ഇൻസ്റ്റഗ്രാമിലും കേറിയിട്ടും കാല് കഴക്കുന്നില്ല, മടുക്കുന്നുവെന്ന് മാത്രം... ഒന്നരവയസ്സുള്ള ചെറിയ മോനെ താഴെ ഭർത്താവിന്റെ ഫോണിൽ വീഡിയോ കോൾ വിളിച്ച് സംസാരിക്കും. വീട്ടുകാരോടും അങ്ങനെതന്നെ. നേരത്തിന് ഭക്ഷണം കൊണ്ടുവന്ന് വച്ച് വീട്ടിലെ സഹായത്തിനുള്ള സ്ത്രീ താഴെ പോകും.

അസുഖം ഇതായതിനാൽ അമ്മയെയോ അച്ഛനെയോ ഒരു ആശ്വാസത്തിന് വിളിക്കാനും പറ്റില്ല. അവരെ അടുത്തുള്ള തറവാട്ടിലേക്ക് മാറ്റിയിരിക്കുകയാണ്. ഇങ്ങനെ മുഷിഞ്ഞിരിക്കുമ്പോഴാണ് കൗൺസിലറൊരു മാലാഖയായ് അനുവിന് മുന്നിലെത്തുന്നത്. ഒരു കൗൺസിലറുടെ ഈ സന്ദർഭത്തിലെ ധർമ്മം അതാണെന്ന് തോന്നി. പക്ഷേ ഇരുപതു മിനിറ്റിലധികം സംസാരിക്കാനാവില്ല. എന്നെ കാത്തു കിടക്കുന്ന രോഗികളുടെ ലിസ്റ്റ് ഇനിയുമുണ്ട്. സമയം വിലപ്പെട്ടതാണ്. പെന്റിങ് വച്ചാൽ നാളെ വീണ്ടും പുതിയ കേസ് വരുമ്പോൾ ഭാരമാവും. അതിനാൽ തന്നെ അതുവരെയുള്ള സംസാരത്തിൽ നിന്ന് മനസ്സിലാക്കിയിടത്തോളം ഞാൻ അനുവിനോടൊരു കാര്യം പറഞ്ഞു: "അനൂ... ഒരു കവിത എഴുതൂ..." അവർ ഒഴിഞ്ഞ് മാറി. അറിയില്ല എന്നും പറഞ്ഞ്. "എന്നാൽ ശരി, ഞാൻ നാളെ വിളിക്കാൻ നോക്കാം" എന്നും പറഞ്ഞ് അനുവിനോട് ബൈ-ബൈ പറഞ്ഞു.

അങ്ങനെ ഒരു ആറു മണി ആയിക്കാണും. ഫോൺ വിളിയെല്ലാം തീർത്ത് മുഖ്യമന്ത്രിയുടെ കോവിഡ് നിരക്ക് പറയുന്ന അന്നത്തെ വാർത്താ സമ്മേളനവും കേട്ട് മാനത്തുനിന്ന് എങ്ങനെയോ മുറ്റത്ത് വീണ നെരിച്ചീറിന്റെ (ചെറിയ വവ്വാൽ) പ്രസവം മൊബൈലിൽ ഷൂട്ട് ചെയ്യുകയായിരുന്നു. ഒരു നമ്പറിൽനിന്ന് വാട്സാപ്പിലേക്ക് മിസ്ഡ് കാൾ! പ്രസവം കഴിഞ്ഞ് അമ്മ പറന്നു. കുഞ്ഞ് പതിയെ പതിയെ മണ്ണിലൂടെ ഇഴഞ്ഞിഴഞ്ഞ് ആരോഗ്യവാനായി ഒരു കുഞ്ഞുചെടിയിലേക്ക് ചാടി. ഇതോടെ ഷൂട്ടിങ് അവസാനിപ്പിച്ച് അകത്തേക്ക് കേറി. സന്ധ്യാനേരത്ത് മന്ദാകിനിയായി മുറ്റത്ത് നിക്കണത് കണ്ട് ഒരു മണ്ഡോദരിമാർക്കും മനോവ്യഥ മെനയണ്ടാല്ലോ... അപ്പോഴാണ് നേരത്തെ വന്ന മിസ്ഡ് കോൾ ഓർത്തത്. വാട്സാപ്പ് തുറന്നപ്പോൾ ആ നമ്പറിൽനിന്ന് മെസേജും ഉണ്ട്. എന്നെ ഞെട്ടിച്ചുകൊണ്ട് അത് അനുവിന്റെ ഒരു കവിത ആയിരുന്നു. ആ വരികൾ ഇങ്ങനെയാണ്:

വിജനമാം വീഥികളിലും നിറഞ്ഞുനിൽക്കും
കൊറോണ ഭൂത ഭരണം
ആരാധനാലയ പള്ളിക്കൂടങ്ങളെങ്ങും
നിശ്ചലമാകുമീ കാലം
വിനാശം വിതച്ച് കളിയാടുന്നുവെങ്ങും
അലച്ചിലിലാഴുന്നീ ലോകം
തിരികെ മടങ്ങുവാനാകുമോ ഇനിയൊരു-
ഉല്ലാസമാഘോഷനാൾ
അണപൊട്ടി ചിതറിയാ ഭൂതഗണങ്ങളെ
നീക്കുവാനാണിനിയുള്ള ശ്രമം
നമ്മുടെ ഉദ്യമമാണതെന്നോർക്കുക, മഹാമാരിയെ
തുരത്തണമെന്ന ലക്ഷ്യം
കരുതലോടെയിരിക്കാം, പൊരുതിടാമിനി
വരുന്നൊരോരോ നിമിഷവും
ഒത്തു ചേരാം നമുക്ക്, നാടിൻ സൗഖ്യത്തിനായ്
മനസുകൊണ്ടാണെന്നു മാത്രം.

Ezhuthan paranjond ezhuthitha enik kavithede rules on-num ariyilato Chumma paranjappo kurichatha

കവിത എഴുതിയ പേജിന്റെ ചിത്രത്തോടൊപ്പം ഇങ്ങനൊരു ടെക്സ്റ്റ് മെസേജും ചേർത്ത് കവിതയെ കുറിച്ചൊന്നുമറിയാത്തവൾ ഇതു കുറിച്ചുതന്നപ്പോൾ എനിക്കൊത്തിരി സന്തോഷമായി. ആദ്യമായി കവിതയെഴുതിയതിന്റെ സന്തോഷം അനുവിനും. കവിതയയച്ച് അനു എന്നെ ഞെട്ടിച്ചതുപോലെ മാഗസിനിലെ കവിത കാണിച്ചു കൊടുത്ത് അനുവിനെയും എനിക്കിനി ഞെട്ടിക്കണം...

***കേസ് 3***
*പേര് – ചാരുലത മൃദുല*
*വയസ്സ് – 42*
*ജില്ല – കോഴിക്കോട്*
*കുടുംബം – അമ്മ മാത്രം*

കാല്പനിക കഥകളിലും മറ്റും കേട്ട് പരിചയമുള്ള പേരാണ് 'ചാരുലത'. ആ പേരിന് പ്രണയമെന്നർത്ഥമുള്ളതുപോലെ തോന്നിയിട്ടുണ്ട്. ഒരു ദിവസം കാൾ ലിസ്റ്റിൽ ചാരുലത എന്ന് കണ്ടപ്പോൾ ആ പേരിൽ ഒരാളെ വിളിക്കാനായല്ലോ എന്ന് സന്തോഷം തോന്നി. ഒരു പതിനൊന്ന് മണി ആയപ്പോഴാണ് ഞാൻ ചാരുലതയെ വിളിക്കുന്നത്. ആളല്പം കിതയ്ക്കുന്നുണ്ടായിരുന്നു. നേരെ കാരണം തിരക്കി. ഡാൻസ് പ്രാക്ടീസ് ചെയ്യുകയായിരുന്നുവെന്ന് പറഞ്ഞു. കോവിഡ് കാര്യമായ രീതിയിൽ ബാധിക്കാത്തതിനാലും മനസ്സിലെ ഊർജം ശക്തമായ് എരിയുന്നതിനാലും ചാരുലതക്ക് ക്വാറന്റെയിൻ ദിനങ്ങൾ കൂടുതൽ കർമ്മനിരതയാവാൻ സഹായിച്ചുവെന്ന് വേണം മനസ്സിലാക്കാൻ.

ആളൊരു നൃത്താധ്യാപികയാണ്. ഒരിക്കൽ കലാതിലകമൊക്കെ ആയ ആളാണ് കക്ഷി. സംസാരിക്കുമ്പോൾ അവർക്കുള്ള സംഗീതക്കൂട്ടായ്മയെ പറ്റിയും യൂട്യൂബ് ചാനലിനെ പറ്റിയും പറഞ്ഞു. എല്ലാ ദിവസവും പാട്ടുകാർ ചേർന്ന് ഓൺലൈനായി "സംഗീതസംഗമം' ഉണ്ടാവുമെന്നും അതിൽ പാടാൻ പാട്ട് പഠിക്കാനുണ്ടെന്നും ചാരുലത പറഞ്ഞപ്പോൾ രണ്ടുവരി എനിക്കുവേണ്ടി പാടിത്തരാൻ പറഞ്ഞു. അവർ മനോഹരമായി പാടി. യൂട്യൂബ് ചാനലിനെക്കുറിച്ച് ചോദിച്ചപ്പോൾ ചാരുലതയുടെ മറുപടി ഇതായിരുന്നു:" "പട്ടി പണി, പിച്ചക്കാശ്, രാജ പദവി" – അതാണ് യൂട്യൂബ്. ചുമ്മാ പറഞ്ഞതാട്ടോ... ഇപ്പോൾ നല്ല വ്യൂവേഴ്സൊക്കെയുണ്ട്...

വിവാഹം കഴിക്കാത്തതിനെ പറ്റിയൊന്നും ഞാൻ ഒന്നും ചോദിച്ചില്ല. അതെല്ലാം ഓരോരുത്തരുടെ താല്പര്യങ്ങളല്ലേ... അങ്ങനെ സംഗീതവും നൃത്തവും സാഹിത്യവുമൊക്കെ ഞങ്ങൾക്കിടയിൽ സംസാരവിഷയമായ് വന്നു. അര മണിക്കൂർ പോയതറിഞ്ഞില്ല. ഞാൻ തത്ക്കാലം ചാരുലതയോട് ഫോൺ വെക്കുകയാണെന്ന് പറഞ്ഞു. താത്പര്യമുണ്ടെങ്കിൽ ഇനിയും ബന്ധം തുടരുകയോ നിലനിർത്തുകയോ നിർത്തുകയോ ആവാമല്ലോ...

ഫോൺ വെച്ച് അടുത്ത നമ്പർ ഡയൽ ചെയ്യുമ്പോൾ ലാസ്റ്റ് വിളിച്ച നമ്പറിൽനിന്ന് ഇങ്ങോട്ട് കാൾ

വന്നു. ചാരുലത തന്നെയാണ്. കൗൺസിലിങ് ആവശ്യം എന്തെങ്കിലുമുണ്ടോയെന്ന് അറിയാനാണ് ഞാൻ വിളിച്ചതെന്ന് ചാരുലതയ്ക്ക് അറിയാമായിരുന്നു. അതിനാൽ തന്നെ അവരെന്നോട് "എപ്പോഴാണ് ഒന്ന് ഫ്രീ ആവുക, എനിക്കൊരു അരമണിക്കൂർ സംസാരിക്കണമായിരുന്നു"

എന്ന് പറഞ്ഞു. ഞാൻ പറഞ്ഞു: "നമുക്ക് രാത്രി സംസാരിക്കാം..."

രാത്രി ഒരു പത്തുമണി ആയപ്പോഴാണ് ഫ്രീ ആയത്. ആ സമയം അവരെ വിളിച്ചു. ഉറങ്ങിയിട്ടില്ലായിരുന്നു. "വൈകി ഉറങ്ങുന്ന ശീലമുള്ളതിനാൽ പന്ത്രണ്ട് മണിയൊക്കെ ആവാറുണ്ട്. അതുവരെ എന്തെങ്കിലുമൊക്കെ വായിച്ചോ ആലോചിച്ചോ കണ്ടോ ഇരിക്കും." ചാരുലതയ്ക്ക് പറയാനുള്ളതെന്താണെന്ന് ഞാൻ തിരക്കി. അവർക്ക് പറയാനുള്ളതല്ല, പങ്കുവെക്കാനുള്ളതായിരുന്നു കാര്യം... അവർ അനുഭവിച്ച ഒരു സന്തോഷം വെറുതെ എന്നോട് പങ്കുവയ്ക്കണമായിരുന്നു. അവർ പറഞ്ഞു തുടങ്ങി:

അവിവാഹിതയായ മധ്യവയസ്കയായ ഒരു പെണ്ണിന്റെ മനസ്സിനെ മറ്റാരെക്കാളും ഒരു സൈക്കോളജിസ്റ്റിന് മനസ്സിലാക്കാനാവുമെന്ന് എനിക്കു തോന്നി. അതിനാലാണ് നിങ്ങളോട് ഞാൻ കുറച്ച് സമയം ചോദിച്ചത്. ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ എന്റെ സഹപാഠിയായിരുന്നു വിനോദ്. എനിക്കവനോട് ഒരുപാട് സംസാരിക്കണമെന്ന് തോന്നിയിട്ടുണ്ടായിരുന്നു. പല കാര്യങ്ങളിലും എന്റെ പെൺസുഹൃത്തുക്കളെക്കാൾ എനിക്കവനോട് ചേരുന്നതായി തോന്നിയിട്ടുണ്ട്. പക്ഷേ ഒരു ആൺകുട്ടിയുമായി സംസാരിക്കുക എന്ന് പറഞ്ഞാൽ ഇന്നത്തെ പോലെയല്ല. പിന്നെ ആ പെണ്ണിനെപ്പറ്റി പറഞ്ഞുണ്ടാക്കാനൊന്നും ബാക്കിയുണ്ടാവില്ല. ഞങ്ങൾ തീരെ മിണ്ടിയിട്ടില്ല എന്നല്ല, പക്ഷെ ഏതോ ധ്രുവങ്ങളിൽനിന്ന് ബന്ധം സ്ഥാപിച്ചവരെപോലെയാണ് എനിക്കു തോന്നുന്നത്. നിങ്ങൾക്കത് മനസ്സിലാക്കാനാവുന്നുണ്ടോ എന്നറിയില്ല. എന്റെ കൂടെ ഗ്രാജ്വേഷനും പോസ്റ്റ് ഗ്രാജ്വേഷനും വിനോദ് ഉണ്ടായിരുന്നു. പല പരിപാടികളിലും ഞങ്ങൾ സംഘാടകസമിതി അംഗങ്ങളായിരുന്നു. ക്യാമ്പസ് രാഷ്ട്രീയ ചർച്ചകളിൽ ഞങ്ങൾ ഒരേ വട്ടത്തിൽ ഇരുന്നിട്ടുണ്ടായിരുന്നു. ക്യാമ്പസ് വിട്ടപ്പോൾ ആ കാഴ്ചകളും കണക്ഷനും കൈമോശം വന്നു. ഞാൻ എന്റെ വർണ്ണാഭമായ ജീവിതത്തിലേക്ക് തനിച്ചു പറന്നു. അരങ്ങുകളും ചമയങ്ങളും കയ്യടിക്കുന്ന സദസ്സും നൃത്തമേഖലയിലെ ഗവേഷണങ്ങളും ഒക്കെയായി ഞാൻ സസന്തോഷം ജീവിച്ചു. വിവാഹം കഴിക്കാൻ മറന്നതല്ല, മറിച്ച് ഒരാവശ്യമായി എനിക്കത് തോന്നാത്തതിലാണ് അതിലേക്ക് ചിന്തിക്കാഞ്ഞത്. ഒരാളെ ജീവിതത്തിലേക്ക് ചേർക്കണമെന്ന് തോന്നിയാൽ എപ്പഴും ആവാമെന്നാണ് എന്റെ ചിന്താഗതി.

"ഇതൊക്കെ ഞാൻ നിങ്ങളോട് പറയുന്നതെന്താണെന്നോ... എന്നോട് കല്യാണം കഴിക്കാത്തതെന്താണെന്ന് ചോദിക്കാത്ത ആദ്യത്തെ വ്യക്തി നിങ്ങളായത് കൊണ്ടാണ്..." ഇതുകേട്ട് സത്യത്തിൽ ഞാനൊന്ന് ഞെട്ടി. "സമയമില്ലാത്തതിനാലാണോ ഞാൻ ആ ചോദ്യം ചോദിക്കാഞ്ഞത്... ആവോ..." മനസ്സിൽ ചിന്തിച്ചു. ചാരുലത തുടർന്നു. അങ്ങനെ വർഷങ്ങൾക്കിപ്പുറം ഈ കോവിഡ് കാലത്ത് എല്ലാവരും ഓൺലൈൻ ഗെറ്റുഗദർ നടത്തുന്നുണ്ടല്ലോ. എന്റെ കോളേജും ക്ലാസുകാരും മാത്രമായിട്ട് അത് ഒഴിവാക്കിയില്ല. മൂന്ന് മീറ്റുകൾ നടന്നപ്പോൾ എന്റെ സഹപാഠിയായിരുന്ന വിനോദിനെ ഞാൻ വീണ്ടും കണ്ടു. നമ്പറുകൾ കൈമാറി. ഞങ്ങൾ പരസ്പരം വിളിച്ചു സംസാരിച്ചു. അവന്റെ സിനിമ മേഖലയിലെ കാര്യങ്ങളൊക്കെ ഒരുപാട് പറഞ്ഞു. പല അന്താരാഷ്ട്ര സിനിമകളെയും സിനിമാക്കാരെയും അവൻ പരിചയപ്പെടുത്തി. നാട്ടുകാരെയും വീട്ടുകാരെയും കൂട്ടുകാരെയും ഭയന്ന് അന്ന് എനിക്ക് കൈമോശം വന്ന സൗഹൃദം വീണുകിട്ടിയ പോലെ തോന്നി. ഇന്നെനിക്ക് ആരെയും ഭയക്കാനില്ല. എനിക്ക് എന്റേതായ നിലപാടുകളുണ്ട്, കാഴ്ചപ്പാടുകളുണ്ട്. എങ്കിലും എനിക്ക് ഒരു കളിക്കൂട്ടുകാരനെ കിട്ടിയ പോലത്തെ സന്തോഷം പങ്കുവെക്കാൻ ആരുമില്ല. അമ്മയ്ക്ക് ഇതൊന്നും പറഞ്ഞാൽ മനസ്സിലാവില്ല. നിങ്ങളിത് കേട്ടിരുന്നതിൽ ഒരുപാട് സന്തോഷം...

ഞാൻ ചാരുലതയുടെ സന്തോഷത്തോടൊപ്പം ചേർന്നു. വിനോദിനെക്കുറിച്ച് ചോദിച്ചു. അദ്ദേഹവും കുടുംബവും വീട്ടിൽ വന്നതും മറ്റും പറഞ്ഞു. പന്ത്രണ്ട് മണി കഴിഞ്ഞിട്ടുണ്ട് ചാരുലത ഫോൺ വെക്കുമ്പോൾ...

രണ്ടു ദിവസം കഴിഞ്ഞ് ഞാൻ വീണ്ടും വിളിച്ചു. ചാരുലത എന്നോടൊരു കാര്യം പറഞ്ഞു: "അടുത്തായിരുന്നെങ്കിൽ ഒന്നു കെട്ടിപ്പിടിച്ചേനെ... നിങ്ങളോട് സംസാരിച്ചതിനുശേഷമാണ് ഞാൻ സമാധാനമായിട്ട് ഉറങ്ങിയത്. അതുവരെ എന്റെ സന്തോഷം എന്നെ വീർപ്പുമുട്ടിക്കുകയായിരുന്നു. എനിക്ക് ഉറങ്ങാനാവുന്നില്ലായിരുന്നു." ഞങ്ങളുടെ ബന്ധം ഇപ്പോഴും തുടരുന്നു.

അങ്ങനെ എന്തെന്ത് കയറ്റിറക്കങ്ങളിലൂടെയാണെന്നോ രണ്ടു വർഷം കടന്നുപോയത്! കൗൺസിലിങ്ങും കോവിഡ് കോളും വെബിനാറുകളും ലോക്ഡൗൺ കാലം സമൃദ്ധമാക്കി. ഒരുപാട് നല്ല സൗഹൃദങ്ങൾ കിട്ടി. മ്യൂട്ട് ആവാതെ എന്നെ ചേർത്തുപിടിച്ച എന്റെ സൗഹൃദങ്ങൾക്ക് ഒരായിരം നന്ദി... മനുഷ്യനെ സ്ഫുടം ചെയ്തെടുത്ത മഹാമാരി... ഇനി വീണ്ടും ഗവേഷണം പൂർവ്വാധികം ശക്തിയോടെ തുടരണം. ഡാറ്റ കളക്ഷൻ നടത്തണം... സ്കോറിങ് ചെയ്യണം... ഡാറ്റ എൻട്രി ചെയ്യണം...അനാലിസിസ് ചെയ്യണം... എന്റെ തീസിസിനെ പ്രസവിക്കണം... പ്രജ്യോതിയിലെ ആദ്യത്തെ ഫുൾ ടൈം ഗവേഷകയാണ്. ഗവേഷണമൊരു ചുരുളിയാണ്... അതിന് പുറത്ത് കടക്കാൻ പല മാർഗ്ഗങ്ങളും മുന്നിൽ വരും. പല വഴികളിൽ സഞ്ചരിച്ച് ഒരു വഴി തിരഞ്ഞെടുത്ത് പുറത്തുകടക്കണം, പുറമെ ആളുകൾക്ക് കാണാനാവുക ആ ഒരു വഴി മാത്രമാവും...



# ഭാനു

**ദിവ്യ കെ.** (മന:ശാസ്ത്ര വിഭാഗം, പി. ജി., ഒന്നാം വർഷം)

ഇന്നെനിക്ക് കിട്ടിയത് ഒരിത്തിരി കളിമണ്ണ്. അതു കൊണ്ട് ഒരു രൂപം തെകച്ചുണ്ടാക്കി– "ഭാനു." ബാക്കി വന്ന മണ്ണെടുത്ത് രണ്ട് രൂപങ്ങളെ കഷ്ടിച്ചുണ്ടാക്കി– വയസ്സൻ തന്തയും വയസ്സി തള്ളയും. തള്ളയ്ക്കും തന്തയ്ക്കും പേരില്ല. ഭാനു അങ്ങനെ തന്നെയാണ് അവരെ വിളിക്കാറ്–തള്ള, തന്ത. സ്നേഹത്തോടെ നീട്ടിവിളിക്കാൻ, പേരുചൊല്ലി വിളിക്കാൻ മാത്രം ഭാനുവിനുവേണ്ടി അവരൊന്നും ചെയ്തില്ല. തള്ള പെറ്റു മൂലയ്ക്കിട്ടു, തന്ത കള്ളും മോന്തി വന്ന്, തൊഴിച്ച് മുറ്റത്തേക്കും ഇട്ടു. ഭാനു പുതിയത് ഉടുത്തില്ല, കണ്ണെഴുതി കണ്ണാടിയിൽ ചന്തം നോക്കിയില്ല, കണ്ടത്തിനപ്പുറത്തെ നാണിയുടെ കൂടെ പള്ളിക്കൂടത്തിൽ പോയില്ല. തള്ളയ്ക്ക് വെള്ളം കോരിക്കൊടുത്തു, അലക്കി വെടിപ്പാക്കി കൊടുത്തു, തന്തയ്ക്ക് ചോറും കൂട്ടാനും വെച്ചുവിളമ്പിക്കൊടുത്തു. ഉപ്പില്ല, രുചിയില്ല എന്നും പറഞ്ഞ് കറിപാത്രം പുറത്തേക്ക് പറന്നു. മുറ്റത്തെ മണ്ണിൽ കുഴഞ്ഞ ചോറും കറികളും ചാവാലി പട്ടികൾ ആർത്തിയോടെ നുണഞ്ഞു. വേലി പടർപ്പിനിടയിലെ മുരിക്കു പോലെ നിറയെ മുള്ളുകളോടെ ഭാനു വളർന്നു. കറുത്തിരുണ്ട, തടിച്ചൊരു മറുത, വക്കുപൊട്ടിയ കിണറ്റിലേക്കും തിരിച്ച് കുടിലിലേക്കും നിർത്താതെ ഓടിക്കൊണ്ടിരുന്നു. ഭാനു മാനം നോക്കി വളർന്നപ്പോൾ തന്തയും തള്ളയും കീഴ്പോട്ട് കുനിയാൻ തുടങ്ങി. ഭാനു അവളുടെ വലത്തേ കണ്ണുകൊണ്ട് മാത്രമേ കാണുന്നുള്ളൂ. കാലത്തെ വെല്ലുവിളിച്ചുകൊണ്ട് നില്ക്കുന്ന തന്റെ കുടിലും വെട്ടിയൊതുക്കാത്ത ഇത്തിരി മുറ്റവും നാലോ അഞ്ചോ വാഴതൈകളും ഒരു ശോഷിച്ച തെങ്ങും. ഇവയ്ക്കിടയിലൂടെ അവൾ എന്നും കാലത്ത് കുടവുമെടുത്ത് പാടി നടന്നു. തനിക്കൊരു വെള്ളി കണ്ണുള്ളതിൽ അവൾ ആനന്ദിച്ചു. കൂടെ കൂടെ വെള്ളം തളിച്ച് തന്റെ വെള്ളിക്കണ്ണിനെ തണുപ്പിച്ചുകൊണ്ടിരുന്നു. തന്റെ വെള്ളിക്കണ്ണുകൊണ്ട് ലോകത്തെ കാണാൻ കഴിയില്ല, അതവിടെ തന്നെ ഉള്ളതിൽ തനിക്ക് പ്രത്യേകിച്ച് നേട്ടമോ നഷ്ടമോ ഇല്ല. ഭാനുവിനെ വിഭിന്നയാക്കുന്ന കണ്ണുകൾക്ക് വിലപേശാൻ കഴിവുള്ള ആണൊരുത്തൻ ആ കുടിയിലേക്ക് വന്നതുമില്ല. അവളങ്ങനെ കുറെയധികം കാലം ഒറ്റയ്ക്ക് തന്നെ പാടികൊണ്ടിരുന്നു. താളവും രാഗവും ഇല്ലാത്ത ആ പാട്ടുകളെ ആരും ഗൗനിച്ചില്ല. അവളൊരു പാഴ് ഭൂമിയുടെ കോണിൽ ഒറ്റയ്ക്ക് നില്ക്കുന്ന മുരിക്ക്. സ്ത്രീത്വത്തെ പരിഹസിക്കുന്ന തന്റെ ശരീരം അവൾ തേച്ചതുമില്ല, മിനുക്കിയതുമില്ല. അവൾ തള്ളയുടെ തുണി കഴുകി, തന്തയ്ക്ക് കഞ്ഞിവെച്ചുകൊടുത്തു. ഈ രണ്ട് കാര്യങ്ങൾ മുടങ്ങാതിരിക്കാനായി അവൾ അതിരാവിലെ ഉണർന്നു. അതീവ താല്പര്യത്തോടെ തന്നെ കുടവുമെടുത്ത് കിണറ്റിൻ കരയിലേക്ക് നടന്നു. അവൾക്കൊരു പകലും മടുത്തില്ല. എന്നാൽ ഒരു പകലിനെയും അവൾ പ്രതീക്ഷച്ചതുമില്ല. പകലിനൊടുവിലൊരു അന്തി വരുന്നത് മാത്രം അവൾ തന്റെ വെള്ളി കണ്ണുകൊണ്ട് കണ്ടു. വെള്ളിവെളിച്ചത്തെ തന്റെ നേർത്തവരകളാൽ കീറിമുറിച്ചുകൊണ്ട് ഇരുൾ കിതച്ചുകൊണ്ടോടി വരും. കാണാൻ സ്വപ്നങ്ങളില്ലാതിരുന്നതുകൊണ്ട് ഭാനു സുഖമായുറങ്ങി. ഓരോ പകലുകളും അവൾക്ക് ഓരോ നിറങ്ങളായിരുന്നതിനാൽ അവളൊരിക്കലും മുഷിഞ്ഞില്ല. ഇടയ്ക്കൊക്കെ മുറ്റത്തെ കരിയിലകളെ കാറ്റുവന്നുകൊണ്ട് പോവും. ആ ശൂന്യതയെ ഇല്ലാതാക്കാൻ ഭാനു ഉണ്ടായിരുന്നു. കിണർ നിറഞ്ഞു കവിയാതിരിക്കാൻ കീറത്തുണികൾ മുഷിയാതിരിക്കാൻ കഞ്ഞിക്കലം മോറി മിനുക്കാൻ അവളുണ്ടായിരുന്നു. അവളുടെ വെള്ളി കണ്ണു നിറഞ്ഞില്ല. അവളൊരു കടൽ ആർക്കോ വേണ്ടി കാത്തുവെച്ചു. അവളൊരു മഴയും നനഞ്ഞില്ല, പുളകങ്ങളൊക്കെയും മറ്റൊരു കാലത്തേക്ക് കരുതിവെച്ചു. അവളെവിടെയും വിശ്രമിച്ചില്ല കാലചക്രത്തെ പിന്നിലാക്കിക്കൊണ്ട് കുതിച്ചു പാഞ്ഞുകൊണ്ടേയിരുന്നു.

# WORLD RECORD



തമിഴ്നാട് ക്ലിനിക്കൽ സൈക്കോളജി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി വേൾഡ് റെക്കോഡ് നേടി ഏറ്റവും കൂടുതൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുൾ ഒരേസമയം വിവിധ ഓൺലൈൻ പ്ലാറ്റുഫോമുകളിൽ ഏറ്റവും കൂടുതൽ കാണികളെ അഭിസംബോധന ചെയ്ത് "മാനസിക ആരോഗ്യം എല്ലാവർക്കും" എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തി. അതിൽ Dr. Milu Maria Anto, പങ്കെടുക്കുകയും Eite, Asian, Indian, Tamilian Record കരസ്ഥമാക്കുകയും ചെയ്തു.

*Congratulations....*

**TAMIL NADU ASSOCIATION OF CLINICAL PSYCHOLOGISTS (TNACP)**
**(28/2014 TN ACT27 of 1975)**

Sponsored by
Neuro Foundation®
Committed to Neuro Sciences
3 Roads, Salem 636009
Ph:0427-2777100(100lines), 9443384918, 9442700587



# മഴനൂലുകൾ

**മാളവിക ബ്രിജേഷ്** (മനശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

വേനലിൽ പൂക്കുന്ന മഴകൾ
ഗ്രീഷ്മത്തിൻ ചുടുനിശ്വാസമെൻ മനമാം
ഭൂമിക മരുഭൂവാക്കി മാറ്റുമ്പോൾ
എന്നോ ജനിച്ചു മരിച്ചൊരു വസന്തത്തിൻ
തിരുശേഷിപ്പുകൾ പോലും കരിഞ്ഞു-
പൊടിഞ്ഞടരുമീ വേനലിൻ താണ്ഡവത്തിൽ
ഒരു മഴയ്ക്കായി, മഴമേഘത്തിനായി
ഉയരുന്നു നിശബ്ദമാം തേങ്ങലുകൾ.
നീളുന്നു മുറിവുണങ്ങാത്ത കരങ്ങളും
ഒടുവിലിതാ ഒരു മഴ പെയ്യുന്നു
ഭൂമിതൻ ബാഷ്പകണങ്ങളെന്നപോൽ
പുതുമഴയിൽ കുതിർന്നൊരാ മൺതരി
തരളിതയാകുന്നു ആദ്യചുംബനമെന്നപോൽ
വേനലിൽ പൂത്തൊരാമഴയ്ക്കിന്നു മുൻപെങ്ങു-
മില്ലാത്തൊരസുലഭ സൗന്ദര്യം
മണ്ണോടടിഞ്ഞൊരു വസന്തത്തെപ്പോലും
തൊട്ടുണർത്തിയൊരിന്ദ്രജാലം
വേനൽമഴക്കെന്നുമെൻ മനസ്സിൽ
അജ്ഞാതമാം ഒരു നോവിന്റെ നീറ്റലും
മഴനൂലുകളാം വിരലുകൾ ഭൂമിയ്ക്കായി
പാടുന്നു വിരഹാർദ്രഗാനത്തിൻ-
താളലയങ്ങളും
എങ്കിലുമൊരു പ്രതീക്ഷയായി പെയ്യുകയായി
വേനലിൽ കരിഞ്ഞുകൊഴിഞ്ഞോരിലയ്ക്കു-
പോലുമൊരു പുതുജന്മമേകാൻ
ഭൂമിതൻ മാറിലെ ജീവന്റെ ഉറവകൾ
വറ്റാതെ കാക്കുവാൻ, പെയ്യുന്നീ മഴകൾ.
വേനൽമഴ കഴിഞ്ഞൊരു വർഷക്കാലത്തിൽ
ജന്മാന്തരസ്മൃതികൾ പേറുന്നു.
വരാനിരിക്കും വസന്തത്തിൻ ജീവിത-
രേഖയുമെഴുതുന്നീ മഴനൂലുകൾ
വർഷക്കാലം വരെയ്ക്കും കാത്തിരിക്കു-
വാനാകാത്ത കാമുകനെപ്പോലെ
ഭൂമിയെ ഒരു നോക്കുകാണുവാനെത്തുകയാണോ
വേനലിൽ തീക്ഷ്ണമാം രശ്മികളസ്ത്രം കണക്കെ
മുറിവേൽപ്പിച്ച ഭൂമിയെ തഴുകുവാൻ ആ
മുറിവുണക്കുവാൻ ആർദ്രമായി പെയ്യുന്നീ മഴകൾ
എന്നിലെ വേനലിലും പൂക്കുന്നു മഴകൾ
വേനൽമഴനൂലുകൾ എനിക്കായി-
നെയ്യുന്നിതാ ഉടയാടകളും
അവയണിയുമ്പോൾ, ആ മഴയെ പുൽകുമ്പോൾ
ഞാനുമൊരു ഭൂമിയായി മാറുന്നു.
എന്നിലും ഉണരുന്നു മഴത്തുള്ളികൾ
എന്നിലായി പൂക്കുന്നു വസന്തങ്ങളും
വിദൂരമാമേതോ വസന്തത്തിൻ ഏതോ
പുനർജനിച്ചനേരം പോലും
തേടുകയായി മനം, ഏതു വസന്തത്തെക്കാളു-
മേറെ പ്രിയങ്കരിയാം വേനൽമഴയെ.



# Misty Morning

**Anlin Thomas** (IInd Year Commerce)

When I'm walking through
the street covered with
the morning mist...
Rubbing my hands to
Get the warm, sun
The great sun, now like
A little child who plays
hide and seek...
Birds chirping, flowers
covered by mist shine like
magical flowers just come
from the land of the faerie,
The shiny rays of sun make
the misty drops sparkle like a
rainbow... and the gentle cold
breeze covered me like a blanket...
I can feel the mist in my
every breath... it wiped my
faded mind and gave me a fresh one...
I want to shine like the
misty drops in the morning...
with my fresh mind and thoughts
and make everyone's hearts beautiful
like this misty morning.



# രാത്രിഞ്ചരൻ

**ദീപക് വിനോദ്** (ഇംഗ്ലീഷ് വിഭാഗം, ഒന്നാം വർഷം)

1973! രാത്രിയെ പകലാക്കി, ഇരുട്ടിനെ മറയാക്കി, സൂര്യപ്രകാശത്തിൽ നിന്നും മറഞ്ഞ്, ഓടിടകളെ ഇട നാഴിയാക്കി, ചാഞ്ഞും ചെരിഞ്ഞും പതുങ്ങിയും ഒരു സമൂഹത്തെ രാത്രിയെ പേടിപ്പിക്കുവാനും ആശങ്കപ്പെടുത്തുവാനും സാധിച്ചിരുന്ന കർമനിരതരായ കള്ളന്മാർ അഴിഞ്ഞാടിയിരുന്ന കാലഘട്ടം. കുന്നിൻചെരുവ് എന്ന് ഒരു അതിമനോഹരമായ ഗ്രാമത്തിലും കർമനിരതനായ ഒരു കള്ളൻ നിലകൊണ്ടിരുന്നു. സ്വർണ്ണവും പിച്ചളയും അധികമായി കവർച്ച പോയിരുന്ന ആ നാട്ടിൽ കള്ളന്മാർ അധികമുണ്ടായിരുന്നെങ്കിലും അവർക്കിടയിൽ ത്യാഗരാജന് ഗംഭീരമായ ഒരു ബഹുമാനവും സ്ഥാനവും ഉണ്ടായിരുന്നു. ഓടിളക്കുവാനും അവയിൽ ഹസ്തരേഖ പോലും പതിപ്പിക്കാത്ത രീതിയിൽ അതേപടി തിരിച്ച് വെയ്ക്കുവാനും കവർച്ചയുടെതായ യാതൊരു തെളിവും അവശേഷിപ്പിക്കാതെയുള്ള രീതിയും അദ്ദേഹത്തിന് പ്രശസ്തി നേടിക്കൊടുത്തു. അമാവാസി ദിനത്തിൽ കളവിൽ പ്രത്യേക കീർത്തി അദ്ദേഹം കാണിച്ചു. ആയതുകൊണ്ട് തന്നെ ഇരുട്ടത്ത് കണ്ണുകാണുവാൻ ഉള്ള സിദ്ധി അയാൾക്കുണ്ട് എന്നൊരു കരക്കമ്പി നാട്ടിലെങ്ങും ഉണ്ടായിരുന്നു.

ഒരു കർമമേഖല ആകുമ്പോൾ പരസ്പര മത്സരവും തമ്മിൽ തമ്മിലുള്ള അസൂയയും ഇഷ്ടാനിഷ്ടങ്ങളും സാധാരണമായിരുന്നു. ത്യാഗരാജന്റെ ഈ കീർത്തിയിൽ സ്വന്തം നാട്ടിലെ കള്ളന്മാർക്ക് ആദരവ് ആയിരുന്നെങ്കിലും അയൽനാടുകളിലെ മോഷ്ടാക്കൾക്ക് അസൂയയും അതൃപ്തിയും ഉണ്ടായിരുന്നു. വെല്ലുവിളികളും പോർവിളികളും സാധാരണയായിരുന്നു. പൊതുവെ ശാന്തശീലനായ ത്യാഗരാജനെ ഇതൊന്നും ബാധിക്കാറില്ലായിരുന്നു. എന്നാൽ കെടാത്ത ഒരു ദുഃഖം അദ്ദേഹത്തിന്റെ ഉള്ളിൽ വർഷങ്ങളായി നിലകൊണ്ടിരുന്നു. തന്റെ മോഷണഗുരുവും ഒരു കൂട്ടുകാരനുമായി തന്റെ രണ്ടാമത്തെ മോഷണത്തിന് പോയത് ഒരു കദന കഥയായിരുന്നു. പോലീസ് പിടിക്കുവാൻ ഇടയാകുകയും തന്റെ അശ്രദ്ധകൊണ്ട് ഗുരു പിടിയിലാവുകയും ചെയ്തു. പിന്നീട് പോലീസ് മർദ്ദനത്തിൽ മരിക്കുകയും ചെയ്തു. കൂട്ടുകാരൻ അന്ന് തന്റെ എതിർദിശയിൽ ഓടി രക്ഷപെട്ടു നാടുവിട്ടു. നാട്ടുകാർക്ക് ആർക്കും അറിയാത്ത ഒരു രഹസ്യം. പിന്നീട് അറിവ് ഉണ്ടായിരുന്നില്ല. എന്നാൽ ഒരു ദിവസം രണ്ട് ദേശങ്ങൾക്കപ്പുറം ഒരു നാട്ടിൽ ശ്രേഷ്ഠനായ ഒരു കള്ളൻ ഉണ്ടെന്ന അറിവ് അദ്ദേഹത്തിന് കിട്ടി. പവിത്രൻ എന്ന് പേര്. പകൽ മോഷണത്തിൽ അഗ്രഗണ്യനായിരുന്നു അയാൾ. രണ്ടാമതൊരാലോചന ആവശ്യമില്ലായിരുന്നു ത്യാഗരാജന്.

തന്റെ വർഷങ്ങളുടെ വേദനയ്ക്ക് ഒരു ശമനവും പൂർവമിത്രത്തിനോട് കുറച്ച് കുശലവും എന്ന ലക്ഷ്യത്തോടെ ത്യാഗരാജൻ ചെന്നു. എന്നാൽ ഭൂതകാലത്തിലെ ആ അദ്ധ്യായത്തിൽ കുറച്ചധികം നീരസം വച്ചു പുലർത്തിയിരുന്ന പവിത്രൻ ഒരു പൂർവ സാഹോദര്യ സംഗമത്തിന് താല്പര്യം പ്രകടിപ്പിച്ചില്ല. മറിച്ച് തെല്ലൊരു ദേഷ്യത്തോടെയും അവജ്ഞയോടെയും പെരുമാറി. ഗുരുവിനെ കൊല്ലുവാൻ ഇടയാക്കിയ ത്യാഗരാജനോട് തനിക്കുള്ള ദേഷ്യം അയാൾ പ്രകടിപ്പിക്കുക തന്നെ ചെയ്തു. ത്യാഗരാജന് ഇതിൽ അതീവദുഃഖം അനുഭവപ്പെട്ടു. പൂർണമായും തന്റെ അറിവോടെ ആയിരുന്നില്ല എന്നതും കയ്യബദ്ധം ആയിരുന്നു എന്ന വസ്തുതയും അവിടെ വിലപോയില്ല. പകരം തനിക്ക് എന്തു ചെയ്യാൻ ആകുമെന്ന് ചോദിച്ചുനോക്കി. പോയി തരുന്നത് ഉപകാരമായിരിക്കും എന്ന മറുപടി ത്യാഗരാജനെ ആഴത്തിൽ സ്പർശിച്ചു. പോകുവാൻ ഉയർന്നു, വാതിലിലേക്കുയർന്നു. പൊടുന്നനെ പവിത്രൻ അലറി, “നിൽക്കൂ, ഒരു പണിയുണ്ട്, രാത്രിയിൽ തന്റെ കേമത്തം എനിക്ക് അറിയാവുന്നതാണ്. പകൽ അത് തെളിയിക്ക്, ഗുരുവിന് ഒരു അർപ്പണമായി.” ത്യാഗരാജൻ സ്തബ്ധനായി നിന്നു. എന്നാൽ രണ്ടാമതൊന്നാലോചിക്കാൻ ആ വിഷാദത്തിലാണ്ട ബുദ്ധിക്ക് ആകുമായിരുന്നില്ല. “ശരി, ഞാൻ തയ്യാർ” ഗർജ്ജനം പോലെ മുഴങ്ങിനിന്നു ആ മറുപടി. “എവിടെ എപ്പോൾ?” വീണ്ടും പവിത്രൻ തുടർന്നു. “ഇവിടുത്തെ ദേവിക്ഷേത്രത്തിലെ തിരുവാഭരണങ്ങൾ നാളെ മാത്രമായി അവിടെ ഉണ്ടാകും, അവ പകൽ എടുക്കുക, എന്റെ കൈകളിലെത്തിക്കുക.” ഉറപ്പ് പറഞ്ഞ് ത്യാഗരാജൻ ഇറങ്ങി.

ചതിയുടെ സാധ്യതയും വിഡ്ഢിത്തത്തിന്റെ ആഴവും ചിന്തിച്ചുകൊണ്ട് വഴിയിലുടനീളം മായാലോകത്തിൽ സഞ്ചരിച്ചുനീങ്ങി. വീട്ടിലെത്തിയപ്പോഴേക്കും തനിക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലാത്ത വസ്തുതയും ഗുരുവിനോടുള്ള അർപ്പണ മനോഭാവവും താങ്ങായി കരുതി പിറ്റെ ദിവസത്തേക്കുള്ള പദ്ധതിക്കായി ആലോചിച്ചുകൂട്ടി. വർഷങ്ങൾക്കുശേഷം ഒരു രാത്രി അയാൾക്ക് രാത്രിയുടെ ചന്തമേകി മരിച്ചുറങ്ങിയ അയാൾ കുറച്ചധികം ആനന്ദം അനുഭവപ്പെട്ടു. എന്നാൽ വർഷങ്ങളുടെ കീർത്തിയും ബഹുമാനവും രാത്രിയോടൊപ്പമുണ്ടാക്കിയ അടുപ്പവുമെല്ലാം നഷ്ടമാകുമോ എന്ന ഭയം അയാളിൽ നിലകൊണ്ടു. ഇന്നാദ്യമായി ഒരു പകലിൽ തന്റെ കൈമുദ്ര പതിപ്പിക്കുന്നതിൽ ചെറിയ ആവേശവും തോന്നി.

നേരത്തെ തന്നെ അമ്പലപരിസരത്തെത്തിയ അയാൾ സ്ഥലം പരിചയപ്പെട്ടു. അമ്പലം അടച്ചശേഷം ശൂന്യമാകുന്ന 11 മണിതന്നെ തെരഞ്ഞെടുത്തു. ഭാഗ്യവശാൽ ആരും പരിസരത്ത് ആഗമിക്കാതിരുന്നതുകൊണ്ട് ഉള്ളിൽ കടക്കുവാൻ സാധിച്ചു, ഓടിളക്കിക്കൊണ്ട്. എന്നാൽ തന്റെ പഴയ ചങ്ങാതിയുടെ പ്രതികാരത്തിന്റെ ചതി ഉള്ളിൽ എത്തിയപ്പോഴാണ് മനസ്സിലായത്. ആഭരണങ്ങളുടെ അവശിഷ്ടംപോലും ഇല്ലാതിരുന്ന അതിനുള്ളിൽ അദ്ദേഹത്തിന് കൂട്ടായി കുറച്ച് പിച്ചളവിളക്കു മാത്രം. ക്രോധവും സ്വയം പുച്ഛവും തോന്നിയ നിമിഷത്തിൽ പകലിനെ പ്രാകി അദ്ദേഹം ഓടാൻ തുനിഞ്ഞപ്പോൾ ഉദിച്ച ആശയമാണ് വിഗ്രഹത്തെ മോഷ്ടിക്കുക എന്നത്. രണ്ടാമത് ആലോചിക്കുന്നതിന് മുന്നെ പൂട്ട് തുറന്ന് വിഗ്രഹവുമായി പുറത്ത് കടന്ന അദ്ദേഹത്തെ കാത്തിരുന്നത് മൂന്ന് പോലീസുകാരായിരുന്നു. സഹപാഠിയുടെ ഒറ്റിൽ മനംനൊന്ത അയാളുടെ കാലിന്റെ വേഗം ഗണ്യമായി കുറഞ്ഞിരുന്നു. ഓടി രക്ഷപ്പെടുവാനായി അറ്റംവരെയും നോക്കി. ഒടുവിൽ ഒരു പോലീസുകാരന്റെ ചൂരൽ വടിയുടെഏറിൽ നിലംപതിച്ചു. പോലീസ് പിടിയിലായി. വിഗ്രഹമോഷണം അതീവ ഗുരുതരമായ ഒരു കേസാകുകയും ഗംഭീരമായ ശിക്ഷാരീതികൾക്കും വിധേയനായി. അടിയുടെയും മർദ്ദനത്തിന്റെയും ഇടയിൽ അദ്ദേഹം ആലോചിച്ചു. ദശാബ്ദങ്ങളോളം രാത്രി തന്നെ രക്ഷിച്ചുപോന്നു. ചന്ദ്രൻ തനിക്ക് ഇരുട്ടകറ്റി, അന്ധകാരം ഒരു അലങ്കാരമായി അനുഭവപ്പെട്ടു. എന്നാൽ ഒരു നിമിഷത്തെ വിദ്വേഷത്തിൽ ഇരുട്ടിനെ തള്ളിപ്പറഞ്ഞ് പകലിനെ പ്രാപിച്ചതിൽ അദ്ദേഹത്തിന്റെ മനസ് ആളിക്കത്തുന്നതായി തോന്നി. തന്റെ പഴയ സുഹൃത്തിനോടുള്ള വൈരാഗ്യത്തെക്കാൾ തന്റെ ഇരുട്ടിനോടുള്ള നിന്ദയിൽ അയാൾ മനം നൊന്തു.

തന്റെ ആദ്യത്തെ പകലിന്റെ അദ്ധ്യായം ചതിയിലും വഞ്ചനയിലും അവസാനത്തേതായി. വെളിച്ചം പൊള്ളുന്നതായി മാറി. സൂര്യൻ ഒരു ശത്രുവിനെ പോലെ അനുഭവപ്പെട്ടു. ജയിലിന്റെ ഇരുട്ടിൽ കയറിൽ തലകീഴായി ആടികൊണ്ട് അയാൾ പറഞ്ഞു: “വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം.”






# എക്സലിൽ കുടുങ്ങിയ മലയാളി

**ഷിന്റ ജി. നെല്ലായി** (അസി. പ്രൊഫസർ, മലയാളവിഭാഗം)

മൈക്രോസോഫ്റ്റ് എക്സലുമായി എനിക്ക് പണ്ടേ ഒരു ഇഷ്ടക്കേടുണ്ട്... എന്താന്ന് ചോദിച്ചാ അറിയില്ല... അതെ അതുതന്നെയാണ് പ്രശ്നം അറിയില്ല... എക് സലിനോട് പൊരുത്തപ്പെടാൻ ഇതുവരെയായില്ല... അങ്ങനെ ചോദിച്ചാൽ എക്സൽ മാത്രമാണോ പ്രശ്നം... അല്ല മൊത്തം പ്രശ്നമാണ്... നമ്മ അത് പത്തിൽ പഠി ക്കുമ്പോഴെ തിരിച്ചറിഞ്ഞതാണ്... എത്ര കൂട്ടിയിട്ടും കുറ ച്ചിട്ടും കണക്കിനോടത്ര പ്രതിപത്തിയില്ല. ഇനിപ്പോ ചാക്കോ മാഷ് പഠിപ്പിക്കാത്തോണ്ടാവോ എന്നറിയില്ല. കണക്കിന്റെ കൂടെ കണ്ടതോണ്ടാണോന്നറിയില്ല കമ്പ്യൂ ട്ടറും കാണുമ്പോൾ എന്തെന്നില്ലാത്ത ഒരസ്കിത.. പിന്നെ അന്നൊക്കെ അത് വെറും ഒന്നും പൂജ്യവും മാത്രമുള്ള കളിയായിരുന്നല്ലോ? എന്നാലും മറ്റ് കളികൾക്കുള്ള ഒരു രസം അങ്ങട് വരണില്ല. പിന്നെ സൈനും കോസും ടാനും കൂടി ഒരു വ്യാളിയെ പോലെ തീ തുപ്പാനാഞ്ഞ പ്പോൾ നമ്മ പേടിച്ചോടിയതാണ് സെക്കന്റ് ഗ്രൂപ്പിലേക്ക്... അവിടെ രണ്ട് കൊല്ലം പാറ്റയും പഴുതാരയും തവളയു മായി അങ്ങനെ കളിയാടി നടന്നു... രസതന്ത്രം ആയി രുന്നു ഇഷ്ട വിഷയമെങ്കിലും അവിടെയും കണക്ക് എന്നെ ഇന്റഗ്രേഷനും ഡിഫ്രൻസിയേഷനുമായി വന്ന് തളർത്തി. എന്നാ ഇവരുടെ ഒന്നും ഒരു ശല്യമില്ലാത്ത എന്തെങ്കിലുമൊന്ന് പഠിക്കാം എന്ന് കരുതിയാണ് സബ റോം കി സിഡകി എന്നും പറഞ്ഞ് മൺമറഞ്ഞ് പോയ അപ്പച്ചന്റെ ശവകുടീരത്തിൽ ചെന്ന് ഒരു പിടി മണ്ണെടുത്ത് നെഞ്ചോടു ചേർത്ത് എന്നാ പിന്നെ മലയാളമെടുക്കാം എന്ന ശപഥം ചെയ്തത്... അങ്ങനെ മാതൃഭാഷയെ ടുക്കാം എന്ന തീരുമാനത്തോടെ ആനന്ദതുന്തിലത യായി കേരള വർമയുടെ പടികൾ കയറിയത്... അഞ്ച് വർഷം അഞ്ച് ദിവസം പോലെ പോയതറിഞ്ഞില്ല... കേശവൻ നായരും സാറാമ്മയും പ്രണയിച്ച കഥകളും ബാല്യകാലസഖിയായ സുഹ്റയുടെ ചേഷ്ടകളും കടൽ ത്തീരത്തിലെ അച്ഛന്റെ ധർമ്മസങ്കടങ്ങളും കാലത്തിലെ സേതുവിന്റെ ആന്തരിക നോവുകളും ഒക്കെ അറിഞ്ഞും വായിച്ചും ധൃതംഗപുളകിതയായ അഞ്ച് വർഷങ്ങൾ... അപ്പോഴേക്കും കോസ്തീറ്റയും സൈൻതീറ്റയും എല്ലാം സൈനും കോസും വെട്ടി തീറ്റ എന്ന ചിന്തയിൽ മാത്ര മായി ഒതുങ്ങി... കാലം അങ്ങനെ പോയി... വിചാര ത്തേക്കാൾ വികാരത്തിനു പ്രധാന്യം കൊടുക്കുന്ന മാതൃഭാഷയായതോണ്ട് വിചാരമില്ലാണ്ടായി... എന്ത് കണക്ക്... എന്ത് സയൻസ്. അങ്ങനെ തട്ടീം മുട്ടീം പോണ സമയത്താണ് ദേവരണ്ടൊ നമ്മുടെ കൊറോണ ഭഗവതി... പൂട്ടിയിട്ടു കളഞ്ഞില്ലേ... മര്യാദയ്ക്ക് പോയി മലയാളം പഠിപ്പിച്ചോണ്ടിരുന്ന നമ്മളെ സ്ക്രീനിലുള്ളിലാ ക്കിക്കളഞ്ഞില്ലേ... ദുഷ്ട... എന്ത് ചെയ്യാൻ ദേ വീണ്ടും കമ്പ്യൂട്ടറിനു മുന്നിലേക്ക്... ഇപ്പഴല്ലേ മനസ്സിലായത് ഇത് വെറും ഒന്നും പൂജ്യവും കളിയല്ലെന്ന്... എന്തൊക്കെ പഠിച്ചു ഈ വയസാൻ കാലത്ത്... സ്ക്രീൻ റെക്കോർ ഡിംഗ് കഹൂട്ട്, ഗൂഗിൾ ഡോക്സ്, ഗൂഗിൾ മീറ്റ്, സൂം... ടീംസ് പിന്നെണ്ടല്ലോ കുറെ... ശിവ ശിവ നമ്മുടെ തലവിധി... എന്നിട്ടിപ്പോ എന്തായി! മണിക്കൂറുകളോളം മുമ്പിലങ്ങ്ട് ഇരിയ്ക്ക... അപ്പ പറഞ്ഞ് വന്നത് എക്സ ലിനെക്കുറിച്ചല്ലേ... ഈ എക്സലിലെ കോളത്തി നൊന്നും ഒരു അനുസരണയില്ല. ഞാൻ ഇങ്ങോട് പിടിച്ച് വലിച്ചാലും കണ്ട ഭാവം നടിക്കാതെ അത

ങ്ങനെ ഇരിക്കും... ഒരു വരി പോലും മുറിയാതെ ഈ അറ്റം തൊട്ട് ആ അറ്റം വരെ എഴുതി അങ്ങനെ പോവാണ്. അതിനിടയിൽ എന്തിനോ വേണ്ടി കിതച്ചു നിൽക്കുന്ന കോളങ്ങൾ... എനിക്കൊന്നും മനസിലാകുന്നില്ല... അങ്ങനെ രണ്ടാഴ്ചയായി ഞാനും എക്സലും തമ്മിൽ ഈ കട്ട് കോപ്പി പേയ്സ്റ്റ് ഡിലീറ്റ് കളി തുടങ്ങിയിട്ട്... ഇടയ്ക്ക് കഴുത്തിലെ വയലറ്റ് ഞെരമ്പ് ഓർമിപ്പിക്കും... പറ്റിയ പണി ചെയ്താ പോരെ... ''സാറാമ്മേ നിനക്കെന്നെ പ്രേമിച്ചൂടെ, മാസാമാസം ഞാൻ നിനക്ക് ശമ്പളം തരാം'' എന്ന് പറഞ്ഞ കേശവൻ നായരെ ഓർത്തു നെടുവീർപ്പിടാനല്ലേ കഴിയൂ ഇപ്പ...

അങ്ങനെയിരുന്നപ്പോഴാണ് ആരോ പുറകിൽ നിന്ന് തോണ്ടുന്ന പോലെ ഒരു തോന്നൽ... ആരാപ്പോ ഇത് ഇനി വല്ല കേശവൻ നായർ വന്നാ ഈശ്വരൻമാരെ എന്ന് വച്ച് നോക്കിയപ്പോഴല്ലേ... ഘനഗംഭീര ശബ്ദം... തത്രഭവതീ... നമ്മെ മറന്നുവോ? എന്ന ചോദ്യം... അല്ല ഇതാരാണീ അമ്പും വില്ലും പിടിച്ച് നിൽക്കണത്... നമ്മെ മറന്നൂലേ വീണ്ടും... യ്യോ ഇപ്പഴല്ലേ ഓർമ വരണത് ഇത് നമ്മുടെ അർജ്ജുനനല്ലേ... ഇവിടെ ഈ കമ്പ്യൂട്ടറിനു മുന്നിൽ അങ്ങേക്കെന്താണ് കാര്യം എന്നാലോചിച്ചപ്പോഴാണ് ആ മഹാനുഭാവലുപറഞ്ഞത്... ഭവതി എന്നെ ഒരു വിഷാദ രോഗിയാക്കാൻ പത്ത് പന്ത്രണ്ട് കൊല്ലമായില്ലേ നടക്കുന്നു. അക്കാര്യത്തിൽ എന്ത് തീരുമാനമായെന്നറിയാൻ വന്നതാണ്... ഓ അതോ എനിക്കാണോ അങ്ങേയ്ക്കാണോ ഡിപ്രഷൻ എന്ന തീരുമാനമില്ലാതെ സകലമാന കാടുകളും വരമ്പുകളും ചുറ്റി അലയുകയാണി പാവം പതിത. പിന്നെ ഒന്നും ആലോചിക്കാതെ മുമ്പിലിരുന്ന ഒരു എക്സൽഷീറ്റ് എടുത്ത് കൊടുത്തു. ആൾ അപ്പോഴേ സ്ഥലം വിട്ടു. അപ്പോഴും ചെയ്ത് തീർക്കാനുള്ള കമ്പ്യൂട്ടർ വർക്കുകൾ എന്നെയിങ്ങനെ മാടി വിളിക്കുന്നുണ്ട്..


ന്റെ മലയാളമെ... നീ എത്ര സുന്ദരിയാണ്.. എന്ന് ഓരോ അണുവിലും ഞാൻ തിരിച്ചറിയുന്നു... ന്തായാലും മലയാളം എന്ന് കേൾക്കുമ്പോൾ എന്റെ ഹൃദയത്തിന്റെ ഭാഷ തന്നെയല്ലേ ഇത് എന്നും ഇതല്ലേ എന്റെ വികാരമെന്നും ഞാൻ അറിയുന്നു... രണ്ടുവര കോപ്പിക്കുള്ളിൽനിന്ന്ആരോഭംഗിയിൽഎഴുതിചേർത്ത വടിവൊത്ത അക്ഷരം പോലെ മാത്രം നയിക്കേണ്ടതല്ല ജീവിതം എന്നും പഠിപ്പിച്ച ആർദ്രമാമീ ഭാഷയെ, മലയാളത്തെ ഞാൻ സ്നേഹിക്കുന്നു... കണക്കുകളെ നിങ്ങൾക്ക് വിട...

# കാത്തിരിപ്പ്

**സംഘമിത്ര** (ഇംഗ്ലീഷ് വിഭാഗം, മൂന്നാം വർഷം)



ഒരു മാത്രയെങ്കിലും
എന്റെ വരണ്ട വേനലിന്റെ ഭൂമിയിൽ ഒരു
മാത്രയെങ്കിലും ഒരു മഴയായ് നീ
പൊഴിയേണമേ,
ആ മഴയിൽ ആഹ്ലാദത്തോടെ, ആനന്ദത്തോടെ
ഞാൻ നനഞ്ഞു നില്ക്കുന്നത് ഒരു
മാത്രയെങ്കിലും നീ കാണേണമേ.
നീ നിന്നോടൊപ്പം കൊണ്ടുപോയത്, ജീവൻ
നിലനിർത്താൻ ഹൃദയത്തിൽ ഞാൻ തളിക്കുന്ന മഴയെ.
ദുഃഖത്തിന്റെ ആഴങ്ങളിൽ തനിച്ചാക്കിയത്
എന്റെ ശ്വാസത്തെ അപഹരിക്കുന്ന പുഴയിൽ.
നൂറു വർഷങ്ങൾ കടന്നുപോയാലും നിൻ
സുന്ദരചിരികളെ ഞാൻ കാത്തിരിപ്പൂ.
അന്നു നിൻ ചിരികളെ എൻ ചുണ്ടുകളിലേക്ക് പടർത്തൂ.
നമ്മൾ സ്വപ്നങ്ങൾ കൈമാറും,
പ്രതീക്ഷകൾക്ക് ജീവൻ തുടിക്കും,
വരണ്ടുണങ്ങിയ നിൻ കഥകൾക്കായ് എൻ
മനസ്സ് കാതോർക്കും,
ആ സുന്ദര കഥകൾ എൻ ഹൃദയത്തെ സ്നേഹം
കൊണ്ട് നനയ്ക്കും
ആ പ്രണയത്തിന്റെ മാരിയിൽ എനിക്കു നനയണം,
നിന്റെ കൂടെ....
പുഞ്ചിരിയോടെ....
പ്രതീക്ഷയുടെ കൂട്ടോടെ....



# കമ്പ്യൂട്ടർ പ്രോഗ്രാമിങ് ഭാഷയും മലയാളഭാഷയും

**ദീപതി. എം. പിഷാരടി**

(അസി. പ്രൊഫസർ
കമ്പ്യൂട്ടർ സയൻസ് വിഭാഗം)


കമ്പ്യൂട്ടറിൽ എന്ത് കണക്കുകൂട്ടലോ പ്രക്രിയയോ ചെയ്യാൻ എന്നെ പോലെ ഒരു കമ്പ്യൂട്ടർ ഭാഷ ആവശ്യമാണ്. ചിലർ എന്നെ സി എന്നും ചിലർ ജാവ എന്നും ഒക്കെ ഓമന പേരിട്ട് വിളിക്കാറുണ്ട്. ചില കൂട്ടുകാർക്ക് എന്നെ അത്ര ഇഷ്ടമല്ല. അവർക്ക് എന്നെ എങ്ങനെ പഠിക്കണം, മനസ്സിലാക്കണം എന്നറിയില്ല. എന്നെ പഠിക്കാൻ ഞാൻ ഒരു എളുപ്പവഴി പറഞ്ഞു തരട്ടെ. മലയാള ഭാഷ ഒക്കെ നിങ്ങൾ പഠിച്ചില്ലേ, ആദ്യം അക്ഷരമാല, പിന്നെ വാക്കുകൾ, പിന്നീട് വാചകങ്ങൾ അതുപോലെ എന്നെ ഒന്നു പഠിച്ചു നോക്കൂ. ആദ്യം എന്റെ character set എന്ന ഓമന പേരുള്ള അക്ഷരമാല പഠിക്കൂ. പിന്നെ വാക്കുകൾ (tokens) അതിനുശേഷം വ്യാകരണം തെറ്റാതെ (syntax തെറ്റാതെ) വാചകങ്ങൾ എഴുതി നോക്കൂ. എന്നെ വച്ചു നിങ്ങൾക്കു കമ്പ്യൂട്ടർ പ്രക്രിയ സുഗമമാക്കാം. കഥയും കവിതയും നോവലും (പ്രോഗ്രാം) ഒക്കെ എഴുതുവാൻ പറ്റും. അപ്പോൾ കൂട്ടുകാരെ നിങ്ങൾ നിങ്ങളുടെ മാതൃഭാഷയെ സ്നേഹിക്കുന്ന പോലെ എന്നെയും സ്നേഹിക്കില്ലേ?



# വേനൽ മഴ!!

**ഗ്രേയ്സ് സാജു** (മന:ശാസ്ത്ര വിഭാഗം, രണ്ടാം വർഷം)

ഏറെ നാളത്തെ കാത്തിരിപ്പിനു വിരാമമിട്ടുകൊണ്ട് അതിഥി വരവറിയിച്ചു. വരവ് ഗംഭീരമാക്കുവാൻ നിശ്ചയിച്ചിരുന്നു. അതുകൊണ്ട് കൊട്ടും മേളവും മുഴക്കവും അരങ്ങു തകർത്തു. കണ്ടപാതി ആലിംഗനം ചെയ്യുവാൻ ഒരുങ്ങിയ പ്രകൃതി കുളിരുകൊണ്ടു. ആലിംഗനം ചെയ്തുകൊണ്ട് അതിഥി പറഞ്ഞു: "നിനക്കെന്താടി പെണ്ണെ ഒരു വശീകരിക്കുന്ന ഗന്ധം!" പുതുമണ്ണിന്റെ ഗന്ധം പേറുന്ന അവൾ മൊഴിഞ്ഞു: "നിന്നെ വരവേല്ക്കാനും നിന്നിൽ ലയിക്കുവാനും എന്നിലെ ഓരോ കോശവും കൊതിക്കുകയാണ്." ഏറെ നേരം വാരിപുണർന്നു അവരങ്ങനെ നിന്നു. അവൾ പറഞ്ഞതുപോലെ അതിഥിയുടെ ആലിംഗനത്തിൽ അവളിലെ ഓരോ അണുവും ഉണർന്നു. പുത്തൻ ഉണർവിന്റെ നാമ്പുകൾ കിളിർക്കുന്നത് അവളറിഞ്ഞു. അവളുടെ കൊമ്പുകളും ചില്ലകളും എല്ലാം ആടിയുലഞ്ഞു അതിഥിയെ ആവോളം ആസ്വദിച്ചു. വരണ്ടുണങ്ങിയ അവളുടെ ചുണ്ടുകൾ അതിഥിയുടെ ചുംബനംകൊണ്ട് നനവറിഞ്ഞു. അവളുടെ മുടിമുതൽ പാദംവരെ ചുംബനങ്ങൾകൊണ്ട് മൂടപ്പെട്ടു. ഈ തവണ അതിഥിക്കു വേഗം തിരിക്കണമായിരുന്നു. അതുകൊണ്ട് പതിയെ അവളിൽനിന്ന് അടർന്നുമാറി അവൻ തിരിച്ചുപോക്കിന് ഒരുങ്ങി. യാത്രയാക്കുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. എങ്കിലും കുറച്ചുനേരത്തെ ആ ഓർമ്മകൾ കൊണ്ട് കുറച്ചുനാളെങ്കിലും പിടിച്ചുനില്ക്കാനാവുമെന്ന് അവൾ ആശ്വസിച്ചു. കരിഞ്ഞുണങ്ങിയ അവളിൽ പുത്തൻ ഉണർവും പ്രത്യാശയും ഉടലെടുത്തു. എന്നാൽ അതിന് ഈയാം പാറ്റയുടെ ആയുസ്സ് മാത്രമെയുള്ളൂ എന്നവൾക്കറിയാം. കാരണം അകലെ നിന്ന് കഥയിലെ വില്ലന്റെ വരവ് അവൾക്കു കാണാമായിരുന്നു!!!



# ജാലകങ്ങൾക്കപ്പുറം...

**ആദിത്യ വി. എം.** (ഇംഗ്ലീഷ് വിഭാഗം, രണ്ടാം വർഷം)

അനന്തമായൊരു ജാലകമിന്ന്
എനിക്കായ് കാത്തിരിക്കുന്നു...
അശാന്തമായ തിരമാലകളായ്
നിലവിളികൾ ഉയർന്നു കേൾക്കുന്നു.
വിജനമായ വീഥികൾക്കപ്പുറമെന്താകും
ചിതലരിച്ച പുസ്തകത്താളുകളോ അതോ
ആളിപ്പടർന്നു മാംസം ഭക്ഷിക്കുമഗ്നിയോ...
എങ്കിലും ജാലകങ്ങൾ തുറന്നിടട്ടെ
കാത്തിരിപ്പിനു വിരാമമിടട്ടെ
ഞാൻ സജ്ജമായിരിക്കുന്നു
മിഥ്യയെ പുണർന്നു സ്വയം മായയായ്
പരിണമിക്കുവാൻ ഞാൻ സജ്ജമായിരിക്കുന്നു...



# അതിജീവനത്തിന്റെ പാതയിൽ കേരളം



**നന്ദന** (മനശ്ശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

അതിജീവനം എന്ന വാക്ക് നാം നിരന്തരം കേൾക്കാൻ തുടങ്ങിയിട്ട് രണ്ട് വർഷത്തിലേറെയായി. ജനനം മുതൽ തന്നെ അതിജീവനം തുടങ്ങുകയാണ്. ഒൻപതു മാസം അമ്മയുടെ വയറ്റിൽ കിടന്ന് പുറത്തു ഭൂമിയിൽ എത്തുന്നത് മുതൽ അതിജീവനം തുടങ്ങുകയാണ്. പലതും നമുക്ക് പൊരുത്തപ്പെടാൻ സാധിക്കാതെ വരാറുണ്ട്. 2018 മുതൽ കേരളം അതിജീവനത്തിന്റെ പാതയിലാണ്. 2018 ലെ മഴയും അതുമൂലം ഉണ്ടായ പ്രളയവും ഉരുൾപൊട്ടലും 2019 ലെ പ്രളയവും പിന്നീട് 2020–21കാലഘട്ടത്തിൽ നമുക്കിടയിൽ എത്തിയ കൊറോണ വരെ എത്തിനിൽക്കുകയാണ് അതിജീവനം.

പ്രളയവും അതേ തുടർന്നുണ്ടായ ഉരുൾപൊട്ടലും കേരളജനതയെ നടുക്കിയതാണ്. ജൂൺ മാസത്തിൽ തുടങ്ങിയ മഴ ആഗസ്റ്റ് മാസത്തിലെ പ്രളയത്തിലാണ് അവസാനിച്ചത്. അനവധി നാശനഷ്ടവും ജീവഹാനിയും നാം മുമ്പിൽ കണ്ടു. ഇവ നമുക്ക് മറക്കുവാൻ സാധിക്കാത്തതാണ്. കേരളത്തിലെ ഒട്ടുമിക്ക ജില്ലകളും വെള്ളത്തിലായി. വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളുടെ അവസ്ഥ അതീവ ഗുരുതരമായി. മരണം മുന്നിൽ കണ്ട നിമിഷങ്ങളായിരുന്നു അവ. എന്തു ചെയ്യണം എന്നറിയാതെ കേരളം നടുങ്ങി നിന്ന അവസ്ഥ. മത്സ്യ

ത്തൊഴിലാളികളുടെയും സർക്കാരിന്റെയും സാമൂഹ്യ പ്രവർത്തകരുടെയും സഹായത്തോടെ നാം പ്രളയത്തെ അതിജീവിച്ചു. ഐക്യവും പരസ്പരസഹായവും ഒരുമയും നമ്മെ പ്രളയത്തിൽനിന്ന് കരകയറ്റി. എന്നാൽ അത് ഉണ്ടാക്കിയ ഭീതിയിൽ നിന്നു മാറി വരുമ്പോഴേക്കും നാം മറ്റൊരു പ്രളയവും നേരിട്ടു. ഡാമുകൾ തുറന്നു വിട്ടതുമൂലം ഉണ്ടായ ജലനിരപ്പ് കാരണം സാഹചര്യം കൂടുതൽ രൂക്ഷമായി. സംസ്ഥാന ദുരന്ത നിവാരണ പ്രവർത്തകരുടെ മുൻകരുതലുകൾക്ക് പ്രളയത്തെ, പ്രകൃതിയെ തടുക്കാനായില്ല. ഇതുമൂലം ഉണ്ടായ നാശനഷ്ടങ്ങളിൽ നിന്ന് അതിജീവിച്ചുവരുകയാണ് കേരളജനത. പല വീടുകളും ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ടു. പല കുട്ടികൾക്കും സ്വന്തം അച്ഛനമ്മമാരെ നഷ്ടപ്പെട്ടു. ഇവയെല്ലാം അതിജീവിച്ചു എങ്കിലും ഇതെല്ലാം ഒരു ഭയത്തോടെ അല്ലാണ്ട് നമുക്ക് ഓർമ്മിക്കുവാൻ സാധിക്കില്ല.

പിന്നീട് 2020 ൽ നാം കണ്ട കൊറോണ, അതിജീവനത്തെ മറ്റൊരു വശത്തേക്ക് എത്തിച്ചു. പ്രതീക്ഷിക്കാതെ എത്തിയ കുഞ്ഞൻ വൈറസ് ജീവിതരീതിയെ തന്നെ മാറ്റിമറിച്ചു. പലർക്കും തന്റെ ബന്ധുക്കളെയും ആത്മ സുഹൃത്തുക്കളെയും നഷ്ടപ്പെട്ടു. പലർക്കും സ്വന്തം ജോലി നഷ്ടമായി. ജീവിതം തന്നെ വഴിമുട്ടിയ അവസ്ഥ. പിന്നീട് നാം കണ്ടത് ജാഗ്രതയും കരുതലുമാണ്. കേരളം 2020-21 കാലഘട്ടത്തിൽ വൈറസിന്റെ ഭീതിയിലായി. സ്വന്തം ബന്ധുക്കൾ കൺമുമ്പിൽ തളർന്നു വീഴുന്നത് നാം കണ്ടു. കണ്ടു നിൽക്കുവാൻ മാത്രമേ നമുക്ക് സാധിച്ചുള്ളൂ. ആരോഗ്യവകുപ്പിന്റെ നിർദ്ദേശത്തിനനുസരിച്ച് നാം കരുതലുകൾ എടുക്കുവാൻ തുടങ്ങി.

ആത്മവിശ്വാസത്തോടെയും ജാഗ്രതയോടെയും വൈറസിനെതിരെ പൊരുതുന്നു. പിന്നീട് നാം കണ്ടത് കേരളത്തിന്റെ അതിജീവനത്തിന്റെ പാതയാണ്. കർശനമായ നിയമനടപടിയും ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങളും കൊറോണയെ ഒരു പകുതി വരെ തടഞ്ഞു നിർത്താൻ നമ്മെ സഹായിച്ചു. തിരക്കിട്ട നമ്മുടെ ജീവിതരീതി മാറി. അല്ലെങ്കിൽ കൊറോണ മാറ്റി. സുരക്ഷയും ആത്മവിശ്വാസവുമായ ജീവിതപാഠം തന്നെ.

കേരള സർക്കാരിന്റെ കർശനമായ നടപടികളിലൂടെ നാം കൊറോണയെ ഘട്ടംഘട്ടമായി നേരിടുവാൻ തുടങ്ങി. നിശ്ചലമായ ജീവിതം കരകയറ്റിയേ തീരൂ. നാശനഷ്ടങ്ങൾ അനവധിയാണെങ്കിൽ അതു തിരിച്ചുപിടിച്ച് മുന്നേറുകയും ആവശ്യമാണ്. കേരളം കൊറോണയെ നേരിട്ടു ജയിക്കാൻ ശ്രമിക്കുകയാണ്. സാമ്പത്തിക നഷ്ടം ഏറെയാണ് മുമ്പിൽ ഉള്ളത്. നിശ്ചലമായ ജീവിതം വീണ്ടും കരകയറ്റണം. അതിന് ഐക്യത്തോടുകൂടിയുള്ള പരിശ്രമമാണ് വേണ്ടത്. പ്രളയത്തെ അതിജീവിച്ച ജനങ്ങൾക്ക് ഇതും അതിജീവിക്കാൻ സാധിക്കും.

കേരളം നടത്തിയ പോരാട്ടം പ്രശംസനീയമാണ്. വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും നടത്തിയ പ്രവർത്തനങ്ങൾ ലോകരാജ്യങ്ങൾ ഉറ്റുനോക്കി. കേരളത്തിലെ ഹോസ്പിറ്റലുകൾ, ആരോഗ്യപ്രവർത്തകർ ഇവരെല്ലാം ഒരുമിച്ച് പ്രവർത്തിച്ച് മുന്നേറുകയാണ്. മറ്റു സംസ്ഥാനങ്ങൾ ഈ കാലത്ത് വിദ്യാഭ്യാസ രംഗത്ത് നിശ്ചലമായപ്പോൾ കേരളം അത് ശക്തമായി നേരിട്ടു. പലസഹായങ്ങളും സർക്കാർ സാധാരണക്കാർക്ക് നല്കി ഒരു മാതൃകയായി. മതം ജാതി ഒന്നും നോക്കാതെ കേരളം പ്രവർത്തിച്ചു.

ഇനിയും നമുക്ക് കുറെ കടമ്പകൾ താണ്ടാൻ ഉണ്ട്. കേരളം അത് ഒറ്റക്കെട്ടായി അതിജീവിക്കുക തന്നെ ചെയ്യും. ഏതൊരു പ്രശ്നത്തെയും ശക്തമായി ഐക്യത്തോടെ നേരിട്ടാൽ ജയം ഉറപ്പാണെന്ന് നാം തെളിയിക്കുക തന്നെ ചെയ്യും. കേരളം ഇതും അതിജീവിക്കും.








# അഭിമുഖം

**തയ്യാറാക്കിയത് : ബയാന**

ചലച്ചിത്ര നടിയും പ്രജ്യോതി നികേതൻ കോളേജ് മനശാസ്ത്ര വിഭാഗം രണ്ടാം വർഷ വിദ്യാർഥിനിയുമായ കൃതികയുമായുള്ള ടെലിഫോൺ അഭിമുഖം വായിക്കാം...

*ഹായ് കൃതിക.. ലെന, അർജുൻ ലാൽ, ഉണ്ണിമുകുന്ദൻ, സോജ, ശ്രീലക്ഷ്മി, പാട്ടുകാരി ദീപ്തി തുടങ്ങി സിനിമ മേഖലയിൽ നിന്ന് ഇപ്പോൾ ഇതാ കൃതികയും. എങ്ങനെയാണ് പ്രജ്യോതി ഒരു ചോയ്സ് ആയി വന്നത്?*

പ്ലസ്ടുവിന് ശേഷം സൈക്കോളജി പഠിക്കണമെന്ന് തന്നെയായിരുന്നു ആഗ്രഹം. നെറ്റിലൊക്കെ സെർച്ച് ചെയ്തു നോക്കിയപ്പോൾ കേരളത്തിലെ നമ്പർ വൺ കോളേജ് പ്രജ്യോതിയാണെന്നും പിന്നെ പല സിനിമക്കാരും പഠിച്ച കോളേജ് ആണെന്നും കണ്ടു. കിട്ടാൻ ബുദ്ധിമുട്ടാണെന്ന് കേട്ടെങ്കിലും ട്രൈ ചെയ്തു, കിട്ടി. ആദ്യമായി പ്രജ്യോതിയിൽ വന്നപ്പോൾ തന്നെ ഇവിടത്തെ വൈബ് ഇഷ്ടമായി. ഒരു പീസ്ഫുൾ അന്തരീക്ഷമുള്ള സ്ഥലം. നിറയെ മരങ്ങളും പൂക്കളും ചെടികളും ഉള്ള ഈ ക്യാമ്പസിൽ തന്നെ ഡിഗ്രി പഠിക്കണമെന്ന് അപ്പോൾ തന്നെ ഉറപ്പിച്ചു. കിട്ടിയപ്പോൾ ഒത്തിരി സന്തോഷമായി.

*സിനിമയിലേക്ക് എത്തിയത് എങ്ങനെയെന്ന് പറയാമോ? ആദ്യമായി ക്യാമറക്ക് മുന്നില് നിന്നപ്പോള് എങ്ങനെ ഉണ്ടായിരുന്നു?*

ആറാം ക്ലാസിൽ പഠിക്കുമ്പോൾ 'വില്ലാളി വീരൻ' എന്ന സിനിമയിലൂടെയാണ് എന്റെ ചലച്ചിത്ര ലോകത്തേക്കുള്ള അരങ്ങേറ്റം. അച്ഛന്റെ ബന്ധുവും പ്രൊഡക്ഷൻ കൺട്രോളറുമായ സിദ്ധു പണിക്കർ വഴിയാണ് ചാൻസ് കിട്ടുന്നത്. ഡയറക്ടർ ഫോട്ടോ കണ്ടപ്പോൾ ഒഡിഷന് വരാൻ പറഞ്ഞു. ഒഡീഷനിൽ കരഞ്ഞു കാണിക്കാനാണ് പറഞ്ഞത്. എന്റെ കരച്ചിലിൽ ഡയറക്ടർ ഇമ്പ്രെസ്സ്ഡ് ആയി. ചെറിയൊരു റോൾ ആയിരുന്നു. മറ്റൊരു കാര്യം ആദ്യത്തെ സിനിമയാണെന്ന് കരുതി എനിക്കൊരു പേടിയും ഇല്ലായിരുന്നു. പാട്ടിനും ഡാൻസിനും ഒക്കെ ചെറുപ്പം മുതലേ സ്റ്റേജിൽ കയറി ശീലം ഉള്ളതിനാൽ ആവാം ക്യാമറ കണ്ടപ്പോൾ പ്രത്യേകിച്ച് അമ്പരപ്പൊന്നും ഉണ്ടായില്ല. പിന്നെ ആറാം ക്ലാസിലായതുകൊണ്ട് പേടിക്കാനുള്ള ഒരു കഴിവും ഉണ്ടായിരുന്നില്ല എന്ന് വേണം പറയാൻ.

*ഇപ്പോൾ പതിനെട്ടോളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ടല്ലോ? അഭിനയിച്ച സിനിമകളിൽ മനസ്സിൽ തട്ടി നിൽക്കുന്ന കഥാപാത്രം ഏതാണ്?*

വില്ലാളിവീരന് ശേഷം ഒരു ബ്രേക്ക് പോലെ എനിക്ക് കിട്ടിയ സിനിമയാണ് 'ആമി'. ആമിയുടെ ചെറുപ്പകാലത്തെ സുഹൃത്തായിട്ടാണ് ചെയ്തത്. കമൽ സാർ ഒഡീഷനിലൂടെയാണ് തെരഞ്ഞെടുത്തത്. അവിടെ മുതലാണ് സിനിമയുടെ പ്രാധാന്യത്തെക്കുറിച്ചും സിനിമ എന്താണെന്ന തിനെക്കുറിച്ചും ഒക്കെ ചിന്തിക്കാൻ തുടങ്ങിയത്. മാത്രമല്ല ആളുകൾ തിരിച്ചറിഞ്ഞു തുടങ്ങുന്നുണ്ടെന്നും മനസ്സിലായി. ആദി, മോഹൻലാൽ, കൂദാശ, മിസ്റ്റർ & മിസ്സിസ് റൗഡി ഒക്കെ ഇഷ്ടപ്പെട്ട സിനിമകളാണ്. മോഹൻലാൽ എന്ന സിനിമ ഭയങ്കര സ്പെഷ്യലാണ്. കാരണം കട്ട ലാലേട്ടൻ ഫാനായ എനിക്ക് ലാലേട്ടൻ ഫാനായി തന്നെ അഭിനയിക്കാൻ പറ്റി. അതോടൊപ്പം മഞ്ജു ചേച്ചിയുടെ ബാല്യകാലം ചെയ്യുന്ന കഥാപാത്രം ആവാനും സാധിച്ചു. അതിനാൽ തന്നെ ഇരട്ടി മധുരമുള്ള കഥാപാത്രമാണ് അത്.

*മോഹൻലാൽ എന്ന സിനിമയിൽ ലാലേട്ടന്റെ പോസ്റ്ററിൽ നോക്കി ചെയ്യുന്ന കൃതികയുടെ ഒരു ആക്ഷൻ ഉണ്ടല്ലോ. (ലാലേട്ടാ... ല ല.. ലാ.. ലാലലാ.. എന്ന പാട്ടിന്റെ വരികൾക്ക്). അത് വൈറലായ ഒരു രംഗമായിരുന്നു. അതിന്റെ ചിത്രീകരണ അനുഭവം പറയാമോ?*

അത് സ്ഫടികം സിനിമയുടെ പോസ്റ്ററിൽ നോക്കി സ്പെക്സ് വെച്ച് ഉമ്മ വെച്ച് ചിരിക്കുന്ന ഒരു സീൻ അല്ലേ? അത് ആളുകൾ എന്നെ ഏറ്റവും തിരിച്ചറിഞ്ഞ ഒരു സീൻ ആയിരുന്നു. ഒരു മഴയുള്ള സമയത്താണ് ഷൂട്ടിംഗ് ഉണ്ടായിരുന്നത്. അന്നത്തെ ലാസ്റ്റ് സീനും ആയിരുന്നു. ലൈറ്റിംഗും ക്യാമറയുമൊക്കെ ശരിയായി വന്നപ്പോൾ അവർ എന്നോട് പോസ്റ്ററിൽ നോക്കി എനിക്കിഷ്ടമുള്ള പോലെ ചെയ്തോളാൻ പറഞ്ഞു. ഞാൻ ആ സീൻ കയ്യിന്നെടുത്ത് ചെയ്തതാ... അപ്പോഴേക്കും മഴ പെയ്തു. എന്നാൽ എന്നെ അതിശയിപ്പിച്ചത് ഒറ്റ ടേക്കിൽ തന്നെ ആ സീൻ ശരിയായി എന്നതാണ്. ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല, കുറെ ടേക്ക് വേണ്ടി വരും എന്നായിരുന്നു ഞാൻ കരുതിയത്.

*പ്രണവ് മോഹൻലാലിന്റെ കൂടെ ഒരു പ്രോജക്ട് ചെയ്തല്ലോ?*

അതെ. മോഹൻലാൽ പോലെ തന്നെ എനിക്ക് സ്പെഷ്യൽ ആയ മറ്റൊരു സിനിമയാണ് 'ആദി'. ജിത്തു ജോസഫ് അങ്കിളാണ് ഡയറക്ട് ചെയ്തിട്ടുള്ളത്. കിട്ടുമെന്ന് പ്രതീക്ഷിച്ച ഒരു സിനിമയായിരുന്നില്ല അത്. കാരണം ഷൂട്ടിന്റെ തലേദിവസമാണ് പിറ്റേദിവസം ആലുവയിൽ എത്താൻ പറഞ്ഞു വിളി വരുന്നത്. അവിടെ ചെന്ന് പ്രണവ് ചേട്ടനെയും ജിത്തു അങ്കിളിനെയും കണ്ട് സംസാരിച്ചു. പ്രണവ് ചേട്ടൻ ഗിത്താർ ഒക്കെ വായിച്ച് പാട്ടൊക്കെ പാടി രസമായിരുന്നു. അവർക്ക് ഇഷ്ടമായി. അത്ര വലിയൊരു സിനിമയുടെ ഭാഗമാകാൻ സാധിച്ചതിൽ ഒത്തിരി സന്തോഷം. പ്രണവ് ചേട്ടന്റെ ഓപ്പോസിറ്റ് കാരക്ടറാണ് ഞാൻ അതിൽ ചെയ്തത്. പ്രണവ് ചേട്ടന്റെ പിന്നാലെ നടക്കുന്ന ഒരു പെൺകുട്ടി.

*ഈ കോവിഡ് കാലം എങ്ങനെ പോകുന്നു? സിനിമ മേഖലയും ബ്രേക്കിലാണല്ലോ... പുതിയ പ്രതീക്ഷകൾ.. ഇവയെക്കുറിച്ചൊക്കെ ഒന്ന് പറയാമോ?*

കോവിഡ് പിടിച്ച് നല്ല സീരിയസ് ആയി ഇപ്പോൾ കാറ്റുപോകും എന്ന രീതിയിൽ ഹോസ്പിറ്റലിൽ കിടന്ന ആളാണ് ഞാനും. ദൈവഭാഗ്യത്താൽ ഒന്നും സംഭവിച്ചില്ല. എല്ലാവിധ പ്രോട്ടോക്കോളും പാലിച്ചാണ് ഇപ്പോൾ സിനിമ ഷൂട്ടിംഗ് നടക്കുന്നത്. 200 – 300 ആളുകൾ ഒക്കെ ഒരു സിനിമാ സെറ്റിൽ ഉണ്ടാകുമല്ലോ... കോവിഡിന് മുൻപായിരുന്നെങ്കിൽ എല്ലാവരും അടുത്തിടപഴകി ആയിരുന്നു ഉണ്ടായിരുന്നത്. ഒരു കുടുംബം പോലെയാകും ഉണ്ടാവുക. പക്ഷേ ഇപ്പോൾ ക്യാരവന്റെ ഉള്ളിൽ ഇരിക്കും, ഷോട്ടുള്ള സമയത്ത് മാത്രം പോയി ചെയ്യുക.. അതൊക്കെ ഡിഫറന്റ് എക്സ്പീരിയൻസ് ആയിരുന്നു.. കോവിഡിന് മുമ്പും ശേഷവും ഉള്ള ഷൂട്ടിന്റെ അനുഭവം നല്ല വ്യത്യാസമുണ്ട്. ഇപ്പോൾ എല്ലാം നോർമലായി വരികയാണല്ലോ...

*സുരഭി ലക്ഷ്മി ചേച്ചിക്ക് ദേശീയ അവാർഡിന് പിന്നാലെ കേരള ഫിലിം ക്രിറ്റിക്സ് അവാർഡ് ലഭിച്ച 'ജ്വാലാമുഖി' സിനിമയിലും കൃതിക ഭാഗമായിരുന്നല്ലോ? ഹരികുമാർ സാറിന്റെ കൂടെയുള്ള എക്സ്പീരിയൻസ് എങ്ങനെ ഉണ്ടായിരുന്നു?*

എറണാകുളം തൃക്കാക്കരയിൽ മൃതശരീരങ്ങൾ സംസ്കരിക്കുന്ന ഒരു സ്ത്രീയുടെ കഥാപാത്രത്തിനെ ആസ്പദമാക്കി ചിത്രീകരിച്ച സിനിമയായിരുന്നു അത്. സുരഭി ചേച്ചിയുടെ മകൾ ആയിട്ടാണ് ഞാൻ ചെയ്തിട്ടുള്ളത്. ഒരു നെഗറ്റീവ് ക്യാരക്ടർ ആണ് അതിൽ. അച്ഛൻ ഉപേക്ഷിച്ച് പോയതാണ്. വലിയ സ്കൂളിൽ പഠിക്കുന്ന മകൾക്ക് അമ്മയുടെ ജോലി മൂലമുള്ള അപകർഷതാബോധവും അതുവഴി അമ്മയോട് ഉണ്ടാകുന്ന പ്രശ്നങ്ങളും ടീന എന്ന എന്റെ കഥാപാത്രം അവതരിപ്പിക്കുന്നുണ്ട്. ആ ക്യാരക്ടർ ചെയ്യാൻ നല്ല ബുദ്ധിമുട്ടായിരുന്നു. പണ്ടുകാലത്തെ അച്ചടി ഭാഷ പോലെ ആയിരുന്നു സ്ക്രിപ്റ്റ്. എന്നാൽ ഷൂട്ടിങ്ങിന് അഞ്ചു മിനിറ്റ് മുന്നേ വന്നു മാത്രമേ ഹരികുമാർ സാർ ഡയലോഗ് പറഞ്ഞു തരൂ. അതിനു മുന്നേ നമുക്ക് സ്ക്രിപ്റ്റോ ഡയലോഗോ പറഞ്ഞുതരില്ല. എത്രമാത്രം നാച്ചുറൽ ആയിട്ടാണ് കിട്ടുക അത്രയും നാച്ചുറൽ ആയിട്ട് കിട്ടാനായിരുന്നു അത്. അതുകൊണ്ടുതന്നെ ഒരു സീൻ ഒറ്റ ഷോട്ടിൽ തന്നെ തീർക്കും. വലിയ വലിയ പാരഗ്രാഫ് ഉള്ള നീണ്ട സ്ക്രിപ്റ്റുകൾ പറയാൻ വെള്ളം കുടിച്ചിട്ടുണ്ട്. ദൈവമേ എന്നെക്കൊണ്ട് എന്താ പറ്റാത്തത് എന്ന് ടേക്കുകളുടെ എണ്ണം കൂടുന്നത് കണ്ടപ്പോൾ തോന്നി

പ്പോയി. എന്റെ ജീവിതത്തിലെ ആദ്യത്തെ എക്സ്പീരിയൻസ് ആയിരുന്നു അത്. അതിനുശേഷം മറ്റ് സിനിമകൾക്ക് പോയപ്പോൾ സ്ക്രിപ്റ്റ് കണ്ടു പേടിക്കേണ്ടി വന്നിട്ടില്ല, കാരണം അതിലും വലുത് കടന്നു വന്നതു കൊണ്ട് ആകാം.

*'കുഞ്ഞെൽദോ' അല്ലേ ഇനി റിലീസ് ആവാനുള്ള സിനിമ, എന്താണ് അതിനെക്കുറിച്ചുള്ള വിശേഷങ്ങൾ?*

കുഞ്ഞെൽദോ സിനിമയ്ക്ക് വേണ്ടി സിദ്ധാർഥ ശിവ സാറിന്റെ ഒരു വൺ വീക്ക് വർക്ക്ഷോപ്പ് എറണാകുളത്ത് വച്ച് അറ്റൻഡ് ചെയ്തിരുന്നു. നമ്മൾ നമ്മളെ തന്നെ വാല്യൂ ചെയ്യാനും സ്വയം തിരിച്ചറിയാനും ഒക്കെ സഹായിക്കുന്ന ബെസ്റ്റ് വർക്ക് ഷോപ്പ് ആയിരുന്നു അത്. അവസാനത്തെ ദിവസം ഒരു സെഷനിൽ ഞങ്ങളെ പെയറാക്കി. ഓരോ പെയറും കൈപിടിച്ച് മുഖാമുഖം ഇരിക്കണം. ബാഗ്രൗണ്ടിൽ പാട്ടിടും. ആ സമയത്ത് കഴിഞ്ഞ ആഴ്ചയിലെ കാര്യങ്ങളൊക്കെ നമ്മുടെ മനസ്സിൽ അറിയാതെ നിറയും. കരഞ്ഞു പോയിട്ടോ.. സന്തോഷം കൊണ്ടുള്ള കരച്ചിലായിരുന്നു അത്. സ്വയം തിരിച്ചറിഞ്ഞതിന്റെ എന്തൊക്കെയോ ഫീലിംഗ്സ്. സിദ്ധാർത്ഥ് ശിവ സാർ ഈസ് ആൻ അമേയ്സിങ് ഗയ്.. ആക്ടിംഗ് പെർസ്യു ചെയ്യുന്ന ആൾക്ക് എന്തായാലും ഇത്തരം വർക്ക്ഷോപ്പ് ഉപകാരപ്പെടും.

*അവസാനമായി ഒരു ചോദ്യം കൂടെ, സിനിമയാണോ സൈക്കോളജിയാണോ ഭാവി പ്രവർത്തനമേഖലയായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്?*

സൈക്കോളജി തിരഞ്ഞെടുക്കാൻ തന്നെയാണ് ആഗ്രഹം. കാരണം എഡ്യൂക്കേഷൻ നമ്മുടെ എല്ലാവരുടെ ജീവിതത്തിലും വലിയൊരു ഫാക്ടർ ആണ്. സ്വന്തമായി ഒരു ജോലി ഉണ്ടാകുന്നത് നല്ലതാണ്. സിനിമയിൽ എത്രകാലം ഉണ്ടാകും എന്ന് നമുക്ക് പറയാൻ പറ്റില്ലല്ലോ. പഠിച്ചു കഴിഞ്ഞാൽ എത്ര കാലം കഴിഞ്ഞാലും ഏതെങ്കിലും ജോലി കിട്ടും, സിനിമ കൂടെ ചെയ്യുകയും ചെയ്യാം. സിനിമ ഒരിക്കലും എന്റെ ജീവിതത്തിലേക്ക് കടന്നു വരുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ഉദ്ഘാടനങ്ങൾക്കൊക്കെ പോകുമ്പോൾ ആളുകൾ തിരിച്ചറിയുന്നതിലൂടെയാണ് സിനിമയുടെ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നത്.



# സമോവർ

**Bayana BOMS,** Research Scholar, Psychology

സമോവറിൻ ഇതളുതിരും നുര
ഉയരും തിളതാഴും...
പ്രകാശമീ വഴി തടയും
കൂരിരുളിൽ വിധിവാഴും..

കത്തും വിളക്കിലൊട്ടും പരക്കാത്ത
എണ്ണപ്പരൽ പാടകൾ..
മാനത്ത് മുട്ടുന്ന കുന്നിന്റെ അറ്റത്ത്
തൂണറ്റ തീ പന്തുകൾ..

തെരുവിന്റെ ഓരത്ത് കയ്യിൽ കനം വെച്ച
കുഞ്ഞിളം പേക്കോലങ്ങൾ...
മേൽപ്പോട്ട് മേൽപ്പോട്ട് പണിതോരിടങ്ങളിൽ
അഴിയും മടിക്കുത്തുകൾ...

ഉള്ളറകളെ ഊറ്റി തുപ്പിപ്പുറത്തേക്ക്
നീട്ടുന്ന ലോഹക്കുഴൽ...
താഴെ കുടം കാട്ടി നാരി നിരകളും
ചുമടേറി പാദങ്ങളും...

ചെറിയോന്റെ ഉടലിനേം ഉയിരിനേം
നേർപ്പിച്ച് സേവിച്ച് വലിയോനുകൾ..
നീർ വീണു വീർത്തൊരാ ദേഹത്ത് നിന്നും
ദേഹിക്ക് പൊടുവേവുകൾ...

അന്തരം സമാവറാൽപൂക്കൾ പൊഴിച്ചിടുമത്
ഹിമാവാന്റെ മടിയിൽ മയങ്ങും
കാഴ്ചകൾ കാണാതെ അടക്കുമാ ബാഷ്പവും
മഞ്ഞിൽ പുതഞ്ഞലിഞ്ഞുയരും തക്ക
ശിലയായ് മൂകമായ് നിൽക്കും

https://youtu.be/8lCkumhecVw

# പ്രജ്യോതി: ഒരു വെളിച്ചം

## ഇവിടെ ഇങ്ങനെ നില്പ് വിധേയപ്പെടുത്തുമ്പോൾ...

**ഡെൻഹോ മനാശ്ശെ ഒ. എം.**
(മനശ്ശാസ്ത്ര വിഭാഗം, മൂന്നാം വർഷം)

പൂമരച്ചോട്ടിലിരുന്ന് പറഞ്ഞ കഥകളിലാകെ ഓർമ്മയിലെങ്ങോ മാഞ്ഞു തുടങ്ങിയിരുന്ന കടലാസ് തോണികളായിരുന്നു. പിന്നീട് പരീക്ഷാ ചൂടിൽ ആനന്ദം കാണാതെ എറിഞ്ഞുതന്ന നോട്ടങ്ങളിലും നിറഞ്ഞിരുന്ന കറതീർന്ന സ്നേഹത്തിന്റെ ഛായങ്ങൾ. കാന്റീനിലെ മാവിൻചുവട്ടിൽചൂടൻകടുംകാപ്പിയുടെആവികണക്കെ ഉതിർന്നുവീണ സംഭാഷണങ്ങൾ എല്ലാം ആരുമില്ലായ്മയുടെ ശൂന്യതയിൽ മൗനികളായ പ്രജ്യോതി കുന്നുകളിൽ എന്നും മുഴങ്ങി കേൾക്കാം. ഇങ്ങനെയെല്ലാം പടർന്നു പന്തലിച്ച സമയ ബിന്ദുക്കളുടെ ഓർമ്മ, തെരുവുകൾ ഇനിയും ബാക്കിയാവുന്ന ഞങ്ങളോടൊപ്പം 2019–2022 സൈക്കോളജി ബാച്ച്....

2019 മദ്ധ്യത്തോടെ ജൂലായ് 1-ാം തിയ്യതി മഴ പെയ്യുന്ന രാവിൽ ഹൈദരാബാദിൽ ആറുവരി പാത പോലെ നീണ്ടുകിടക്കുന്ന ആകാശപാതയിലൂടെ ആ കുന്നിൻ മുകളിൽ വന്ന് കയറുമ്പോൾ മറ്റു തലത്തിലേക്കാണ് ജീവിതം ചുവട് മാറ്റിയതെന്ന് അന്ന് അറിഞ്ഞിരുന്നില്ല. കലാലയ ജീവിതത്തിന്റെ ഓരോ അണുവും ആഘോഷിക്കാൻ മനസ്സ് വെമ്പൽ കൊണ്ടു വന്നപ്പോൾ ചില സാഹചര്യങ്ങൾ ഇടയ്ക്കെപ്പോഴോ വിലങ്ങുതടിയായി പ്രശ്നങ്ങൾ സമ്മാനിച്ചപ്പോഴും ആദ്യവർഷങ്ങൾ കാലം കവർന്നെടുത്തപ്പോൾ ചെറുതായ ഒരു നാമ്പിൻ പ്രതീക്ഷ പോലും ഇല്ലാതിരുന്നിടത്തുനിന്ന് ഇച്ഛാശക്തികൊണ്ട് ഇന്നോളത്താൽ തിരികെ പ്രജ്യോതിയുടെ മാറിൽ വന്നത് ഒന്നുകൊണ്ടു മാത്രമാണ്. അതായത്, കാറ്റുപോലും കുശലം പറയുന്ന എന്തോ ഒരു ശക്തി ഇവിടെ പരിലസിക്കുന്നുണ്ടെന്ന ശക്തമായ അനുഭവജ്ഞാനം. പ്രജ്യോതി തൻ മാറ്റ് ഇനിയും കൂടുകയാൽ നമുക്കത് നോക്കിക്കാണാൻ ഇടവരിക തന്നെ ചെയ്യും. അങ്ങനെയാൽ ഏറെ നന്നല്ലോ. ഇങ്ങനെയങ്ങു പറഞ്ഞുപോകയാൽ സൗഹൃദവും കാന്റീൻ വരാന്തയിൽ ഉള്ള ചടുലമായ ഒട്ടനവധി സംസാരത്തിൻ ബാക്കിപത്രങ്ങളും ഏറെ മറക്കാനൊക്കാത്തവയല്ലോ.

അതിനാലെ കാണുന്ന സ്വപ്നമല്ലാ സൗഹൃദം... നക്ഷത്രങ്ങളിലെ പ്രകാശമല്ല സൗഹൃദം... പിന്നെയോ ........... ഹൃദയം തൊട്ട് അറിയുന്ന ആ നൈർനിമിഷേ മുതലുള്ള ചങ്കിന്റെ ചങ്കായ ചങ്കായി... എന്നും എപ്പോഴും ചങ്കോടണച്ചു ഒപ്പം എന്തിനും ഏതിനും ഏതു പാതിരാത്രി

ക്കുപോലും നമ്മളില്ലെടാ എന്ന ആ വാക്കുകളാണ് ചിരിയായും കളിയായും ചളിയാലുമൊക്കെ ചാരെ നിഴലായ് വിസ്മയം തൂകി വിസ്താരെ സഹിതം ചാരിടാവുന്ന അന്നും ഇന്നും മന്ദസ്മിതത്താലെ തിരയടിച്ചുയരുന്ന ഒരു സുതാര്യമായ സാഗരം തന്നെ മനസ്സോളങ്ങളിൽ സൃഷ്ടിച്ചു. കൂടാതെ ഹൃദയങ്ങളെ നൻമരങ്ങളായി കടഞ്ഞെടുക്കുകയും ഒക്കെ ചെയ്യുന്ന ഒത്തിരി സമാനതയാലുള്ള അവ ഇടനെഞ്ചിൽ അനുഭവഭേദ്യമാക്കുന്ന നിർന്നിമേഷമായ കാണാൻ പറ്റാത്ത തരത്തിലുള്ള ............ പൊക്കിൾ ക്കൊടി ബന്ധം കണക്കെ അഥവാ, നിർവചിക്കാനാകാത്ത അതിർവരമ്പുകൾ ഇല്ലാത്ത സ്നിഗ്ദ്ധമായ, ഉണ്മയേറിയ ജലകണങ്ങൾ പോലെയാണ് സൗഹൃദമെന്ന് കാവ്യനീതികളിൽ പോലും കേൾക്കാമായിരുന്നു. കൂടെ പ്രകൃതിയുടെ ശാലീനത നമ്മെ പ്രജ്യോതിയുടെ ഉത്തുംഗങ്ങളിലേക്ക് മുന്തിരിവള്ളി കണക്കെ പടർന്നുപന്തലിക്കാൻ മാടിവിളിക്കുമ്പോഴും... നേരം ആ കിളി വാതിലിനപ്പുറെ നിഴലോളം പ്രതിഫലിക്കുന്ന ചിത്രശാലീനത എന്തെന്നറിയാൻ വെമ്പൽ കൊള്ളുന്ന മനസ്സോ... ഒപ്പം

''സ്നേഹമൊരു സാഗരമാകുന്നേ
ഈ മണ്ണിൽ പാടുന്നു നമ്മൾ കൂട്ടുകാർ
കിനാവുകൾ സുന്ദരമാകുന്നേ
ഈ മണ്ണിൽ തേടുന്നു നമ്മൾ കൂട്ടുകാർ.''

ആകയാൽ നവമനസ്സിൽ നവമലരുകൾ പുല്കിക്കൊണ്ട് നൂറോളം ബ്രഹ്മങ്ങൾ മനസ്സിൽ മെനഞ്ഞു. തുളിയിൽ കാർമേഘങ്ങൾ ചിരിതൂകും പോലെ, നമ്മുടെ മനസ്സും ഹസ്തവും തോളാകുന്ന സൗഹൃദത്തിൻ, അൻപിൻ ചിറകിൽ വിരലോടുമ്പോൾ അവിടെ ജനിക്കുന്നു ഓരോ സൗഹൃദവും...

മാത്രമല്ല, കോളേജിനകത്തു രാഷ്ട്രീയ പാർട്ടികൾ ഇല്ലായെന്നത് മറ്റൊരു ഗുണകരമായ കാര്യം. എന്നാൽ സ്റ്റുഡന്റ്സ് യൂണിയന്റെ പ്രവർത്തനങ്ങൾ ഇനിയും വേണ്ടതാണ്. എന്നിരുന്നാലും രാഷ്ട്രീയത്തിൽ ചാലകശക്തിയാകാൻ പരിശ്രമിക്കുമ്പോഴും ഉച്ചത്തിൽ വിളിച്ചു പറയട്ടെ, ഇന്നും പ്രജ്യോതിയുടെ അത്യുദാത്തമായ വിജയം തന്നെയാണ് ഇവിടെ രാഷ്ട്രീയ ഭിന്നത വിദ്യാർത്ഥികൾക്കിടയിൽ ഇല്ലായെന്നതും... ഒരു രാഷ്ട്രീയക്കാരനാകാൻ, മനുഷ്യസ്നേഹിയാകാൻ, സാമൂഹ്യ പ്രവർത്തകനാകാൻ എപ്രകാരം സാധിക്കുമെന്നും ഇവിടെ നിന്ന് തന്നെ അറിഞ്ഞും അറിയാതെയും പഠിക്കുക, ഏറെ കുറച്ചൊന്നു പണിപ്പെട്ടാൽ നമുക്ക് ഓരോരുത്തർക്കും സാധിക്കുമെന്ന് ദൃഢതയാൽ ഉറപ്പ് നൽകട്ടെയല്ലോ....

ഇനി പ്രണയത്തെ കുറിച്ച് എഴുതുകയെന്നാൽ സാഹിത്യത്തിൽ മഞ്ജരിയെ തടഞ്ഞു നിർത്താൻ പേനയ്ക്കോ മനസ്സിനോ സാധിക്കാതെ വരും. അതിനാൽ ഒന്നുമാത്രം പറയാം. ''ആശാപാശങ്ങളെല്ലാം നല്ലതിനാവട്ടെയല്ലോ... അല്ലാതെയിപ്പോ എന്താ'' അങ്ങനെയൊക്കെയാലും കോളേജ് കാലഘട്ടത്തെ വാലന്റയിനോടൊപ്പം ലൈബ്രറിയിൽ നിന്ന് പഴയ ഓർമ്മകളും നഷ്ടപ്രതാപങ്ങളും കൂടെ കൂട്ടി പുതുവർഷത്തിൽ ഓടുന്നവന് പോലും ചരിത്രം വായിക്കുവാൻ പറ്റുന്ന മാതിരി ചരിത്രം കുറിച്ചുകൊണ്ട് ഒട്ടനേകം ഓർമ്മകളാൽ വന്ന ആകാശപാതയിലൂടെ ബസ്സിൽ തൂങ്ങി പിടിച്ചു കൊണ്ട് വീണ്ടും കൊറോണയ്ക്കപ്പുറമുള്ള ഭാവി കണ്ട് ഇതാ മുന്നേറുന്നു ഞങ്ങളും.

അതെ മനോഹരമായ ഒരു പൂവാടിയിൽ വിവിധ വർണ്ണോജ്ജ്വലങ്ങളായ കുസുമങ്ങളെന്ന പോലെന്നോളവും മയ്യലിൽ മന്ദഹാസത്തോടെ സുരഭിലമായ സൗഗന്ധികമായി നൈർമല്യം തൂകി നില്ക്കുന്ന ഒന്നത്രേ പ്രജ്യോതി... അതിനാലെ സുനിശ്ചിതമായും പച്ചപരവതാനി വിരിച്ച അരയന്നങ്ങളുള്ള ഉച്ചസൂര്യനാൽ ശോഭിക്കുന്ന ഈ കുന്നിൻമേട് ഒരു തീവെളിച്ചം തന്നെ....




# ഓർമ്മയുടെ മർമ്മരം

**റോഷൻ ടോണി** (കോമേഴ്സ് വിഭാഗം, ഒന്നാം വർഷം)

എന്തോ മൊഴിയുവാൻ ഇന്നെൻ മനസ്സിന്റെ
വേനലിൽ പൂത്തൊരു മഴയിങ്ങു വന്നു
ഈറൻ കാറ്റിന്റെ ഇത്തിരി വിരലിൽ
നോവിന്റെ ദേവിയായി നീ നിന്നു പെയ്തു
ഇനിയും നിലയ്ക്കാത്ത ഓർമ്മയുടെ മർമ്മരം
വീണ്ടും നിനക്കായി വേനലിൽ പെയ്യുമ്പോൾ
ജീർണ്ണമാം പ്രണയത്താൽ സുഖമുള്ള തെന്നലായ്
എന്തിനുവേണ്ടി നീ വീണ്ടും പിറക്കുന്നു
അന്നൊരു സന്ധ്യയിൽ കാതിൽ പതിഞ്ഞൊരു
കവിത തൻ വാസന വീണ്ടും പരക്കുമ്പോൾ
മാരിയായ് നാം അന്ന് കോരിച്ചൊരിഞ്ഞൊരു
നിശയുടെ സംഗീതം കാതിൽ പതിക്കുന്നു.
ഇന്നു നാം ഓർമ്മയുടെ കൂട്ടിലെ പക്ഷികൾ
ഏകാകിയാം രണ്ടോർമ്മക്കുറിപ്പുകൾ
നാം കണ്ട സ്വപ്നങ്ങൾ ഇന്നും മരിക്കാതെ
ശൂന്യമായ് സൃഷ്ടിയിൽ പെയ്തൊഴിഞ്ഞിടുന്നു.

വേനലിൽ പൂത്തൊരു മഴയുടെ സ്മൃതികളിൽ
നിന്നെയും കാത്തു ഞാൻ നിൽക്കുന്ന നേരത്ത്
ഒന്നിച്ചു നാമന്നു പങ്കിട്ടെടുത്തൊരു
സ്നേഹത്താൽ സാക്ഷിയാം നിർജീവ സ്മാരക
സ്പന്ദനമാടങ്ങൾ വിരസമായ് പാടുമ്പോൾ
നിന്നെക്കുറിച്ചുള്ള ഓർമ്മയുടെ ലോകത്തെ
ഏകനായ് ഭുവനത്താൽ മേയുവാൻ വിട്ടിട്ട്
നിന്നെ തിരഞ്ഞു ഞാൻ യാത്ര തിരിക്കുന്നു.
വരും ജന്മത്താൽ ഇനിയും നമുക്കീ
വേനലിൽ പൂക്കുന്ന മഴയായി പെയ്യാം





# These Earthly Trysts

**Meera** (I BSc Psychology)

My love;
She hides herself in the folds of the starlit sky,
Descending in the dead of the night
Stalks through field, meadow, village and hill
Blanketing the world, gently tucking her children in,
A beautiful ghost, a watchful eye, a silent mother
She embraces the slumbering valley,
Leaving peace in her wake
The first bit of molten gold drips through the clouds
She quickens her pace,
Wrapping herself around the rising sun,
Stalling the cruel call of the walking world-
Her children deserve a moment of respite more,
When her armour cracks and dawn begins to paw through,
She relinquishes her hold,
Then makes her way to my home
Kissing the trees awake,
Wishing the brids a lovely morning,
Murmuring promises into the skin of the frogs.
she tiptoes by my room
Pausing to breathe a message onto my window.
I've been waiting.
I let myself out, and she lets herself into my arms,
Cold hands melting against the warmth of my back.
We live in these stolen moments,
And as I watch her leaving form
My breath catches on her.
She has never looked beautiful as she does now,
Blue breaking into golden, ethereal,
Clinging onto my lips,
Onto the ivy, the bough, the red rose-
On to the lens of my glasses.






# Painting













## Painting



# നന്മ നിറഞ്ഞവർ പുരുഷന്മാർ

**ഡോ. സിമി വർഗീസ്**
(അസോസിയേറ്റ് പ്രൊഫസർ, ജേർണലിസം വിഭാഗം)

“ഭാരതസ്ത്രീയുടെ ഭാവശുദ്ധിയെ' പറ്റി പാടി നടക്കാൻ കവികൾ തമ്മിൽ മത്സരം. അവളെ കൗമാരത്തിൽ ശുശ്രൂഷിക്കാൻ പിതാവും യൗവനത്തിൽ നോക്കാൻ ഭർത്താവും വാർദ്ധക്യത്തിൽ സംരക്ഷിക്കാൻ പുത്രനുമെന്ന് സാക്ഷാൽ മനു. (ന സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന് മനസ്സറിയാതെ പറഞ്ഞ മനുവിനു നമുക്ക് മാപ്പുകൊടുക്കാം). വെണ്മയുള്ളതാണ് സ്ത്രീ മനസ്സ് എന്ന് ചിലർ. ഏതോ സീരിയൽ ഗാനമാണെന്നാണ് ഓർമ്മ സാന്ത്വനമായി ഓടിയെത്തുന്ന അമ്മ ഒരു ആഗോള പ്രതിഭാസം ആണല്ലോ. കവികൾക്കും ചിന്തകർക്കും ഉത്സാഹമായിരുന്നു. എന്നാൽ പാവം ഭർത്താവ് അഥവാ പുരുഷൻ?!!

കുടുംബനാഥൻ എന്ന മുൾക്കിരീടം ചാർത്തി നമ്മൾ അദ്ദേഹത്തെ അങ്ങ് ഒതുക്കി കളഞ്ഞു. ഇന്ന് കുടുംബത്തിന്റെ ആഭ്യന്തരവകുപ്പും ധനകാര്യവകുപ്പും ഒക്കെ കയ്യാളുന്നവർ ബഹുഭൂരിപക്ഷവും സ്ത്രീകളാണത്രെ. ഇനി ധനവകുപ്പ് മന്ത്രി ഭർത്താവാണെന്ന് തന്നെയിരിക്കട്ടെ അപ്പോഴും ട്രഷറിയുടെ താക്കോൽ സൂക്ഷിപ്പുകാരി കുലപത്നി തന്നെയായിരിക്കും.

1990കളിൽ ജോൺ ഗ്രേ രചിച്ച ഹാർപിൻ കോളിൻസ് പ്രസിദ്ധീകരിച്ച വിശ്വപ്രസിദ്ധമായ പുസ്തകമാണ് ‘മെൻ ആർ ഫ്രം മാർസ്, വിമൻ ആർ ഫ്രം വീനസ്'. ലോകത്ത് ആകമാനം പുസ്തകത്തിന്റെ 50 ദശലക്ഷം കോപ്പികളാണ് വിറ്റഴിഞ്ഞത്. പുരുഷന്മാർ ചൊവ്വാഗ്രഹത്തിൽ നിന്നും സ്ത്രീകൾ ശുക്രഗ്രഹത്തിൽ നിന്നുമാണ് വരവ്. എന്ന് വെച്ചാൽ രണ്ടു വ്യത്യസ്ത ഗ്രഹത്തിൽ നിന്നും വന്നവർ. വ്യത്യസ്ത ചുറ്റുപാട്. തീർത്തും വ്യത്യസ്തമായ മനോഘടനയുള്ളവർ. കുടുംബത്തിൽ ഒരു പ്രശ്നമുണ്ടായാൽ ഭർത്താവ് പെട്ടെന്ന് പിൻവലിയും.അവൻ വെള്ളമടിക്കും. ദുഃഖം മറക്കാൻ സിനിമകാണും. എന്നാൽ സ്ത്രീ ആകട്ടെ അതുതന്നെ പറഞ്ഞുകൊണ്ടിരിക്കും. വീട്ടിൽ വരുന്നവരോടും പോകുന്നവരോടും പ്രശ്നത്തിന്റെ സങ്കീർണ്ണതകൾ വിവരിച്ചു കൊണ്ടിരിക്കും. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പഠന രീതി നോക്കൂ. പാഠ്യ വിഷയം മുഷിഞ്ഞാൽ ആൺകുട്ടി അതിൽ നിന്ന് അകന്നു പോകും. എത്ര മുഷിപ്പിൻ വിഷയമാണെങ്കിലും പെൺകുട്ടി അത് വായിച്ചും എഴുതിയും ക്രമേണ വരുതിയിലാക്കും.

അമ്മയും സ്ത്രീയും എല്ലാം എന്നും നന്മയുടെ വിളനിലങ്ങൾ ആയിരുന്നു. സീരിയൽ സംവിധായകർ സാദരം ക്ഷമിക്കണം. നിസ്വാർത്ഥതയുടെ പ്രതിരൂപങ്ങൾ.എന്നാൽ പിതാവിനും ഭർത്താവിനും അങ്ങനെ ഏതെങ്കിലും ഒരു പട്ടം ചാർത്തിക്കൊടുത്തതായി ചരിത്രത്തിൽ രേഖയില്ല.ഉള്ള ചരിത്രപുരുഷന്മാർ ആകട്ടെ

ഇന്നും പഴികേട്ടു കൊണ്ടിരിക്കുന്നു. ഉദാഹരണം സീതയെ ഉപേക്ഷിച്ച കുറ്റത്തിന് പാവം ശ്രീരാമൻ ഇന്നും പ്രതിക്കൂട്ടിൽ അല്ലേ? പഞ്ചപാണ്ഡവന്മാർ വേട്ട പാഞ്ചാലി അഞ്ച് ഭർത്താക്കന്മാരെയും നിഷ്പ്രഭരാക്കിയ ചരിത്രം നമ്മൾ വായിച്ചതല്ലേ?

ഈ ലോകം പുരുഷന്റേതാണെന്നും പുരുഷ കേന്ദ്രീകൃതവും ആണെന്ന് ഒക്കെ പറഞ്ഞു പരത്തിയ വർ ആരാണ്?. ഇവിടെ ആൺ നോട്ടം കൊണ്ട് പെണ്ണു ങ്ങളൊക്കെ പൊറുതിമുട്ടിയിരിക്കുകയാണെന്ന് വരെ പറഞ്ഞു. ഇതൊക്കെ പറഞ്ഞു പരത്തിയവർ ആരാണെ ന്നാണ് കരുതിയത്? 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ'. ഏറെക്കാലം കേരളത്തിൽ അരങ്ങു തകർ ത്തത് സ്ത്രീശക്തി അല്ലേ? പുരുഷശക്തി എന്ന് എപ്പോ ഴെങ്കിലും കേട്ടിട്ടുണ്ടോ? പുരുഷന് ശക്തിയുണ്ടെന്ന് പറയുന്ന ഏകസ്ഥലം ജിംനേഷ്യത്തിന് പുറത്ത് സ്ഥാപി ച്ചിരിക്കുന്ന ഫ്ലക്സ് ബോർഡ് മാത്രമാണ്. ഇനി പരസ്യങ്ങൾ എടുക്കാം, തന്റെ ഉൽപ്പന്നം വിറ്റഴിക്കാൻ ഒരു കോർപ്പറേറ്റിനും പുരുഷന്റെ സഹായം വേണ്ട. പിന്നെ മരുന്നിന് സച്ചിനും മമ്മൂട്ടിയും ഒക്കെ വന്നു പോകുന്നു എന്ന് മാത്രം. സ്വർണ്ണ വളയിൽ കൊരുത്ത പീതവർണ്ണ പുടവയുമായി അന്നനട കയറാൻ ഭാഗ്യം ലഭിച്ചത് ആ പഴയ ലോക സുന്ദരിക്കല്ലേ? (കല്യാൺ ജ്വല്ലേഴ്സിന് നന്ദി). ഇപ്പോൾ ദിലീപിനെ വരെ ഒതുക്കി ബച്ചൻ കുടുംബാംഗമായിരിക്കുന്നത് മഞ്ജുവാര്യർ അല്ലേ? (കല്യാൺ ജ്വല്ലേഴ്സിന് വീണ്ടും നന്ദി.)

ഇനി ബസ്സിൽ ആണുങ്ങളെ കൊണ്ട് സ്ത്രീകൾ പൊറുതിമുട്ടി എന്നാണല്ലോ സംസാരം. തിരക്കുള്ള ബസ്സിൽ തലചുറ്റി വീഴാൻ തുടങ്ങുമ്പോൾ സീറ്റിനായി ഒരു സ്ത്രീയെ നോക്കിയപ്പോൾ അവൾ കാണാമറയ ത്തേക്ക് കണ്ണുകൾ അയച്ചുതാൻ ശുക്രഗ്രജീവിയാ ണെന്ന് തെളിയിച്ചു. എന്നാൽ തൊട്ടപ്പുറത്ത് ഇരുന്ന പുരുഷപ്രജയോട് കാര്യം പറയേണ്ടതായി പോലും വന്നില്ല. മുഖത്തെ നിസ്സഹായ ഭാവം വായിച്ചെടുത്ത് അങ്ങേര് പറയാൻ ഇട നൽകുന്നതിന് മുമ്പേ എഴു ന്നേറ്റ് സീറ്റ് തന്നു. ഇനി പറയൂ ആരാണ് കൂടുതൽ നന്മ നിറഞ്ഞവർ? (നിരവധി സ്ത്രീകൾ ഇത്തരം അനുഭ വങ്ങൾ പങ്കുവച്ചു). ഭൂരിപക്ഷം പുരുഷന്മാരും തങ്ങ ളുടെ ഭാര്യമാരുടെ കുറ്റവും കുറവും മക്കളുടെ മുമ്പിൽ വെട്ടി തുറന്നു പറയാറില്ല. എന്നാൽ ഭാര്യമാർ? ഭർത്താവിനെ മക്കളുടെ മുമ്പിൽവെച്ച് കൊച്ചാക്കാൻ അവൾക്ക് യാതൊരുളുപ്പും തോന്നാറില്ല.

നാലു മൃഗങ്ങളുടെ ജീവിതമാണ് പുരുഷൻ എന്ന് എവിടെയോ വായിച്ചത് ഓർക്കുന്നു. തുടക്കത്തിൽ അവൻ ആട്ടിൻകുട്ടി ആണത്രേ. തുള്ളിച്ചാടി നടക്കുന്ന ശൈശവകാലം. പിന്നെ പിന്നെ സിംഹമാണ്.ഗർജന ത്തിന്റെ യൗവന കാലം.പിന്നെ ഭാരം വലിക്കുന്ന കഴു തയുടെ ജീവിതം. (ഭാര്യയും കുഞ്ഞുകുട്ടി പരാധീന തകളുമായി കഴിഞ്ഞു). അവസാനം അഭിനയിക്കുന്നത് നായയുടെ ജീവിതം വലിയ റോളൊന്നുമില്ല. വീടിന് പുറത്ത് സദാ കാവൽ കിടക്കുന്ന നായയുടെ അവസ്ഥ.

പണ്ട് കൂടെ പഠിച്ച കൂട്ടുകാരിയോട് കുശലം പറ ഞ്ഞാൽ അത് ലോകമഹാ അപരാധങ്ങളിലൊന്നായി ഭാര്യ കൂട്ടാക്കി കളയും. ഭർത്താവ് തന്നെയല്ലാതെ ലോകത്തിൽ ഒരു പെണ്ണിനെയും നോക്കിക്കൂടാ എന്ന് ശഠിക്കുന്ന ഭാര്യമാർ. (ഇത് കൊടുംക്രൂരതയല്ലേ?). പിറ ന്നാളിനും വിവാഹവാർഷികത്തിനും അവൾക്ക് വിശേ ഷപ്പെട്ട സമ്മാനം തന്നെ വേണം. ഭർത്താവിന്റെ പിറന്നാ ളിന് ഒരുവട്ടമെങ്ങാൻ ഒരു ഷർട്ട് തേടിപ്പിടിച്ച് കൊടു ത്താൽ ആശ്വാസം!!. ഇതല്ലേ കടുത്ത അസമത്വം?. എന്ന് കരുതി കള്ളും കുടിച്ച് കുടുംബം നോക്കാതെ സ്വപ്നം കണ്ട് നടക്കുന്ന ഭർത്താക്കന്മാരെ ന്യായീക രിക്കുമെന്ന് ആരും കരുതണ്ട. ഭാര്യയുടെ പീഡനം സഹിക്കാൻ വയ്യാതാണവർ കുടിക്കുന്നതെന്ന് ചില പുരുഷ വിമോചന പ്രവർത്തകർ പറഞ്ഞു പ്രചരിപ്പി ക്കുന്നുണ്ട്. തങ്ങളില്ലെങ്കിൽ ഭർത്താക്കന്മാർ ഒക്കെ പട്ടിണി കിടന്ന് മരിക്കുമെന്ന് അഹങ്കരിക്കുന്ന ഭാര്യ മാരെ, നിങ്ങൾ മഹാമണ്ടികൾ.നിങ്ങളെക്കാൾ ഒന്നാ ന്തരം പാചക വിദഗ്ധരാണ് അവർ. സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് ആ കഴിവവർ പുറത്തെടുക്കുന്നില്ല എന്ന് മാത്രം. നളപാചകത്തിൽ തുടങ്ങി അമ്പിസ്വാമി വരെയെത്തിയ പാചക പരമ്പര.ബഹുഭൂരിപക്ഷം അമ്പ ലങ്ങളിലും പള്ളികളിലും ദേഹണ്ണ വകുപ്പ് കൈയാളു ന്നവർ പുരുഷകേസരികൾ അല്ലേ? ഇനി നൊന്ത് പ്രസ വിച്ച നമ്മുടെ മക്കളോട് ചോദിക്കൂ. അമ്മയെയാണോ അച്ഛനെയാണോ കൂടുതൽ ഇഷ്ടം. അച്ഛനെ തന്നെ. ഇക്കാര്യത്തിൽ മാത്രം അവർ ഏകാഭിപ്രായക്കാരാണ്. മക്കളുടെ മനസ്സിലെ ഹീറോയും അപ്പൻ തന്നെ. പത്തു പതിനെട്ടു വയസാകുമ്പോഴാണ് ആൺകുട്ടിക്ക് അച്ഛൻ അനഭിമതൻ ആകുന്നത്.

സ്ത്രീകൾ സ്നേഹം സ്കയിലിൽ അളക്കുന്നവ രാണ്. അവരുടെ സ്കെയിൽ മൂന്ന് പോയിന്റ് അപ്പുറം രേഖപ്പെടുത്തിയിട്ടില്ല. "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് പറയുന്ന ഭർത്താവിന് അവൾ അപ്പോൾ കൊടുക്കും ഒരു മാർക്ക്. ഇനി വൈകിട്ട് ഫോൺ ചെയ്തു ലോക ത്തിൽ ഏറ്റവും സുന്ദരി നീ തന്നെ എന്ന് പറഞ്ഞാലും അവൾ ഭർത്താവിന് കൊടുക്കും രണ്ട് മാർക്ക്. എന്നാൽ ജോലി കഴിഞ്ഞ് ക്ഷീണിതനായി വരുന്ന ഭർത്താവിന് മനസ്സിന് ഇഷ്ടപ്പെട്ട ഭക്ഷണം വിളമ്പിയാൽ അവൻ അവൾക്ക് കൊടുക്കുന്നത് നൂറിൽനൂറ് മാർക്ക് ആണ്. അങ്ങനെയെങ്കിൽ ചോദ്യപേപ്പറിൽ "വിട്ടുപോയവ പൂരി പ്പിക്കുക" ഭാര്യമാരും 'ഉപന്യാസ' ചോദ്യങ്ങൾ ഭർത്താ ക്കന്മാരും ആണെന്ന് സമർഥിക്കാം.

പക്ഷേ ജീവിതമാകുന്ന പ്രഹേളികയിൽ പല പ്പോഴും പരുക്കനായ ഒരു പിതാവിന്റെ മേലങ്കിയണി യുന്നു ഭർത്താവ്. വിനോദ യാത്രയ്ക്ക് താനൊഴികെ മറ്റെല്ലാവരും പോകുന്നുണ്ട് എന്ന് പറയുമ്പോഴും കാർക്കശ്യത്തിന്റെ പുറം കുപ്പായിനുള്ളിൽ നില കൊള്ളുന്ന പിതാവ്.തലയണ മന്ത്രത്തിൽ പെട്ട് സ്വന്തം

അമ്മയെയും പെങ്ങന്മാരെയും മറന്നുപോയ പുരുഷന്മാരെയും നമുക്ക് മാറ്റിനിർത്താം. (അവർ ക്ഷമ അർഹിക്കുന്നില്ല).

പണ്ട് പിതാക്കന്മാർക്ക് ഭവനത്തിൽ ഏറെ പ്രാമുഖ്യം ഉണ്ടായിരുന്നു. ഏറ്റവും നല്ല ഭക്ഷണം ആദ്യം പിതാവിനുള്ളതാണ്. മത്സ്യമാംസാദികളുടെ നല്ല പങ്ക് അപ്പന് ഉള്ളതാണ്. അന്നത്തെ പല ആൺകുട്ടികളും സ്വപ്നം കണ്ടു. ഞാൻ അപ്പനാകുമ്പോൾ എനിക്ക് എല്ലാം ആദ്യം ആണല്ലോ. പക്ഷേ സംഭവിച്ചതോ? അവരൊക്കെ ഭർത്താക്കന്മാരായി, മക്കളുമായി. മുന്തിയ ഭക്ഷണത്തിനും പരിഗണനയ്ക്കുമായി കാത്തിരുന്ന അവരെ നിഷ്പ്രഭരാക്കിക്കൊണ്ട് ന്യൂജനറേഷൻ മക്കൾ തീൻ മേശ കയ്യടക്കി. മക്കൾ ഭുജിച്ചു കഴിഞ്ഞു വല്ലതും ഉണ്ടെങ്കിൽ അപ്പനും അമ്മയ്ക്കും കഴിക്കാം. അമ്മയും ഇക്കാര്യത്തിൽ മക്കളോടൊപ്പമാണ്. വീണ്ടും അപ്പന്മാരുടെ കാര്യം പരുങ്ങലിലായി.

> "സർവ്വരാജ്യ അപ്പന്മാരെ സംഘടിച്ചിടുവിൻ
> സംഘടിച്ച് സംഘടിച്ച് ശക്തരാകുവിൻ"

ആം ആദ്മി പാർട്ടിക്ക് ദില്ലി കയ്യടക്കാമെങ്കിൽ അപ്പൻ മാർക്ക്/ ഭർത്താക്കന്മാർക്ക് ഒരു ആഗോള യൂണിയൻ തന്നെ ഉണ്ടാക്കി എന്തുകൊണ്ട് നഷ്ടപ്പെട്ട പ്രാഭവം വീണ്ടെടുത്തുകൂടാ? പ്രാദേശിക സംഘടനയിൽ തുടങ്ങി ഘട്ടം ഘട്ടമായി ദേശീയ ശാക്തീകരണ ബഞ്ച് വരെ എത്താം.

പുരുഷ കേസരികളായി വീട് അടക്കി ഭരിച്ച ഓൾഡ് ജനറേഷൻ അപ്പൻമാരെ, നിങ്ങൾ ഭാഗ്യവാന്മാർ! ഇന്നത്തെ അപ്പന്മാരുടെ അവസ്ഥ ന്യൂജനറേഷൻ സിനിമ പോലെ പരിതാപകരമാണ്.

ഇത്രയൊക്കെ പറഞ്ഞില്ലേ? സൗന്ദര്യമായാലോ? സ്ത്രീ സൗന്ദര്യം വാഴ്ത്തി പാടിയ കവികൾക്ക് തെറ്റുപറ്റിയെന്ന് തോന്നുന്നു. പക്ഷി മൃഗാദികളെ നോക്കൂ പീലീ വിരിച്ചാടുന്ന ആൺ മയിലിനോ പെൺമയിലിനോ കൂടുതൽ സൗന്ദര്യം?. സിംഹം, കോഴി, ഇത്യാദി ജീവികളിൽ ഒക്കെ പുരുഷ കേസരികളല്ലേ അരങ്ങ് കീഴടക്കിയിരിക്കുന്നത്. അപ്പോൾ പിന്നെ മനുഷ്യരുടെ കാര്യം പ്രത്യേകം പറയണോ?

നന്മയും കഴിവും സൗന്ദര്യവും ഹൃദയവിശാലതയും സഹനശക്തിയും സ്ത്രീകളെക്കാൾ കൂടുതൽ ഉള്ള നിങ്ങൾ തന്നെകൂടുതൽ നന്മയുള്ളവർ. ഭാര്യയെയും മക്കളെയും (വനിതാ വിമോചന പ്രവർത്തകരെയും) ഇത് ബോധ്യപ്പെടുത്തി കൊടുക്കേണ്ട വെല്ലുവിളി നിങ്ങൾ ഏറ്റെടുക്കണം.

പ്രതിബന്ധങ്ങളെ തകർത്തുകൊണ്ട് നിങ്ങളുടെ മനസ്സിന്റെ അഗാധതകളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന സ്നേഹചാലുകൾ തുറന്നു വിടുക.

നിങ്ങളുടെ ഹൃദയ വിശാലതയുടെ അതിർത്തികൾക്കപ്പുറത്തേക്ക് വളരാൻ ഭാര്യയ്ക്കും മക്കൾക്കും അവസരം നൽകുക....

പരുപരുത്തതും കാർക്കശ്യം നിറഞ്ഞതുമായ പുറം കുപ്പായം അഴിച്ചു മാറ്റുക..

മനസ്സിന്റെ ആർദ്രതയും സ്നേഹത്തിന്റെ ആഴവും സഹനത്തിന്റെ പാരമവും സ്വഭാവത്തിൽ അലിഞ്ഞു ചേർന്ന നിങ്ങൾ തന്നെ ഞങ്ങളെക്കാൾ നന്മ നിറഞ്ഞവർ...



# ഒരു കോവിഡ് കാലത്തിന്റെ ഓർമയ്ക്ക്...

**ഷിന്റ ജി. നെല്ലായി** (അസി. പ്രൊഫസർ, മലയാളവിഭാഗം)

അന്ന് മെയ് 15... ശനിയാഴ്ച... ചെറിയ ഒരു ശരീര വേദന തോന്നിയിട്ടാണ് സനീഷ് മുകളിലെ മുറിയിലേക്ക് പോയത്. പണ്ടേ ചെറിയ ഒരു പനി വന്നാൽ ബ്ലഡ് ക്യാൻസർ ആണെന്ന് വിചാരിക്കുന്ന ഞാൻ ഉറപ്പിച്ചു. ഇത് അവൻ തന്നെ... ലോക്ക്ഡൗൺ ആണ്, തിങ്കളാഴ്ച ടെസ്റ്റ് ചെയ്യണം എന്ന് തീരുമാനിച്ചു... ശനിയാഴ്ച രാത്രി 11 മണി ആയിക്കാണും എന്റെ മൂക്കിൽ എന്തോ ഒരു കിരുകിരുപ്പ്... ഉടനെ വെള്ളം ചൂടാക്കി ബീറ്റാഡിൻ ഒഴിച്ച് വായ കഴുകി... തൽക്കാലം എന്റെ തോന്നലായിരിക്കും തലേ ദിവസം വീട്ടിൽ അല്പം മേലനങ്ങി പണിയെടുത്തതിന്റെ ആയിരിക്കും സനീഷിന് ശരീര വേദന എന്നൊക്കെ മനസിനെ പറഞ്ഞു പഠിപ്പിക്കാൻ ശ്രമിച്ചു... എന്നാലും ശനിയും ഞായറും ഒരു കോവിഡ് രോഗിയെ പോലെ കണ്ട് പരിചരണം നടന്നു... തിങ്കളാഴ്ച ടെസ്റ്റ് കഴിഞ്ഞ് യൂറിനറി ഇൻഫെക്ഷൻ ഉണ്ടെന്ന് മനസിലായി... വൈകിട്ടാണ് RTPCR റിസൾട്ട്... മുകളിൽ നിന്ന് സനീഷ് ഫോണിൽ അത് വിളിച്ചു പറഞ്ഞു... പോസറ്റീവ്... എല്ലാം നെഗറ്റീവ് അടിക്കുന്ന എനിക്ക് അങ്ങനെ ആദ്യമായി പോസറ്റീവ് റിസൾട്ട് കിട്ടി... അപ്പോഴേക്കും എന്റെ തൊണ്ടവേദന കൂടി കൂടി വന്നു... ഇസയ്ക്ക് ഛർദ്ദി... അങ്ങനെ ഞാനും ചൊവ്വാഴ്ച ടെസ്റ്റ് ചെയ്യാൻ പോയി... ഇരിങ്ങാലക്കുട പട്ടണത്തിന്റെ നടുവിൽ ജീവിച്ച ഞാൻ പെട്ടു പോയത് അവിടെയാണ്... ഞങ്ങടെ ദേശം ചുറ്റും വെള്ളത്താൽ ചുറ്റപ്പെട്ടതാണ്... ടെസ്റ്റ് ചെയ്യാൻ പിഴല ഹെൽത്ത് സെന്ററിൽ ആണ് പോകേണ്ടത്... ഫെറി കടന്നു വേണം പോകാൻ പക്ഷേ ലോക്ക് ഡൗൺ കാരണം ഫെറിയില്ല... അതാ വരുന്നു വഞ്ചി... ഒരു കുഞ്ഞ് വഞ്ചി... സകല ദൈവങ്ങളേയും വിളിച്ചു... നിക്കണോ തിരിച്ചു പോണോ... കൺഫ്യൂഷൻ തീർക്കണമേ പാടാനുള്ള സമയമില്ല... രണ്ടും കല്പിച്ചു വഞ്ചിയിലേക്ക് കാലെടുത്തു വച്ചു... പെട്ടെന്ന് മനസിലേക്ക് രണ്ടു വരി വാർത്ത ഓടി വന്നു... കോവിഡ് ടെസ്റ്റിനു പോകുന്നതിനിടയിൽ അധ്യാപിക വള്ളം മറിഞ്ഞു മരിച്ചു... ശ്ശൊ... കോവിഡിനെ തുരത്താൻ കണ്ടതെല്ലാം വാരിവലിച്ച് തിന്ന് ശരീരഭാരം ഒരു വശത്ത്... ഞാൻ അനങ്ങും വഞ്ചി ചെരിയും... കോവിഡ് ബാധിച്ചാണോ പേടിച്ച് അറ്റാക്ക് വന്നാണോ മരിക്കാന്ന് മാത്രം ചെറിയ സംശയം... എങ്ങനൊക്കയോ എത്തി. അത്യാവശ്യം നല്ല തിരക്ക്... എല്ലാവരും ചുമയ്ക്കുന്നു തുമ്മുന്നു കണ്ണുകളിലും അസ്വസ്ഥത... ആകെ പേടി... എന്നാലും ആകെ ഒരു സമാധാനം രണ്ട് വാക്സിനും കഴിഞ്ഞ് ഒരു മാസം പിന്നിട്ടിരിക്കുന്നു... പക്ഷേ മാധ്യമ വാർത്തകളിൽ ഒന്നും തന്നെ ആശ്വാസമില്ല തെല്ലും... ഒരു സിറിഞ്ച് കണ്ടാൽ തല കറങ്ങുന്ന ഞാൻ മൂക്കിൽ നിന്ന് സ്രവം എടുക്കുന്നതോർത്ത് ഉറക്കമില്ലാതിരുന്നത് എനിക്ക് മാത്രമല്ലേ അറിയൂ... ഗവ. ഹോസ്പിറ്റലാണ്, ചെന്ന് പേടി കാണിച്ചാൽ അവർക്ക് ദേഷ്യം വരും മിണ്ടാതെ നിക്കണം എന്നൊക്കെ ആലോചിച്ചു... എന്റെ പേര് വിളിച്ചു... ആദ്യം ഒരു മൂക്കിൽ ആ കുന്ത്രാണ്ടം ഇട്ടു... തല ഇങ്ങോട്ട് നീക്കൂ എന്ന് അവർ... എതിർദിശയിലേക്ക് ഞാനും... അങ്ങനെ രണ്ടു മൂക്കിലും കുത്തി കേറ്റി സ്രവം എടുത്തു... വൈകിട്ട് ആ റിസൾട്ടും വന്നു... അതാ വീണ്ടും പോസറ്റീവ്... രണ്ട് ദിവസം ഒറ്റക്കിരുന്ന് ബോറടിച്ച ഭർത്താവിന്റെ അടുത്തേക്ക്... ഞാൻ പോസറ്റീവ് ആണെന്നറിഞ്ഞപ്പോ സനീഷ് ചിരിച്ച ആ ചിരി... അത് ഒരു ഒന്ന്

ഒന്നൊാര പുഞ്ചിരി ആയിരുന്നു... സമ്മതിക്കില്ല പക്ഷേ... പിന്നെ എല്ലാവരേയും അറിയിക്കലായി... വിവരം അറിഞ്ഞു വിളിച്ചവരൊക്കെ രസായിരുന്നു... എന്തൊക്കെയായിരുന്നു... പച്ചക്കറി ബേക്കിങ്ങ് സോഡയിട്ട് കഴുകൽ, കവറുകൾ സാനിറ്റൈസ് ചെയ്യൽ, സാനിറ്റൈസർ കുടിച്ചില്ലെന്ന് മാത്രമേ ഉള്ളൂ... എല്ലാരും കളിയാക്കി... അങ്ങനെ പവനായി ശവമായി... പുറമേക്ക് എല്ലാരോടും സംസാരിക്കുമ്പോൾ തമാശ. പേടി ഇല്ലന്ന് പറയുമ്പോഴും മനസിൽ ഭയത്തിന്റെ പാഞ്ചാരി കൊട്ടി കേറുന്നത് ഞാനല്ലേ കേട്ടുള്ളൂ... സനീഷിന് പിന്നെ എന്ത് കൊറോണ... ഒന്നിലും പകയ്ക്കാത്ത പ്രകൃതമാണ്... ഞാൻ കളിയാക്കി പറയാറുണ്ട്... നിങ്ങടെ മേത്ത് കേറിയതിൽ കൊറോണയ്ക്ക് നാണായിട്ടുണ്ടാവുംന്ന്... ഒരു ബഹുമാനമില്ലാത്ത മനുഷ്യൻന്ന്... പക്ഷേ ഞാൻ കൊറോണയെ ഭയ ഭക്ത്യാദരങ്ങളോടെ സ്വീകരിച്ചു... ഡോക്ടറെ വിളിച്ചു... എല്ലാ മരുന്നുകളും കഴിച്ചു... ആവി പിടിക്കൽ... അങ്ങനെ അങ്ങനെ... പിന്നെ വിശപ്പ് അന്നും ഇന്നും കൂടെയുണ്ടായിരുന്നു. അമ്മച്ചിയും മക്കളും താഴെ... ഞങ്ങളെ കാണുമ്പോ തന്നെ ഹെസമോൾ ഓടിപ്പിച്ചു തുടങ്ങി... അവരൊക്കെ പെട്ടെന്നു തന്നെ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു... ഇടയ്ക്ക് ഭർത്താവിനെ കുറ്റപ്പെടുത്തും... ഇത്രനാളും ബസിൽ സഞ്ചരിച്ചിട്ട് എനിക്ക് കിട്ടാത്ത കൊറോണയെ കൊണ്ട് വന്ന് തന്നിരിക്കാണ്... അപ്പോഴാണ് മാസ് മറുപടി... അങ്ങനെ വല്ലവന്റേയും വൈറസിനെയല്ല... ഭർത്താവിന്റെ വൈറസിനെയാണ് ഭാര്യയ്ക്ക് കിട്ടേണ്ടതെന്ന്... എന്തായാലും എന്റെ ടെൻഷനും ഭ്രാന്തും ഒക്കെയായി 4 ദിവസം കഴിഞ്ഞു... അപ്പോ അമ്മച്ചിക്ക് പനി... അതോടെ മുകളിൽ നിന്ന് താഴേക്ക്... അതോടെ കൊറോണയെ മറന്നു... സാധാ ജീവിതത്തിലേക്ക്... വീട്ടിലെ ജോലികൾ, കുട്ടികൾ, മരുന്ന്... അമ്മച്ചി... പറയാതിരിക്കാനാവില്ല... കാത്ത് സംരക്ഷിച്ച ദൈവം... നല്ലവരായ ആരോഗ്യ പ്രവർത്തകർ... ആശവർക്കർമാർ അയൽപക്കക്കാർ... വിളിച്ചാൽ വിളിപ്പുറത്ത് ഡോക്ടർ എന്തും ക്ഷമയോട് കേട്ട് മരുന്ന് പറഞ്ഞ് തരും... അത് അപ്പോൾ തന്നെ വീട്ടിലെത്തിച്ച് തന്നവർ. എന്ത് ആവശ്യത്തിനും ഓടി വന്ന സനീഷിന്റെ കൂട്ടുകാർ... ഞങ്ങളെ കാണുമ്പോൾ ഓടി പോകാതെ വിളിച്ച് വിവരം തിരക്കിയ അയൽക്കാർ... എല്ലാവരും വലിയ ആശ്വാസമായിരുന്നു... പിന്നെ എന്റെ ഭ്രാന്ത് മുഴുവൻ സഹിച്ച കൂട്ടുകാർ... എല്ലാവരുടേയും പേര് എഴുതിയാൽ... കൊറോണ ഞങ്ങളെ അത്ര വലച്ചില്ല... മക്കൾക്ക് ചെറിയ പനിയിലൊതുങ്ങി... ആർക്കും ഇനി വരാതിരിക്കട്ടെ... ലോകം പഴയ പോലെ മനോഹരമായി മുന്നോട്ടു പോകട്ടെ...

# സ്മൃതികൾ




**അനുഗ്രഹ് എൻ. ആർ**
(ഇംഗ്ലീഷ് വിഭാഗം, ഒന്നാം വർഷം)


ചുട്ടുപഴുത്ത ഭൂമിയിൽ സ്പർശമായ്
ആകാശമതിൽ നിന്നലിഞ്ഞിറങ്ങി
ആർദ്രമായ് നോക്കി നിന്നു താരകം
അമ്മ കടൽക്കരയെ പുൽകുന്നപോൽ.
നിർന്നിമേഷമായ് നില്ക്കുന്ന നേരത്ത്
അർദ്ധപ്രാണനായ് വന്നൊരു മധു
നിറമാർന്ന ഹൃദയത്തിൽ ആർദ്രമായ്
മണ്ണിൻ മനസ്സിലലിഞ്ഞിറങ്ങി.
നിറമേഴും ജീവിത സ്പന്ദനങ്ങൾ
അറിയാതെ ഓർത്തു ഞാൻ പോയീടവേ
മനമാകെ ആനന്ദ നൃത്തമാടി
വേനലിൻ ചൂടിനെന്ത് കാന്തി.
നിറമാരി പെയ്യുന്ന വർഷകാലം
സുഗന്ധം നിറയ്ക്കും വസന്തകാലം
രാക്കുളിർ പെയ്യും മഞ്ഞുകാലം
സ്മൃതികളുണർത്തുന്ന വേനൽക്കാലം.
കരളിലലിഞ്ഞൊരെൻ ഓർമ്മകളെ
നിറമാരിയായ് ചൊരിഞ്ഞിടാമേ
നിനവായ് നില്ക്കുമെൻ സ്വപ്നങ്ങളെ
ഏഴുവർണ്ണങ്ങളാൽ പൊതിഞ്ഞിടാമേ.
ഹൃദയത്തിനാഴപ്പരപ്പിനുള്ളിൽ
അഴലേറും ജീവിത മരുവിലെന്നും
തളരാതെ എന്നെ നടത്തിടുന്നു
വേനലിൽ പൂക്കുന്ന മഴകൾ പോലെ.



# കുഗ്രാമത്തിലെ ഗായിക

**ഡോ. ട്രീസ പീറ്റർ**
(അസി. പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം)

നാണി മുത്തി മരിച്ചുവെന്ന വാർത്ത കേട്ട കുഗ്രാമത്തിലെ അമ്മമ്മാരും അമ്മൂമ്മമാരും കൂപ്പുകൈകളോടെ പ്രാർത്ഥന ആരംഭിച്ചു. അച്ഛന്മാരും അപ്പൂപ്പന്മാരും പൂവുള്ള ചെടികളിൽ കണ്ണും നട്ടിരുന്നു. ഈശ്വരന്റെ വിശ്വാസം ജീവശ്വാസമായ ചെടികളും പുഴകളും കിളികളും മനുഷ്യരും ഉള്ള ഭൂമിയിലെ ഒരു അജ്ഞാത ഗ്രാമം. കാറില്ല ബസ്സില്ല കാളവണ്ടി ഇല്ല ടവറില്ല മനുഷ്യബുദ്ധിയുടെ കണ്ടുപിടിത്തങ്ങൾ ഒന്നുമില്ല. ആറാം ദിവസം സന്ധ്യയായി പ്രഭാതമായപ്പോൾ എങ്ങനെ ഇരുന്നു അങ്ങനെ തന്നെയിരിക്കുന്ന ഒരു കുഗ്രാമം. വിശ്രമിക്കാൻ പോയ ഈശ്വരന്റെ ഉറക്കം കളയാത്ത മനുഷ്യർ. ജനനവും മരണവും ഉണ്ട്. പ്രായമില്ല കാലമില്ല കാലചക്രം ഇല്ല. പുഴ പോലെ ഒഴുകുന്ന സമയം പുരോഗതിയില്ലാത്ത ശാന്ത സുന്ദര ദേശം ഓരോ ഓക്സിജൻ കണികയും ആസ്വദിക്കുന്ന മനുഷ്യൻ ഈശ്വര ചൈതന്യം അവരുടെ ഓരോ പ്രവർത്തികളെയും നിയന്ത്രിച്ചു.ഒരു പുരോഗതിയും ഇല്ലാത്ത ശാന്തസുന്ദരമായ ഗ്രാമം. സ്വച്ഛമായി വിശ്വസിക്കുന്ന മനുഷ്യർക്ക് ആശ്വാസം അവരുടെ പ്രാർത്ഥനയാണ്. ഓരോ ദിവസത്തെയും പ്രവർത്തികളെ നയിക്കുന്ന ഈശ്വര കൽപ്പന അവരുടെ രക്തത്തിൽ അങ്ങനെ അലിഞ്ഞു ചേർന്നു. മനുഷ്യരിൽ മാത്രമല്ല ജീവശ്വാസം ഉള്ള ഏതൊന്നിലും. നാണിമുത്തിയുടെ പാട്ടിന് എന്നും യൗവനമായിരുന്നു അവരുടെ ശരീരം പല പരിണാമങ്ങളിലൂടെ കടന്നു പോയെങ്കിലും ആ ശബ്ദം അതിനു മനോഹരമായ ഏതോ ഒരു പ്രായത്തിന്റെ മധുരം വിളമ്പി. കുഗ്രാമത്തിൽ എല്ലാകാലത്തും ഒരു ഗായിക ഉണ്ടായിരുന്നു. ഒരേ ഒരാൾ മാത്രം. ജന്മം കൊണ്ട് ഗായികരായവർ അല്ല അവരാരും.ഏതോ ഈശ്വര നിയോഗം കൊണ്ട് ആ സിദ്ധി അവരെ പുൽകി. ഗ്രാമവാസികൾ അവരെ ഏറെ സ്നേഹിച്ചു.ആദരിച്ചു. ആർക്കും അവരോട് കുശുമ്പ് തോന്നിയില്ല. കാരണം ജീവനുള്ളിടത്തോളം അവർ ഈശ്വര നിശ്വാസം ശ്വസിച്ചു. കുഗ്രാമത്തിലെ ഓരോ മനുഷ്യക്കുഞ്ഞിനും മന:പാഠമാണ് കുഗ്രാമത്തിലെ ആദ്യ ഗായികയുടെ കഥ, അമ്മമാർ ഉരുട്ടിക്കൊടുത്ത ആദ്യ ചോറുരുളയോടൊപ്പം ആ കഥയും അവരുടെ ജീവന്റെ ഭാഗമായി. ഉറക്കം വരാത്ത രാത്രികളിൽ കുഞ്ഞുങ്ങൾ ആ കഥയോർത്ത് കിടന്നു.

ഗ്രാമത്തിനു പുറത്ത് വാനിലും അന്യഗ്രഹത്തിലും അദൃശ്യമായ ഒരു നഗരം. വിജനമായ നഗരത്തിൽ ഒരു

അജ്ഞാത ഗായികയുണ്ടായിരുന്നു. മരണമില്ലാത്ത ഗായിക. അവൾ പാടിക്കൊണ്ടേയിരുന്നു. കുഗ്രാമത്തിലെ ആദ്യ ഗായികയുടെ ആത്മാവ് രണ്ടാമത്തെ ഗായികയ്ക്ക് ഒരു ദർശനത്തിൽ പറഞ്ഞുകൊടുത്ത കഥയാണിത്. കുഗ്രാമത്തിലെ ഓരോ പുൽക്കൊടിയും ഈ കഥ പാടി. മലമുകളിലെ നീരുറവയിൽ നിന്നും കടലിലേക്ക് യാത്ര പുറപ്പെട്ട ഓരോ പുതുജലകണവും കുഗ്രാമത്തിലെ ഗായികമാരുടെ കഥ പാടി കടലിനെ കേൾപ്പിച്ചു. അത്ഭുത നഗരത്തിലെ ഗായിക, അവൾ വിശപ്പ് അറിഞ്ഞില്ല, ദാഹം അറിഞ്ഞില്ല. അവൾ പാടിക്കൊണ്ടേയിരുന്നു.എന്നൊ ഒരിക്കൽ അവൾക്ക് ദാഹിച്ചു.അവൾ അത്ഭുത നഗരത്തിന് പുറത്തുവന്നു. കുഗ്രാമം അവളുടെ കണ്ണിൽ പെട്ടു. ആ പുലരിയിൽ അവൾ പാടി. ആ ഗാനം മനുഷ്യ കർണ്ണങ്ങൾക്ക് കേൾക്കാൻ ആകുമായിരുന്നില്ല. എന്നാൽ പൂക്കളും കിളികളും മൃഗങ്ങളും അത് കേട്ടു. പുൽക്കൊടി കാറ്റില്ലാതെ നൃത്തമാടി. ആ ദിവ്യഗായികയുടെ ഗാനം പൂക്കളിൽ തേൻ നിറച്ചു. ആ പുലരിയിൽ ചെടികളിൽ അസംഖ്യം പൂവിരിഞ്ഞു. തലേന്നൊക്കെ മൊട്ടുകളെക്കാൾ അധികം പൂവുകൾ. നിറഞ്ഞ പൂക്കളുടെ ഭാരം താങ്ങാൻ ആവാതെ തണ്ടുകൾ തളർന്നു. തേനീച്ചകളുടെ വരവിനായി അവർ കാത്തു.ആ പ്രഭാതത്തിൽ ഗ്രാമവാസികൾ പതിവില്ലാത്ത വിധം തേനീച്ചകളെ കണ്ടു. നിറഞ്ഞ വയറുമായി അവർ വിദൂരത്തേക്ക് പാറുന്നത് അത്ഭുതത്തോടെ നോക്കി നിന്നു.

രണ്ടു നാളേക്ക് ആ നാട്ടിൽ തേനീച്ചകളെ ആരും കണ്ടില്ല. മൂന്നാം നാൾ പൂ നുള്ളാൻ പോയ ബാലികയെ ഒരു തേനീച്ച കുത്തി. കയ്യിലാണ് കുത്ത് കിട്ടിയതെങ്കിലും അവൾക്ക് സ്വന പേടകത്തിൽ ശക്തമായ വേദന അനുഭവപ്പെട്ടു. ഗ്രാമവാസികൾക്ക് ആകെ അത്ഭുതവും ഭയവും ആയി. പിറ്റേന്ന് ആ ജനങ്ങൾ ഉണർന്നത് മനോഹരമായ ഒരു ഗാനം കേട്ടാണ്. മിണ്ടാൻ കഴിയാതെയിരുന്ന കുഞ്ഞ് മനോഹരമായി പാടുന്നു. ഗ്രാമത്തിലെ ആദ്യത്തെ ഗായിക അങ്ങനെ പിറന്നു. അവൾക്ക് ആ സിദ്ധി എങ്ങനെ ലഭിച്ചു, കുത്തിയപ്പോൾ എന്ത് സംഭവിച്ചു എന്ന് ഗ്രാമവാസികൾ അറിഞ്ഞില്ല. കാലങ്ങൾക്ക് ശേഷം ആ ഗായിക മരിച്ചു അവൾ മരിച്ചു. പിറ്റേന്ന് മറ്റൊരു കുഞ്ഞിനെ തേനീച്ച  കുത്തി. അവൾക്കും ആദ്യ ഗായികയെ പോലെ സ്വന പേടകത്തിൽ വേദനയുണ്ടായി. അതെ, കുഗ്രാമത്തിലെ രണ്ടാമത്തെ ഗായിക. അന്ന് രാത്രി ആദ്യത്തെ ഗായിക അവൾക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. കുഗ്രാമത്തിലെ മാനും മനുഷ്യനും ഇന്ന് പാടി നടക്കുന്ന കഥ പറഞ്ഞു. അദൃശ്യ നഗരത്തിലെ അത്ഭുത ഗായികയുടെ കഥ. അന്ന് രാത്രി അവളുടെ സ്വരമാധുരിയിൽ അലിഞ്ഞ് തേൻ ചുരത്തിയ പൂച്ചെടികളിലെ തേൻ നുകർന്ന തേനീച്ചകൾ പറന്നു അപ്രത്യക്ഷരായത് അദൃശ്യ നഗരത്തിലേക്ക് ആണ്. അത്ഭുതഗായികയുടെ കൊട്ടാരം അവർ തേൻ നിറഞ്ഞ തേനടകളാൽ പുതുക്കി പണിതു. ദാഹം ശമിപ്പിക്കാൻ ആവോളം തേൻകിട്ടിയ അത്ഭുതഗായിക തന്റെ സിദ്ധിയുടെ ഒരംശം കുഗ്രാമത്തിലെ ഒരു പെൺകുഞ്ഞിന് നൽകാൻ തീരുമാനിച്ചു. അതിനായി തേനീച്ചകളുടെ റാണിക്ക് ആജ്ഞ നൽകി. ഇന്നും റാണി തേനീച്ച തന്റെ ദൗത്യം ഭംഗിയായി തുടരുന്നു. നാണിമുത്തിയുടെ കുടിലിന് കാതങ്ങൾ അകലെ പൂമോൾക്ക് തേനീച്ച കുത്തേറ്റു. കുഗ്രാമത്തിലെ പുതിയ ഗായിക...

# Department Activities


## Electronics











# എന്റെ കലാലയം

**Bayana BOMS,** Research Scholar, Psychology

ആ കാണും കുന്നിനു മീതെ...
ആ കാണും കുന്നിനു മീതെ,
തപസ്സിരിക്കാൻ താവളമുണ്ടേ
വർണ്ണംവിതറും, വാനിൽഉയരും
കരഘോഷ പെരുന്നാളാണേ...

ജാതിമരങ്ങൾ കായ്ക്കാറുണ്ടേ...
ചെമ്പകമരമത് പൂക്കാറുണ്ടേ...
എരിവും പുളിയും മധുരം കിനിയും
പൈനാപ്പിൾ സുന്ദരിയുണ്ടേ...


നീലവിരിച്ചൊരു മേലാപ്പിൻ
കീഴെ ഇരിക്കാൻ കൊതിയാണേ
കലയുടെ നറുരസമളവില്ലു
മധികം യൗവന ലഹരിയിലാണേ...

കരവും മനവും കോർക്കാറുണ്ടേ...
ചങ്കുകളനവധി പലവിധമുണ്ടേ ...
നല്ലൊരു കപ്പിത്താന്റെ കടിഞ്ഞാണിൽ
മലമേലെ നിന്ന് ജ്വലിക്കും
എന്റെ കലാലയമുണ്ടേ...
കുന്നിനു താഴെ നിന്നെ കാണാറുണ്ടേ..

---

വീഡിയോകാണാൻ
https://youtu.be/y2rrF9CvuNw

# Youth
## The Architects of Growth



**Akifah Jamsheed Hamza** (I BSc Psychology)

The youth of the world is the architect of tomorrow. They are the agents of change and growth; their innovation, creativity and skills are great assets to the nations. According to the United Nations, 'youth' are those persons between the age of 15 and 24 years, and they constitute 18% of the world's population. They have a great responsibility in the sustainable development of the world; however, they face equally great challenges which hinder their contributions towards the same.

The Brundtland Report, published in 1987 by the United Nations World Commission of Environment and Development, devised the term "sustainable development" and defined it as "the development of the world that meets the needs of the present generation without compromising the ability of future generations to meet their own needs". According to the United Nations Development Program (UNDP), "The Sustainable Development Goals (SDGs), also known as the Global Goals, were adopted by the United Nations in 2015 as a universal call to action to end poverty, protect the planet, and ensure that by 2030 all people enjoy peace and prosperity". The SDG is designed to be a "blueprint to achieve a better and more sustainable future for all"

The SDG is designed to be a "blueprint to achieve a better and more sustainable future for all". The 17 goals of the SDGs include no poverty, zero hunger, good health and well-being, quality education, gender equality, clean water and sanitation, affordable and clean energy, decent work and economic growth, industry, innovation and infrastructure, reduced inequality, sustainable cities and communities, responsible consumption and production, climate action, life below water, life on land, peace and justice strong institutions, and partnerships to achieve the goals.

'What is the role of youth in sustainable development?' is a very crucial question. Critical thinking is analysing, integrating and evaluating what is experienced, read, heard and understood. Youth can change the world when they use critical thinking to decide whether someone's opinions,

ideas or wisdom is just, fair and right. They have the capacity to find and challenge prevailing power Structures and barriers to change, and to expose inconsistencies and prejudices. The youth have the power to bring change by acting and mobilising others, accompanied by their broader connectivity and access to social media. Along with their determination and enthusiasm to do good, youth bring a multiplicity of new perspectives and explanations of the trials and opportunities the world faces. They are a source of new energy and solutions to the persistent, immoral problems of today.

In addition to bringing fresh perspectives, young people often have direct knowledge of and perceptions into issues that are not available to adults. Youth best understand the problems they face and can offer new thoughts and alternative solutions.  Youth are the native speakers of the global language to this decade; they are the most tech-savvy, digitally enabled and media-driven generation of all time. They are the masterminds of movements that speed through our digital and physical worlds and shift principles and attitudes in a means and with a pace never before seen – as proved in the past years by youth icons like Greta Thunberg, Malala Yousufzai etc. When young people are vested with the knowledge of their rights and equipped with leadership skills, they can bring changes in their communities and countries. Youth-led organisations and networks, in particular, should be reinforced and supported, because they play a crucial role in the development of civic leadership skills among young people, especially marginalised youth.

However, the youth, today, face several challenges that hinder their opportunity to contribute to the society. According to the UN, “In education, 142 million youth of upper secondary age are out of school. In employment, 71 million young people are unemployed; and millions more are in precarious or informal work.  Disparities within and between countries in education and employment among youth are stark, with gender, poverty, rurality, disability, and migrant/refugee status all being major elements of disadvantage.” Moreover, mental health challenges are also rising among the youth than ever. This affects all the areas of their life: home, school, work and relationships. The stigma around mental health that still remains is a major drawback, but they should know where to go for support. The onset of technology also has had an impact on the lives of the young, it affects their self-perception and privacy. And while it is a way to share creative and fun ideas, the social media world is both complex and confusing, and poses significant risks. In addition, the youth also face issues like peer pressure, body image anxieties, and uncertainties.

The challenges in the unemployment and education sectors should be resolved by the government and other public authorities in order to uplift the youth of the society. In case of mental health issues, they should seek help from professionals. The barriers faced by the youth must help them grow. It can bring up innovative ideas in the young minds, that can successfully tackle the world’s major problems such as poverty, hunger, unemployment, etc.

Today’s youth is tomorrow’s leaders! They should understand the issues and challenges faced by the world and come forward, hand-in-hand, to respond, resolve, network, and build. The world needs leaders who brings change and growth. The dawn of change is yet to come!





# പുനർജന്മം

**അൽന എലിശുഭ** (മനശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

പനിനീർ പൂക്കളുടെ മണം തിങ്ങിനില്ക്കുന്ന ഒരു വസന്തകാലം കൂടി കടന്നുപോയി. എന്റെ ഹൃദയത്തിന്റെ ഓരോ മൂലയിൽ നിന്നും ആരോ വിളിച്ചു പറയുന്നതു പോലെ 'നിന്റെ ജീവന്റെ ജീവനെ നിന്നിൽ നിന്നെടുത്തിട്ട് ഇത് പത്താം വർഷം' എന്തു പെട്ടെന്നാണ് കാലം കടന്നുപോയത്. ഒരു ദുഃസ്വപ്നത്തിൽ നിന്നെഴുന്നേറ്റതുപോലെ.

പതിവില്ലാതെ ഇന്ന് ദേഹമാസകലം തളർച്ച അനുഭവപ്പെടുന്നു. ഞായറാഴ്ചയാണ്, പള്ളിയിൽ പോകണം പിന്നെ... മക്കൾ രണ്ടുപേരും നല്ലയുറക്കത്തിലാണ്. അവരെ വിളിച്ചേഴുന്നേൽപിക്കാതെ ഞാൻ പട്ടണത്തിൽ പോയി പൂക്കളെല്ലാം വാങ്ങി. വരുന്ന വഴിക്ക് മക്കൾക്ക് മിഠായിയും വാങ്ങി. ഞാൻ തിരിച്ചെത്തിയിട്ടും മക്കൾ എഴുന്നേറ്റിരുന്നില്ല. അവരെ ഒന്നു ചുംബിച്ചിട്ട് പള്ളിയിൽ പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി. തലേദിവസം നേരം കുറച്ചധികമായി ഉറങ്ങാൻ കിടന്നപ്പോൾ. എന്താ പറയാ, മക്കൾ രണ്ടും വളർന്നു, പഠിക്കാൻ ഇഷ്ടംപോലെയുണ്ട്, രണ്ടുപേരും മിടുക്കരാണ്. ഞാൻ ശരിയായി ഒരുങ്ങിവന്നപ്പോഴേക്കും മൂത്തയാൾ കുളി കഴിഞ്ഞെത്തിയിരുന്നു. രണ്ടാമത്തെയാൾ മടിപിടിച്ച് കിടപ്പാണ്. ഞാൻ എന്നോടു തന്നെ പറഞ്ഞു: ''മക്കളോട് ഇന്ന് ദേഷ്യപ്പെടരുത്, നിന്നെ

പ്പോലെ തന്നെ അല്ലെങ്കിൽ നിന്നെക്കാൾ കൂടുതൽ അവർക്കു നഷ്ടപ്പെട്ടദിവസമാണിന്ന്.'' ഒരുനറുപുഞ്ചിരി യോടെ ഞാൻ ഇളയമകന്റെ അടുത്തു പോയി. ''എഴു ന്നേല്ക്ക് നമുക്ക് പള്ളിയിൽ പോണ്ടേ? ഇന്നത്തെ ദിവ സത്തെപ്പറ്റി അറിയില്ലേ നിനക്ക്.'' ഇതു കേട്ടതും അവൻ എന്നെ കെട്ടിപ്പിടിച്ചൊരുമ്മ തന്നു. ''സോറി അപ്പാ'' എന്ന് പറഞ്ഞ് അവൻ പെട്ടെന്ന് റെഡിയായി വന്നു.

ഞങ്ങൾ മൂന്നുപേരും പൂക്കൾ പിടിച്ച് പള്ളിയി ലേക്കു നടന്നു. വലിയ ദൂരമൊന്നുമില്ല പള്ളിയിലേക്ക്. അതുമല്ല ഇന്നെന്തോ പള്ളിയിലേക്ക് നടക്കണമെ ന്നൊരു തോന്നൽ. എന്നും പോകുന്ന ആ വഴിക്ക് ഇന്നെന്തോ ഒരു പ്രത്യേകത തോന്നുന്നു. ഞങ്ങൾ നാലു പേരും മുമ്പു നടന്ന വഴികൾ. പക്ഷേ ഇന്ന് മൂന്നു പേർ മാത്രം. അനിതമോള് അവൾക്കിഷ്ടപ്പെട്ട റോസ പ്പൂവ് പിടിച്ച് മുന്നിൽ നടന്നു നീങ്ങുന്നു. അതിനു പിന്നിൽ ഞാനും എബിയും. അങ്ങു ദൂരെ പള്ളിമണി കേൾക്കാം. തത്രപ്പാടോടു കൂടി ഞങ്ങൾ മൂന്നുപേരും നടന്നു.

വളരെ പഴയ പള്ളിയാണ്. അതിന്മേലുള്ള കരിങ്കൽ പണികൾ അതിന്റെ ഭംഗി കൂട്ടുന്നു. പള്ളിയിൽ കേറിയ പ്പോഴേക്കും കുർബാനയുടെ ഒരു ചെറിയ ഭാഗം കഴിഞ്ഞി രുന്നു. സ്റ്റീഫനച്ചന്റെ കുർബാനയെന്നു കേട്ടാൽ എത്ര പാപിയായവരും മാനസാന്തരപ്പെടും. ഞാൻ എന്നെ തന്നെ കുർബാനയിൽ സമർപ്പിച്ചു. ''എന്തിനാ കർത്താവേ അങ്ങ് ഞങ്ങളെ മൂന്നുപേരെ ബാക്കിവച്ചത്.'' അറി യാതെ എന്റെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീർ വന്നു മക്കൾ കാണാതെ ഞാനതു തുടച്ചു. അന്ന് സ്റ്റീഫന ച്ചന്റെ പ്രസംഗം പുനർജന്മത്തെക്കുറിച്ചായിരുന്നു. ''കർത്താവിൻ പ്രിയരേ, നിങ്ങളിൽ നിന്ന് നിങ്ങൾ ജീവനെക്കാൾ സ്നേഹിക്കുന്ന ഒരു വ്യക്തിയെ കർ ത്താവ് വിളിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ തളരരുത്. നിങ്ങ ൾക്ക് ഒരു ജന്മം കൂടിയുണ്ടെങ്കിൽ പ്രാർത്ഥിക്കുക ഒരു മിച്ചു കഴിയാൻ.'' കുർബാന കഴിഞ്ഞ് ഞങ്ങൾ മൂന്നു പേരും സെമിത്തേരിയുടെ വിജനമായ പടികൾ ചവി ട്ടിയിറങ്ങി. എന്റെ പാതി ജീവൻ ഇതാ അവിടെ കിട ക്കുന്നു.

ആമി

ജനനം: 13.08.1978  മരണം: 04.10.2007


"She lies in the hands of God"


ആ പൂക്കൾ അവൾക്കായ് സമർപ്പിച്ചു. ''മക്കളേ ദേ നിങ്ങളുടെ അമ്മ കിടക്കുന്നു, നന്നായ് പ്രാർത്ഥിക്ക് അമ്മ നിങ്ങളെ നോക്കുന്നുണ്ടാവും.'' ഇതേ ദിവസം പത്തുകൊല്ലം മുൻപ് രണ്ടു കുഞ്ഞുങ്ങളെ കെട്ടിപ്പിടിച്ച് നെഞ്ചുപൊട്ടി കരഞ്ഞ ദിവസം ദൈവത്തെ ഒരു നിമി ഷമെങ്കിലും വെറുത്ത ദിവസം, എന്റെ ജീവിതത്തിൽ ഏറ്റവും ഞാൻ വെറുത്ത ദിവസം. അഞ്ചും രണ്ടും വയ സ്സുള്ള ആ കുഞ്ഞുങ്ങളെ ഓർത്തെങ്കിലും അവളുടെ ജീവൻ ഒന്നു തിരിച്ചു നല്കിയിരുന്നെങ്കിൽ, അവളെ സംസ്കരിക്കുമ്പോൾ പ്രകൃതി വരെ കരഞ്ഞിരുന്നു മഴ യുടെ രൂപത്തിൽ. ഇന്നും ഓർക്കുന്നു ആ വിധിയുടെ കറുത്ത വിരലുകൾ പതിഞ്ഞ ദിവസത്തെ, അവളെ അവസാനമായി ചുംബിച്ച ദിവസത്തെ... എന്നാൽ അന്ന് തിരിച്ചു ചുംബിക്കാൻ അവൾ മാത്രമുണ്ടായില്ല. ''ആമി, നോക്ക് നമ്മുടെ മക്കൾ വളർന്നു'' കേൾക്കാ നാരുമില്ലെന്നറിഞ്ഞിട്ടും ഞാൻ പറഞ്ഞു. ഇനി ഞാൻ എന്റെ മക്കൾക്കുവേണ്ടിയാണ് ജീവിക്കുന്നത്.

എന്റെ കണ്ണിൽനിന്ന് കണ്ണുനീർ ഒഴുകിവരുന്നു. മകൾ കാണാതെ അതു തുടയ്ക്കുവാൻ തുടങ്ങിയതും എവിടെ നിന്നോ വന്ന കാറ്റ് ആ ചൂടു കണ്ണുനീർ മായ്ച്ചു കളഞ്ഞു. അതേ അവളാണ് എന്റെ ആമി. ഇനിയൊരു പുനർജന്മമുണ്ടെങ്കിൽ ഒരു വിധിക്കും ഞാൻ നിന്നെ വിട്ടു കൊടുക്കയില്ല, ഇത് സത്യം. ഞങ്ങൾ പതിയെ വീട്ടിലേക്കു തിരിച്ചു. ആ പഴയ വഴികളിലൂടെ...

# Department Activities

## English



# തിരക്കുള്ളവർ വായിക്കരുത്...
# ജീവിതത്തിന്റെ മറ്റൊരു തലം...

**ഡോ. മിലു മരിയ ആന്റോ**
(അസി. പ്രൊഫസർ, സൈക്കോളജി വിഭാഗം)

കെട്ടിപ്പൊക്കി മനോഹരമാക്കിയ സൗധങ്ങളിൽ സന്തോഷമായി ഉറങ്ങാൻ ആളുകളില്ല. പാഠശാലകളിൽ കുഞ്ഞി പരിഭവങ്ങളും നിശ്വാസങ്ങളും ആരവങ്ങളും നിലച്ചു. അവിടമെല്ലാം ആതുരാലയങ്ങൾ ആയി പുനരധിവാസ ശാലകൾ ആയി... ആരാധനാലയങ്ങളിൽ കാർമികർ ദൈവത്തോടൊപ്പം ഒറ്റപ്പെട്ടു .

ഭോജനശാലയിലെ കൊതിയൂറുന്ന ഗന്ധങ്ങൾ, നിറങ്ങൾ, എല്ലാം പാറ്റക്കും പല്ലിക്കും സ്വന്തം.

വസ്ത്ര വിപണന മേളകൾ ഇല്ല... പരസ്യങ്ങൾ ഇല്ല.. അലമാരയിൽ കെട്ടിക്കിടന്ന വസ്ത്രങ്ങൾ പൂപ്പലിന്റെ ഗന്ധത്തിൽ, നിറംമങ്ങി കൊണ്ടിരുന്നു. കുഞ്ഞുങ്ങൾ കാർട്ടൂൺ കഥാപാത്രങ്ങൾ ആയി, സംസാരിച്ചു, ചിരിച്ചു, നടന്നു....

മാതാപിതാക്കൾ അധ്യാപക വേഷത്തിൽ പരാജയപ്പെട്ടു... വിദ്യാലയങ്ങളെ വാഴ്ത്തി. പത്രമാസിക താളുകളിൽ മരണവാർത്തകൾ എഴുതാൻ സ്ഥലം തികയാറായി .

അവസാനം കുണ്ടും കുഴികളും മാറ്റി ഉപയോഗയോഗ്യമാക്കിയ റോഡുകളിൽ വണ്ടികളുടെ ഇരമ്പൽ ഇല്ലാതായി. ദിനംപ്രതി റോഡുകളിൽ ചിത്രം വരച്ച ചോരപ്പാടു കൾക്കു പക്ഷെ ഒരു അറുതിയായി .

കട്ടു മുടിച്ചു പണിത പാലങ്ങൾ പുഴയുടെ മുകളിൽ അന്യമായി നിന്നു. ഷോപ്പിംഗ് മാളുകൾ പ്രേതാലയങ്ങൾ ആയി. ഉത്സവപ്പറമ്പുകൾ ചവർ മൂടി കിടന്നു. ഗ്രന്ഥശാലകൾ പൊടിപടലങ്ങളാൽ നിറഞ്ഞു.

നൂതന ശൈലിയിലെ കളി ഇടങ്ങളിൽ പണം നിക്ഷേപിച്ചവന്റെ തലയിൽ ചിതലരിച്ചു .

കെട്ടി മറിച്ച മുഖാവരണ ങ്ങൾക്കിടയിൽ കണ്ണുകൾ കഥ പറഞ്ഞു.


അന്നോളം വിലയില്ലാതെ ശ്വസിച്ച ശുദ്ധവായു കുപ്പിയിലാക്കാൻ അവൻ പരക്കംപാഞ്ഞു. ആശുപത്രികൾ രോഗികളാൽ നിറഞ്ഞു. ഡോക്ടർമാരും നഴ്സുമാരും പണിയെടുത്തു വലഞ്ഞു. രോഗികൾ ഒറ്റപ്പെട്ടു, മരണപ്പെട്ടവർ അനാഥരായി, വിലാപങ്ങൾ നിത്യ സംഭവങ്ങളായി.. അലിഞ്ഞില്ലാതായി. ഇപ്പോൾ ശ്മശാനങ്ങളിൽ തിരക്ക് , പിടിവലികൾ...

കാരണം എനിക്കുള്ളയിടം അതാണെന്ന് അവസാനം കണ്ടെത്തിയ മനുഷ്യന് റിസർവേഷൻ ഇവിടെയാണ് വേണ്ടത് എന്ന് അറിവായി.

ഇപ്പോ മനുഷ്യന് ധൃതി ഇല്ല...

തിരക്കുകൂട്ടുന്ന ഒരാളുണ്ട്.. കുഞ്ഞൻ വൈറസ്.

മ്യൂട്ടേഷൻ നടത്തി പുതിയ രൂപത്തിൽ പുതിയ ഭാവത്തിൽ.. അവതരിക്കാൻ...




***കോവിഡ് ലോക്ക്ഡൗൺ കാലത്ത് വിവിധ ഡിപ്പാർട്ട്മെന്റുകൾ നടത്തിയ വെബിനാറുകളിൽ യൂട്യൂബ് ലൈവ് ഉണ്ടായിരുന്ന പരിപാടികളുടെ ലഘുവിവരണവും ലിങ്കുമാണ് താഴെ കൊടുക്കുന്നത്. കണ്ടതിനുശേഷം വീഡിയോകൾക്ക് ലൈക്ക്, കമന്റ്, ഷെയർ ചെയ്യുവാനും ചാനൽ സബ്സ്ക്രൈബ് ചെയ്യുവാനും മറക്കല്ലേ...***

“സൈബർ കാലഘട്ടത്തിലെ മാധ്യമങ്ങൾ: ദക്ഷിണേഷ്യയിലെ സ്ട്രാറ്റജിക് എൻവയോൺമെന്റ് റിപ്പോർട്ട് ചെയ്യുന്നു എന്ന വിഷയത്തിൽ 2020 ജൂലൈ 31, ആഗസ്ത് 1 തീയതികളിലായി ദ്വിദിന അന്താരാഷ്ട്ര വെബിനാർ നടത്തി.

You Tube Link:
https://www.youtube.com/watch?v=-XsEN0AQ9GA&t=427s

“നിലവിലെ കോവിഡ്19 പാൻഡെമിക് സാഹചര്യം: ഇനിയെന്ത്?” എന്ന വിഷയത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ, ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം, ഫീൽഡ് ഔട്ട്റീച്ച് ബ്യൂറോ, തൃശൂർ പ്രജ്യോതി നികേതൻ കോളേജിലെ കംപ്യൂട്ടർ സയൻസ് വിഭാഗവും നാഷണൽ സർവീസ് സ്കീമിനോടും ചേർന്ന് 8 ആഗസ്ത് 2020 നു വെബിനാർ നടത്തി..

You Tube Link:
https://www.youtube.com/watch?v=6oTJe4hkQjc&t=394s

“Sensors & Transducers” എന്ന ഓൺലൈൻ കോഴ്സിൻറെ ഉദ്ഘാടനം കോളേജിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്മെന്റും IQAC യും ചേർന്ന് 2020 ആഗസ്ത് 21 നു നടത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ആയ ഡോ. സി. എൽ. ജോഷി ആയിരുന്നു മുഖ്യാതിഥി

You Tube Link:
https://www.youtube.com/watch?v=494DG73fn_w&t=366s

പ്രജ്യോതി നികേതൻ കോളേജ് മനശ്ശാസ്ത്ര വിഭാഗം 24 സെപ്റ്റംബർ 2020 നു ലോക ആത്മഹത്യാ പ്രതിരോധ ദിനം ആചരിച്ചു.

You Tube Link:
https://www.youtube.com/watch?v=3nQl_zE6emo

അതോടൊപ്പം, ആത്മഹത്യ പ്രതിരോധ ദിനത്തോടനുബന്ധിച്ച് ലോക്ക്ഡൌൺ കാലത്ത് വിദ്യാർഥികൾ അവരവരുടെ വീടുകളിലിരുന്ന് തയ്യാറാക്കിയ ഷോർട് ഫിലിം

You Tube Link:
https://www.youtube.com/watch?v=9hp5jgcgGA8

പ്രജ്യോതി നികേതൻ കോളേജ് എൻ. എസ്. എസ്. 85 & 183 യൂണിറ്റുകളുടെ യോഗ ദിനാചരണം

You Tube Link:
https://www.youtube.com/watch?v=IJvjXX-zOio

"Multimedia Technologies" എന്ന വിഷയത്തിൽ 25 സെപ്റ്റംബർ 2020 നു അന്താരാഷ്ട്ര വെബിനാർ നടത്തി.

You Tube Link:
https://www.youtube.com/watch?v=0g-1iZwbxoI&t=842s

"Software Testing Techniques" എന്ന വിഷയത്തിൽ 26 സെപ്റ്റംബർ 2020 നു അന്താരാഷ്ട്ര വെബിനാർ നടത്തി.

You Tube Link:
https://www.youtube.com/watch?v=niofXJf28WU&t=530s

നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികളുടെ ലോക്ക്ഡൗൺ പ്രവർത്തികൾ 9 ഒക്ടോബർ 2020 നു നടന്ന ഓൺലൈൻ പരിപാടിയിൽ അവതരിപ്പിച്ചു.

You Tube Link:

https://www.youtube.com/watch?v=2lfKedO_dlg&t=247s

ഡാൻസ് ക്ലബ് ഉദ്ഘാടനം 8 ഒക്ടോബർ 2020 ഓൺ ലൈൻ ആയി നടന്നു. പ്രശസ്ത നർത്തകി ഉത്തര ഉണ്ണി ആയിരുന്നു മുഖ്യാതിഥി യും ഉദ്ഘാടകയും.

You Tube Link:

https://www.youtube.com/watch?v=QbGiTeXjnvI&t=2s

ലോക മാനസികാരോഗ്യ ദിനത്തിൽ മനശ്ശാസ്ത്ര വിഭാഗം സംഘടിപ്പിച്ച വെബിനാറിൽ "Mental Health Care in College: Clinical services and Crisis Intervention"എന്ന വിഷയത്തിൽ ഡോ. മുഹമ്മദ് അബീർ കെ. സി ക്ലാസ് എടുത്തു.

You Tube Link:

https://www.youtube.com/watch?v=LMM0GW0MsMY&t=848s

NSS day celebrations September 24 2020

You Tube Link:

https://www.youtube.com/watch?v=_F4awIs3Cyg

റിസേർച് ആൻഡ് പോസ്റ്റ് ഗ്രാഡ്യൂയറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കോളജിയും IQAC യും ചേർന്ന് Mentor's Day യിൽ "Understanding the Mentee: The Innovative Mentor" എന്ന വിഷയത്തിൽ 27 ഒക്ടോബർ 2020 നു വെബ്ബിനാർ നടന്നു. ഡോ. ജോജു കെ.ടി. സംസാരിച്ചു.

You Tube Link:

https://www.youtube.com/watch?v=FHxVDguluFA&t=1790s

പ്രജ്യോതി നികേതൻ കോളേജ് "Prana Alumni Meet 2020'', 31 ഒക്ടോബർ 2020 ന് ഓൺലൈൻ ആയി സംഘടിപ്പിച്ചു.

You Tube Link:

https://www.youtube.com/watch?v=kuq_DXA2LkI&t=371s

ഗാന്ധി ജയന്തി ദിനത്തിൽ വിദ്യാർത്ഥികൾ തങ്ങളുടെ വീടുകളിലിരുന്ന് ചെയ്ത പ്രവർത്തികൾ

You Tube Link:

https://www.youtube.com/watch?v=iFZv6E6dJHE&t=66s

Women Entrepreneurship Day Commemoration by the Department of Commerce and IQAC

You Tube Link:

https://www.youtube.com/watch?v=7jlW59hAfW0&t=70s

25 നവംബർ 2020 ൽ പുതിയ ബാച്ച് വിദ്യാർത്ഥികളെ സ്വീകരിച്ചുള്ള "Freshers Day" ഓൺലൈനായി നടത്തുകയും കോളേജിൻറെ സ്ഥാപക മാനേജരും ഡയറക്ടറുമായ റവ. ഫാ. ഡോ. ഹർഷജൻ പഴയാറ്റിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.

You Tube Link:

https://www.youtube.com/watch?v=cys4vRlTn38&t=1858s

25 നവംബർ 2020 ൽ പുതിയ ബാച്ച് വിദ്യാർത്ഥികളെ സ്വീകരിച്ചുള്ള "Freshers Day" ഓൺലൈനായി നടത്തുകയും കോളേജിൻറെ സ്ഥാപക മാനേജരും ഡയറക്ടറുമായ റവ. ഫാ. ഡോ. ഹർഷജൻ പഴയാറ്റിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.17.നവംബർ 26ന് ഭരണഘടനാ ദിനം ആഘോഷിച്ചു. പ്രജ്യോതി നികേതൻ കോളേജിലെ ഇംഗ്ലീഷ് വകുപ്പും NSS (യൂണിറ്റ്85, 185), IQAC എന്നിവയും സംയുക്തമായി 'ആർട്ടിക്കിൾ 21, ഇന്ത്യൻ ഭരണഘടന: പൂർത്തിയാകാത്ത അജണ്ട'എന്നതിനെകുറിച്ച് ഒരു ദേശീയ വെബിനാർ സംഘടിപ്പിച്ചു.

You Tube Link:

https://www.youtube.com/watch?v=MvVCPQ-jeCo

30 നവംബർ 2020 ന് 'സൈബർ സുരക്ഷ' എന്ന വിഷയത്തിൽ വെബ്ബിനാർ നടത്തി.

You Tube Link:

https://www.youtube.com/watch?v=IIRAv3_S0qA&t=106s

ട്രെയിൻ പാസ്സഞ്ചേഴ്സ് അസോസിയേഷൻ തൃശൂർ പ്രജ്യോതി നികേതൻ കോളേജിലെ NSS (യൂണിറ്റ് 85, 185), മായി ചേർന്ന് IRCTC Rail Connect ട്രെയിൻ ബുക്കിംഗ് ആപ്പ് ഉപയോഗിച്ച് ട്രെയിൻ ടിക്കറ്റുകൾ എങ്ങനെ ബുക്ക് ചെയ്യാം എന്ന വീഡിയോ ലോഞ്ച് ചെയ്തു.

https://www.youtube.com/watch?v=Ubkso1C0W64&t=19s

19 ജനുവരി 2021 ന് "Intellectual Property Rights'' എന്ന വിഷയത്തിൽ ദേശീയ വെബിനാർ സംഘടിപ്പിച്ചു.

You Tube Link:

https://www.youtube.com/watch?v=-6pzv4GQTR4&t=132s

"Estrogen - An Overview'' എന്ന വിഷയത്തിൽ 9 മാർച്ച് 2021 നു നടന്ന ദേശീയ വെബിനാർ.

You Tube Link:

https://www.youtube.com/watch?v=HlWhkBPGYDw&t=75s

"ഡിജിറ്റൽ യുഗത്തിലെ സംരംഭകത്വം: കോവിഡിന് ശേഷമുള്ള കാലഘട്ടത്തിലെ വീട്ടുവളപ്പിലെ കൃഷികൾക്കേറ്റ ആഘാതം" 12 മാർച്ച് 2020 നു വെബിനാർ നടത്തി.

You Tube Link:

https://www.youtube.com/watch?v=tCfJNp-sNqY&t=1362s

27, മാർച്ച് 2021 ന് "Gender Equity'' എന്ന വിഷയത്തിൽ വെബിനാർ നടന്നു.

You Tube Link:

https://www.youtube.com/watch?v=WeRCEYJWbzY

# ധന്യാമ... എത്ര ധന്യ.

**ശ്വേത പ്രസാദ്** (പൂർവ്വ വിദ്യാർത്ഥിനി - ഇംഗ്ലീഷ്‌വിഭാഗം)

പലവട്ടം മനസ്സിൽ കോറിയിട്ട്, എഴുതാനാവാതെ മാറ്റിവച്ച ഒരവസ്ഥ സങ്കല്പിക്കാനാവുമോ? എങ്കിൽ അതാണ് ഈ കുറിപ്പുകൾ. എത്ര എഴുതിയാലും എന്തൊക്കെ എഴുതിയാലും അപൂർണമായത് പോലെ. അതിനാൽ തന്നെ ആദ്യമേ പറയട്ടെ, അതിന്റെ പരിമിതികൾ ഇതിൽ കാണാനായാൽ അത് എന്നിലെ ആത്മസംഘർഷമായി തിരിച്ചറിയുക.

പ്രജ്യോതിപ്പിക്കുന്ന അദ്ധ്യാപിക, അമ്മ, അകലമില്ലാത്ത അടുപ്പക്കാരി, ചിലപ്പോളൊക്കെ മനമലിയിക്കുന്ന പാട്ടുകാരിയായി, താമാശയുമായി കൂടുന്ന ജേഷ്ഠസഹോദരി, ഓരോ വിദ്യാർഥിയുടെയും വളർച്ചയിൽ അത്രമേൽ ഉത്കണ്ഠയോടെ വിശേഷങ്ങൾ തിരക്കുന്ന വിശേഷണങ്ങളില്ലാത്ത ഒരാളായി, അങ്ങിനെ പലതുമായിരുന്നു ഞങ്ങൾക്ക് ധന്യാമ. മാറിവരുന്ന ഓരോ പുതിയ ബാച്ചിലെ കുട്ടികളും വ്യത്യാസമില്ലാതെ ആ പേരിനൊപ്പം അമ്മയെന്ന് കൂടെ വിളിച്ചു.

ലോകവിജ്ഞാന ആംഗലേയ പരപ്പിൽ ഒരു ഹംസരാഗമായി ഒഴുകി നടക്കുമ്പോഴും അമ്മമലയാളത്തിന്റെ മാതൃത്വം കൈവിടരുതെന്ന നിഷ്കർഷയുള്ള അദ്ധ്യാപിക. ഇന്ത്യൻ സൗന്ദര്യശാസ്ത്രവും ഫൊണെറ്റിക്സും അത്രമേൽ നെഞ്ചിൽ ചേർത്തുപിടിച്ച അപൂർവ സിദ്ധി. കവിത്വവും ആംഗലേയ സാഹിത്യപാണ്ഡിത്യവും തത്വചിന്തയും ഭാഷാ സൗന്ദര്യവും സാഹിത്യലോകത്തിനു സമർപ്പിച്ച മഹാകവി ഡോ.കെ. അയ്യപ്പപണിക്കർ എന്ന കവിവര്യന്റെ ശിഷ്യക്കു അങ്ങനെയാകാനെ തരമുള്ളു. ക്ലാസ്സിൽ ഞങ്ങളോട് സംസാരിക്കുമ്പോളെല്ലാം അദ്ദേഹത്തെ കുറിച്ചുള്ള ദീപ്തമായ സ്മരണകൾ ഞങ്ങളുമായി ധന്യാമ പങ്കുവക്കാറുണ്ടായിരുന്നു.

സരസമായ അധ്യാപനശൈലി, എല്ലാകുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ആ മണിക്കൂറുകൾ കടന്നുപോവുന്നത് അറിയാറെ ഇല്ല. മിക്കപ്പോഴും സിലബസിന്റെ കടമ്പകൾ ചാടിക്കടന്ന് വിജ്ഞാന മേച്ചിൽ പുറങ്ങളിൽ ഞങ്ങളെ കൂട്ടികൊണ്ട് പോകും. ഞങ്ങളും അത് കാത്തിരിക്കും.

ബന്ധങ്ങൾ, ധന്യാമക്കു വില കല്പിക്കാനാവാത്തതാണെന്നു പലപ്പോളും തോന്നിയിട്ടുണ്ട്. ഇനിയും ഉയരങ്ങളവശേഷിക്കയാണ് ആ നന്മമരം ഓർമയായത്.

ധന്യാമയുടെ ക്ലാസുകൾ ആയിരുന്നു ജനറൽ ക്ലാസുകൾ മാത്രം കിട്ടിയിരുന്ന മറ്റു ഡിപ്പാർട്ടുമെന്റ്ലെ കുട്ടികൾക്ക് ഞങ്ങളോട് തോന്നിയ ഏറ്റോം വലിയ അസൂയ. ധന്യാമയുടേത് ക്ലാസ് ആയിരുന്നില്ല, മറിച്ചു മറ്റെന്തൊക്കെയോ ആയിരുന്നു. ഒരു ക്ലാസ്സിൽ ഇരിക്കുന്ന ഗൗരവത്തോട് കൂടെയൊന്നും ഇതുവരെ ഇരിക്കേണ്ടി വന്നിരുന്നില്ല.

“ഇന്ന് നിങ്ങൾ പെട്ടുട്ടാ , നിങ്ങളുടെ കഷ്ടകാല ഇന്ന്. അടുപ്പിച്ചു മൂന്ന് മണിക്കൂറും ഞാനാ.” ക്ലാസ്സിലേക്ക് കടന്നുവന്ന് ധന്യാമ പറയും. പക്ഷെ, സത്യത്തിൽ ഞങ്ങൾ ഉള്ളാൾ സന്തോഷിക്കും. പിന്നെ കഥകളായി, കളിയാക്കലുകളായി, പിണക്കോം ഇണക്കോം എല്ലാം ചേർന്ന് ക്ലാസ് മുന്നോട്ട് നീങ്ങും. ചിലപ്പോൾ ഇതെ കഥ മുൻപ് പലപ്പോളായി കേട്ടതാവാം, എന്നാലും എപ്പോളും കേൾക്കാൻ ഒരു രസമായിരുന്നു.

തായ്‌ലന്റിൽ ഇന്ത്യയെ പ്രതിനിതീകരിച്ചു ധന്യാമ പോയത് കേട്ടപ്പോളാണ് ഏറെ അഭിമാനവും അത്ഭുതവും കൂറുന്ന കണ്ണുകളുമായി ഞങ്ങളിരുന്നിട്ടുള്ളത് . മകനു അപകടം സംഭവിച്ചതും അതിനെ അതിജീവിച്ചതും ധന്യാമയുടെ മനകരുത്തിന്റെ അടയാളമാണ്. അത്യാഹിത വിഭാഗത്തിൽ കിടക്കുന്ന മകനുമായി നടത്തിയ കത്തിടപാടുകൾ, മാതൃത്വത്തിന്റെ മൂർത്ഥ

സ്ഥായി ജ്വലിപ്പിക്കുന്ന ആ കത്തുകളെ പറ്റി കേൾക്കുമ്പോൾ കണ്ണുകൾ ഈറനണിയാറുണ്ട്.

ക്ലാസ്സിൽ അച്ഛനെ പറ്റിയും പറയുമായിരുന്നു. പറയുമ്പോൾ ധന്യാമയുടെ കണ്ണുകളിൽ ഒരു തിളക്കമുണ്ട്. ആ മൂക്കുത്തി കല്ലിന്റെ തിളക്കം പോലെ. ഒരിക്കൽ ക്ലാസ്സിൽ വർത്തമാനത്തിനിടയിൽ അച്ഛന്റെ ഒർമ്മ കയറിവന്നു. പിന്നെ അത് അവസാനിച്ചത് ക്ലാസ്സിനെ ഒന്നാകെ കരയിപ്പിച്ചുകൊണ്ടായിരുന്നു. അത്രയും സെന്റിമെന്റൽ ആയിരുന്നു ധന്യാമ. സ്നേഹിക്കാൻ മാത്രമറിയുന്ന, പക്ഷപാതിത്വം കാണിക്കാൻ അറിയാത്ത, ഓരോ വിദ്യാർത്ഥിയെയും അത്രമേൽ ശ്രദ്ധിക്കുന്ന അങ്ങനെ അങ്ങനെ പലതും.

കോളേജ് ഫൈൻആർട്സിലും സ്പോർട്സിലും ധന്യാമ കുട്ടികൾക്ക് ഒരു ഊർജ്ജമായിരുന്നു. സ്ക്രീനിംഗിന് ധന്യാമക്കു മുന്നിൽ ആദ്യവർഷം പലരും കഴിവുകൾ പ്രദർശിപ്പിച്ചത് മുട്ടുവിറച്ചായിരുന്നു. ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ്ലെ ഗ്രൂപ്സോങ്ങിന്റെ നേതൃത്വം ധന്യാമക്കാണ്. പാടികഴിഞ്ഞു ഇറങ്ങുമ്പോൾ മിസ്സിന്റെ മുഖത്തൊരു പുഞ്ചിരിയുണ്ട്. അത് കാണാൻ കൊതിച്ചവരായിരുന്നു ഞങ്ങളോരോരുത്തരും. അവസാനം ഓവറോളും എടുത്തു ആഘോഷിച്ച് പാടി നടക്കുമ്പോൾ വീണ്ടും കാണാം ആ വിടർന്ന മുഖം.

ഫൈൻആർട്സ് സെക്രട്ടറി ആയിരുന്നപ്പോൾ ധന്യാമയുടെ ക്ലാസുകൾ കളയാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഞാൻ ക്ലാസ് മിസ്സാക്കുന്നുണ്ടോ എന്ന് ധന്യാമേം ശ്രദ്ധിച്ചിരുന്നു. "ദേ യൂണിയനൊക്കെ ഇത്ര മതി, ഒക്കെ കഴിയുമ്പോ മാർക്കാ എല്ലാരും നോക്കാ". എപ്പോളും ഒരു കരുതൽ ഉണ്ടായിരുന്നു ധന്യാമയുടെ വാക്കുകളിൽ.

ഇടയ്ക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഓടി വന്നിട്ടൊരു പറച്ചിലുണ്ട്. "എന്റെ ശ്വേതേ, ഒന്ന് പതുക്കെ പറ, എന്തൊരു ശബ്ദാത്. തന്റെ വോക്കൽ കോഡ് വല്ലാത്തൊരു സംഭവാട്ടോ". ഫൊണെറ്റിക്സ് ക്ലാസ് എടുക്കുമ്പോ വോക്കൽകോഡ് ലെ സ്ത്രീ പുരുഷ വ്യത്യാസം പഠിപ്പിക്കുമ്പോളും പറയും, "എക്സെപ്ഷൻസ് ഉണ്ട്ട്ടോ, നമ്മടെ ശ്വേതയെ പോലെ". ഇതൊക്കെ ധന്യാമ എനിക്കു തന്ന, എനിക്കുമാത്രം താലോലിക്കാൻ ഉള്ള ഓർമകളാണ്. അപ്പോളും, മുറിവേൽപ്പിക്കുന്ന ഒരു കളിയാക്കലും ധന്യാമ നടത്തിയിട്ടില്ല.

ഇന്ത്യൻ എസ്തെറ്റിക്സ് ക്ലാസ് വല്ലാത്ത ഒരു അനുഭവം തന്നെയായിരുന്നു. പഠനത്തിൽ പുറകിൽ ഉള്ളവരെ കൂടെ ഉൾകൊള്ളിച്ചു ക്ലാസ്സ് എടുക്കുന്നത് ഒരു പ്രത്യേകശൈലിയിലൂടെ ആണ്. ധന്യാമ എപ്പോളും പറയും, ഞാൻ അവർക്ക് വേണ്ടിയാ ക്ലാസ് എടുക്കുന്നെ എന്ന്. പിന്നെ ധന്യാമ തരുന്ന നോട്ട്സും. ആ നോട്ട്സ് ഉണ്ടേൽ തന്നെ ഒരു വിശ്വാസമാണ്. നല്ലോണം പഠിച്ചു മാർക്ക് മേടിക്കാം എന്ന വിശ്വാസം. പിന്നീട് പി ജി ക്കു പഠിക്കുന്ന ഞങ്ങളുടെ സീനിയർസ് പറഞ്ഞീട്ടുണ്ട്. അന്നത്തെ ധന്യാമയുടെ നോട്ട്സ് തന്നെയാണ് ഇന്നും ഞങ്ങൾ ഉപയോഗിക്കുന്നത് എന്ന്.

ഇന്ത്യൻ എസ്തെറ്റിക്സ് ധന്യാമയുടെ PhD ടോപിക് ആയത്കൊണ്ട് തന്നെ ഗഹനമായ ഒരു ചിത്രം ആദ്യമേ ധന്യാമ പറഞ്ഞുതന്നിരുന്നു. കലയും എഴുത്തും ഒക്കെ കൂട്ടി കലർത്തിയ ഒരു സാഹിത്യലഹരി. ഒരുപാട് വലിയ പുസ്തകങ്ങളെ പരിചയപ്പെടുത്തും, വലിയ എഴുത്തുകാരെ പറ്റി സംസാരിക്കും, എഴുത്തുകളെ വിശകലനം ചെയ്യും, കഥകളിയും മുദ്രയും നാട്യവും സംഗീതവുമൊക്കെ ചേർന്ന് ഒരു കൂത്തമ്പലമാവും ക്ലാസ്. അതുകൊണ്ട് തന്നെയാവും ഞങ്ങളോരോരുത്തരും വിരസതയില്ലാതെ ശ്ലോകവും അർത്ഥവും ഒക്കെ പഠിച്ചതും നന്നായി പരീക്ഷ എഴുതിയതും. ധന്യാമയുടെ ഈ അർപ്പണമാണ് ഓരോ വിദ്യാർത്ഥിയിലും സ്നേഹവും ഒരുപാട് ബഹുമാനവുമർഹിക്കുന്ന ഒരധ്യാപികയായി മാറാൻ ധന്യാമക്ക് കഴിഞ്ഞത്.

എന്റെ പ്രോജക്ട് ഗൈഡ് ധന്യാമ ആയിരുന്നു. ഞങ്ങൾ നാലാളേം വിളിച്ച്, നിങ്ങള്ക്ക് പറ്റിത് ചിൽഡ്രൻസ് ലിറ്ററേച്ചർ ആണ് എന്ന് പറയേം, ബുക്ക് സെലക്ട് ചെയ്തുതന്ന് എങ്ങനെ ചെയ്യണം എന്ന് പറയേം ചെയ്തു. ഗ്രൂപ്പ് ആയും individual ആയും ചെയ്യാമെന്നിരിക്കെ individual ആയാണ് ഞങ്ങളെ കൊണ്ട് ചെയ്യിപ്പിച്ചത്. ആദ്യമൊക്കെ individual ആയി ചെയ്യുമ്പോൾ നീരസമായിരുന്നു. മറ്റുള്ള കുട്ടികൾ ലാഘവത്തോടുകൂടെ ചെയ്യുമ്പോൾ വെട്ടലും തിരുത്തലും വീണ്ടുംമെഴുത്തുമായി ഞങ്ങൾ മാത്രം. പക്ഷെ, അവസാനം "എന്റെ പ്രോജക്ട്" എന്ന് പറഞ്ഞു കയ്യിൽ പിടിക്കുമ്പോ കിട്ടിയ ഊർജം ചെറുതായിരുന്നില്ല. ഓരോ വരിയിലും എന്റേത് മാത്രമായ വിയർപ്പ്. ആ ഒരു ദീർഘവീക്ഷണമായിരുന്നു ധന്യാമയുടെ പ്രത്യേകത. പക്ഷെ, അവസാനം ആ പ്രോജക്ട് ഒന്ന് ഏറ്റുവാങ്ങാൻ ധന്യാമ കാത്തുനിന്നില്ല. അപ്പോളേക്കും വയ്യാണ്ടായതിനാൽ വരാണ്ടായി കോളേജിലേക്ക്.

ധന്യാമ.. ഗുരുദക്ഷിണയായി അവസാനമായി ഒരു വാക്ക് മാത്രം. ഞങ്ങളുടെ മാതൃകാ അദ്ധ്യാപിക സങ്കൽപ്പത്തിൽ ഒരു നക്ഷത്ര തിളക്കമായിരുന്നു ധന്യാമ. അത് എന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും.

'നിലാവസ്തമിച്ചു
മിഴിച്ചെപ്പടച്ചു
സനിശ്വാസമാ ഹംസഗാനം നിലച്ചു
നിശാഗന്ധി നീയെത്ര ധന്യ'

ഓ ൻ വി കുറിപ്പിന്റെ ഈ വരികൾ ധന്യാമക്കുള്ള കൂപ്പുകൈ ആണ്. എന്റെ കൂപ്പുകൈ അല്ല, ഞങ്ങളുടെ കൂപ്പുകൈ.......

# Department Activities

## Commerce
















PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
Department of Commerce
INDUSTRIAL INTERACTION PROGRAM SERIES
Resource Person:
Alok Thomas Paul,MD,CEDAR Retail Pvt.Ltd.
INDIAN RETAIL INDUSTRY: PROSPECTS & CHALLENGES
AUG • 18 • 2020
Tuesday
ON GOOGLE MEET
11 Am-12.30 PM
FIND US ON: PRAJYOTINIKETAN.EDU.IN/COMMERCE/


REC



PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
Department of Commerce
AUG
08
2020
3.30 PM
to
4.30 PM
ASHOK KUMAR,
PROMOTER & MD,
LOTUSKNOWLWEALTH
INDUSTRY
INTERACTION
PROGRAM
BASED ON CAPITAL
MARKET AWARENESS
INITIATIVE BY BSE LTD


Madhusoodanan Kartha






Rise
PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
DEPARTMENT OF COMMERCE
Join Our Next Webinar on
RIGHT
CAREER
LIVE STREAMING
Google Meet
8129235785 | 87141 41747
Date
Wednesday,
APRIL 9
Hour
9 AM
REGISTER NOW


Webinar
Digital Financial Security & Importance of savings attitude in Life
Led by V.R Ramachandran
6th February,Saturday @10:00 AM
Via Google Meet
Conducted by,
Dept. of Commerce
Prajyothi Nikethan College, Thrissur
In association with Field Outreach Bereau, Govt. Of India, Ministy of Information and Broadcasting, Thrissur



DEPARTMENT OF COMMERCE
PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
In association with
SANTHIGIRI
INSTITUTE OF MANAGEMENT
Managed by CMI Fathers
MBA
Webinar on
'DATA ANALYTICS AND JOB OPPORTUNITIES'
DEC 08 2020
3:00 PM TO 4:00 PM
PLATFORM : ZOOM
MEETING ID : 8408973358
PASSCODE : 1234
E- Certificate
will be provided to - those who fill the feedback form
III SERIES 9
SPEAKER
MR. ABDUL KAREEM M A
SOFTWARE ENGINEER, JP MORGAN CHASE & Co.
ADJUNCT FACULTY, CHRIST UNIVERSITY, BANGALORE
Vazhithala, Thodupuzha
www.santhigiriinstituteofmanagement.in
9447 598 374 / 8281 210 209






Prajyoti Niketan College, Pudukad
Govt Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
Department of Commerce
In association with
IQAC commemorates..
WOMEN ENTREPRENEURSHIP DAY
"Celebrate,Empower and Support Women in the business worldwide"
Dr. Elavarassy P Jayakanth
Founder and CEO, Elavarassy Foods Pvt Ltd
DATE:19-11-2020, THURSDAY
TIME : 4 PM
PLATFORM: GOOGLE MEET
Dr. SHAIJAN PAUL
Principal
Ms. JEETHA JOHNY
Coordinator
Dr SIMI VARGHESE
IQAC Coordinator







# बेरोज़गारी-एक बढ़ती समस्या

**Joel** (II Year, Computer Science)

आज के समाज में बेरोज़गारी एक गंभीर समस्या बन रही है। सरकार के मुताबिक आज शहरी बेरोज़गारी दर १०.३ऽ पर है। भारत में वैसे भी बेरोज़गारी की समस्या है। लेकिन कोरोना वयरस के कारण आज यह विषय और भी गंभीर हो गया है। इसका असर भारत के अर्थव्यवस्था पर भी पड रहा है।

यह सिर्फ भारत के कुछ राज्यों का समस्या नही है। यह समस्या हमें बिहार, जैसे गरीब राज्यों से बेहबर राज्य जैसे कि केरल में देखा जा सक्ता है। हमारे देश में आधी से ज्यादा जनसंख्या २९ साल से नीचे है। अगर इस विषय को सुधारने की कोशिश नहीं किया तो यह हमारे देश के अर्थव्यवस्था का हालत बुरा कर सकता है।

बेरोज़गारी के कई कारण हैं। उनमें से सबसे बड़ा कारण युवकों को ठिक प्रकार का शिक्षा ना मिलना है। विद्यार्थियों को स्कूल या कॉलेज में अच्छे अंक लाने के लिए पढ़ाया जाता है। लेकिन उसके अलावा उनके रोज़गार संबंधित शिक्षा नही मिलता है। इससे उन्को नौकरी करने का अवसर मिलने पर भी वह नाकामयाब हो जाते है।

दूसरा कारण यह है कि युवकों को अच्छा या कोई भी सोज़गार नहीं मिल रहा है। इसके कई कारण हो सकते है। लोगों को अपना नया कंपनी या व्यापार खोलने के लिए सरकार या बैंकों द्वारा सहायता नहीं मिलना एक कारण है। विदेशी कंपनियाँ भारत में अपनी शाखा खोलना नहीं आ रहे है और कई विदेशी कंपनियाँ भारत छोड कर रहे है।

जनसंख्या को भी बेरोज़गारी का एक कारण माना जाता है। एक धर में ज्यादा बच्चे होने से उनको अच्छी प्रकार की शिक्षा नहीं मिलती और वह बेरोज़गार रह जाते है। भारत में लगभग १५ऽ महिलाएँ है और यह हमारे देश को और भी गरीब बना सकता है।

बेरोज़गारी को खत्म करना लगभग नामुमकिन है लेकिन उसको काम करने के लिए कई कदम लिए जा सकते है। सरकार को स्कूल और कॉलेज के विद्यार्थियों को सिर्फ पुस्तक की पढ़ाई से हत्कर नौकरी दिलाने वाले कौशल देने से ज्यादा से ज्यादा लोगो को रोज़गार मिल सकता है।

इसके अलावा सरकार और बौंकों को युवको को नई कंपनियाँ और व्यापार शुरु करने के लिए पैसे और उसका ज्ञान देना चाहिए। इससे वह सिर्फ अपने लिए ही नही बल्कि अन्य लेगों को भी नौकरी दे सकते है। इसके साथ लोगों के लिए रोज़गार का अधिक अवसर बनाने के लिए सरकार को औद्योगिक क्षेत्र को बढ़ावा देने के लिए कदम उठाना चाहिए।

सरकार और अन्य लोगों को जनसंख्या नियंत्रण के महत्व के बारे में बताना चाहिए और गरीब लोगों को कोई न कोई रोज़गार दिलाने की कोशिश करना चाहिए। जो औरत अपने धर के ताहर नैकरी नही कर सकते उनको घर में बैठकर करने वाले नौकरी देने की भी ज़रूरत हैं।

एक देश की बेरोज़गारी और अर्थव्यवस्था एक दुसरे पर निर्भर है। अगर को बेरोज़गारी ठर बढ़ेगा तो वह अर्थव्यवस्था  का हालत खराव कर सकता है। उससे देश के विकास में भी असर पड सकता है। इसलिए सरकार और समाज को बेरोज़गारी एक बड़ा समस्या मानते हुए उसे सुधारने की कोशिश करनी चाहिए।



# IT'S NOT ROCKET SCIENCE,

**JERRY JOHNY**
(Lecturer, Department of Commerce)

**"It's not rocket science, screamed the financial planner from the rooftops, but his cries fell on deaf ears"**

The above line looks like it was taken out of a thriller novel but this my friends is the reality of things. Every time someone starts talking about financial concepts like cash flows, investments, stock markets, heads spin, concepts fly all over the place and like every average human being we procrastinate these things as much as we can. Kind of seems like rocket science right? I have news for you... **IT'S NOT ROCKET SCIENCE** .
To fully understand Financial freedom specific terms must be clearly understood. Those essential terms include safety, Income & Expenditure, Savings, Cashflows & Investments. The whole rocket science of financial freedom boils down to the following few simple things:

**1. Understanding the nature of your income and expenditure:**

Two words that constantly determine our way of life, our social circles and even our relations are Income & expenditure. Your very 1st step towards financial freedom starts with analysing the nature of your income and expenditure. The major source of income is your salary/wages or sales from your business. The majority of us have something resembling a steady monthly salary or daily wage, but for others, the so-called income may not have a steady nature. Failure to understand the nature of your income can lead to unnecessary cash shortages which will force you to borrow more creating further unnecessary expenditures and liabilities. Such liabilities and expenses tend to grow and if left and checked can bury you in a mountain of debt. The same goes for expenses. Certain expenses are regular like rent or groceries, while others may not follow any kind of pattern like a sudden medical emergency. A clear picture of your income and expenditures will help you understand the differences between them. We can do things to help us in this firstly recording your transactions and secondly maintaining a budget after analysing the income-expense pattern for a few months.

**2. Arriving at Savings**

After an analysis of the Incomes and expenditures, we arrive at the much-awaited Savings but do keep in mind that an Income-expense analysis must be done for a few months to get a general pattern of things that happen in

your life. The simple equation for this is

**Income -Expense=Savings**

Please don't stop reading because of the word equation (like me some of you may not be a fan of Mathematics). This is a fairly simple concept. Higher your income when compared to your expenses, the higher the savings. Simple right? but why is it, for many of us, at the end of most months rather than having any savings we may owe someone a certain amount of money. This happens primarily for two reasons. Firstly and the major cause is mismanagement of funds and secondly unexpected expenses. The 1st can be dealt with by having a budget while the 2nd issue requires the use of 3 things I.e an emergency fund, life insurance and Health Insurance which I plan to deal with in my future post.

**3. Protecting yourself and your family**

The word protection when it comes to financial freedom covers mainly three things- funds for emergency, funds for health and funds for death. Emergencies come in different shapes and sizes especially when you least expect them. These Emergencies have a tendency of destroying the financial health of not just an individual but also their family. e.g sudden loss of job, loss of business due to pandemics etc. To deal with such situations we create something known as an **emergency fund** which usually contains an amount equal to 3 to 6 months' worth of expenses, usually kept in short-term investment options like treasury funds/ flexible FDs or liquid funds etc which can be easily accessed without any loss of value to the fund. The main purpose of this is to make sure you can survive for the duration without compromising the standard of living. To deal with emergency of health we require the use of **health insurance** which covers the family. For an average Indian household, a coverage between 3 to 8 lakhs can be sufficient (keeping in mind certain factors which we will deal with in the future posts). Finally, for the emergency of death(of the earning member) the only thing that we would ever need is **term insurance** or as I would call it only insurance no nonsense. The benefit is small premium large coverage. I will be dealing with these above-mentioned points in great detail in my future blog posts.

**4. Converting savings into investment**

Once we get into the habit of creating savings and we have stocked our emergency funds the next thing to focus on is to make our money grow. That's where words like investing come into the picture. Many times people confuse savings for investment. So to clear the misconception repeat after me **"SAVINGS AND INVESTMENTS ARE NOT THE SAME"**. While savings means having an excess of income over your expenses, investment means giving up/ sacrificing something that you have or can have now for something better which you would receive at a future date e.g giving up Rs15,000 of your this month's savings with which you can buy a smartphone and putting that amount into an equity mutual fund or an FD etc the benefit you can get in the future. The important thing to remember when we consider investments are:

* Investment Objectives(Purpose e.g retirement, buying a house, children's education, vacation etc.
* Risk appetite(How much risk are we ready to take)
* Gathering knowledge regarding Investment possibilities/Instruments
* The time frame for the investment (how long are gonna stay invested)

And lastly, the most unpopular but something that I feel is absolutely necessary for this day and age.

**5. Create a WILL in case of your demise:**

The mere suggestion of the topic is a source of discomfort for many of us. The main purpose of a will is to provide directions as to how the people you leave behind should tackle the financial uncertainty left behind by you. The other purpose is to find out who gets what and when which very often is a source of strain in the family. By doing the sensible act of creating a will we can ensure that even in our absence there would be a sense of order and direction for the people we behind.

Keeping in mind the above things would ensure that you would be on the right track for attaining financial freedom. Yes, it won't happen in an instant but following these points consistently you would be on track in no time.

# പാലക്കാടൻ കാറ്റും ഒരുപിടി ഓർമ്മകളും



**വിസ്മയ** (മനഃശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

മണിമാമ വെറും ഓർമയായ ദിവസം. മണിമാമ... ഒരു ചങ്ങാതിക്കു തുല്യനായ എന്റെ വീട്ടിലെ അപ്പൂപ്പൻ. പേര് ഗോപാലകൃഷ്ണൻ നായർ എന്നായിരുന്നുവെങ്കിലും നാട്ടുകാർക്ക് മുഴുവൻ "മണിമാമ' ആയിരുന്നു. അച്ഛന്റെ അമ്മാവനായിരുന്നതിനാൽ നാല് തലമുറകളുടെ കഥകൾ കൂടെ കൊണ്ടുനടന്നിരുന്നു മണിമാമ. ഞാൻ കുട്ടിയായിരുന്നപ്പോൾ എന്റെ കൂടെ കളിച്ചു. എന്റെ നഴ്സറി കഥകളിലെ ഷോൺ ബേബിയും മറ്റ് കഥാപാത്രങ്ങളുമായി മാറി. എന്നെ സ്കൂളിൽ കൊണ്ടാക്കാനും വാൻ കയറ്റിത്തരാനും കൂടെ വന്നു. മണി മാമയും ഒപ്പം പാലക്കാടൻ കാറ്റും കഥകളും. തന്റെ ചെറുപ്പകാലത്തെ കഥകൾ ഓരോന്നായി പറഞ്ഞുകേൾപ്പിച്ചു. പുലർച്ചെ പുഴയിൽ കുളിക്കാൻ പോയതും ചുഴലിക്കാറ്റടിച്ചതും നെഹ്റുവിനെ കണ്ടതും റോമിയുടെ കഥകളും എല്ലാം വീണ്ടും വീണ്ടും പറഞ്ഞു തന്നു. അന്നൊന്നും എനിക്കവമടുത്തതേയില്ല. അന്നത്തെ കുട്ടിയുടെ കൂട്ടുകാരനായിരുന്നു, വയസ്സേറെയായിട്ടും മുടിനരക്കാത്ത മണിമാമ.

എന്നാൽ കുറച്ചു കൂടി വലുതായ എനിക്ക് വാർദ്ധക്യത്തോടും മണിമാമയോടും ചെറുതായി വെറുപ്പ് തോന്നിത്തുടങ്ങി. മണിമാമയുടെ കേൾവിക്കുറവും ഓർമക്കുറവും ക്ഷീണവും എനിക്ക് അസഹനീയമായി. മണിമാമയൊത്ത് ചെലവഴിച്ച സമയം ഞാൻ നന്നേ വെട്ടിക്കുറച്ചു. വയ്യാതായതിനാൽ വാൻ കയറ്റാനും മണിമാമ വരാതെയായി. വാർദ്ധക്യത്തിന്റെ അവശതകൾ അവസാനം എത്തിപ്പിടിക്കുക തന്നെ ചെയ്തു. കഫം കെട്ടി നിന്ന നെഞ്ചിലെ ശ്വാസോച്ഛ്വാസം പുറത്തേക്ക് കേൾക്കാമായിരുന്നു. എന്നിട്ടും ഒരു ദിവസം അത് നിലച്ചത് ഞങ്ങൾ അറിഞ്ഞില്ല. പിന്നെ ആരു വിളിച്ചിട്ടും മണിമാമ ഉണർന്നില്ല. രാത്രി നേരമായിരുന്നു. ശരീരത്തുനിന്നും ചൂടകന്നിട്ടില്ല. ഡോക്ടർ വന്ന് മരണം സ്ഥിരീകരിച്ചശേഷം മണിമാമയെ വെള്ളപുതപ്പിച്ചു ഹാളിൽ കിടത്തി. എനിക്ക് എന്തുകൊണ്ടോ അഗാധമായ ദുഃഖമൊന്നും അനുഭവപ്പെട്ടില്ല. മരണം ഇത്ര നിസ്സാരമായിരിക്കുമെന്ന് ഞാൻ കരുതിയില്ല. ശാന്തനായ് വിശ്രമിക്കുകയായിരുന്നു മണിമാമ. മരിച്ചു കിടക്കുകയാണ് എന്ന് തോന്നുകയേയില്ല. മരണം എത്ര നിശ്ശബ്ദനായ് വന്നു! മണിമാമയുടെ മുഖം ഒരു സ്വപ്നത്തിൽ മുഴുകിയതുപോലെ തോന്നിച്ചു. മരണത്തിന്റെ തീവ്രത തിരിച്ചറിയാൻ അന്ന് എനിക്കായില്ല.

അന്ന് ഞാൻ തുച്ഛസ്ഥാനം കൊടുത്ത മണിമാമയുടെ പാലക്കാടൻ കഥകൾ കേൾക്കാൻ ഇന്ന് വളരെയേറെ കൊതിക്കുന്നു. തിരക്കുകൾക്ക് നടുവിൽ മണിമാമയെ തന്നെ ഞാൻ പലപ്പോഴും എവിടെയോ മറന്നുവെച്ചു. ഈ നഷ്ടം സംഭവിച്ചിട്ട് കുറച്ചു വർഷമേ ആകുന്നുള്ളൂ. എന്നിട്ടും മണിമാമയുടെ ചിത്രങ്ങൾക്ക് എന്റെ മനസ്സിൽ ജീവനില്ലാത്തതുപോലെ ഏതോ സ്വപ്നം ഓർത്തെടുക്കാൻ ശ്രമിക്കുന്നതുപോലെ. സത്യമോ സങ്കല്പമോ എന്ന് അറിയാത്ത കുറെ ചിത്രങ്ങൾ! അവ മറവിയുടെ ചിതലരിച്ചു തീരും മുമ്പ് എനിക്ക് എവിടെയെങ്കിലും കുറിച്ചുവെക്കണം. ഞാൻ ഒന്നു കൂടി കേൾക്കാൻ കൊതിക്കുന്ന കഥകളുമായി മണിമാമ തിരിച്ചു വരാത്ത ലോകത്തേക്ക് പോയി. പക്ഷേ കഥകളുറങ്ങുന്ന ആ തറവാടും മണ്ണും പുഴയും ഒരിക്കൽ ഞാൻ തേടിച്ചെല്ലും.

വേരുകൾ തേടിയൊരു യാത്ര...



# ആർക്കാണ് മാറ്റം വേണ്ടത്?

**എൽസ എലിസബത്ത് വിൽസൺ**
(മനഃശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

സമൂഹത്തിന്റെ ഭാഗമാണ് പുരുഷനും സ്ത്രീയും. ആരാണ്? എന്താണ്? ധനം, അത് പലപ്പോഴും നാം മറന്നു പോകുന്നു. പുരാതന കാലങ്ങളിൽ തന്നേ വലിയ ആദരവോടെയാണ് സ്ത്രീയെ കാണുന്നത്. സ്ത്രീയെ സഹോദരിയായും അമ്മയായും ഭൂമിദേവിയായും ചിത്രീകരിക്കുന്നു. കോടിക്കണക്കിന് ജനങ്ങളുടെ ചവിട്ടു വഹിക്കുന്ന രൂപമായും ജീവൻ നിലനിർത്താൻ ആവശ്യമായ ഘടകങ്ങളെ സ്ത്രീയായിട്ടാണ് വർണിക്കുന്നത്. ജോലി ഇല്ലെങ്കിലും സ്ത്രീകൾക്ക് മാന്യമായ ഒരു സ്ഥാനം നല്കിയിരുന്ന സംസ്കാരം ഉള്ളവരാണ് നമ്മൾ.

സ്ത്രീധനത്തിന്റെ ഉത്ഭവം

ഇതിന്റെ ഉത്ഭവം പുരാതന സംസ്കാരമായ ബാബിലോണിൽ നിന്നാണ്. ബാബിലോണിയൻ സംസ്കാരത്തിന്റെ നിയമപുസ്തകമായ ഹമ്മുറാബി കോഡ് (Codes of hammurabi) ൽ സ്ത്രീധന വിവാഹരീതി എന്നത് വ്യത്യസ്തമായ ഒരു രീതിയാണ്. വിവാഹ പ്രായമായ സ്ത്രീകളെ കച്ചവട സ്ഥലങ്ങളിൽ കൊണ്ടുപോകുകയും അവിടെ നിന്ന് നല്ല സ്ത്രീകളെ പുരുഷന്മാർ തിരഞ്ഞെടുക്കുകയുമാണെന്നാണ് ഹമ്മുറാബി കോഡ് എന്ന പുസ്തകത്തിൽ പറയുന്നത്. ഈ തിരഞ്ഞെടുപ്പിന്റെ സമയത്ത് പുരുഷന്മാർ സ്ത്രീകളുടെ കുടുംബത്തിനാണ് പണം നല്കിയിരുന്നത്. ഇതിനെ വധുക്കളുടെ സമ്പത്ത് (Brides wealth) എന്ന് അറിയപ്പെട്ടിരുന്നു. ഒരു കുടുംബത്തിൽനിന്ന് ഒരു സ്ത്രീയോ പുരുഷനോ മറ്റൊരു കുടുംബത്തിലേക്ക് പോകുന്ന സമയത്ത്, ആ വ്യക്തി തന്റെ കുടുംബത്തിന് ചെയ്തിരുന്ന സേവനങ്ങൾ നിർത്തലാകുകയും ഇങ്ങനെ ഉള്ള നഷ്ടം നികത്തുന്നതിനുവേണ്ടിയാണ് പണം കൊടുത്തിരുന്നത്. ഈ സംസ്കാരത്തിനും സ്ത്രീധനം എന്ന ആചാരം നിലനിന്നിരുന്നു. കച്ചവട സ്ഥലങ്ങളിൽ ആരും വാങ്ങാതെ പോകുന്ന പെൺകുട്ടികളെ നിർബന്ധിച്ചു വാങ്ങിക്കുന്നതിനു വേണ്ടിയാണ് ബാബിലോൺ സംസ്കാരത്തിൽ Dowry എന്ന ആചാരം നിലനിന്നിരുന്നത്. ഇങ്ങനെ സ്ത്രീയെ വെറുമൊരു വില്പന ചരക്കായി, സ്ത്രീകളുടെ ആത്മാഭിമാനത്തെ തന്നെ കളങ്കപ്പെടുത്തുന്ന രീതിയിലുള്ള ഒരു രീതിയായിരുന്നു ബാബിലോൺ സംസ്

കാരത്തിലുള്ള സ്ത്രീധനം എന്നത്. പുരാതന ഗ്രീസിലും വധുക്കളുടെ സമ്പത്ത് ("Brides wealth") സമ്പ്രദായം തന്നെയായിരുന്നു. പിന്നീട് ഇന്ത്യ സന്ദർശിച്ചിട്ടുള്ള നിരവധി വിദേശ സഞ്ചാരികൾ ഇന്ത്യൻ വിവാഹങ്ങളെ പറ്റി തങ്ങളുടെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: ഒരു പുരുഷൻ സ്ത്രീയെ തിരഞ്ഞെടുക്കുന്നത് അവളുടെ കഴിവും സൗന്ദര്യവും കണ്ടിട്ടാണ് അതിനോടൊപ്പം പുരുഷന്മാർ ചില അവസരങ്ങളിൽ സ്ത്രീകൾക്ക് സമ്മാനം കൊടുക്കുന്ന പതിവും ഉണ്ടായിരുന്നു. ഇത് സ്ത്രീകൾക്ക് സ്വീകരിക്കാം അല്ലെങ്കിൽ തിരസ്കരിക്കാം. ഇങ്ങനെ ഇന്നത്തെ സംസ്കാരത്തിന്റെ വിപരീതമായ ഒരു സംസ്കാരമായിരുന്നു പുരാതനകാലത്ത് നടത്തി വന്നത്. ഇവിടെയെല്ലാം സ്ത്രീയെയാണ് ഒരു ധനമായിട്ട് കാണുന്നത് അല്ലാതെ സ്ത്രീയുടെ ഭാഗത്ത് നിന്ന് വരുന്ന ധനമല്ല സ്ത്രീധനം എന്നത്.

പിന്നീട് ആദിവാസി സംസ്കാരത്തിലും ഇതേ രീതി തന്നെയാണ് പിൻതുടർന്ന് വന്നത്. കാലപഴക്കം മൂലം രീതികൾക്ക് മാറ്റം വരികയും പിന്നീട് സ്ത്രീയുടെ മുമ്പിലേക്ക് കുറെ പുരുഷന്മാർ കടന്നുവരുകയും അവർ അവരുടെ കഴിവുകളും അറിവും തെളിയിച്ചതിനു ശേഷം അതിൽനിന്ന് ഏറ്റവും യോഗ്യനായ പുരുഷനെ തിരഞ്ഞെടുക്കാനുള്ള അധികാരവും അവകാശവും സ്ത്രീകൾക്കു കൊടുക്കുന്ന പ്രക്രിയയായിരുന്നു ''സ്വയംവരം'' എന്നത്. അങ്ങനെ ചരിത്രത്തിന്റെ ഏത് ഭാഗത്തു നിന്നു നോക്കിയാലും ഇന്ന് നമ്മൾ ആചരിച്ചുവരുന്ന രീതിക്ക് നേരെ വിപരീതമായ ആചാരമാണ് പിൻതുടർന്നുവന്നത്.

പിന്നീട് ജാതി-വ്യവസ്ഥകളും പുതിയ സാങ്കേതിക വിദ്യകളും ശക്തിയിൽ വന്നതിന്റെ ഭാഗമായിട്ട് സമൂഹം കൂടുതൽ പുരുഷ സമൂഹമായി മാറുകയും സ്ത്രീകൾ അടുക്കളകളിൽ ഒതുങ്ങിക്കൂടുകയും ആയപ്പോൾ സ്ത്രീക്ക് പുരുഷന്മാരോടൊപ്പം തുല്യസ്ഥാനം നല്കുന്നതിനായും സ്ത്രീയുടെ സുരക്ഷിതത്വത്തിനു വേണ്ടിയും സ്വത്തവകശം കൊടുക്കുന്നതിനു വേണ്ടി പിന്നീട് സ്ത്രീധനം കൊടുക്കുന്നത് ഒരു രീതിയായി മാറി. ഇങ്ങനെ സ്ത്രീധന സമ്പ്രദായം വളരെ വ്യാപകമായ രീതിയിൽ കടന്നു വരുകയും അതിന്റെ പേരിൽ ഗാർഹിക പീഡനം സ്ത്രീധന മരണങ്ങൾ എന്നിവ കണക്കിനും അധികമായ രീതിയിൽ ഉയർന്നു വന്നു.

അതിനാൽ 1961 ൽ സ്ത്രീധന നിരോധന നിയമം സർക്കാർ നടപ്പിലാക്കുന്നത്. പിന്നീട് 1983 ൽ ഇന്ത്യൻ ശിക്ഷാനിയമം 498 വകുപ്പിനൊപ്പം 498 അ എന്ന കൂട്ടിചേർക്കൽ നടത്തി. ഇതോടെ സ്ത്രീധനത്തിന്റെ പേരിൽ മാനസികമായും ശാരീരികമായും ഉള്ള പീഡനവും ക്രൂരമായ പെരുമാറ്റവും നിന്ദയും അടക്കം ക്രിമിനൽ കുറ്റമായി.

**സ്ത്രീധനം**

വീണ്ടും സ്ത്രീധനവും അതുമായി ബന്ധപ്പെട്ട പീഡനങ്ങളുമൊക്കെ വാർത്തകളിൽ നിറയുകയാണ്. കൂടുതൽ സ്വത്തും പണവും ആവശ്യപ്പെടും. ഭാര്യയെ ശാരീരികമായും മാനസികമായും ഉപദ്രവിച്ചു വരുന്ന രീതി നാൾതോറും കേരളത്തിൽ കൂടി വരുകയാണ്. ഭാര്യയെ സ്വന്തം പാതിയായി കാണുന്ന സംസ്കാരം പിന്തുടരുന്നവരാണ് നമ്മൾ മലയാളികൾ.

സ്ത്രീധനം എന്നത് വിവാഹ വേളയിൽ സ്ത്രീയുടെ കുടുംബം അവളുടെ ഭർത്താവിന് കൊടുക്കപ്പെടുന്ന പണമാണ്. സ്ത്രീകളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ടി. എന്നാൽ കഴിഞ്ഞ ദിവസങ്ങളിലെല്ലാം കേരളം കണ്ടത് സ്ത്രീധനത്തിന്റെ പേരിൽ ജീവനൊടുക്കിയ യുവതികളെയാണ്. ഉത്ര, വിസ്മയ, സുചിത്ര, അർച്ചന ഇവരെല്ലാം ഇതിന്റെ ഇരകളായി തീരാൻ ഇടയായി. വർഷങ്ങൾക്കുമുമ്പു തന്നെ നിരോധിക്കപ്പെട്ട നിയമത്തിന്റെ പേരിൽ ഇന്നും സ്ത്രീകൾ ഇരയാകുന്നത്, ഈ നിയമത്തെക്കുറിച്ചുള്ള അജ്ഞതകൂടിയാണ്.

1. അഞ്ചൽ (കൊല്ലം) 2019 മേയ് 7 ന് ഉത്ര (25) – എന്ന യുവതിയെ ഭർത്താവായ സൂരജ് സ്വത്തിനും പണത്തിനും വേണ്ടി അതിക്രൂരമായി കൊന്നു. സ്വന്തം വീട്ടിൽ പാമ്പു കടിയേറ്റായിരുന്നു മരണം.

2. വിഴിഞ്ഞം (തിരുവനന്തപുരം) 2021 ജൂൺ 23 ന് അർച്ചന (22) – എന്ന യുവതിയെ വാടകവീട്ടിൽ പൊള്ളലേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. 18 പവന്റെ ആഭരണം നല്കിയായിരുന്നു പ്രണയിതാക്കളായ അർച്ചനയുടെയും സുരേഷിന്റെയും വിവാഹം.

3. വള്ളിക്കുന്നം (ആലപ്പുഴ) 2021 ജൂൺ 23 ന് സുചിത്ര (19) – എന്ന നവവധുവിനെ ഭർത്തൃവീട്ടിലെ കിടപ്പുമുറിയിൽ തൂങ്ങി മരിച്ച നിലിൽ കണ്ടെത്തിയത്. സ്വർണത്തിനും കാറിനും പുറമെ 10 ലക്ഷം രൂപ കൂടി ഭർത്താവ് വിഷ്ണു ആവശ്യപ്പെട്ടതായും പരാതിയുണ്ട്.

4. പോത്തൻകോട് (തിരുവനന്തപുരം) 2021 ജൂലൈ 21 ന് ഡോക്ടറായ ഭാര്യയെ റോഡിനോടു ചേർന്നുള്ള 10 സെന്റ് സ്ഥലം ഭർത്താവിന്റെ പേരിൽ എഴുതി കൊടുക്കണമെന്നാവശ്യപ്പെട്ടാണ് പീഡനം.

5. ശാസ്താംകോട്ട (കൊല്ലം) 2021 ജൂൺ 23 ന് ബി.എ.എം.എസ്. വിദ്യാർത്ഥി വിസ്മയ വി. നായർ (മാളു – 24) ഭർത്തൃഗൃഹത്തിൽ പുലർച്ചെ 3.30 ന് ശുചിമുറിയിൽ തൂങ്ങി മരിച്ച നിലയിലാണ് കണ്ടെത്തിയത്. സ്ത്രീധനമായി നല്കിയ 80 പവൻ സ്വർണം പോരെന്നും നല്കിയ കാറിനു പകരം വില കൂടിയ കാർ വേണമെന്നും ആവശ്യപ്പെട്ടായിരുന്നു ഭർത്തവായ അസി.മോട്ടർ

വെഹിക്കിൾ ഇൻസ്പെക്ടർ എസ്. കിരൺകുമാർ (30) വിസ്മയയെ ഉപദ്രവിച്ചുകൊണ്ടിരുന്നത്.

സ്ത്രീധനവും അതുമായി ബന്ധപ്പെട്ട മരണങ്ങളും കാരണങ്ങളും എങ്ങനെ സമൂഹം വിലയിരുത്തുന്നു എന്നത് മനസ്സിലാക്കാൻ 18 നും 25 നും ഇടയിൽ പ്രായമുള്ള 54 യുവതി യുവാക്കളുടെ ഇടയിൽ നടത്തിയ പഠനത്തിൽ 25.9% യുവാക്കളും 74.07% യുവതികളും ഉൾപ്പെട്ടിരുന്നു. അതുമായി ബന്ധപ്പെട്ട 14 ചോദ്യങ്ങളും അതിനോട് അനുബന്ധിച്ചുള്ള ഉത്തരങ്ങളും രേഖപ്പെടുത്തി. ഇവിടെ വിസ്മയയെ ഒരു ഉദാഹരണമാക്കി കണക്കാക്കിയാണ് പഠനം നടത്തിയത്.

1. വിസ്മയ കേസ് എന്നതിന് 72.22% കൊലപാതകം എന്നും 27.78% ആത്മഹത്യയായും കാണിക്കുന്നു.

2. നിങ്ങളുടെ അഭിപ്രായത്തിൽ സ്ത്രീധനം എന്നത്? 100% വേണ്ടയെന്നു തന്നെയാണ് അഭിപ്രായം.

3. സ്ത്രീധനത്തിലൂടെ സ്ത്രീയെ വിലക്കു വാങ്ങുന്നു. 83.33% ഈ പ്രസ്താവനയോട് യോജിക്കുന്നു.

4. ഒരു പെൺകുട്ടിക്ക് തന്റെ ജീവിതത്തിൽ അത്യാവശ്യമായി വേണ്ടത് എന്തെല്ലാമാണ്. വിദ്യാഭ്യാസം, തീരുമാനങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, ജോലി, ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും, ധൈര്യം സുരക്ഷിതത്വം.

5. വിദ്യാസമ്പന്നനായ വിസ്മയ ആത്മഹത്യ ചെയ്യുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഇല്ല എന്നാണ് ഭൂരിഭാഗവും. വിദ്യാഭ്യാസം ആത്മഹത്യ കുറയ്ക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ. ഇല്ല എന്നു തന്നെയാണ് ഭൂരിഭാഗ ഉത്തരവും. കാരണം വിദ്യാഭ്യാസവും ആത്മഹത്യയും തമ്മിൽ ബന്ധമില്ല.

6. സ്ത്രീധനത്തിലൂടെ പെൺകുട്ടികൾ വരനെ വിലക്കു വാങ്ങുന്നു (ജോലി, സാമ്പത്തികം എന്നിവ നോക്കി) 74.07 % ഇതിനോട് യോജിക്കുന്നു, 25.93% ഇതിനോട് എതിർക്കുന്നു.

7. എല്ലാം അറിഞ്ഞിട്ടും എന്തുകൊണ്ടാവാം വിസ്മയയും അവളുടെ മാതാപിതാക്കളും വിവാഹമോചനത്തെപ്പറ്റി തീരുമാനം എടുക്കാഞ്ഞത്: അഭിപ്രായം രേഖപ്പെടുത്തുക. സമൂഹത്തിനോടുള്ള പേടി, ദുരഭിമാനം, സാമൂഹിക മാനദണ്ഡങ്ങൾ കാത്തു സൂക്ഷിക്കാനുള്ള തന്ത്രപാട് എല്ലാം സഹിച്ച് വേണം പെൺകുട്ടികൾ മുന്നോട് ജീവിക്കാൻ

**ജെൻഡർ റോൾസിലെ വ്യത്യാസം.**

8. വരുണിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതുകൊണ്ട് ഇതിനെല്ലാം ഒരു അവസാനം ഉണ്ടാകുമോ, ഇനിയും ഇതുപോലെ ഒരുപാട് വിസ്മയമാരെ നമുക്ക് നഷ്ടമാകില്ല എന്ന് എന്താ ഉറപ്പ്. അഭിപ്രായം രേഖപ്പെടുത്തുക. ജോലിയിൽ നിന്ന് പിരിച്ചു വിട്ടതുകൊണ്ട് ഒരു നിയമവും മാറി മാറിയില്ല. ഒന്നും പുതിയതായി എഴുതി ചേർക്കപ്പെടുത്തുന്നുമില്ല. മറിച്ച് എങ്ങനെ പരസ്പരം ബഹുമാനിക്കണം എന്നുവേണം പഠിപ്പിക്കാൻ.

9. 18 വയസ്സ് കഴിഞ്ഞാൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസമല്ല മറിച്ച് വിവാഹം ആണ് ഏറ്റവും പ്രാധാന്യം. ഈ സാമൂഹിക ചിന്തയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു. വിവാഹം എന്നത് തികച്ചും വ്യക്തിപരമായ അഭിപ്രായമാണ്. വിദ്യാഭ്യാസം തന്നെയാണ് വിവാഹത്തെക്കാളും പ്രധാനം.

10. പെൺകുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ വേണ്ടി മാതാപിതാക്കൾ നല്കുന്ന സമ്മാനമാണ് സ്ത്രീധനം. സമ്മാനം എന്നതിനു പകരം അവർക്കു നല്കുന്ന കൊലക്കയർ ആയിരിക്കും. കുടുംബപ്രൗഢിയും അന്തസ്സും അളക്കുന്നത് സ്ത്രീധനമെന്ന സമ്മാനദാനത്തിലൂടെയാണ്.

11. പക്വതയില്ലാത്ത പ്രായത്തിൽ വിവാഹം ചെയ്തു കൊടുക്കുന്നതിലൂടെ ജീവിതത്തെ ഒരു വ്യത്യസ്തമായ വീക്ഷണത്തിൽ കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമോ? നിങ്ങളുടെ വിലയേറിയ അഭിപ്രായം രേഖപ്പെടുത്തുക. തീർച്ചയായും ഇല്ല, ജീവിതത്തിലെ നല്ല കാലഘട്ടം നഷ്ടമാകുകയാണ് മാനസിക പക്വതയാണ് എല്ലാറ്റിനും ഉപരിയായി വേണ്ടത്.

12. ആത്മഹത്യക്ക് തയ്യാറെടുക്കുന്ന ഒരു വ്യക്തി തന്റെ വീട്ടുകാരെയും തന്റെ ജീവിതത്തിൽ ഉണ്ടായ ഒരു പിടി നല്ല നിമിഷത്തെയും പറ്റി ഓർക്കുമോ അതോ ഒരു നിമിഷത്തേക്ക് ആയുസ്സുള്ള കുമിളകളാണോ അവയെല്ലാം. അഭിപ്രായം രേഖപ്പെടുത്തുക. ഒരിക്കലും ഇല്ല. കാരണം എങ്ങനെയെങ്കിലും താൻ അനുഭവിക്കുന്ന ദുഃഖങ്ങൾക്ക് ഒരു അവസാനവഴിയായിട്ടാണ് അവർ ആത്മഹത്യയെ നോക്കികാണുന്നത്.

13. ആത്മഹത്യ ചെയ്യുന്നവർ ധൈര്യശാലികളാണോ അതോ ഭീരുക്കളാണോ? അഭിപ്രായം രേഖപ്പെടുത്തുക. 50% ഭീരുക്കളെന്നും ബാക്കി 50% ധൈര്യശാലികളെന്നും രേഖപ്പെടുത്തി.

14. സ്ത്രീധനം കൊടുക്കുന്നതിലൂടെ മാത്രമേ ഒരു പെൺകുട്ടിയുടെ ജീവിതം സുരക്ഷിതമാകുകയുള്ളോ. അഭിപ്രായം രേഖപ്പെടുത്തുക. ഒരിക്കലും അല്ല, നല്ല നിലയിൽ അവർക്ക് വിദ്യാഭ്യാസം നല്കുക എന്നതാണ് ഏറ്റവും വലിയ സമ്മാനം.

വിവാഹമെന്നത് ഒരു തമാശയല്ല. അതിനായി മാനസികമായും ശാരീരികമായും ഒരു വ്യക്തി തയ്യാറാകുമ്പോഴെ അത് അർത്ഥവത്തായ വിവാഹ ജീവിതമായി ത്തീരുകയുള്ളൂ. ഇതിൽ വയസിന് പ്രാധാന്യം രണ്ടാമതാണ്. വിവാഹം എന്നത് ജീവിതത്തിന്റെ ഒരു പ്രധാന

ഭാഗം തന്നെയാണ്. എന്നാൽ വളരെയധികം പ്രാധാന്യം നിറഞ്ഞതുമല്ല, വിവാഹജീവിതം വേണോ വേണ്ടയോ എന്നത് തികച്ചും വ്യക്തിപരമാണ്. കാരണം വിവാഹിതരും അവിവാഹിതരും ഒരുപോലെ സന്തോഷത്തോടെ ജീവിക്കുന്നു എന്നത് നമ്മുടെ കണ്ണു മുമ്പിലെ നഗ്ന സത്യമാണ്. വിവാഹം സ്വർഗ്ഗീയമാണ്. അതിലൂടെ രണ്ടു വ്യക്തികൾ മാത്രമല്ല ഒന്നിക്കുന്നത്, മറിച്ച് രണ്ടു കുടുംബങ്ങൾ, രണ്ട് സംസ്കാരങ്ങൾ, രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകളുടെയും ആഗ്രഹങ്ങളുടെയും ആശയങ്ങളുടെയും ജീവിതരീതികളുടെയും ഒത്തു ചേരൽ.

ഒരു കുട്ടി ഭൂമിയിലേക്ക് തന്റെ സ്ഥാനം ഉറപ്പിക്കാൻ പിറവിയെടുക്കുമ്പോൾ അത് ആണാണെങ്കിലും പെണ്ണാണെങ്കിലും ഈ ഭൂമിയിൽ ആയുസ്സ് ഉള്ളത്ര കാലത്തോളം ജീവിക്കാൻ പ്രകൃതിയാൽ വരം നല്കി നിയമിക്കപ്പെട്ടവരാണ്. ഈ ജീവിത രാഗത്തിന്റെ സ്വര ശബ്ദങ്ങളാണ് വിദ്യാഭ്യാസം, തൊഴിൽ, വിവാഹം എന്നിവയെല്ലാം. മാതാപിതാക്കൾ മക്കൾക്ക് നല്ല വിദ്യാഭ്യാസം നല്കി, സ്വന്തം കാലിൽ നില്ക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും പ്രാപ്തരാക്കി തീർക്കണം അവരെ. മറിച്ച് ചെറുപ്രായത്തിൽ തന്നെ പെൺമക്കളെ വിവാഹം കഴിപ്പിച്ച് തങ്ങളുടെ കടമകൾ തീർക്കാൻ നോക്കരുത്. ജീവിതത്തിലെ പ്രതികൂല സാഹചര്യത്തിൽ കൂടി അവർ കടക്കുമ്പോൾ സ്വയമേ തീരുമാനങ്ങൾ എടുക്കുവാനും അതുമായി മുന്നോട്ടു ജീവിക്കാനും പഠിപ്പിക്കണം. ഇതു പറയുമ്പോൾ മറ്റൊരു ഭാഗം കൂടി ചിന്തിക്കേണ്ടി ഇരിക്കുന്നു: ''വിദ്യാഭ്യാസം ആത്മഹത്യ കുറയ്ക്കുമോ?'' ഒറ്റവാക്കിൽ പറഞ്ഞാൽ ഇല്ല. വിദ്യാസമ്പന്നനായ വ്യക്തി ആത്മഹത്യ ചെയ്യില്ല എന്ന് ഒരിക്കലും ഉറപ്പിച്ചു പറയാൻ സാധ്യമല്ല. കാരണം ഒരാൾ നേടിയെടുത്ത സർട്ടിഫിക്കറ്റുകളുടെ എണ്ണം ഒരുവന്റെ ആത്മഹത്യയും അതിന്റെ പ്രവണതയും കുറയ്ക്കില്ല. മറിച്ച് വിദ്യാഭ്യാസത്തിലൂടെ നിങ്ങൾ എന്തു പഠിച്ചു. അതിനെ എങ്ങനെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു എന്നതാണ് പ്രാധാന്യം. വിദ്യാസമ്പന്നനായ വ്യക്തിയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ഒരു ഘടകമായി മാറുന്നില്ല. ഇതിനെല്ലാം പിന്നിൽ പല കാരണങ്ങളാകാം: ഉദാ. ശാരീരികമായ ബുദ്ധിമുട്ടുകൾ, മാനസിക പിരിമുറുക്കവും സമ്മർദ്ദവും, സഹിക്കാൻ കഴിയാത്ത മാനസിക മുറിവുകൾ ഇവയെല്ലാം. ഈ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം ആത്മഹത്യയല്ല. എന്നാൽ പ്രശ്നങ്ങൾക്ക് മുന്നിലെ "Full stop" പലപ്പോഴും ആത്മഹത്യയാണ്. ഒരുപക്ഷേ ഒരു നിമിഷത്തെ ചിന്തയിൽ പ്രശ്നങ്ങളുടെ കൊടുമുടിയിൽ നില്ക്കുമ്പോൾ ഇനി മുമ്പോട്ട് ''എങ്ങനെ? എന്ത്?'' മൗനം പാലിച്ചു നില്ക്കുന്ന മനസ്സിനും ചോദ്യങ്ങളുടെയും മുന്നിൽ ഒരു സാധാരണ മനുഷ്യനെ സംബന്ധിച്ച ആത്മഹത്യ തന്നെയാണ് നല്ലതെന്ന് തോന്നിപ്പോകും. അത് തികച്ചും യാദൃശ്ചികം, എല്ലാ വേദനകൾക്കും ഒരു അവസാനം!

''ആത്മഹത്യ ചെയ്യുന്നവർ ഭീരുക്കളാണ്'' ഈ പ്രയോഗം സ്ഥിരം ഉപയോഗിക്കുന്ന ശൈലിയാണ്. ആത്മഹത്യ ചെയ്തതുകൊണ്ട് ആരെയും ഭീരുക്കൾ എന്നു വിധിക്കാൻ കഴിയില്ല. സാഹചര്യങ്ങളാണ് മനുഷ്യനെ ധൈര്യശാലിയും ഭീരുവാക്കുന്നതും. ഉദാ: കൺമുമ്പിൽ കുഞ്ഞിന് അപകടം സംഭവിക്കുമ്പോൾ സാഹചര്യം ആ അമ്മയെ ധൈര്യശാലിയാക്കി മാറ്റുന്നു. കാരണം ധൈര്യവും അധൈര്യവും ഭയവും ഭയമില്ലായ്മയും തുടങ്ങിയവയെല്ലാം പകരമായി സംഭവിക്കുന്നവയാണ്. സ്വന്തം ശരീരത്തെ ഉപദ്രവിക്കാനും ധൈര്യം വേണം. ധൈര്യമുണ്ടെങ്കിലേ ആത്മഹത്യ ചെയ്യാനും കഴിയൂ. അതുപോലെതന്നെ മുന്നോട്ട് ജീവിക്കാനും. അതുകൊണ്ട് തന്നെ ആത്മഹത്യ ചെയ്യുന്നവർ ഭീരുക്കളാണെന്നും അല്ലെങ്കിൽ ധൈര്യശാലികളാണെന്നും പറയാൻ പറ്റില്ല, മറിച്ചും. കാരണം ആത്മഹത്യ സാഹചര്യങ്ങൾക്കും ആത്മഹത്യ ചെയ്യണമെന്ന ഉറച്ച തീരുമാനത്തിനും ഒരുപോലെ മുൻതൂക്കം നല്കണം.

ഇങ്ങനെ തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ വരുമ്പോൾ അവർ തിരഞ്ഞെടുക്കുന്ന വഴിയും അതികഠിനമാണ്. ആത്മഹത്യകളും ആത്മഹത്യ പ്രവണതകളും ചിന്തകളും മരണങ്ങളും ഇന്ന് മാധ്യമങ്ങളിൽ നിറഞ്ഞു നില്ക്കുന്നു. കഴിഞ്ഞ കുറച്ചു മാസങ്ങളായി സായാഹ്ന പത്രങ്ങളിൽ നിറഞ്ഞു നില്ക്കുന്ന കഥാപത്രങ്ങളാണ് വിസ്മയയും അതിനോട് സമാനമായ മറ്റു സ്ത്രീധന ആത്മഹത്യ കേസുകൾ. ഇവിടെ ഇവയെയെല്ലാം കണ്ണിപ്പിക്കുന്ന ഒന്നാണ് സമൂഹത്തിന്റെ കാഴ്ചപ്പാട്. വിവാഹ മോചിതരായി നില്ക്കുന്ന പുരുഷനോടും സ്ത്രീയോടും ഉള്ള പെരുമാറ്റ ശൈലിയിൽ ഉള്ള വ്യത്യാസം. സമൂഹത്തോടുള്ള പേടി കാരണം അവരുടെ ചോദ്യങ്ങളോടുള്ള ഭയം കാരണം പലരും ചേർന്നു പോകാത്ത ബന്ധങ്ങളെ ചേർത്തുവെച്ച് ജീവിക്കാൻ ശ്രമിക്കുന്നു. പറഞ്ഞു തീർത്താൽ മാറുന്ന വഴക്കുകൾക്കും പിണക്കങ്ങളും ഉള്ള വഴിയല്ല വിവാഹമോചനം. സ്ത്രീ പുരുഷനെയും പുരുഷൻ സ്ത്രീയെയും ബഹുമാനിക്കുകയും കരുതുകയും സ്നേഹിക്കുകയും ചെയ്യണം. ഈ ബഹുമാനം എപ്പോൾ ആണോ നഷ്ടമാകുന്നത്, എപ്പോൾ ആണോ വിശ്വാസം മറഞ്ഞു പോകുന്നത്, എപ്പോൾ ആണോ ഒരു വ്യക്തിയുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും വിലങ്ങുതടിയായി വിവാഹബന്ധങ്ങൾ മാറുന്നത്. അതിനായി പലവഴികളും നമുക്ക് മുന്നിൽ തുറന്നു കിടപ്പുണ്ട്. അല്ലാതെ ആത്മഹത്യ ഇതിനൊരു പരിഹാരമായി തോന്നുന്നില്ല. എല്ലാം സഹിച്ച് പൊറുത്ത് ജീവിക്കണം എന്ന് ഒരു നിയമ പുസ്തകത്തിലും എഴുതപ്പെട്ടിട്ടില്ല. ആരുടെയും അടിമയാകാതെ ആരെയും അടിമയാക്കാതെ തുല്യതയിൽ ഒന്നിച്ച് ജീവിക്കാൻ വരും തലമുറകൾ എങ്കിലും പഠിക്കാൻ ഇടയാകട്ടെ.

സ്ത്രീധനത്തിന്റെ പേരിലും മറ്റ് ശാരീരിക ഉപദ്ര വങ്ങളും പീഡനങ്ങളും സ്ത്രീകൾക്കു നേരെ ഉയരാതി രിക്കാൻ ചെറുപ്രായത്തിൽ തന്നെ മക്കളെ സ്നേഹം, കരുതൽ, ബഹുമാനം എന്നീ മൂല്യങ്ങൾ വളർത്തി യെടുക്കാൻ മാതാപിതാക്കൾ മക്കളെ ശീലിപ്പിക്കണം അതുപോലെ തന്നെ പണം, വിദ്വേഷം, അംഗീകാരം എന്നീ ആസക്തികളെ എങ്ങനെ നിയന്ത്രിച്ചു വേരോടെ മാറ്റാമെന്നും പഠിപ്പിക്കണം.

സ്ത്രീധനം വാങ്ങി കല്യാണങ്ങൾ നടത്തുന്നത് ശരിയാണോ? അത് തെറ്റല്ലേ? സ്ത്രീയല്ലേ ധനം ഇതിലും വലുതായി ധനം എന്തുണ്ട്. കുറച്ചുനാളുകളായി നമ്മൾ 'ഉരുവിടുന്ന മന്ത്രം.' മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് നല്കുന്ന ഒരു സ്നേഹപങ്ക്, എന്നാൽ ഈ സ്നേഹത്തെ പലരും വിലക്ക് വാങ്ങി ചൂഷണം ചെയ്യുന്നു. സ്ത്രീധനം വാങ്ങുന്നവർ മോശമായും വാങ്ങാത്തവർ നല്ലവരാണെന്നുമല്ല ഈ ആശയ ത്തിന്റെ അർത്ഥതലം. സ്ത്രീധനം അല്ല വിവാഹ ത്തിന്റെ അടിസ്ഥാനം, മറിച്ച് പരസ്പര സ്നേഹവും ബഹുമാനവുമാണ്. സ്ത്രീകളെ ഒരു ബാധ്യതയായിട്ട് കാണുന്ന സമൂഹം ഇന്നും ഭാരതത്തിലുണ്ട് എന്നത് അതിശയം തന്നെയാണ്. പെൺകുട്ടികൾ ജനിക്കുന്നത് വീടിന്റെ ഐശ്വര്യമാണെന്നു കരുതുമെങ്കിലും മറുഭാ ഗത്ത് സ്ത്രീഭ്രൂണഹത്യ, സ്ത്രീഹത്യ എന്നിവയുടെ കണ ക്കുകളും ഏറിവരുന്നു. എത്ര വിദ്യാസമ്പന്നരായെന്ന് പറഞ്ഞാലും ചിന്തകൾക്ക് അധീനമായ പല രീതികളും ആചാരങ്ങളും സംസ്കാരങ്ങളും നമ്മൾ വളർത്തികൊ ണ്ടുവരുന്നു. ഇവിടെ പുരുഷന്മാരെ മാത്രം കരിവാരി തേക്കാൻ കഴിയില്ല. സ്ത്രീകളും പുരുഷനെ വിലക്കു വാങ്ങുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽമേഖല, ശമ്പളം, ഓരോ വ്യക്തിയുടെയും കാഴ്ചപ്പാടിൽ സൗന്ദ ര്യത്തെ അളന്ന് കുടുംബപാരമ്പര്യ മഹിമയുടെ അടി സ്ഥാനത്തിൽ ഇവയെല്ലാം അളന്നു തിട്ടപ്പെടുത്തി നോക്കിയെടുക്കുന്നു. ഒരുവശത്ത് ഭർത്താവ് ഭാര്യ യെയും മറുവശത്ത് ഭാര്യ ഭർത്താവിനെയും പണ ത്തിന്റെ പേരിൽ കൊല്ലുന്നു. എന്തുകൊണ്ടാണ് വിദ്യാ ഭ്യാസവും തൊഴിലുമില്ലാത്ത ആൺകുട്ടികളുടെ വിവാ ഹാലോചനകൾ പെൺകുട്ടികളും വീട്ടുകാരും നിരസി ക്കുന്നത്? ഈ പറയുന്ന വിദ്യാഭ്യാസമോ, സൗന്ദര്യമോ വിലയിരുത്താതെ സ്ത്രീകളെ വിവാഹം ചെയ്യുന്ന എത്രയോ പുരുഷന്മാർ. ഇവിടെ സ്ത്രീയോ പുരുഷനോ അല്ല കുറ്റക്കാർ, നമ്മൾ വളർത്തികൊണ്ടു വരുന്ന രീതി കളും കാഴ്ചപ്പാടുകളുമാണ് മാറ്റേണ്ടത്.

എല്ലാവരുടെയും ജീവിതത്തിൽ യാതനകളും പ്രയാ സങ്ങളും വേദനകളും നിറഞ്ഞതാണ്. ഈ കയ്പാണ് ജീവിതത്തിന്റെ മധുരം. അതിന് ആത്മധൈര്യം വേണം. എന്തിനാണ് എന്താണ് എന്റെ ജീവിതലക്ഷ്യം ഇവ യെല്ലാം നാം ഓർക്കേണ്ടിയിരിക്കുന്നു. ഭൂമി ഓരോ മനുഷ്യർക്കും ഓരോ സ്ഥാനം നല്കിയിട്ടുണ്ട്. നമ്മൾ മാത്രം ചേർന്നു നിന്നാൽ അടയ്ക്കാൻ പറ്റുന്ന ഒരു വിടവ് ഭൂമി സൃഷ്ടിച്ചിട്ടുണ്ട്. നമ്മുടെ അഭാവത്തിൽ അവിടെ ആര് കയറി നിന്നാലും അടയ്ക്കാൻ സാധിക്കാത്ത വിടവ്. ഇതിനെല്ലാം സ്രഷ്ടാവായ സർവ്വേശ്വരനോട് നന്ദി പറഞ്ഞ് ജീവിക്കാനും ശാന്തിയിലും സമാധാന ത്തിലുമുള്ള ജീവിതം കെട്ടി ഉയർത്താൻ നമ്മുടെ ചിന്ത കൾക്കും രീതികൾക്കും കാഴ്ചപ്പാടുകൾക്കും വ്യത്യ സ്തത പുലർത്തണമെങ്കിൽ അതിന് അറിവ് നാവിൽ രുചിക്കണം. ശരിയായ രീതിയിലുള്ള ലൈംഗിക വിദ്യാ ഭ്യാസം കുട്ടികൾ കലാലയ ജീവിതത്തിൽ തന്നെ സ്വായത്തമാക്കണം. എതിർലിംഗത്തെ ബഹുമാനി ക്കാനും സ്നേഹിക്കാനും. സമൂഹം ആണ് ഒരു വ്യക്തി യുടെ അടിസ്ഥാനം. ഒറ്റപ്പെടുമ്പോൾ ചേർത്ത് നിർ ത്താൻ സമൂഹം ഉണ്ടാകണം. കൂടപ്പിറപ്പിന്റെ ദുഃഖ ത്തിലും പങ്കുചേർന്ന് അവർക്ക് ആത്മധൈര്യം പകർന്നു നല്കാൻ ഈ ജീവിതംകൊണ്ട് നമുക്ക് ഓരോരു ത്തർക്കും കഴിയണം.


''മുത്തിനെക്കാളും വിലയേറിയ നമ്മൾ സ്ത്രീ കളും പുരഷന്മാരും എന്തിനാണ് നിശ്ചിത വിലക്ക് നമ്മളെ വിൽക്കുന്നത്? ഇങ്ങനെ പുരുഷനെയും സ്ത്രീ യെയും വിലക്കു വാങ്ങി നെയ്ത് ഉണ്ടാക്കുന്ന ജീവിതം എത്ര മാത്രം സന്തോഷകരമാണ്? കുടുംബ ത്തിന്റെ മഹിമയും പത്രാസും തെളിയിക്കാൻ ഉള്ള താണോ വിവാഹബന്ധങ്ങൾ?'' ഈ മാറ്റങ്ങളിൽ നിന്ന് വരുംതലമുറ ''സ്ത്രീ മാത്രമാണ് ധനം'' ഈ ചിന്തയെ തിരുത്തി ''പുരുഷനും സ്ത്രീയും ഒരുപോലെ ധന മാണ്'' എന്ന ചിന്തയിലേക്ക് ഉയരട്ടെ!

ഈ പ്രസ്താവനയോട് പലരും എതിർക്കുകയും യോജിക്കുകയും ചെയ്യും. എല്ലാ എതിർപ്പുകളെയും മാനിച്ച്.

ശുഭദിനം!


# Department Activities


## Computer Science


















# SHE; OUR LIGHT



**Lakshmi Madan** (III BA English)

As the final rays hit
As the last glint glimmers
The final breath drawn
The final gasp let out.

The lifeless body
Laid heavy in the hoody
As we all mourn
As the bright candle burnt out.

The light is gone
The here is lone
Longing for one last whisper
Longing for one last call.

She was a spirited soul,
Always brighter than the snow
Full of life and vibrance
Oozing exuberance.
But her path is lit
By the candles
Shining upon the lonely
Reminding them of her fondly.

She is never lost
She is never forgotten
Because even if the sun sets,
It shines brighter when it rises.

So was her wisdom
So was her life
So full of passion
So full of compassion.

# പരിസരം

മധുരം, വിസ്തൃതം!!
പുലരിയെന്നെങ്കിലും സന്ധ്യയെ
പ്രണയിച്ചുകാണുമോ?
സൂര്യനൊരിക്കൽ എങ്കിലും നിലാവിൽ
അലിയാൻ കൊതിച്ചുകാണുമോ?
കാർമുകിൽ എപ്പോഴെങ്കിലും കരയെ
പുണരാൻ കാത്തിരുന്നു കാണുമോ?
പുലരി അണിയിച്ച ഛായങ്ങളാം
വർണ്ണങ്ങൾ ആവാം,
സന്ധ്യതൻ കവിൾതടത്തിൽ!!
സൂര്യൻതൻ ഉഷ്ണമകറ്റുന്ന
നേർത്ത സ്നേഹ ശീതളിമയാവാം,
നിലാവിന്റെ പാലൊളി പുഞ്ചിരി!!
പലതുള്ളി പെരുവെള്ളമായ്
ആർത്തിരമ്പിയ കാർമുകിൽ ആവാം,
കരയെ മൗനമായ് പുണർന്നതീ!!
പലയുഗ പെരുമയാം പ്രപഞ്ച
രഹസ്യങ്ങൾ എത്രയോ മധുരം,
എത്രയോ വിസ്തൃതം!!



# ഒരു വട്ടം കൂടി

**എൽസ മരിയ** (മനഃശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

ചാറ്റൽ മഴയുടെ സംഗീതം പൊഴിയുന്ന പ്രഭാതത്തിൽ ആണ് ഞാൻ ആദ്യമായി കണ്ണുതുറന്നത്. മുന്നിൽ കണ്ടു ആരെയും കൂസാതെ നടന്നുനീങ്ങുന്ന പ്രപഞ്ചത്തിന്റെ താളഭേദങ്ങൾ, രാഗങ്ങൾ താരാട്ടുപാടുകയായിരുന്നു. ഇതാ പുതിയൊരു ജീവിതത്തിന്റെ വാതിൽ തുറക്കുന്നു.

"വേനൽ മഴയാണ്.... അതാ അത്ര കടുപ്പത്തിലും." "ദേ അവള് കണ്ണുതുറന്നു." ചുറ്റും ആരൊക്കെയോ വർത്തമാനം പറയുന്നുണ്ട്. ഞാൻ കാതോർത്തു.

"രാവിലെ തുടങ്ങിയതാലേ ഈ മഴ... ശെടാ!!! ഈ മഴയൊന്നു നിന്നിരുന്നെങ്കിൽ." "ഒഹ്!!!" പലവിധത്തിലുള്ള സംസാരങ്ങളും അലർച്ചകളും ഒക്കെ മുഴങ്ങുന്നുണ്ട്... ഞാൻ വീണ്ടും ശ്രദ്ധിച്ചു. "ദേ... അവളും വീണെടി... ഒരു കണക്കിന് ആലോചിച്ചാൽ ഈ വീഴ്ചയോടെ ഒരു ജന്മം അങ്ങ് തീരുമല്ലോ. അതാ നല്ലത്ല്ലേ..."

"ശെടാ!! ഇങ്ങനെയൊന്നും പറയല്ലേ... പുതിയ പൂക്കൾക്ക് അതൊരു പേടിസ്വപ്നമാകും."

മാമ്പൂവാണത്രെ ഞാൻ... മനോഹരമായി പുഞ്ചിരിക്കുന്നുണ്ട് എന്റെ സഹോദരിമാർ. ചിലർ അതിനിടയിൽ മഴയത്ത് താഴെ വീഴുന്നു. അതോടെ ഭീതിയോടെ ആ കാഴ്ച വീക്ഷിക്കുന്നു മറ്റുള്ളവർ. "അമ്മേ... അമ്മ എവിടെ... ആദ്യമായി ഞാൻ ചോദിച്ചത് അതാണ്... അതിന് ഉത്തരമെന്ന വണ്ണം മാവ് ചെറുതായിട്ടൊന്ന നങ്ങി. ഇല ചേട്ടന്മാർ വാത്സല്യത്തോടെ അടുത്തുവന്ന് തലോടി. ചാറ്റൽ മഴയിൽ എനിക്കൊരു കുടയായി ഇല ചേട്ടന്മാർ പൊതിഞ്ഞു.

ഞാൻ ചുറ്റും നോക്കി ഓടിട്ട ഒരു വീട്. 'മനുഷ്യർ' ആണ് അവിടുത്തെ താമസക്കാർ. മനുഷ്യർ ഭയങ്കര ദുഷ്ടന്മാരാണുപോലും. സ്വാർത്ഥതയാണത്രേ അവരുടെ മുഖമുദ്ര. തങ്ങളുടെ സുഖത്തിനുവേണ്ടി അവർ എന്തും ചെയ്യും പോലും. ഞാൻ ആലോചിച്ചു. ജനനത്തിനുശേഷം ഇന്നേവരെ എന്റെ സഹോദരിമാരുടെ വായിൽനിന്നും നല്ലതൊന്നും ഞാൻ കേട്ടിട്ടില്ല. ദേഷ്യവും കുശുമ്പും നിരാശയും എല്ലാം അവരെ പൊതിയുകയായിരുന്നു. എന്താണാവോ കാരണം? ഞാൻ അമ്മയോടു ചോദിച്ചു.

"മോളേ... നീ നിന്റെ ജീവിതം നിനക്കുവേണ്ടി മാത്രമായി ജീവിച്ചാൽ 'സന്തോഷം' എന്ന വികാരം നിനക്ക് അന്യമായി തീരും. അതുകൊണ്ട് മറ്റുള്ളവർക്കായി നീ സ്വയം അർപ്പിക്കുക... ദേഷ്യവും നിരാശയും ഒന്നും നിനക്ക് തോന്നില്ല."

രസകരമായിരുന്നു അമ്മയുടെ കൂടെയുള്ള ഓരോ നിമിഷങ്ങൾ. വർഷം 100 ആയി അമ്മ ഈ ഭൂമിയിൽ ജന്മമെടുത്തിട്ട്. പണ്ട് മുതലേ ആ വീട്ടിൽ താമസിച്ചിരുന്ന

വരെക്കുറിച്ചും 100 വർഷത്തിനിടയിൽ ഭൂമിയിലുണ്ടായ മാറ്റത്തെക്കുറിച്ചും അമ്മ പറയും. അന്ന് രാത്രിയാണ് എനിക്ക് ആദ്യമായി മാറ്റം സംഭവിച്ചത്. പൂവായിരുന്ന എന്റെ ശരീരം രൂപം മാറി തടിച്ച് വീർക്കുന്നു. ഇളം നിറം മാറി പച്ച നിറമാകുന്നു. ശരീരം മുഴുവനും കടുത്ത വേദന. സമാനമായ മാറ്റങ്ങൾ സഹോദരിമാരിലും കണ്ടു. എല്ലാവർക്കും ഒരു അങ്കലാപ്പ്. അപ്പോഴും അമ്മ പറഞ്ഞു. "ജീവിതത്തിൽ പല വിധത്തിലുള്ള മാറ്റങ്ങൾ നിങ്ങൾക്ക് ഉണ്ടാകും, അതിനെ പുഞ്ചിരിയോടെ സ്വീകരിക്കുക." പിറ്റേന്ന് മുതൽ ഞങ്ങൾ ശക്തിമതികളായി തോന്നി. ജീവിതത്തെ പുതിയ ഒരുണർവോടെ കാണുവാനും തുടങ്ങി. ജീവിക്കണം എന്ന ആഗ്രഹം ആദ്യമായി ഉടലെടുത്തു. ഞാൻ വളരുകയായിരുന്നു. അതോടൊപ്പം തന്നെ എന്റെ ചിന്തകളും. അന്നാണ് അപ്പുവിനെ ആദ്യമായി ഞാൻ ശ്രദ്ധിക്കുന്നത്. എവിടെയോ പോയി മടങ്ങിവരുവായിരുന്നു. വന്ന ഉടനെ ഓടി അമ്മയുടെ അടുത്തെത്തി. "പുതിയ മാങ്ങകൾ ഉണ്ടായി തുടങ്ങിയല്ലോ മനോഹരി..." നിഷ്കളങ്കതയോടെ അവൻ അമ്മയോട് ചോദിച്ചു.

മനോഹരമായ കളിപ്പാട്ടങ്ങൾക്കു മുന്നിൽ എത്തിയ കുട്ടി ഏതെടുക്കണമെന്ന വൈഷമ്യതയിൽ നില്ക്കും പോലെ അവൻ ഞങ്ങളെ നോക്കി നിന്നു. ഒറ്റയ്ക്കു നിന്നിരുന്ന എന്റെ മേലും അവന്റെ കണ്ണുകൾ ഇടയ്ക്കിടെ പതിയുന്നത് നേരിയ നാണത്തോടെ ഞാൻ നോക്കിക്കണ്ടു. സ്നേഹവായ്പോടെ അവൻ ഞങ്ങളെ നോക്കി. സഹോദരിമാർ കിടന്ന് അലറുകയായിരുന്നു. അവർക്ക് അവനോട് കടുത്ത ആരാധനയാണെന്ന് എനിക്ക് അന്നാണ് മനസ്സിലായത്. അമ്മയ്ക്കും ഏറെ ഇഷ്ടമായിരുന്നു.............................................. അവൻ പൊടുന്നനെ ഒറ്റയ്ക്കു നിന്നിരുന്ന എന്റെ അടുത്തേക്ക് വന്നു.

"നിന്നേ ഞാൻ കൺമണീന്ന് വിളിച്ചോട്ടെ?"

അവന്റെ കണ്ണുകളിൽ കുസൃതി ഓളം തല്ലുകയായിരുന്നു. ഞാൻ മുഖം കുനിച്ചു നിന്നു. ഒന്നുകൂടെ എന്നെ നോക്കിയശേഷം അവൻ തിരിഞ്ഞുനടന്നു.

പിന്നീട് എന്നും അവൻ എന്റെ അടുത്തു വരും... ഏറെ നേരം ഞങ്ങൾ സംസാരിക്കും. രാത്രിയാകും വരെ എന്റെ അടുത്ത് വരും. ഏറെ നേരം സംസാരിക്കും... രാത്രിയാകുമ്പോൾ ശാലിനിചേച്ചി വലിച്ചുകൊണ്ടുപോകും വീടിനകത്തേക്ക്.

വീടിന്റെ ജനാല വഴി അവന്റെ നോട്ടം എന്നിലേക്ക് പതിയുന്നത് ഞാൻ കാണാറുണ്ട്. ഞാൻ തിരിഞ്ഞുനില്ക്കും.

"ഹമ്പടാ... അത്രയ്ക്കും വേണ്ടാട്ടോ..."

നാളുകൾ കടന്നുപോയി. പ്രകൃതി തന്നെ വിവാഹത്തിനുവേണ്ടിയുള്ള സ്വർണനിറത്തിലുള്ള വസ്ത്രങ്ങൾ എനിക്ക് കൊണ്ടുതന്നു. അമ്മ എന്നെ അണിയിച്ചൊരുക്കി... ഏട്ടന്മാർ വെറ്റിലയും താമ്പോലവും വച്ച് സ്വീകരണം നല്കി. അന്ന് രാത്രി മഴത്തുള്ളിക്ക് ഒരു കുടം എന്ന രീതിയിൽ പെയ്യുകയായിരുന്നു. ഓരോ യാമത്തിലും ജനാലയ്ക്കൽ രണ്ടു നീലക്കണ്ണുകൾ എന്നെ നോക്കുന്നുണ്ടായിരുന്നു.

പിറ്റേന്ന് കാലത്ത് ഞാൻ അമ്മയുടെ ശരീരത്തിൽ നിന്നും അറ്റ് വീണു. സ്വഗൃഹത്തിൽ നിന്നും യാത്രയാവുകയായിരുന്നു വധു. അപ്പു ഓടി വന്നെന്നെ വാരിയെടുത്തു..............................അവസാനം

# മരീചിക

**ആദിത്യ**
(ഇംഗ്ലീഷ് വിഭാഗം, രണ്ടാം വർഷം)

പ്രതീക്ഷകൾ തൻ അസ്തമയമെൻ
സ്മൃതികൾതൻ മൃതിയോടൊപ്പമാകും
ചലനമറ്റ ജഡംപോൽ
മരവിച്ചൊരീ മനസ്സും മരണത്തെ കാക്കുന്നു
അസ്ഥിത്വവും നശ്വരമാകുമ്പോൾ
മൗനംപോലും അസ്വസ്ഥയാകുന്നു
വാക്കുകളസ്ത്രമായ് പതിക്കുമ്പോഴും
രക്തതുള്ളികൾ വിടർന്നു നോവിനെയുണർത്തുമ്പോഴും
നിർവ്വികാരതയുടെ തണലിൽ സ്വതന്ത്രയായ്
ഞാനുറങ്ങുകയാണ്, എന്നെയുറക്കുകയാണ്.

# याद भरी पन्ने

**लक्ष्मी मदन**
3rd BA English

किताब की कई
अनलिखित पन्ने जैसे
भी हमारी कॉलेज के तीन साल।
हर दिन कुछ नया होता
हर दिन एक - से बड़कर एक
उम्मीदों की पोटरी लेकर हम सब सहज।
तीन साल कैसे बीत गया
हम में से कोई न जाने
पर एक बात तो तय है।
इन तीन सालों की दासवा
एक समापन नहीं, पर एक शुरुआत है
हम सबके जीवन की एक नई डोर जी खुला है।
अश्रुओं की नदी बहते पर तुल है
पर वह आँसू खुशी की है
इस खुशी की ज़िदंगी की शुरुआत यहाँ से हुआ।
इन दीवारों ने बहुत कुछ देखा है
और बहुत कुछ सुना भी है
हम सबके मन उन यादों से रंगीन।
कहीं नहीं मिलेंगे इस मोड पर आकर
घर की खुशहाली और माँ की ममता जैसे
हम सबको अपने ही बच्चे मानते अध्यापक।
जी कुछ भी हो जाए
जितना भी हम हिम्मत हार ले
उन्होंने कभी भी हमारे काबिलियत पर शक न की।
हमारे ताकत बन
हमे सिर उठाकर
आँखों में आँखे डालकर, जीना सिखाया।



# A Bad Dream

**Malavika Menon** - II B.Sc Psychology

It seized her soul, clenched her brawn
Deep inside, her growl was more,
waves of murkiness, swirling before her eyes,
paralyzed she was, with the innate drive to rise.
The iceberg tip is not all that u might see,
For there is more to the,
ocean of consciousness that lead.
Uncanny thoughts to memories that bleed,
Unforeseen night that startled her mind.
For the day went well, but not twilight.
Jumping high with a cry of dismay,
With her wet eyes and trembling fingers
To her greatest relief and realization
That it was just a bad dream.





# കരളുറപ്പിന്റെ കേരളം

**ഗായത്രി. കെ** (മനശ്ശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

അതിജീവനം എന്നത് മനുഷ്യജീവിതത്തിന്റെ ഒരു ഭാഗമാണ്. മനുഷ്യ ആയുസ്സ് മുന്നോട്ടുപോവാൻ നമ്മെ പ്രേരിപ്പിക്കുന്നത് എന്താണോ, അതിനെ നാം അതിജീവനം എന്നതുകൊണ്ട് അർത്ഥമാക്കുന്നു. ഈ ഒരു കാലഘട്ടത്തിൽ ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യ ജീവജാലങ്ങളും ജീവിതത്തിന്റെ ഓരോ ത്യാഗമേറിയതും ബുദ്ധിമുട്ടുള്ളതുമായ സാഹചര്യത്തിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുകയാണ്.

1929 ന് ശേഷമുള്ള മഹാപ്രളയത്തിനുശേഷം കേരളം മൊത്തം ശക്തമായി അനുഭവിച്ച ഒരു പ്രകൃതി ദുരന്തമാണ് 2018 ആഗസ്റ്റ് മാസം 9-ാം തിയ്യതി മുതൽ 18-ാം തിയ്യതി വരെ നീണ്ടു നിന്ന മഴക്കെടുതിയും പ്രളയവും. 2018 ൽ ആദ്യമായി ചരിത്രത്തിൽ തന്നെ 53 ഡാമുകളിൽ 29 എണ്ണവും പൂർണ്ണമായി തുറന്നുവിട്ടു. ഈ 2018 ലെ മഹാപ്രളയത്തിൽനിന്നും നമ്മെ ഓരോരുത്തരെയും രക്ഷിക്കാൻ, ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സഹായിച്ചത് സൈനികർക്ക് തുല്യമായ മത്സ്യത്തൊഴിലാളികളും നമ്മുടെ ഗവൺമെന്റും ആണ്.

2018 ലെ പ്രളയം മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിനായി 'മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി' എന്ന പദ്ധതിയിലൂടെയും എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്ന് 'സാലറി ചലഞ്ച്' എന്ന പദ്ധതിയിലൂടെയും നാം നമ്മുടെ സാമ്പത്തിക പ്രശ്നവും അതിജീവിച്ചു എന്നു തന്നെ പറയാം.

സാമൂഹ്യമാധ്യമങ്ങളുടെയും സാമൂഹികപ്രവർത്തകരുടെയും ഇടപെടൽ മൂലം നാം 2019 ൽ കരകയറിയപ്പോൾ 2020-ൽ വന്ന കൊറോണ എന്ന മഹാമാരിയെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. കോവിഡ് ബാധിച്ച ഓരോ വ്യക്തിയുടെയും കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനു വേണ്ടി പഞ്ചായത്തും മുൻസിപ്പാലിറ്റിയും വളരെയധികം പങ്ക് വഹിക്കുന്നുണ്ട്. മഹാമാരിയെ തരണം ചെയ്യുന്നതിനു വേണ്ടി വാക്സിൻ സൗകര്യവും നല്ല രീതിയിൽ നടപ്പിലാക്കി മുന്നോട്ട് പോവുകയാണ് നമ്മുടെ കേരളം.

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. അതിനാൽ ഓരോ പ്രശ്നത്തെയും അല്ലെങ്കിൽ ഓരോ അസന്തുലിതാവസ്ഥയെയും തരണം ചെയ്തേകഴിയൂ... കേരള ജനതയുടെ ഒറ്റക്കെട്ടിന്റെ പ്രതിഫലനമായണ് നാം ഈ അതിജീവനത്തിനെ കാണേണ്ടത്. പ്രകൃതി ദുരന്തവും മഹാമാരിയും നാം ഓരോരുത്തരും അതിജീവിക്കുന്നത് കേരളജനതയുടെ കൂട്ടായ പങ്കാളിത്തമാണ് പ്രകടമാക്കുന്നത്.

മനുഷ്യർക്ക്സമ്പൂർണ്ണ റേഷൻകിറ്റ് വിതരണവും പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഗവൺമെന്റ് വഴി വീടുകൾ ലഭിക്കപ്പെട്ടതും അതിജീവനത്തിന്റെ മാതൃക തന്നെയാണ്.

ഓരോ മഴക്കെടുതിയും വരുമ്പോൾ അതിനെ തരണം ചെയ്യുന്നതിനുവേണ്ട എല്ലാ മുൻകരുതലുകളും മുൻകൂട്ടിയെടുക്കുന്ന കേരളം എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകതന്നെയാണ്.

അതിനാൽ ഈ 65-ാം കേരള പിറവിക്ക് നമുക്ക് ഒത്തൊരുമിച്ച് കൈകോർത്ത് മനുഷ്യായുസിനെ അതിജീവനത്തിന്റെ പാതയിലോട്ട് നയിക്കാം...



# പ്രതീക്ഷ

**ഡെൻഹോ മനാശ്ശെ ഒ. എം.** (മനശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

ആശാപാശയാണെല്ലാം
വിണ്ണിലെ ജീവിതം
ചില സമയം ചക്രമായ്
മണ്ണിൻ മക്കളായ്
ഓർമ്മപ്പെടുത്താൻ
ഉച്ചിയിലുള്ളൊരു ചടുലതയെ
പ്രതീക്ഷ തൻ മുനമ്പാൽ നീക്കി
തിരമാലയുടെ ആൾത്തിരമ്പലാലേ
നിറവിൻ നിറകുടമായ് വീണ്ടും
ലോകത്തിൻ മാതൃകയായ്
എന്നും പ്രതീക്ഷയാൽ സ്മരിക്കട്ടെ നാം
സത്യസന്ധതയെ, ആത്മാർത്ഥത തൻ
നീർച്ചാലാൽ ഒഴുക്കി
കാംക്ഷ തൻ നീലക്കണ്ണാടിപോൽ
വാനിൽ ആശയാൽ ഉയരെയുയർത്തിയധരത്തിൽ
വീണ്ടെടുപ്പാൽ ചങ്കിൽ സ്മരിച്ചു
നൈർമ്മല്യമായ് ബ്രമാത്മകത്വങ്ങൾ
അവ തൻ തിരി ദീപം
ഒന്നായ് ശോഭനമായ് നറുമലരായ് വിളങ്ങീടും പോൽ
അനുദിന മാർഗങ്ങൾ
കരളുറപ്പാൽ നേടി നേടി
പരിത്യാഗത്തിൻ വിസ്മയം
മിന്നാമിനുങ്ങേകും വെളിച്ചം പോൽ
നന്നായ് മാതൃകയുൾകൊണ്ട്
നീങ്ങും പ്രതീക്ഷാംഭുകരമല്ലോ ഈ ഉലകം
നന്മ പേറുന്ന
താവക ചൈതന്യത്താൽ
മലയാളക്കരയെ മലയാളത്തിൻ
ശോഭന പ്രതീക്ഷയാലും...
മയ്യലിൽ കോടമഞ്ഞിൻ
തൂവെള്ള പടലത്തിൻ നിറവായ്
ഒപ്പം ഇളംകാറ്റാൽ ആടുന്ന
വിദ്യാർത്ഥികളുടെ ഉയരുന്ന
മനസ്സോ, തീക്കനലായ് പ്രതീക്ഷയായ്!
സുദിനെയുള്ള ദിവാകരനുടെ ഗമനത്തിൽ
ആശാകിരണത്തിൻ ഉത്തുംഗത്തിൽ
ഗാന്ധി കണ്ട ആശകൾ പരിലസിക്കുന്ന
ആ ലക്ഷ്യത്തിൻ പ്രഭയാലും
അങ്ങനെയാലുള്ള ഉയർച്ചയതിൽ
ഊതിപെരുകുന്ന നവജ്വാലയായ്,
മുന്തിരി ചെടി തൻ ശാഖകൾ
ഉയരുമ്പോഴുള്ള ആകാംക്ഷപോൽ
വിസ്താരെ, വരുംനാളുകളിൽ ജീവിതം
കുളിർക്കാറ്റിൻ തെന്നൽ സഹിതം
നാമിൻ ചിന്താന്തോളനത്താൽ നയനമായ്
ഈ നേരവും ഇനിയുള്ള നേരവും
പ്രതീക്ഷയോടെ നോക്കുന്നെ
വരും കാലങ്ങളിലേക്കായ്
ഒരുവട്ടം രണ്ടുവട്ടം പലവട്ടമല്ലോ...!!



# പരിണാമം

**ഗ്രേയ്സ് ഷാജു** (മനശാസ്ത്ര വിഭാഗം, ഒന്നാം വർഷം)

സൂര്യകിരണങ്ങൾ ജനലിന്റെ പാളിയിലൂടെ എത്തിനോക്കി തുടങ്ങി. മുട്ടിയുണർത്താൻ മുതിർന്നിട്ടും കർട്ടനുകൾ തടസ്സം നിന്നു. മേശയിലിരിക്കുന്ന ചായക്കപ്പ് തണുപ്പറിഞ്ഞ് തുടങ്ങി. മൂത്രശങ്ക പിടിമുറുക്കിയപ്പോഴാണ് സുധിയുടെ കൺപോളകൾ പരസ്പരമുള്ള പിടുത്തം വിട്ടത്. കണ്ണുകൾ പ്രയാസപ്പെട്ട് തിരുമ്മി തുറന്നപ്പോഴേക്കും പരിസരബോധം പതിയെ വരവറിയിച്ചു. സുധിയുടെ കണ്ണുകൾ ആദ്യം പാഞ്ഞത് ചുവരിൽ ഇരിപ്പുറപ്പിച്ച ക്ലോക്കിലേക്കായിരുന്നു. സമയം ഒമ്പത് മണി കഴിഞ്ഞിരിക്കുന്നു. തിടുക്കപ്പെട്ട് കട്ടിലിൽനിന്ന് എഴുന്നേറ്റപ്പോഴാണ് ഇന്നലത്തെ സംഭവങ്ങൾ ഒന്നൊന്നായി സുധിയുടെ മനസ്സിൽ തെളിഞ്ഞുവന്നത്. "വേണ്ട... ഒന്നും ഓർക്കേണ്ട..." സുധി മനസ്സിൽ പറഞ്ഞു. "ഹാ... ഇന്നത്തെ മെഡിറ്റേഷനും മുടങ്ങി. കഴിക്കുന്ന മരുന്നിന് ഇത്ര വീര്യം ഉണ്ടെന്നറിഞ്ഞില്ല. ഒരാഴ്ചത്തെ മെഡിറ്റേഷനും ഉറക്കക്രമവുമെല്ലാം തെറ്റി. ഇനി ചെല്ലുമ്പോൾ ഡോക്ടറുടെ വായിൽ ഇരിക്കുന്നത് മൊത്തം കേൾക്കേണ്ടി വരുമല്ലോ..." ഇങ്ങനെയെല്ലാം ഓർത്ത് സുധി നെടുവീർപ്പിടുന്നു.

കുളിമുറിയിൽ കയറി കൈയും മുഖവും കഴുകി തുടങ്ങിയ സുധിക്ക് എത്ര ശ്രമിച്ചിട്ടും കൈകൾ കഴുകുന്നത് നിയന്ത്രിക്കാനാവുന്നില്ല... കൈകളിലെയും മനസ്സിലെയും അഴുക്ക് എത്ര കഴുകിയിട്ടും വൃത്തിയാവാത്ത പോലെ ഒരു തോന്നൽ. സോപ്പിട്ട് കഴുകി കഴുകി കൈകൾ വരണ്ടുണങ്ങി തുടങ്ങി. പിന്നെ ചുവന്ന് തുടങ്ങി. രക്തം പൊടിയുമെന്ന മട്ടായപ്പോൾ സുധി ബാത്ത്റൂം വിട്ടിറങ്ങി. വേലക്കാരി കൊണ്ടു വെച്ച ചായയും അലമാരയിൽ നിന്ന് തിടുക്കത്തിൽ ഗുളികയും പൊട്ടിച്ചെടുത്ത് തിടുക്കത്തിൽ കഴിച്ചു. എന്നിട്ട് ബാൽക്കണിയിൽ ചെന്നു നിന്നു. താഴേക്ക് എടുത്തു ചാടാൻ മനസ്സിൽ ആരോ പറയുന്നു. അതിൽനിന്ന് ഒളിച്ചോടാൻ എന്നോണം സുധി മുറിക്കകത്തേക്ക് വീണ്ടും പാഞ്ഞു. ഒരു മൂലയിൽ കൈകൾ കൊണ്ട് തലയും താങ്ങി ഇരിപ്പായി. തറയിൽനിന്ന് അണുക്കൾ അരിച്ചു കേറുമെന്ന് മനസ്സിൽ വീണ്ടും ആരോ ഭയപ്പെടുത്തുന്നു. എന്നാൽ ചിന്തകളെ മനഃപൂർവ്വം അവഗണിച്ച് ധൈര്യം സ്വീകരിച്ച് അവിടെ തന്നെ ഇരിപ്പുറപ്പിച്ചു. ജീവിതമോ പുഴുവരിച്ച് ഇനി ശരീരവും അണുക്കൾ അരിച്ചോട്ടെ എന്ന മട്ടിൽ... ഓരോ ചിന്തകളിൽനിന്നും ഒളിച്ചോടാൻ ശ്രമിക്കുമ്പോഴും അതിലും ഭീകരമായ മറ്റു ചിന്തകൾ തന്നെ വന്നു കീഴടക്കുന്നു. ഇന്നലത്തെ ആ രംഗം വീണ്ടും മനസ്സിൽ അരങ്ങേറി.

ഇന്നലെ ആ പകൽ... ഓഫീസിലേക്ക് എന്നു പറഞ്ഞിറങ്ങിയ താൻ ഫയൽ മറന്നുവെച്ചത് ഓർത്ത് പാതിവഴിക്ക് വീട്ടിലേക്ക് തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ച...സ്വന്തം മുറിയിൽ സ്വന്തമെന്നു കരുതിയവൾ

മറ്റൊരുത്തനുമായി കിടക്ക പങ്കിടുന്നു. താങ്ങാനായില്ല ആ കാഴ്ച... അവളെ അടിക്കാൻ തുനിഞ്ഞതും... അവളുടെ വാക്കുകൾ കൂരമ്പുപോലെ കാതിൽ തറച്ചു..."നിങ്ങളെപ്പോലെ ഒരു ഭ്രാന്തനെ എനിക്ക് വേണ്ടാന്ന്... നിങ്ങളുടെ അസുഖം കാരണം എന്റെ ജീവിതത്തിലെ സകല സുഖങ്ങളും എനിക്ക് നഷ്ടമായെന്ന്."

തളർന്നുപോയിരുന്നു അവൻ... എല്ലാം അറിഞ്ഞു കൊണ്ട് കൂടെ നിന്നവൾ തന്നെ ഭ്രാന്തൻ എന്നുവിളിച്ച് മുദ്ര കുത്തിയപ്പോൾ, തകർന്നുപോയിരുന്നു അവൻ.... ശിഥിലമായിരുന്ന അവനെ കൂട്ടിയൊട്ടിച്ചവളാൽ തന്നെ പതിന്മടങ്ങ് ശക്തിയിൽ തച്ചുടയ്ക്കപ്പെട്ടപ്പോൾ, അവൾ ഇറങ്ങിപ്പോയതോടെ ജീവിതത്തിലെ ഇരുട്ട് കൂടിയതുപോലെ... ഈ പകലിലും അവന്റെ കണ്ണിലും മനസ്സിലും ഇരുട്ട് നിറയുന്നപോലെ. ഉണങ്ങിത്തുടങ്ങിയ മുറിവിൽനിന്ന് വീണ്ടും രക്തം പൊഴിയുന്നപോലെ.

പാതിവഴിക്ക് അവൾ ഉപേക്ഷിച്ചു പോയെങ്കിലും തോറ്റുകൊടുക്കാൻ അവൻ തയ്യാറായിരുന്നില്ല. ഇനിയുള്ള പോരാട്ടം ഒറ്റയ്ക്ക് തന്നെ...

- (കുറച്ചു കാലങ്ങൾക്കുശേഷം...) -

"ട്രിങ്... ട്രിങ്...", "ഡോക്ടർ ഒരു ക്ലൈന്റ് പുറത്തു വെയ്റ്റു ചെയ്യുന്നു." "വരാൻ പറയൂ" അവൻ പറഞ്ഞു.

"മോർണിംഗ് ഡോക്ടർ" "മോർണിംഗ്" മേശയിൽ "ഡോ. സുധികുമാർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്" എന്ന ബോർഡ് ശോഭിച്ചുകൊണ്ടേയിരുന്നു.

അതെ, കാലങ്ങൾക്കിപ്പുറം കുറെ ജീവിതങ്ങളിലേക്ക് പ്രകാശം എത്തിക്കുന്ന, ഇരുട്ട് നിറഞ്ഞ ജീവിതങ്ങൾക്ക് പകലിന്റെ സൂര്യനാണ് ഇന്ന് സുധി! "ഡോ. സുധികുമാർ!"

# സ്പർശം



**അലൻ പി. ജെ** (കമ്പ്യൂട്ടർ സയൻസ് വിഭാഗം, ഒന്നാം വർഷം)

വരണ്ട താഴ്വരകളിൽ ഒരു തണുപ്പായി നീ
ഉണങ്ങിയീ ചില്ലകൾക്ക് ഊർജമായി നിൻ സ്പർശം
വേനലിൻ ദാഹമാർന്ന ചുണ്ടിൽ നനവിൻ കുളിർമ
ചൂടേറ്റ വായുവിൻ നിറക്കൂ നിൻ മർമരം
മാധുര്യം ഏറുമീ ജീവജലം തരുമീയമ്മ
തൻ മക്കളുടെ കുഴിയിൽ പാലമായമ്മ
നടക്കുമീ പാലത്തിൻ മേൽ നടക്കുമീ മകൾ
മുറിവിൻ മരുന്നായ് അമ്മതൻ സ്പർശം
തൻ മക്കളെ കൊല്ലും കൊടും ചൂടിന്റെ നിറവിൽ
അനുഗ്രഹമായി നീ
വാടിനില്പൂ ചില്ലകൾക്കുയർച്ചയായ്
വേരുകൾക്കുറപ്പായി വളർച്ചയേകി
ഫലമേകി നിൻ മക്കളെ കണ്ട്
സന്തോഷിപ്പിൻ പടച്ചവൻ.



# ഈറൻ മിഴികൾ

**ഐശ്വര്യ ജസ്റ്റിൻ** (കൊമേഴ്സ് വിഭാഗം, ഒന്നാം വർഷം)

ഭൂതകാലത്തിന്റെ സ്മരണകളിലേക്ക് ഇറങ്ങിപ്പോയ അശോകൻ “അച്ഛാ” എന്ന വിളികേട്ട് ഒരു ഞെട്ടലോടെയാണ് എണീറ്റത്. “ഇന്ന് അമ്മയുടെ പിറന്നാൾ ദിവസമല്ലേ അച്ഛാ പുറത്തു പോയി ഭക്ഷണം കഴിക്കണമെന്ന് പറഞ്ഞിരുന്നില്ലേ. ഞങ്ങൾ മാറിക്കഴിഞ്ഞു. അച്ഛൻ പോയി വേഷം മാറിയിട്ട് വരൂ.” നിസ്സഹായാവസ്ഥയിൽ മക്കളെ നോക്കി “ഞ്ഹാ, ഞാൻ മാറിയിട്ട്‌വരാം” എന്നു പറഞ്ഞ് അശോകൻ വസ്ത്രം മാറാൻ പോയി. വേഷം മാറുന്നതിനിടയിലും അശോകന്റെ ചിന്ത മുഴുവൻ തന്റെ രാധാമണിയെ കുറിച്ചായിരുന്നു. ഇന്ന് തന്റെ കൂടെ അവളുണ്ടായിരുന്നെങ്കിൽ മനസ്സിന്റെ ഭാരം ഒന്നിറക്കിവയ്ക്കാമായിരുന്നു. എല്ലാ പിറന്നാൾ ദിവസവും ഇതു പോലെയുള്ള ഒരു യാത്ര പതിവായിരുന്നു. അവളുടെ വേർപാടിനുശേഷം ഇതാദ്യമായാണ് അയാൾ മക്കളുടെ ആവശ്യത്തിന് വഴങ്ങുന്നത്. കോവിഡ് കാലത്തെ ജോലിയില്ലായ്മയും സാമ്പത്തിക ബുദ്ധിമുട്ടും തന്നെ അലട്ടിയിരുന്നത് അശോകൻ മക്കളെ അറിയിച്ചിരുന്നില്ല. അന്നാദ്യമായി അശോകൻ മക്കളെയും കൂട്ടി പാർക്കിൽ പോയി. അതിനുശേഷം വരുമാനത്തിന്റെ തോതനുസരിച്ചുള്ള ഒരു ഹോട്ടൽ തിരഞ്ഞു നടന്നു. അവസാനം ഒരു ഹോട്ടലിലെത്തി. വെയിറ്റർ വന്ന് “എന്താണ് വേണ്ടത്” എന്നു ചോദിച്ചപ്പോൾ “മക്കൾക്ക് വേണ്ടത് ചിക്കൻ ഫ്രൈഡ്റൈസ് ആണ്” വില ചോദിച്ചപ്പോൾ “150 രൂപയാണ് ഒന്നിന്” എന്നുള്ളത് ഞെട്ടലോടെ അശോകൻ കേട്ടു. അശോകൻ വെയിറ്ററോട് “മക്കൾക്ക് ഒരു ചിക്കൻ ഫ്രൈഡ്റൈസും പിന്നെ എനിക്കൊരു ചായയും മതി.” വെയിറ്റർ തിരിച്ചു പോയി. “അച്ഛന് അപ്പോൾ ഫ്രൈഡ്റൈസ് വേണ്ടേ?” കുട്ടികൾ അശോകനോട് ചോദിച്ചു. “അച്ഛന് ചായ മാത്രം മതി.”

കുറച്ചു സമയം കഴിഞ്ഞു. വെയിറ്റർ അവരുടെ മേശയിൽ 3 ഫ്രൈഡ്റൈസ് കൊണ്ടുവെച്ചു. അന്തം വിട്ട അശോകൻ തന്റെ പോക്കറ്റിലേക്കും വെയിറ്ററുടെ മുഖത്തേയ്ക്കും നോക്കി. എന്നിട്ട് പതിഞ്ഞ സ്വരത്തിൽ വെയിറ്ററോട് പറഞ്ഞു: “ഞാൻ ഒരെണ്ണമാണ് ഓർഡർ ചെയ്തത്” സൗമ്യമായി ചിരിച്ചുകൊണ്ട് വെയിറ്റർ മറുപടി പറഞ്ഞു. “ഇതിന്റെ എല്ലാ ബില്ലും ഒരു ചെറുപ്പക്കാരൻ അടച്ചിട്ടുണ്ട്. സാർ പേടിക്കണ്ട. ഭക്ഷണം കഴിച്ചതിനുശേഷം ആളെകണ്ടാൽ മതിയെന്ന് പറഞ്ഞ് അയാൾ പുറത്ത് നില്പുണ്ട്.” പെട്ടെന്ന് ഒരു അപകർഷതാബോധം വന്നെങ്കിലും തന്റെ കുടുംബ പ്രശ്നങ്ങൾ എങ്ങനെ വേറൊരാൾ മനസ്സിലാക്കി എന്നൊരു അമ്പരപ്പും അശോകന്റെ മുഖത്തുണ്ടായിരുന്നു. മക്കൾ രണ്ടു പേരും ആസ്വദിച്ചു ഭക്ഷണം കഴിച്ചു. മനസ്സില്ലാമനസ്സോടെ അശോകനും. കഴിക്കുന്ന ഓരോ സമയത്തും അയാൾ ആ സുഹൃത്തിനെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നു. കൈകഴുകി പുറത്തുവന്നപ്പോൾ പരിചയമുള്ള മുഖങ്ങൾ തിരയുകയായിരുന്നു അശോകൻ. അതിനിടയ്ക്ക് തോളിൽ ഒരു കൈവന്ന് പതിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ അത് സുബൈറായിരുന്നു. തന്റെ നല്ല കാലത്ത് താൻ എല്ലാം നല്കി സഹായിച്ച അലീക്കായുടെ മകൻ സുബൈർ. കെട്ടിപ്പിടിച്ച് സുബൈർ “ഇക്കാ” എന്നു വിളിച്ചു. ഇത്രയൊക്കെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും ഇക്ക എന്തിന് എന്നിൽനിന്ന് ഇതൊക്കെ മറച്ചുവെച്ചു. എല്ലാം ഞാനറിഞ്ഞു. ഞാനിപ്പോൾ ഒരു നല്ല കമ്പനിയിൽ തരക്കേടില്ലാത്ത ശമ്പളത്തോടെ ജോലി ചെയ്യുകയാണ്. ഇക്ക എന്റെ കൂടെ വരണം. ഞാൻ പറഞ്ഞാൽ എന്റെ കമ്പനിയിലെ മുതലാളിക്ക് തള്ളിക്കളയാൻ പറ്റില്ല. ഇക്കയ്ക്കും ഞാൻ പറഞ്ഞാൽ ഒരു ജോലി ശരിയാകും. നമുക്ക് നമ്മുടെ പഴയ ജീവിതത്തിലേക്ക് തിരിച്ചു വരണ്ടേ.” ഇതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ അവിടെ നാലുകണ്ണുകൾ നിറഞ്ഞൊഴുകി. അത് സന്തോഷാശ്രുക്കളായിരുന്നു.



# പ്രതിസന്ധിയിൽ തളരാതെ

**ശ്രീലക്ഷ്മി പി. ബി** (കൊമേഴ്സ് വിഭാഗം, ഒന്നാം വർഷം)

പർവ്വത ശിഖരങ്ങളാലും വനങ്ങളാലും കായലുകളാലും നദികളാലും രമണീയമായ പ്രകൃതിയാണ് നമ്മുടെ കേരളത്തിന്. പ്രകൃതി കനിഞ്ഞ അഴകും സമ്പത്തും കൊണ്ട് "ദൈവത്തിന്റെ സ്വന്തം നാട്" എന്ന പേരിന് കേരളം തികച്ചും അർഹം തന്നെ. പൗരാണിക ചരിത്രവും, കല ശാസ്ത്ര രംഗങ്ങളിലെ മേന്മയും ഈ നാടിനെ മഹത്തരമാക്കുന്നു. സാമൂഹികാടിസ്ഥാനത്തിൽ വന്ന മാറ്റങ്ങളെല്ലാം സംസ്കാരത്തിന്റെ പിന്തുടർച്ചയാണ്. കേരളത്തിന്റെ മതസൗഹാർദ്ദവും സംസ്കാരവുമെല്ലാം മേന്മ തന്നെയാണ്. സമുദ്ര നിരപ്പിൽനിന്ന് 2700 മീറ്റർ ഉയരമുള്ള പശ്ചിമഘട്ട സാനുക്കൾ കിഴക്കും, അറബിക്കടൽ പടിഞ്ഞാറുമായി ഒഴുകുന്ന 44 നദികൾ എല്ലാം കേരളത്തിന്റെ പ്രകൃതി വൈവിധ്യത്തെ ശോഭിപ്പിക്കുന്നു. ഇവയെല്ലാം വസ്തുത തന്നെ. എന്നാൽ ഇന്നത്തെ കേരളം എങ്ങനെയാണ് ഇവയിൽ നിന്ന് വ്യത്യാസപ്പെടുന്നത്?.

ഇന്ന് കേരളം അതിജീവന പാതയിലാണ്. പ്രളയം, ഉരുൾപൊട്ടൽ എന്നിങ്ങനെയുള്ള പ്രകൃതി ദുരന്തങ്ങളാലും കോവിഡ്, നിപ്പ പോലുള്ള വൈറസ് ജന്യ രോഗങ്ങളാലും ഇന്ന് കേരളം വേദനിക്കുകയാണ്. എന്നാൽ, ഇവയിൽ നിന്നെല്ലാം ഒരു ഫീനിക്സ് പക്ഷിയെ പോലെ കേരളം ഉയിർത്തെഴുന്നേല്ക്കുന്നു. കേരളത്തിലെ മൂന്നരക്കോടിയിലേറെ ജനങ്ങൾ ഒറ്റക്കെട്ടായ് അതിനെ പോരാടുന്നു. അവർക്ക് താങ്ങായി നമ്മുടെ സർക്കാരും ഒപ്പമുണ്ട്. കോവിഡ് കാലത്തെ ആരോഗ്യവകുപ്പ് സേവനങ്ങൾ തികച്ചും പ്രശംസനീയമാണ്. ലോക രാഷ്ട്രങ്ങൾക്കുവരെ മാതൃകയാണ് നമ്മുടെ ആതുരസേവനങ്ങൾ. ഉള്ളവനും ഇല്ലാത്തവനും ഇവിടെ ചികിത്സ സുനിശ്ചിതമാണ്. പണമില്ലാത്തതിനാൽ ഇവിടെ ആർക്കും ചികിത്സ നിഷിദ്ധമല്ല. കോവിഡ് കാലത്തെ ആതുരസേവകരുടെ പരിചരണം രോഗികൾക്ക് ഏറെ ആശ്വാസനീയമായിരുന്നു. പത്രങ്ങളിൽ നാം അതു കണ്ടതുമാണ്. ഡോക്ടർമാരും നഴ്സുമെല്ലാം സ്വന്തം കുടുംബാംഗങ്ങളെ പോലെയാണ് രോഗികളെ പരിചരിച്ചിരുന്നത്. പോലീസ് സന്നാഹങ്ങളെക്കുറിച്ചും പറയാതെ വയ്യ. രാപ്പകൽ ഇല്ലാത്ത സേവനമാണ് അവർ നമുക്ക് വേണ്ടി കാഴ്ചവെച്ചത്. ഏതൊരു അവസ്ഥയിലും നമ്മുടെ വിളിപ്പുറത്ത് അവരുണ്ട്. കോവിഡ് പ്രതിസന്ധിയിലും നമ്മൾ വളർന്നു. ലോകത്തെ, രാജ്യത്തെ 17 മേഖലകൾ മുൻപത്തെക്കാൾ ഉയർന്നുവന്നത് ഈ ഒരു സമയത്താണ്. നമ്മൾ ഇതുവരെ പ്രായോഗികമല്ല എന്ന്ചിന്തിച്ചിരുന്ന പല മേഖലകളിലും നമുക്ക് ഡിജിറ്റൽ പിന്തുണ നല്കാനായി, എന്തിനേറെ പറയുന്നു നമ്മുടെ പഠനം വരെ നമ്മൾക്ക് ഓൺലൈനായി. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത ഒരു പരിധിവരെ ഇതിനാൽ നമുക്ക് ഉറപ്പുവരുത്താൻ സാധിച്ചു. എന്നാൽ ബാക്കിയുള്ള ജനതയുടെ പട്ടിണിയും ദാരിദ്ര്യവും തള്ളിക്കളയാനാവില്ല.

സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തേണ്ടത് അവിടുത്തെ ഭരണകൂടമാണ്. ഒരു പരിധി വരെ നമ്മുടെ കേരള സർക്കാർ അത് നിറവേറ്റി. മുടക്കമില്ലാത്ത പെൻഷൻ വിതരണം, റേഷൻ വിതരണം എന്നിങ്ങനെയുള്ള പദ്ധതികളിലൂടെ പൗരന്മാർക്ക് താങ്ങാവുവാൻ സർക്കാരിന് സാധിച്ചു. പണമില്ലാത്തതിനാൽ കേരളത്തിലെ ഒരു മനുഷ്യൻ പോലും പട്ടിണി കിടക്കരുത് എന്ന സർക്കാരിന്റെ നിലപാട് തികച്ചും ആദരിക്കപ്പെടേണ്ടതാണ്. കൂടാതെ ധാരാളം മനുഷ്യസ്നേഹികളും നമുക്കിടയിലുണ്ട്. സ്വന്തം വരുമാനത്തിൽനിന്ന് ഒരു പങ്ക് നിർധനർക്കു നല്കി അവർ ഒരു കുടുംബത്തെ തന്നെ രക്ഷിക്കുന്നു.

പ്രളയകാലം നോക്കുകയാണെങ്കിൽ അവിടെയും നമുക്ക് മുന്നിൽ സഹായഹസ്തങ്ങൾ ഏറെയായിരുന്നു. യാതൊരു വേർതിരിവും ഇല്ലാതെ ദുരിത ബാധിതരെ ഉയിർത്തെഴുന്നേല്പിക്കാൻ അഹോരാത്രം നാം പരിശ്രമിച്ചിരുന്നു. വീട് നഷ്ടപ്പെട്ടവർക്ക് വീടു നല്കുവാനും കുടുംബത്തെ നഷ്ടപ്പെട്ടവർക്ക് താങ്ങാകാനും നമ്മൾ ഒറ്റക്കെട്ടായ് പ്രവർത്തിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായതെല്ലാം സജ്ജീകരിക്കാൻ നമുക്കൊപ്പം ഒരു കൂട്ടായ്മ തന്നെ ഉണ്ടായിരുന്നു. പല അപരിചിതരും നമുക്കു മുന്നിൽ അന്ന് ദൈവതുല്യരായി. സ്വന്തം ജീവൻ പോലും വകവയ്ക്കാതെ അന്യനെ രക്ഷിക്കാൻ അന്ന് മത്സ്യത്തൊഴിലാളികൾ നമുക്കു കൂട്ടായ് എത്തി. ഏതൊരു പ്രതിസന്ധിയിലും നമുക്കു കൂട്ടായ് അവർ ഉണ്ട് എന്നുള്ളതിനുള്ള ഉറപ്പായിരുന്നു അത്.

2018 ൽ പ്രളയം വന്നതു മുതൽ കേരളം ഒരു പ്രളയ സാധ്യത മേഖലയായി മാറിയിരിക്കുകയാണ്. അതിനോടകം തന്നെ "കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി" അതിജീവന പാക്കേജുകളും പ്ലാനുകളും ആവിഷ്കരിച്ചിട്ടുണ്ട്. പ്രളയ സാധ്യത ഏറെയുള്ള പ്രദേശത്തെ ജനങ്ങളെ പുനരധിവസിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2019 ൽ കോവിഡ് അലകൾ ആദ്യം തൊട്ടത് നമ്മുടെ കൊച്ചു കേരളത്തിൽ തന്നെയാണ്. രാജ്യത്തെ ആദ്യകോവിഡ് കേസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് കേരളത്തിലാണ്. അന്നുമുതൽ ഇന്നുവരെ രോഗവ്യാപനം പരമാവധി നിയന്ത്രിച്ചുകൊണ്ട് ജനജീവിതം സുഖമമാക്കാൻ സർക്കാർ ശ്രമിക്കുന്നു. ''ഭയമല്ല, ജാഗ്രതയാണ് നമുക്കു വേണ്ടത്'' എന്ന് തുടരെ പറഞ്ഞുകൊണ്ട് ജനങ്ങൾക്ക് വിശ്വാസവും ഉറപ്പും നല്കുന്നു. ചുരുക്കത്തിൽ ഏതൊരു പ്രതിസന്ധിയിലും ആടിയുലയാത്ത മനസ്സാണ് കേരളീയർക്ക്. മാത്രമല്ല എന്തും ഒറ്റക്കെട്ടായി നേരിടാം എന്നുള്ള ചങ്കുറപ്പും നമ്മൾ മലയാളികൾക്കുണ്ട്.


ശാന്തസുന്ദരമായ നമ്മുടെ കേരളം പരിഭ്രാന്തിയിൽ ആയപ്പോഴും ഒറ്റക്കെട്ടായ് നില്ക്കുന്ന മലയാളികളും ക്ഷേമപദ്ധതികളാലും വായ്പകളാലും ജനങ്ങൾക്കു തണലാവുന്ന ഭരണകൂടവും നിലതെറ്റിയ കാറ്റോ ഗതിമാറിയ പുഴയോ നമ്മെ തളർത്തില്ല എന്നുള്ള ഉറച്ച തീരുമാനവുമാണ് കേരളത്തിന്റെ വിജയം. ഇതിനാലാണ് കേരളം മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാവുന്നത്. എന്തു മഹാമാരിയും ദുരന്തങ്ങളും വന്നാലും കേരളം അത് ഒരുമിച്ച് നേരിടും എന്ന ഉറപ്പാണ് ജനങ്ങൾക്ക് പ്രചോദനമാവുന്നത്. അതിനാൽ തന്നെ കേരളം ഇന്ന് അതിജീവനപാതയിലാണ്. ഏതൊരു പ്രതിസന്ധിയെയും അതിജീവിക്കാം എന്ന് മറ്റുള്ളവർക്ക് തെളിയിച്ചുകൊടുക്കുകയുമാണ്.

# കനൽ

**ആദിത്യ** (ഇംഗ്ലീഷ് വിഭാഗം, രണ്ടാം വർഷം)



നോവിൻ തീവ്രത
അതെന്നിൽ പ്രായമായ് ജനിച്ചു...
ഓരോ ഘടികാരവും
സമയത്തിൻ അതിർവരമ്പുകൾക്കടയാളമായ്
അലസമായ ചിന്തകളിലും
ആകുലതകളിടം തിരഞ്ഞു.
ക്ഷണനേരമതൊന്നു മതി
മിഴികൾ പെയ്തുതോരുവാൻ
വിചിത്രമായതൊക്കെയും
ഭയത്താൽ മനസ്സിനെ തടവിലാക്കി.
തുരുമ്പിച്ച ചങ്ങലകളാൽ
ആത്മാവിനെ വ്രണപ്പെടുത്തി.
അപ്പോഴും മന്ദംമന്ദമെൻ
ആനന്ദത്തെ പിടിച്ചടക്കി
വേദന ധാരയായ് പ്രവഹിക്കുന്നു.



# Sam and Skye

**Aparna Sankar** (III BSc Psychology)

"We all live inside a bubble."

Skye spoke to Sam after a long pause. They had been quiet for a while but even the silence between them was beautiful.

"Bubble?" Sam asked, taking a sip of water from her bottle.

"Yeah, invisible bubble. No matter how hard we try to blend with the world, there's this bubble around us all the time. Haven't you felt this or am I just completely insane?" Skye asked Sam, because she didn't get the reaction she was expecting from her.

"I don't think you're insane. Not completely," Sam added, smiling.

"You know this is what I like about you. You never think am insane."

"I think you have some interesting techniques to cope with this boring life. I mean, life has never been boring since I met you. You always come up with something like, invisible bubbles, the silence not being silent and yeah the 11:11 wishes,'' Sam said, laughing.

"That's the nicest thing anyone has ever said to me." Skye's eyes twinkled as she smiled.

Sam and Skye are best friends. They've known each other years now, and they're inseparable. Sam is a super organized introvert and Skye threw colors to her boring life, while Skye is this wonderfully weird soul and Sam gets her like no one else. They were starting to realize they were becoming more than just best friends.

"Tell me, what's the thing that makes your world stuck?" Sam asked, after a long pause.

"Can I use the bubble metaphor?"

"Of course."

"Fear."

"Care to explain?"

She continued. "And sometimes it gets out of

control. It somehow manages to spread outside my body and my bubble gets filled with darkness. And all I could see is darkness, I can't explain the feeling."

She was starting to cry. Her voice began to crack.

"But I wish it'd end because I hate that feeling. You know I hate feeling powerless. That's what it does. It makes me powerless, and numb. And I hate it when that happens." Silence fell between them.

"I know it sounds dramatic, but shit gets real," Skye said with a forced laugh, wiping her tears.

"I get it."

"You do?"

"Yeah, I can only imagine how it'd feel like and I'm sorry you're going through this. But I promise, I will be here with you. I'm here for you. Whenever that black dog gets out, call me, text me, talk to me. We will make that shit go away."

Skye's eyes gleamed.

"I know. And you've already saved me from the 'black dog' numerous times. You'd never leave me alone and I think the black dog is scared of you. When that shit makes me powerless, you make me powerful. That's why I irritate you all the time. You make me feel like I could beat anything in this world as long as I'm with you."

Sam's eyes filled with happy tears.

"I know you wouldn't believe me, but I feel the same way." Sam met her eyes and she could see the new tears forming in her eyes. "Now its your turn." Skye broke the silence. "Tell me, what makes your world stuck?"

Sam thought for a while and said, "Fear. But not of the world inside me. My inner world is pretty understanding. But the outside world, I'm terrified of it."

"Really?" Skye was surprised because Sam always seemed so strong and brave in approaching things. She admired her boldness.

"Yes, I mean, it can haunt you. I'm scared it might ruin my only world.

.......................................

"Yes, ours. I know what we have is special. You are something that makes me want to live in this boring world. I don't even know what we are, friends or more than friends. And I can't imagine my life without you. But the thing is, if I confess, I'm scared the world will ruin this."

"Confess what?"

"That I'm falling in love with you."

"Oh."

"Does that... did I scare you?"

"No, you didn't. I've been thinking about it too."

"It isn't the same for us, is it? They are going to separate us and send to therapy thinking something is wrong with us."

"You are right Sam, but don't be scared. Even the world is against us, It's you and me together against 'em. I know it gets dark but you're welcome to live inside my bubble," Skye said, smiling with all her dimples out.

"I'd be happy to."

"I love you,

Sam."

"I love you too, Skye."

They both laughed wiping their tears. All happy tears.



# ചിരഞ്ജീവി

**ലയ ജോസ്** (ഇംഗ്ലീഷ് വിഭാഗം, മൂന്നാം വർഷം)

വിദൂരതയിലാണ് അവൾ മറഞ്ഞിരുന്നത്
നിശ്ശബ്ദതയിലാണ് ദുഃഖഗാനം മുഴങ്ങിയത്
ഒറ്റയ്ക്കാണ് കലഹിച്ചത്
ഭയന്നുവിറച്ചാണ് പോരാടിയത്.
മരവിച്ച ചേതനയിൽനിന്നും അടർത്തിയെടുത്ത
രോദനങ്ങൾ
പ്രകൃതിയുടെ ഉൾചാലുകൾ കൊണ്ട് സങ്കീർണ്ണമായവ
ബലഹീനമായ ശരീരത്തിന് അത് താങ്ങുമായിരുന്നില്ല
സ്വത്വം നഷ്ടപ്പെട്ട, തൂവൽ പൊഴിഞ്ഞ ശരീരം
അശുദ്ധിയുടെ ശോണരേഖ പിറവിയെടുത്ത ശരീരം.
വിരസജീവിതം കഴിഞ്ഞു ബാക്കിയായി–
കൈവെള്ളയിലെ ചുട്ടുപൊള്ളിയ ഓർമ്മകൾ, ഉറുമ്പരിച്ച
വ്രണത്തിന്റെ മധുരം, നോവിന്റെ ചുടലയിലെ
കണ്ണുനീർതുള്ളി.
സ്നേഹമാണത്രേ തോല്പിച്ചത്
അച്ഛന്റെ സ്നേഹം, അമ്മയുടെ സ്നേഹം, അയൽ
ക്കാരന്റെ സ്നേഹം,
അകന്ന ബന്ധുവിന്റെ സ്നേഹം
യുക്തിയെ കൊല ചെയ്ത വികാരകിരണങ്ങൾ
ഒടുവിൽ അനുഭവിച്ചു.
പാവ കൊടുത്ത് പാവമാക്കിയവൾ
ആദർശം പണയം വച്ച് അടിമത്തം സ്വീകരിച്ചവൾ
'സർവ്വംസഹ' പുരസ്കാരം ചോദിച്ചു വാങ്ങിയവൾ
പണ്ടമില്ലാതെ വിലയില്ലാത്ത ജന്മം
ധനമില്ലാതെ ധന്യമാകാത്ത ജീവിതം
ഭവനമില്ലാതെ ഭവതിയാകേണ്ട വിളക്ക്
മാറാത്ത ചട്ടങ്ങളുടെ രക്തസാക്ഷി!
പിന്നെയും അവൾ എന്തൊക്കെയോ ആണ്
വരം നേടാൻ വരനെ തേടിയവൾ
സ്നേഹം മോഹിച്ച് ഉടൽ ഉടച്ചവൾ
വരണമാല്യമണിഞ്ഞു മരണമാല്യം ചാർത്തിയവൾ
"തിരിച്ചുവരാമായിരുന്നില്ല" എന്ന് പ്രബുദ്ധത കാട്ടി
പുളകം കൊണ്ട നാടിന്റെ പൊന്നുമകൾ!
അനേകം പരശുരാമന്മാരെ പെറ്റുവളർത്തിയവൾ
അവളും ഒരു ചിരഞ്ജീവി.



# അവൾ

**അനിറ്റ. പി. ജോസ്** (ഇംഗ്ലീഷ് വിഭാഗം, മൂന്നാം വർഷം)

അവളെ സ്നേഹിച്ചുതലോടാൻ എല്ലാരുമീ ലോകത്ത്,
അവളുടെ ജനനത്തെ പുകഴ്ത്തുന്നവർ കണ്ടില്ലീ,
കണ്ണുനീരാൽ മൂടിയൊരു ശരീരം.
നാടിനും നാട്ടാർക്കും പ്രിയപ്പെട്ടൊരാം മകളെ,
വീട്ടിൽ വേണ്ടല്ലോ, ഹാ കഷ്ടം!
ആദ്യക്ഷരം ചൊല്ലിപഠിക്കാൻ വിദ്യാലയത്തിൽ
കൊണ്ടുപോകാനാരുമില്ലീ കഷ്ടം!
മധുരമാം വിദ്യാലയത്തിൻ ഓർമകൾ തുളുമ്പുമ്പോൾ,
ചെറിയൊരു തീക്കനലായ് അവളുടെ വീട്ടരും.
ശകാരങ്ങളും കുത്തുവാക്കുകളും
അവൾക്കെന്നും മിത്രങ്ങളായിരുന്നു.
അവകാശങ്ങളിൽ പോലും സമൂഹത്തിന്റെ
ഔദാര്യങ്ങൾ നീട്ടുന്ന ചങ്ങലകൾ.
സുരക്ഷ ഇല്ലാത്ത കാറ്റ്പോൽ,
തുണയുള്ളതോ കരിമേഘക്കൂട്ടം മാത്രം.
കാലത്തിൻ ചക്രമുരുളുന്നതറിഞ്ഞില്ലവൾ,
വിധിയെന്ന മഹാമാരി തളർത്തിയതിനാലാവാം.
സാന്ത്വനമെന്ന പോൽ അവളോട് മന്ത്രിച്ചു,
കളങ്കമില്ലാത്ത ജീവിത്തിനുടമയാവുക.
വിധിയുടെ ലീലകൾ മനതിൽ മഹാമാരി
യാണെന്നറിഞ്ഞവൾ ചടുലമുദ്ബുദ്ധയായ്...
അച്ഛനമ്മയുടെ ക്രൂരതയ്ക്കു മുന്നിൽ അടിപതറാതെ,
വീട്ടിൽനിന്നിറങ്ങിപ്പോരാൻ സമ്മതം ചോദിച്ചില്ലീ അവൾ.
ഇരുളിനെ അതിജീവിച്ച് വെളിച്ചത്തിലേക്കുള്ള
കാൽവെപ്പ് തെറ്റിയില്ലീ അവൾക്ക്.
ആശതൻ വഴിവക്കിൽ ഒറ്റക്കാവില്ലെന്നുറപ്പിച്ച്,
കാലങ്ങൾതൻ പടച്ചട്ടയണിഞ്ഞ് എഴുതാനാരംഭിച്ചു,
അവളിലെ നോവിനെ അളക്കാൻ തൂലികയിൽ
അനുഭവങ്ങൾ നിറച്ചവൾക്കുറിച്ചു,
അസഹനീയമായ വേദനയിലും കാലുറപ്പിച്ചവൾ നടന്നു.
അവളിലെ സ്ത്രീത്വത്തെ ലോകത്തിൻ മുന്നിലവതരിപ്പിച്ചു.
സ്ത്രീയെന്ന രണ്ടക്ഷരത്തിൽ കൊഴിയേണ്ടവളല്ല,
പൂത്തു ശോഭിക്കേണ്ടതാണവൾ.
കത്തിജ്വലിക്കുന്ന സൂര്യന്റെ ശോഭയെക്കാൾ
തെളിയട്ടെ അവളുടെ ചിന്തകൾ,
ആ ചിന്തകളിലെപ്പോഴും നിറയാനവളുടെ സദ്ഗുണങ്ങൾ
വേദനതിങ്ങുമേതു സ്ത്രീക്കുമൊരുന്മേഷമായ്,
ചേറ്റിൽ ചെന്താമരയാവണമവളെന്നും...



# തീനാളം

**സൂര്യ കെ. വി.** (ഇംഗ്ലീഷ് വിഭാഗം, ഒന്നാം വർഷം )

ഉണർന്നിരിക്കാമിനി ഉണർന്നിരിക്കാം
ഹൃദയത്തിൻ നോവുകൾ മാറ്റൊലിയായിന്ന്
നിളപോലെ ഒഴുകുന്ന ജീവിതത്തിൽ
ലോകത്തിൽ മുറിവുകൾ പാതിമറഞ്ഞുപോം
വഴികൾ തിരഞ്ഞു നടന്നുകൊള്ളാം
എവിടെയോ പാതി മറഞ്ഞുപോം ജീവിതം
നിളയായ് ഒഴുകുന്ന ഈ നിമിഷം
തിരമാലകൾ തൻ കത്തിജ്വലിക്കുന്ന
എരിവുകൾക്കെല്ലാം ഞാൻ സാക്ഷിയാവാം
ആർത്തു ചിരിക്കുന്ന തിരമാലകൾ തൻ-
എരിവായ് നീന്തുന്ന ജീവിതത്തിൽ
എവിടെയോ മായുന്ന പുഞ്ചിരി
തങ്ങുമീ ഉപ്പിന്റെ കണ്ണുനീർ പാടുകളിലായ്
ഉണർന്നിരിക്കാമിനി ഉണർന്നിരിക്കാം
തിരിച്ചറിവിൻ ലോകത്തെ കാണുവാനായ്
നീർച്ചാലുകൾ പോലെ നീന്തിത്തുടിക്കുന്ന
നിഴലിനെ ഞാനിന്നു തിരിച്ചറിയാം.
നിളയായ ജീവിതം മറുഖണ്ഡമാക്കി-
ഞാൻ ഹൃദയത്തിൻ നോവുകൾ
കളഞ്ഞുകൊള്ളാം.

എവിടെയും പതറാതെ
നീങ്ങാം നമുക്കിനി ലോകത്തിൻ മുറി-
വുകൾ മാറ്റുവാനായ്
ഉണർന്നിരിക്കാമിനി ഉണർന്നിരിക്കാം
സ്നേഹത്തിൻ പൂക്കൾ വിടർത്തുവാനായ്
ഉണർന്നിരിക്കാമിനി ഉണർന്നിരിക്കാം
നിളപോലെ ഒഴുകുന്ന ജീവിതത്തിൽ.



# കാത്തിരിപ്പ്

**മിന്നു** (കമ്പ്യൂട്ടർ സയൻസ് വിഭാഗം, ഒന്നാം വർഷം)

ഉമ്മറത്ത് അവൾ ആരെയോ കാത്തിരിക്കുന്ന പോലെ തോന്നുന്നു. ഉറക്കക്ഷീണം അവളുടെ കണ്ണുകളെ നന്നേ അലട്ടുന്നുണ്ടെങ്കിലും കണ്ണുകളിലെ പ്രതീക്ഷ അവളെ കൂടുതൽ ആശയകുഴപ്പത്തിൽ ആഴ്ത്തുന്ന പോലെ തോന്നുന്നു. "എന്താ കുട്ട്യേ അവൻ വന്നില്ലേ"?

പെട്ടെന്ന് അവൾ പതറി പുറം തിരിഞ്ഞ് നോക്കിയപ്പോൾ അവളെയും നോക്കി നില്ക്കുന്ന മുത്തശ്ശിയെ ആണ് കണ്ടത്. മറുപടി പറയാൻ പോലും അവളുടെ നാവുകൾ സമ്മതിക്കാത്തപോലെ അവൾ പ്രതീക്ഷയുടെ ഇരുപ്പ് തുടർന്നു.

"എന്താണാവോ പറ്റിയേ മോൾക്ക്..."

"പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല മാളു, നീ വല്ലതും വന്ന് കഴിക്ക്"

മുത്തശ്ശിയുടെ ആ ചോദ്യം അവളെ എന്തോ ഓർമ്മിപ്പിക്കുന്നപോലെ തോന്നുന്നു.

കൊറോണ വന്നുപോയിട്ട് മോൾക്ക് ഇപ്പോ ഒരാഴ്ചയല്ലേ ആയിട്ടുള്ളു. അവൾ ഒന്ന് ഉഷാറായി വരുന്നതേ ഉണ്ടായുള്ളു. ഇന്നലെ പകല് കുളിച്ച് സുന്ദരിയായി സ്കൂളിലേക്ക് പോകാൻ നിക്കുകയായിരുന്നു.

"അമ്മേ മോൾക്ക് എന്തോ ശ്വാസം കിട്ടാത്ത പോലുണ്ട്, എനിക്കിനി സ്കൂളിൽ പോകാൻ പറ്റൂല്ലേ"

അവളുടെ ചോദ്യം എന്നെ തെല്ലൊന്നു ചിന്താകുലയാക്കിയെങ്കിലും അവൾക്ക് ഒരു കുഴപ്പവും ഉണ്ടാകില്ലെന്ന് ഞാൻ വിശ്വസിച്ചു.

"എടീ മാളുവെ നീ ഇങ്ങനെ ഇരിക്കാണ്ട്
അവനെ ഒന്ന് വിളിച്ചു നോക്കിക്കെ"

മുത്തശ്ശിയുടെ ചോദ്യം എന്നെ പിന്നെയും ഉണർത്തി. ഇന്നലെ പകൽ പോയതാണവർ. അവളെ ആശുപത്രിയിൽ കാണിക്കാൻ. ഇതുവരെ എന്തിയെ അവർ വന്നില്ല. എന്തായാലും ആ ദാമോദരന്റെ വണ്ടി വിളിച്ച് അവിടം വരെ എന്തായാലും പോയിനോക്കാം. അവരാണേൽ ഫോൺ വിളിച്ചിട്ട് എടുക്കുന്നുമില്ല.

"എടാ ദാമോദരാ... അനിയേട്ടനും മോളും ഡോക്ടറെ കാണിക്കാൻ പകൽ പോയതാണ് ഇതുവരേം കണ്ടില്ല... നീ എന്നെ അവിടംവരെ കൊണ്ടാക്കിയെ."

"കുറച്ചുനേരം കൂടെ കാത്ത് നോക്കൂ ചേച്ചി അവർ വരും" എന്ന ദാമോദരന്റെ മറുപടി എനിക്കെന്തോ പന്തിയായി തോന്നിയില്ല.

എന്നാൽ പിന്നെ കുറച്ചൂടി അങ്ങ് കാത്തിരിക്കാം എന്ന് ഞാനും വിചാരിച്ചു.

"എന്താണ് കുഞ്ഞേടത്തി കുറെ നാൾ ആയിലോ ഇങ്ങോട്ടൊക്കെ വന്നിട്ട്"

അകലെനിന്നും വരുന്ന ഭാനുവിനെ നോക്കി മാളു ഉച്ചത്തിൽ ചോദിച്ചു.

കുഞ്ഞേടത്തിയുടെ മുഖവും പ്രസന്നമായിരുന്നില്ല. പക്ഷേ അതൊന്നും മാളുവിന്റെ പ്രതീക്ഷകളെ തകർക്കാൻ മാത്രം കഴിവുള്ളതായിരുന്നില്ല.

വഴിയിൽനിന്നും വീട്ടിലേക്ക് വരുന്ന ആളുകളുടെ എണ്ണം കൂടി കൂടി വന്നപ്പോഴും തെല്ലൊന്നു സംശയം ഇല്ലാതെ മാളു തന്റെ മകളെയും കാത്തിരിപ്പായിരുന്നു.

"എന്തേയ് കുഞ്ഞേടത്തി എല്ലാവരും ഇങ്ങോട്ടാണല്ലോ, മോളാണേൽ വന്നിട്ടും ഇല്ലേ"

ഇത്രയും ലളിതമായ ചോദ്യമായിട്ടുപോലും കുഞ്ഞേടത്തിക്ക് മാളുവിന് ഉത്തരം നല്കാൻ പ്രയാസമായിരുന്നു. മാളുവിന്റെ പ്രതീക്ഷയുടെ കണ്ണുകൾ പിന്നെയും ആ വഴികളിലേക്കു തന്നെ ഇമ ചിമ്മാതെ നോക്കിയിരുന്നു.


"അതാ കുഞ്ഞേടത്തി മോൾ വന്നല്ലോ...
അവൾ വല്ലോം കഴിച്ചു കാണുമോ എന്തോ..."

എന്തോ മറക്കാൻ ശ്രമിക്കുന്നപോലെ അവിടേക്ക് വന്ന ആ വാഹനത്തിനടുത്തേക്ക് അവൾ പ്രതീക്ഷയുടെ നനഞ്ഞ കണ്ണുകളെ പായിച്ചു.

"കണ്ടില്ലേ കുഞ്ഞേടത്തി എന്റെ പകലാണിവിടെ
ഇരുളിൽ പെട്ടുകിടക്കുന്നത്"

മാളുവിന്റെ ആ വാക്കുമാത്രം മതിയായിരുന്നു ആ പകലിനെ തന്നെ ഇരവാക്കാൻ. ആരും ഒന്നും മിണ്ടിയില്ല. എന്നത്തെയും പോലെ ആ പകലിന് മാളുവിന്റെ മകളുടെ കളിചിരികൾ കേൾക്കാൻ കഴിഞ്ഞില്ല. പകലുറങ്ങി രാവിന്റെ നിശ്ശബ്ദത മാത്രം എങ്ങും.

# വേനലിൽ പൂക്കുന്ന മഴകൾ



**അക്ഷയ. കെ. എം**

ദുഃഖങ്ങൾക്കിടയിലെ നറുസന്തോഷം പോൽ
കരച്ചിൽ ചീളുകൾക്കിടയിലെ ചില
പൊട്ടിച്ചിരിയൊലികൾ പോൽ
കണ്ണുനീരിനാൽ കുതിർന്ന മുഖത്ത്
വിരിയുന്ന ചെറുപുഞ്ചിരി പോൽ
വേനലിൻ കൊടും താപത്തിലും
പൂക്കുന്നു ചില മഴകൾ.
പ്രതീക്ഷയുടെ, സന്തോഷത്തിന്റെ,
ആശ്വാസത്തിൻ കുളിർമയേകുന്ന മഴകൾ
വേനലിൻ ചൂടിനാൽ വാടിത്തളർന്ന
നേരത്ത്, പുത്തൻ ഉണർവുപോലെ
പ്രത്യാശതൻ കണിക നൽകുന്ന മഴകൾ.



# For a Fearless 'Her'

**Aaliya Ameen** (I B.Sc Psychology)

Families stand upright, as they are the pillars-
The portrait of life is beautiful, as they are the painters
How they render wounds of heart is a mystery
Relentless risk, they have the only remedy.

"They" are the strong women of this land
Created as angels with magic wand
Who lifelong weave their reverie
And make others posses it merry

Still, some men with hearts of the Devil
Set their mind to owe for evil
Who long to destroy the sanctity of her soul
Denying her right, even to howl.

The female voices tune this world,
But the people value nothing but gold
"She" should be placed on the summit
For her brave and noble notions innate

She is as tough as the ships that sail
But some try turning her just to shale
To the race of women, they feel contempt
One day, they should surely have to repent.

The time will come, when they wail in remorse
Then, they could never escape the curse
Upon their head, like a vast burden,
Which will never ever let them enliven.

Learn from those pure hearts that reside
Within your brothers that stand beside
Who have known the love of their life
From mother, sister, friend and wife.

You will find men of your kind,
Those who possess care and respect in mind
For they felt their own smile serene
Only when they adore her beauty within.



# ഒരു പകലിന്റെ കഥ

**ദേവിക കെ. ബി** (ഇംഗ്ലീഷ് വിഭാഗം, ഒന്നാം വർഷം)

പകലിന്റെ ആഴങ്ങളിൽ നിദ്രയിലായിരുന്ന രാഘവൻ പെട്ടന്നാണ് ഞെട്ടിയുണർന്നത്. സമ്പന്ന നായ ഈ നാളിൽ അവൻ തന്റെ പഴയകാലത്തെ അനുസ്മരിച്ചുപോയി. “അന്നൊരു ശനിയാഴ്ച വളരെ പട്ടിണിയിൽ കഴിഞ്ഞ രാഘവന്റെ കുടുംബം മരണത്തിന്റെ വക്കിലേക്ക് വഴുതി വീഴുകയായിരുന്നു. രാഘവന് സുന്ദരിയായ ഒരു ഭാര്യയും രണ്ടു മക്കളുമാണുണ്ടായിരുന്നത്. രാഘവൻ തന്റെ മക്കളെ സംരക്ഷിച്ചിരുന്നത് അവന് കിട്ടുന്ന തുച്ഛമായ വരുമാനത്തിലാണ്. ആ ദമ്പതികൾ പട്ടിണിയിലാണെങ്കിലും അവർ ഉള്ളതെന്താണോ, അത് മക്കൾക്കു കൊടുക്കാൻ ശ്രമിച്ചിരുന്നു. രാഘവൻ മനുഷ്യരെക്കാൾ ദൈവത്തിനെ വളരെയധികം വിശ്വസിച്ചിരുന്നു. രാഘവൻ തന്റെ ഭാര്യയോട് പറഞ്ഞു: “എടീ നമ്മുടെ കഷ്ടപ്പാടൊക്കെ മാറും നീ നോക്കിക്കോ... ദൈവം അതൊക്കെ മാറ്റും...” എന്നാൽ ഇതു കേട്ട ഭാര്യയിങ്ങനെ മൊഴിഞ്ഞു... ഉവ്വാ... ദൈവങ്ങളൊന്നും ഇല്ല മനുഷ്യാ... ഉണ്ടായിരുന്നെങ്കിൽ നമ്മളിങ്ങനെ അനുഭവിക്കോ?” വളരെയേറെ പട്ടിണിയിലാണെങ്കിലും എന്തോ ഒരു സ്നേഹ ചങ്ങല അവർക്കിടയിലുണ്ടായിരുന്നു.

അവനങ്ങനെ ആ ശനിയാഴ്ച ആ ദിനം ഓർമ്മിക്കുന്നു. ഒരാഴ്ചയോളം വെള്ളം മാത്രം കുടിച്ച് ആരും സംരക്ഷിക്കാനില്ലാതെ കഴിഞ്ഞ അവർ ഒടുക്കം ആത്മഹത്യ ചെയ്യാനൊരുങ്ങുകയായിരുന്നു. തന്റെ മക്കളെ അവരുടെ ഒപ്പം കൊണ്ടുപോകാൻ അവർ ആഗ്രഹിക്കാത്തതിനാൽ രാഘവനും ഭാര്യയും ഒറ്റയ്ക്ക് യാത്രയാകാനൊരുങ്ങുന്നു.

പെട്ടെന്ന്... ആ ശബ്ദം “രാഘവാ... രാഘവാ” യെന്ന് നീട്ടി വിളിക്കുന്നു. രാഘവൻ പരിഭ്രാന്തിയോടെ നോക്കുമ്പോൾ അതാ മത്തായി ചേട്ടൻ മുറ്റത്ത്. മത്തായി ആ ഗ്രാമത്തിലെ വലിയൊരു പണക്കാരനായിരുന്നു. മത്തായി രാഘവനെ വിളിക്കുന്നു “എടാ...” നിന്റെ മുഖമെന്താ വിളർത്തിരിക്കുന്നേ?” രാഘവൻ ഒന്നും നടക്കാത്ത മട്ടിൽ നിശ്ശബ്ദനായി. “നിനക്കിന്ന് ജോലിയുണ്ടോ?” മത്തായി ചോദിച്ചു. “ഇല്ല ചേട്ടാ കുറച്ചു ദിവസങ്ങളായി ജോലി ഉണ്ടായിട്ട്.”

മത്തായി: എന്നാൽ എന്റെ കൂടെ വാ ഒരു ബോട്ടിന് പെയിന്റടിക്കാനുണ്ട്. രാഘവൻ ഇതുകേട്ടതും ഒരു നിമിഷം താൻ ചെയ്യാൻ പോയ തെറ്റിനെക്കുറിച്ച് വിഷമത്തിലായി. എന്നാൽ ഈ സന്തോഷ വാർത്ത രാഘവന്റെ മനസ്സിനെ വേറേതോ ലോകത്തെത്തിച്ചപോലെ. അവൻ തന്റെ പണിഡ്രസുമിട്ട് മത്തായിച്ചേട്ടന്റെ കൂടെപ്പോയി. അവർ ഇരുവരും പണിസ്ഥലത്തെത്തി. മത്തായിച്ചേട്ടൻ ഒന്നുമാത്രമേ ആവശ്യപ്പെട്ടുള്ളൂ. ജോലി നന്നായിരിക്കണം. നല്ല രീതിയിൽ തന്നെ തീർക്കണം. രാഘവൻ ഈ ലോകത്തൊന്നുമല്ലായിരുന്നു. അവൻ ഈശ്വരനോട് തന്റെ തെറ്റിനെ ക്ഷമിക്കാൻ പറയുന്ന വ്യഗ്രതയിലായിരന്നു.

“ഡാ... രാഘവാ നീയിത് എവിടെയാ ഞാൻ പറഞ്ഞത് വല്ലതും നീ കേട്ടോ.”

ഒരു മൂളക്കം മാത്രം. കേട്ടു ചേട്ടാ... എത്രയാ നിന്റെ കൂലി. 1500 രൂപ അവൻ പറഞ്ഞു. എന്നാ ജോലി തുടങ്ങിക്കോ? പറഞ്ഞതൊക്കെ ഓർമ്മയുണ്ടല്ലോ.... പണി നന്നായിരിക്കണം. അവൻ ബോട്ട് പെയിന്റടിക്കാൻ തുടങ്ങി. പെട്ടന്നതാ രാഘവൻ പറഞ്ഞു... "അല്ല ദേ ഒരു തുള..." മത്തായിച്ചേട്ടൻ ഇതു കണ്ടില്ലാർന്നോ? സാരമില്ല, അത് "ആദ്യം ശരിയാക്കാം എന്നിട്ടാവാം പെയിന്റടി അവൻ തന്നോട് തന്നെ പറഞ്ഞു." രാഘവൻ ആ തുളയടച്ചു. പെയിന്റ് അടിച്ചും തീർത്തു. വൈകുന്നേരം ഏകദേശം 4 മണിയോടുകൂടി അവൻ മത്തായിച്ചേട്ടന്റെ അടുത്തേക്ക് പോയി...

രാഘവൻ: ചേട്ടാ ജോലിയൊക്കെ തീർന്നു. മത്തായിച്ചേട്ടൻ: വാ നോക്കട്ടേ... ആ ബോട്ട് കണ്ടതും മത്തായിച്ചേട്ടൻ അതിശയിച്ചു പോയി "ഇത് ഞാൻ മനോഹരന്റെ കയ്യിൽനിന്ന് വാങ്ങുമ്പോൾ, ആകെ ഒരു ദുശ്ശകുനം പോലെയായിരുന്നു. എന്നാൽ ഇപ്പോ കണ്ടിട്ട് എനിക്കു തന്നെ സന്തോഷം അടക്കാൻ വയ്യ..." വളരെയേറെ സന്തോഷത്തിലായിരുന്ന മത്തായിച്ചേട്ടൻ അവന് 1500 രൂപ കൊടുത്തു. രാഘവൻ വീട്ടിലേക്ക് തിരിച്ചെത്തി. എടീ ഇങ്ങുവന്നേ ഇന്ന് നമുക്ക് ഉത്സവമാടി. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു... 1500 രൂപ കിട്ടി. ഭാര്യയും വളരെയേറെ സന്തോഷത്തിലാഴ്ന്നു... അവരത് ആഘോഷിച്ചു.

പകലിന്റെ വെളിച്ചത്തിൽ അതാ വേറൊരു സംഭവം നടക്കാനൊരുങ്ങുന്നു. രാഘവന്റെ ജീവിതം തന്നെ മാറ്റിമറിച്ച ആ നിമിഷങ്ങൾ... മനോഹരൻ മത്തായിയെ കാണാനായി വരുന്നു. ചേട്ടാ എന്നോട് ക്ഷമിക്കണം ഞാൻ തന്ന ബോട്ടിന് ഒരു തുളയുണ്ടായിരുന്നു. ഞാനത് വിട്ടു... കണ്ടില്ല ഞാനത്, ഞാൻ ചേട്ടന് പൈസ തിരിച്ച് തരാന്നൊക്കെ പറഞ്ഞ് മനോഹരൻ കടന്നു വരുന്നു. ഇതു കേട്ടതും മത്തായിച്ചേട്ടൻ: ദൈവമേ... ചതിച്ചോ തന്റെ പൈസ പോയതിലുപരി തന്റെ കുടുംബം തന്നെ നഷ്ടപ്പെടാൻ പോകുന്നു എന്നായിരുന്നു അയാളുടെ ചിന്ത മുഴുവൻ. കാരണമെന്തെന്നാൽ തന്റെ ഭാര്യയും മക്കളും ഇപ്പോൾ ആ വഞ്ചിയിലൂടെ അക്കരയിൽനിന്ന് ഇക്കരയിലേക്ക് സഞ്ചരിക്കുന്നുണ്ടാകും.

കുറച്ചുനേരം നിശ്ശബ്ദത അവിടെ ആകെ പരന്നു. പുഴക്കടവിലേക്ക് ഓടിയ മത്തായി കണ്ടത് ഒരു ഞെട്ടിക്കുന്ന ദൃശ്യമായിരുന്നു. തന്റെ കണ്ണുകൾ കള്ളം പറയുകയാണോ എന്നുവരെ തോന്നിപ്പോയി. പോയവരിതാ തിരിച്ചുവന്നിരിക്കുന്നു. യാതൊരുവിധ ആളപായമില്ലാതെതന്നെ... ഒരു വാക്ക് പോലും പറയാതെ മത്തായി രാഘവന്റെ അടുത്തേക്ക് പാഞ്ഞു. രാഘവാ... രാഘവാ... നീ എന്നെ രക്ഷിച്ചുവെന്ന് പറഞ്ഞ്... ഇതു കേട്ടതും പരിഭ്രാന്തനായ രാഘവൻ, എന്താ ചേട്ടൻ പറയുന്നേ? നീയാണ് എന്നെ രക്ഷിച്ചത്, എന്റെ കുടുംബത്തെയും... രാഘവൻ ഞാനോ? ആ നിമിഷം എന്തോ ആശയക്കുഴപ്പത്തിലെന്ന പോലെ അവൻ നിന്നു. നീ എന്റെ വഞ്ചിയിൽ പെയിന്റടിക്കുക മാത്രമല്ല ചെയ്തത് എന്റെ ജീവിതമാകുന്ന, എന്റെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ആ വഞ്ചിയിലെ തുളയാണ് നീ അടച്ചത്. ഇതുംപറഞ്ഞുകൊണ്ട് 6000 രൂപ രാഘവന് കൊടുത്തു.

രാഘവൻ : ഞാനൊന്നും ചെയ്തില്ല എന്റെ ജോലിയാണ് ഞാൻ ചെയ്തത്. അവന്റെ സത്യസന്ധതയുടെ മുമ്പിൽ മത്തായി കൈകൂപ്പി.

ആ പകൽ അവന്റെ ജീവിതം ആകെ മാറ്റിമറിച്ചു. ദരിദ്രനായ അവൻ ഒരു പണക്കാരനായി ഉയരുകയും ചെയ്തു. ആ 6000 രൂപകൊണ്ട് അവൻ ഒരു പലചരക്കു കട തുടങ്ങി. അതിലൂടെ കുറെക്കാലം അവരുടെ കുടുംബം സന്തോഷത്തിൽ ജീവിച്ചു. മത്തായിച്ചേട്ടന്റെ കുടുംബവും രാഘവനോടുള്ള കടപ്പാടിൽ ജീവിച്ചു. പകൽ എന്നത് പാൽപോലെ സത്യമായി മാറുകയാണിവിടെ. ആ പകൽ തന്നെ ഒരു ദുരന്തമായി മാറിയേനെ... എന്നാൽ ആ പകൽ അവരുടെ ജീവിതത്തിലെ വെളിച്ചമായി മാറി.

തന്റെ പഴയകാല ഓർമ്മകൾ അവനോർത്തു... ഒരു പുഞ്ചിരി മാത്രം...



# Zephyr

**Athulya Pius** (1st BA English)

Ruffling a bunch of golden leaves,
Brushing against my skin,
Waking me from slumber
The blades of the green grass shone
Wet diamond's scattered light
The yellow orb had woken up
Surprisingly, giving birth
To the mellow voice of the birds

I got up for a walk
The beauty of nature, I wanted to stalk
I Picked up a pebble and tossed it into the lake.
I felt its heartbeat increase, some of it lapping
Against my bare feet.
The Zephyr blew again,ushering the aroma
Of the floral decor,
Surrounding the small kingdom around me,
Enciting.
And there I stood, and there I stood,
My heart filled with pleasure-
Dumbstruck by the charm of nature



# അനന്തരാത്രി

**റോഷൻ ടോണി** (കൊമേഴ്സ് വിഭാഗം, ഒന്നാം വർഷം)

ഗ്രാമത്തിന്റെ കിഴക്കേ മൂലയ്ക്കാണ് കൂരാടിക്കുന്ന്. നാടിനെ തൊട്ടറിയുന്ന കുന്നിന്റെ മുകളിൽ നിന്നാണ് അപ്രതീക്ഷിതമായി കടന്നു വന്നത്. "ഇന്നു മുതൽ ഇവിടെ പകൽ ഇല്ല" ആർത്തിരമ്പുന്ന തിരമാലകൾ പോലെ ആ അശരീരി അവിടെ അലയടിച്ചു. കേട്ടവർ കേട്ടവർ മൂക്കത്ത് വിരൽ വെച്ചിരുന്നു. ഇതെന്താണ് കഥ! പകൽ ഇല്ലെന്നോ? പകൽ എങ്ങോട്ടു പോകുന്നു? സംശയങ്ങളുടെ പ്രളയത്താൽ കൂമൻകാവ് മുങ്ങിപ്പോയി. നാട്ടുകാർ മൊത്തം അയാളെ തിരയുകയായിരുന്നു. അയാൾ എവിടെ, അയാൾ എവിടെ എല്ലാവരും തിരഞ്ഞുകൊണ്ടിരുന്നു. പെട്ടന്നതാ.... അയാൾ മുന്നിൽ വന്നു നില്ക്കുന്നു. നീണ്ടു നിവർന്ന ആജാനുബാഹു പോലെയൊരു മനുഷ്യൻ. ഇയാളെയാണവർ അയാളെന്ന് വിളിച്ചിരുന്നത്. കാര്യമെന്താണ് അയാൾ തിരക്കി. "നിങ്ങൾ കേട്ടോ നാളെ മുതൽ ഇവിടെ പകൽ ഇല്ലെന്ന്..." "എന്താടോ താൻ ഈ പറയുന്നേ... വെളിവില്ലാതായോ... പകൽ ഇല്ലപോലും... ഓരോ മണ്ടത്തരങ്ങൾ പറഞ്ഞു നടക്കാതിരിക്കെടോ..." അയാളുടെ ശബ്ദത്തിന് ശേഷം എല്ലാം അവസാനിച്ചു. ഗ്രാമം ശാന്തമായി, എല്ലാവരും അയാളുടെ വാക്കാൽ വിശ്വസിച്ച് രാത്രിയെ ആഘോഷിച്ചു. നിശാചാരികളായവർ ആ രാത്രിയിൽ തൊഴിൽ വേണ്ടെന്ന് വെച്ചു. എല്ലാവരും സന്തോഷകരമായ ആനന്ദശയനത്തിലേക്ക് പ്രവേശിച്ചു.

രാത്രി ഒന്ന് എണീറ്റ് നോക്കുമ്പോഴാണ് അറിയുന്നത് നേരം പുലർന്നിട്ടില്ല. ഇന്നെന്ത് പറ്റി! ഉറക്കം നേരത്തെ കഴിഞ്ഞല്ലേ എന്ന് ആലോചിച്ചുകൊണ്ട് ഓരോരുത്തരായി ഉണർന്നു. പെട്ടെന്നാണ് അവർക്കു മുന്നിൽ ഓർമ്മകൾ പെയ്തത്. "ഇന്നു മുതൽ പകൽ ഇല്ല." അസ്വസ്ഥരായ ജനങ്ങൾ വീണ്ടും അയാളെ തേടിയിറങ്ങി. എന്നാൽ ഇത്തവണ അയാളെയും കാണാനില്ല. ഒരു ഗ്രാമത്തെ മുഴുവൻ ഭീതിയിലാഴ്ത്തിക്കൊണ്ട് അയാൾ മാഞ്ഞു പോയിരിക്കുന്നു. പതിയെ ഗ്രാമമുണർന്നു. എങ്ങും ഭയമായിരുന്നു നിറഞ്ഞുനിന്നത്. സമയമെന്താണ്, എന്തുകൊണ്ട് നേരം വെളുക്കുന്നില്ലായെന്ന് കുട്ടികളാരാഞ്ഞപ്പോൾ ആയിരം നാവുള്ള മൗനമായിരുന്നു മുതിർന്നവരുടെ മറുപടി. ഉടനെ യോഗം വെക്കണം, എല്ലാവരും തീരുമാനിച്ചു. അപ്പോഴും ഒരു പ്രശ്നം, മുന്നിൽനിന്ന് അയാളില്ലാതെ എങ്ങനെ യോഗം വിളിക്കും? മാർഗ്ഗം ആര് പറയും? ചോദ്യങ്ങളുടെ കൂമ്പാരത്തിനു മുന്നിൽ യോഗം അപ്രസക്തമായി മരിച്ചുപോയി. ഇനി എന്തുചെയ്യും. നമ്മൾ എത്രനാൾ ഇങ്ങനെ തുടരും. രാത്രി പുലരാതിരുന്നാൽ വെളിച്ചത്തിനെന്ത്

ചെയ്യും. പണിക്കുപോകുന്നതെങ്ങനെ എല്ലാവരും അവ രവരുടെ വലുപ്പചെറുപ്പത്തിനനുസരിച്ച് വ്യാകുലപ്പെട്ടു.

പകലിനെ തേടി ഒരു കൂട്ടം ആളുകൾ അന്വേഷ ണമാരംഭിക്കട്ടെ എന്ന ആദർശത്തെ മുൻനിർത്തി ഒരു കൂട്ടം യുവാക്കൾ യാത്ര ആരംഭിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെത്തിയപ്പോൾ അവർ മറ്റൊരു കാര്യം കണ്ടെത്തി. ദേശത്തിപ്പോൾ പകലാണ്. ഇതെന്തുകഥ. ഒരിടത്ത് രാത്രി ബാക്കിയെല്ലായിടത്തും പകൽ. ഇവിടെ മാത്രം എന്താ ഇങ്ങനെ. അന്വേഷണം മതിയാക്കിയ യുവാക്കൾ ഗ്രാമത്തിൽ തിരികെയെത്തി. സംഭവവികാ സങ്ങൾ നാട്ടിൽ അറിയിച്ചതും വിലാപങ്ങൾ പൊട്ടി പ്പുറപ്പെട്ടു. സർവ്വരും അലമുറയിട്ടു കരഞ്ഞു.


എന്തുകൊണ്ടാണ് ഇങ്ങനെയെന്ന് അന്വേഷിച്ച് ഒരു യുവതി യാത്ര പുറപ്പെട്ടു. ധീരത പുരുഷലക്ഷ ണമാണെന്ന വാദത്തെ ആദ്യമായി അവൾ പൊളിച്ചെ ഴുതി. മറ്റൊരു അയാളാവാനാണ് അവളുടെ ശ്രമമെന്ന് വിലാപത്തിനിടയിലും ഗ്രാമവാസികൾ പറഞ്ഞുകൊ ണ്ടിരുന്നു. ലക്ഷ്യം മഹത്തരമാണെന്ന കാര്യം മനസ്സിൽ ഉള്ളതിനാൽ തന്നെ അവൾ യാത്ര ചെയ്തുകൊണ്ടി രുന്നു. പരിഹാരം കണ്ടെത്തുവാൻ കഴിയുന്നവരെയും കൂട്ടത്തിൽ കൂമൻകുന്നിൽ നിന്നുപോയ പകലിനെയും അവൾ തിരഞ്ഞുകൊണ്ടിരുന്നു. കൂമൻകാവിൽ ഇപ്പോൾ വെളിച്ചമില്ല. അന്ധകാരം മാത്രമാണ്. നിറങ്ങൾ ഇല്ല ഓർമ്മകൾ മാത്രം.

"നിറങ്ങളുടെ ലോകത്ത് ചോദ്യങ്ങൾക്ക് പ്രസ ക്തിയുണ്ടോ?"

ആദ്യമായി അവർ ഈ ചോദ്യം ചോദിച്ചു. "ഉണ്ട് എങ്കിൽ ചായക്കൂട്ടുകളിൽ വിരലോടിക്കുമ്പോൾ അന്ധ കാരത്തെ ആവാഹിക്കുവാൻ ശ്രമിക്കുക. പുതിയ പ്രത്യയ ശാസ്ത്രവുമായി അവർ മുന്നോട്ടു നീങ്ങി.

അവർക്കവശേഷിക്കുന്നത് ഓർമ്മകളാണ്. അവ സാനമായവർ കണ്ട പകലിന്റെ ഓർമ്മ. എന്നാൽ അതും ഇപ്പോൾ വിസ്മരിക്കാൻ തുടങ്ങിയിരിക്കുന്നു. പലരും പകലിനെ മറന്നു. ഇതാണ് ജീവിതമെന്ന് വിശ്വസിക്കു വാൻ തുടങ്ങി. എന്നാൽ അവർക്ക് വേണ്ടി യാത്ര പുറ പ്പെട്ടവൾ മാത്രം തളർന്നില്ല. അവൾ അനുദിനം കു തിച്ചുകൊണ്ടിരുന്നു. ഒടുക്കം അവൾക്ക് പകലിനെ കണ്ടു കിട്ടി, കൂമൻകാവിന്റെ പകലിനെ. സംസാരിച്ചു എന്നാൽ പകൽ നിസ്സഹായനായി കയ്യൊഴിഞ്ഞു. "എനിക്ക് വരുവാൻ അനുവാദമില്ല. നിങ്ങളിലാരോ പകലുകളുടെ നേതാവിനെ നിന്ദിച്ചിരിക്കുന്നു. അത് തിരുത്താത്തിടത്തോളം നിങ്ങൾക്ക് മാപ്പില്ല. അതി നാൽ എന്റെ വരവും ഉണ്ടാകില്ല." "ഇനി ഞാൻ എന്തു ചെയ്യണം?" അവളുടെ ചോദ്യം. ചെയ്ത പ്രവൃത്തിയെ തിരുത്തുക അതാണ് മറുപടി. പക്ഷേ എങ്ങനെ? "നിന്നാൽ തന്നെ തിരയുക" - പകൽ ഇത് പറഞ്ഞു കൊണ്ട് അവിടെ നിന്നും കടന്നുപോയി.


എന്നാൽ തന്നെ എന്തു നോക്കുവാനാണ് പറയു ന്നത്. അവൾ ആലോചിച്ചുകൊണ്ടിരുന്നു. ഞാൻ എന്തു ചെയ്തു? ഒന്നും ഇല്ലല്ലോ.... പെട്ടെന്ന് അവൾ ഒരു കാര്യ മോർത്തെടുത്തു. വരുന്നവഴിയിൽ മാന്ത്രികൻ പറഞ്ഞ കാര്യം. നിന്നിലേക്ക് തന്നെ നോക്കൂ, സമയത്തെ യഥേ ഷ്ടം വലിപ്പിക്കാം... ഇതാണ് പകലിന്റെ ഉത്തരവും. പകൽ ഇല്ലാതെ ജീവിക്കാൻ പഠിച്ച അവർ ജീവിതചര്യ കളും മാറ്റി. ഭക്ഷണമില്ലാതെ ജീവിക്കാൻ കഴിയുന്ന പുതിയ രീതി. ഇതേ സമയം തന്നിൽ നോക്കിയ അവൾ സമയത്തെ നിയന്ത്രിച്ചു തുടങ്ങി. സമയം പിന്നോട്ടൊ ഴുകി അവസാനപകൽ വന്നു. അതിന്റെ മുന്നിലെ രാത്രിയും വന്നു. ഇതായിരുന്നു മാറേണ്ട നിമിഷം. നാട്ടിലെ പ്രമുഖനായ അയാൾ രാത്രിയെ സ്വർഗ്ഗമെന്നും പകലിനെ നരകമെന്നും വിളിച്ചാക്ഷേപിച്ചിരിക്കുന്നു. ഇതാണ് മാറേണ്ട നിമിഷം അവളോർത്തു. എന്തു ചെയ്യും ഇനി. അവൾ ആലോചിക്കാൻ നിന്നില്ല. അയാളെ ആ മാത്രയിൽ തന്നെ കൂമൻകാവിൽ നി ന്നും നിർമ്മാർജ്ജനം ചെയ്തു. ഇനി പ്രശ്നമില്ലല്ലോ. സമയത്തെ ഇനി നേരിൽ കൊണ്ടുവരണം. കൊണ്ടു വന്നു. നഷ്ടവസന്തങ്ങളുടെ പറുദീസയെന്നോണം പകൽ വന്നു. എന്നാൽ സമയം മാറിയപ്പോൾ ഓർമ്മ കൾ അവശേഷിച്ചു. സമയം മാറിയപ്പോൾ രാത്രിയിൽ അകപ്പെട്ടുപോയ ജനങ്ങൾ അവളെ വിധിച്ചു. അവളെ വിചാരണ ചെയ്തു. രാത്രിയെ നശിപ്പിച്ച ഇവൾക്കുള്ള ശിക്ഷ കൂരാടിക്കുന്നിൽനിന്ന് തഴെയിട്ടു കൊല്ലുക ജന സമൂഹം കയ്യടിയോടെ വിധിയെ വരവേറ്റു. രാത്രി ജനമ ധ്യത്തിൽ നാടിനെ രക്ഷിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടവൾ നാടിനുവേണ്ടി തന്നെ മരണം കൈവരിച്ചു. അയാൾ വീണ മരണ ഗർത്തത്തിലേക്ക് അവളും യാത്ര ചെയ്തു. ശുഭം പിറ്റേന്ന് രാവിലെ പുലർന്നത് മറ്റൊരു അശരീരി യോടുകൂടിയാണ്. "ഇതാ ഇനി മുതൽ ഇവിടെ രാത്രി ഇല്ല" എല്ലാവരും തിരഞ്ഞു അവൾ എവിടെ?





# Department Activities


## Psychology











REC
K
You



PRAJYOTI NIKETAN COLLEGE PUDUKAD
(Govt.Aided and Affiliated to the University of calicut)
Re Accredited with 'A' Grade by NAAC
www.prajyotiniketan.edu.in
NATIONAL SERVICE SCHEME UNITS NO 85 & 183
IN ASSOCIATION WITH
POST GRADUATE AND RESEARCH DEPARTMENT OF PSYCHOLOGY
CERTIFICATE
This is to Certify that..........has successfully completed International Webinar on "Competent to compete covid-19 tips to keep your mentaly healthy" organized by NATIONAL SERVICE SCHEME UNITS NO 85 & 183 in association with post graduate and research Department of Psychology,on 22 August 2020.
DR SHAIJAN PAUL (PRINCIPAL)
DR MILU MARIA ANTO (HOD PSYCHOLOGY)
DR SOUMYA STARLET CT (NSS PO)
DR BINOJ JOSE (NSS PO)


PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to Calicut University
PUDUKAD, THRISSUR – KERALA – 680301
(NAAC Accredited at 'A' Level)
Post Graduate & Research Department of Psychology
Celebrating International Youth Month
"PRAYAAN 2020"
Igniting Young Buddies
24th – 28th August 2020
Webinar Series for Teens in Personality Development to Empower
Dr. Milu Maria Anto
HOD / Convener
Dr. Shaijan Paul
Principal
Dr. Nice Mary Francis
Organizing Secretary
Sessions will be led by Research Scholars of Prajyoti Niketan College


V
A
B
d
A
m
S


PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to Calicut University
PUDUKAD, THRISSUR – KERALA – 680301
(NAAC Accredited at 'A' Level)
Celebrating Youth Month
"PRAYAAN 2020"
Igniting Young Buddies
Organized by Post Graduate & Research Department of Psychology
DAY 1 – 24 – 08 – 2020
Topic:
"Busting Mental Health Myths"
RESOURCE PERSONS
Fathima M. A
Clinical Psychologist & Research Scholar, Department of Psychology, Prajyoti Niketan College, Pudukad
Julie Elizabeth
Clinical Psychologist & Research Scholar, Department of Psychology, Prajyoti Niketan College, Pudukad
Join
meet.google.com/duq-teym-bjw
24th – 28th August 2020
Webinar Series for Empowering Youth
Hosted On Google Meet
Time: 4 PM—5 PM



















PRAJYOTI NIKETAN COLLEGE, PUDUKAD

PRAYAAN' 2020

Igniting Young Minds

An Initiative for Youth Empowerment

(24th to 28th August, 4-5pm)

Organized by **RESEARCH SCHOLARS, DEPT OF PSYCHOLGY,**

**Opening Programme (24th August, 4pm )**

**4pm: Prayer**

Welcome- **Dr Nice Mary Francis**

(Organizing Secretary, Asst Professor, Department of Psychology)

Presidential Address: **Dr Shaijan Paul**

(Principal, Prajyoti Niketan)

Felicitation: **Dr Milu Maria Anto**

(Convener; H O D, Dept of Psychology)

Vote of Thanks: **Sr Julie Elizebath**


(Coordinator, Research Scholar)


4.15 pm Session I: Julie Elizebath

Session II: Fathima M A

**4.50 pm: Discussions**

5pm: Conclusion



PRAJYOTI NIKETAN COLLEGE PUDUKAD
(Govt.Aided and Affiliated to the University of calicut)
Re Accredited with 'A' Grade by NAAC
www.prajyotiniketan.edu.in
RESEARCH AND POST GRADUATE DEPARTMENT OF PSYCHOLOGY
SUICIDE PREVENTION DAY
WORKING TOGETHER TO PREVENT SUICIDE
SEPTEMBER 10
Dr Manoj Therayil Kumar
PSYCHIATRIST ( MBBS, MD, MPHe, DNB, MRCPsych, MNAMS, DipCBT (Oxford), FRCPsych, DNB, DPM )
Director,Institute for Mind & Brain,Kerala India www.inmind.in
Dr.Shijan Paul (Principal)
Dr.Milu Maria Anto (HOD Psychology)
Dr.Soumya Starlrt C.T (Organizing Secretary)
COMMITTE MEMBERS
Dr.Nice Mary Francis P
Dr.Sukanya B Menon
Dr.Jaya A.T
Dr.Lijo K.J
Mrs.Midhu K Johnson
10/09/2020
@ 9:00am
Google Meet
WWW.PRAJYOTINIKETAN.EDU.IN



PRAJYOTI NIKETAN COLLEGE PUDUKAD
POSTER MAKING
COMPETITION
THEME
"WORKING TOGETHER TO PREVENT SUICIDE"
CONDUCTED BY
PSYCHOLOGY DEPART MENT
PRAJYOTI NIKETAN
COLLEGE ,PUDUKAD
LAST DATE OF ENTRY
SEP 9TH
5:00 PM
SEND YOUR ENTRIES TO
paulriyaa007@gmail.com


Short Film
Release on 10 - 09 - 20
Dept.of Psychology, Prajyoti Niketan College








PRAJYOTI NIKETAN COLLEGE,PUDUKAD
(Govt.Aided and Affiliated to the University of calicut)
Re Accredited with 'A' Grade by NAAC
WORLD MENTAL HEALTH DAY
DEPARTMENT OF PSYCHOLOGY ORGANISES
WEBINAR ON TOPIC
MENTAL HEALTH CARE IN COLLEGE:
CLINICAL SERVICES AND CRISIS INTERVENTION
OCT 10
SATURDAY
RESOURCE PERSON
Dr Mohammed Abeer K.C









Warm Greetings from
Prajyoti Niketan College, Pudukad.
As part of National Mentoring Day
Research and Post Graduate
Department of Psychology
*Organising one day Webinar on*

**"Understanding the Mentee:
The Innovative Mentor"**


Resource Person:
**Dr. Joju. K. T**
Asso.Prof. in Mathematics (Rtd)
Prajyoti Niketan College, Pudukad
Tue 27 October 2020
3 pm to 4 pm IST - Kolkata
PLATFORM : Google meet


Click on the link to join on Google meet
http://meet.google.com/bcm-vsov-buw
First 90 participants could join us through
Other participants could join in you tube.
Youtube link
https://youtu.be/FHxVDguluFA



PRAJYOTI NIKETAN COLLEGE
Govt. Aided and Affiliated to University of Calicut
PUDUKAD, THRISSUR - KERALA - 680301
[Re Accredited with 'A' Grade by NAAC]
Research & Post Graduate Department of Psychology
in association with IQAC
A Webinar on
"UNDERSTANDING THE MENTEE:
THE INNOVATIVE MENTOR"


PROGRAM SCHEDULE

| | | |
|---|---|---|
| Joining Time: 2.45 pm | | Venue: Google Meet & YouTube Live |
| Welcome Speech: | | Sr. Julie Elizabeth (Research Scholar) |
| Presidential Address: | | Dr. Shaljan Paul (Principal) |
| Introduce Mentor's Day: | | Ajitha V. A (Research Scholar) |
| Introduce the Chief Guest: | | Vandana V. S (Research Scholar) |
| Mentor's Day Talk: | | Dr Joju K. T (Asso. Prof. in Mathematics (Rtd.), Prajyoti Niketan College, Pudukad |
| Vote of Thanks: | | Fathima M. A (Research Scholar) |
| | Feedback & e-Certificate | |
| 4.00 pm: | National Anthem | |











































PRAJYOTI NIKETAN COLLEGE PUDUKAD
(Govt.Aided and Affiliated to the University of Calicut)
Re Accredited with 'A' Grade by NAAC
NATIONAL SERVICE SCHEME UNITS NO 85 & 183
IN ASSOCIATION WITH
POST GRADUATE AND RESEARCH DEPARTMENT OF PSYCHOLOGY
ENDING THE EPIDEMIC
RESILIENCE & IMPACT
DEC-1st WORLD AIDS DAY
LIBY LEO AKKARA
Reasearch Scholar in Psychology
Prajyoti Niketan College Pudukad
DR SHAIJAN PAUL (PRINCIPAL)
DR MILU MARIA ANTO (HOD PSYCHOLOGY)
DR SOUMYA STARLET CT (NSS PO)
DR BINOJ JOSE (NSS PO)
01 DEC 2020
04:30 PM
www.prajyotiniketan.edu.in
google meet



REC
Liby Simson
You
Dr. Sou...
Aiswarya
96 others




















PRAJYOTI NIKETAN COLLEGE, PUDUKAD
Govt. Aided and Affiliated to the University of Calicut
Re-Accredited with 'A' Grade by NAAC
www.prajyotiniketan.edu.in
Department of Psychology
Orientation programme
Topic:-
REORIENTING PSYCHOLOGY
RESOURCE PERSON:
Dr. Varghese Paul K
Associate Professor and HOD, Psychology
Sahrdaya College,Kodakara
MEETING PLATFORM: GOOGLE MEET
23-01-2021, 11:30am-12:30pm
Meet link:http://meet.google.com/bnf-xaai-gwq
participants: 1st Bsc&MSc students
Principal
Dr.Shaijan Paul
HOD Psychology
Dr. Milu Maria Anto






PRAJYOTI NIKETAN COLLEGE,PUDUKAD
(Govt.Aided and Affiliated to the University of Calicut)
Re Accredited with 'A' Grade by NAAC
POST GRADUATE AND RESEARCH DEPARTMENT OF PSYCHOLOGY
NATIONAL WEBINAR IN CONNECTION WITH
International Women's Day
TOPIC -
ESTROGEN
AN OVERVIEW
09 MAR 2021
02:30 TO 03:30 PM
DR SHAIJAN PAUL (PRINCIPAL)
DR MILU MARIA ANTO (CONVENOR)
MIDHU K JOHNSON (ORGANIZING SECRETARY)
ORGANIZING COMMITTEE
DR NICE MARY FRANCIS P
DR JAYA A T
DR SOUMY STARLET C T
DR SUKANYA B MENON
google meet
www.prajyotiniketan.edu.in
ESTROGEN
DR K V PAULY
VICE-PRINCIPAL ST. TERESA'S ARTS & SCIENCE COLLEGE, KOTTAMURY & FORMER ASSO. PROF. OF PHYSIOLOGY PRAJYOTI NIKETAN COLLEGE


PRAJYOTI NIKETAN COLLEGE PUDUKAD
Govt. Aided and Affiliated to the University of Calicut
Re Accredited with 'A' Grade by NAAC
www.prajyotiniketan.edu.in
WOMEN CELL IN ASSOCIATION WITH POST GRADUATE
AND RESEARCH DEPARTMENT OF PSYCHOLOGY
RESOURCE PERSON
MANIFESTING THE PSYCHOLOGICAL
FACTS OF MENSTRUATION
MARCH 8
2.30 pm
INTERNATIONAL
Women's Day
PULARI ROHIT
REHABILITATION PSYCHOLOGIST
Research scholar
DR. SHAIJAN PAUL
(Principal)
DR. SOUMYA STARLET C T
(Organizing secretary and
Women Cell Coordinator)
DR. MILU MARIA ANTO
(HOD Psychology
Department)


Soumya Starlet C T
You
Aiswarya
97 others



Anna Therese
You
Aiswarya
96 others


PRAJYOTI NIKETAN COLLEGE
PUDUKAD,THRISSUR-KERALA-680301
NAAC Accredited at 'A' Level
By Distinguished Alumni of
THE RESEARCH AND
POST GRADUATE DEPARTMENT OF PSYCHOLOGY
DR.VARGHESE PAUL & DR.MONSY EDWARD
ENDOWMENT LECTURE-1
Dr.Varghese Paul
Asso.Professor & Head
1995-2018
Dr.Moncy Edward
Asso.Professor & Head
1995-2020
16 OCT
4.30 PM
RESOURCE PERSONS
Dr.M S Razeena Padmam (Rtd)
Professor and Director
School of Behavioural Science
Mahtma Gandhi University
Kottayam
Dr.K Pramodu
Sexologist, Clinical Psychologist
Dr.Pramodu Institute of
Sexual and Mental Health
Ernakulam
Founder Director&Manager
Fr. Dr.Harshajan Pazhayattil
Principal
Dr.Shaijan Paul
HOD
Dr.Milu Maria Anto
Coordinator
Dr.Nice Mary Francis





PRAJYOTI NIKETAN COLLEGE,PUDUKAD
(Govt.Aided and Affiliated to the University of calicut)
Re Accredited with 'A' Grade by NAAC
www.prajyotiniketan.edu.in
പ്രജ്യോതി നികേതൻ കോളേജ്
മനഃശ്ശാസ്ത്ര വിഭാഗം
മുതിർന്ന പൗരൻമാർക്കായ്
ഒരുക്കുന്ന ഓൺലൈൻ സ്നേഹവിരുന്ന്....
ഓർമ്മകൾതൻ കളിമുററത്ത്...
21.08.2020
3.00PM
Google Meet
മുതിർന്ന
പൗരൻമാരുടെ
ദിനം
ഈ വാകമരത്തണലിൽ വിദ്യാർത്ഥികളോടൊപ്പം
ഒരു സായാഹ്നം കൂടാൻ
നിങ്ങളേവരേയും ഞങ്ങൾ ക്ഷണിക്കുന്നു.....
ആശംസകളോടെ
ഡോ ഷൈജൻ പോൾ (പ്രിൻസിപ്പൽ)
ഡോ മിലു മരിയ ആന്റോ (HOD)
ഡോ നൈസ്മേരി ഫ്രാൻസിസ്
ഡോ സൗമ്യ സ്റ്റാർലെറ്റ്
ഡോ സുകന്യ ബി.മേനോൻ
ഡോ ജയ എ.ടി
ഡോ ലിജോ കെ.ജെ
മിഥു കെ.ജോൺസൺ(കൺവീനർ)









# നന്ദി...

**പ്രിയരെ**

ചില ശബ്ദങ്ങൾ ഇവിടെ അക്ഷരങ്ങളായി പുനർജനിച്ചിട്ടുണ്ട്. പറയാൻ ആഗ്രഹിച്ച വാക്കുകൾ പെറുക്കികൂട്ടി കൊച്ചു പുസ്തകമാക്കി നിങ്ങൾക്കു മുമ്പിൽ വച്ചതാണ്. പ്രതിരോധത്തിന്റെ, അതിജീവനത്തിന്റെ ഈ നാളുകളിൽ ഇതിൽ ഒരക്ഷരമെങ്കിലും ജീവസുറ്റതായി പ്രതിരോധമായി പരിണമിച്ചെങ്കിൽ അതു മാത്രമാണ് ഞങ്ങളുടെ ഇനിയുള്ള നാളുകളിലെ ചാലകശക്തി. ഈ അൺമൃൂട്ട് ഇനിയും ഒച്ചയും അനക്കവും ഉണ്ടാക്കിക്കൊണ്ടേയിരിക്കും. കാരണം എഴുതിയതൊന്നും പതിരാവില്ലെന്ന ബോധ്യത്താൽ. നാലുപേർ ചേർന്നാലും നാനാ ജനങ്ങൾക്ക് നല്ല പാഠം പകർന്നു നൽകാം എന്ന തിരിച്ചറിവിൽ.

ഇവിടെ വന്നുപോയവർക്ക്... ഈ താളുകളിലൂടെ നടന്നു പോയവർക്ക്... കൂടെ നിന്ന് കരുത്തേകിയവർക്ക്...

നന്ദി...



PRAJYOTIRGAMAYA

# PRAJYOTI NIKETAN COLLEGE

Pudukad, Thrissur Dt, Kerala, Pin- 680301
(Govt. Aided and Affiliated to the University of Calicut
Re Accredited with 'A' Grade by NAAC)
Email : prajyotiniketan@yahoo.co.in, www.prajyotiniketan.edu.in
Ph : 0480 2752885, 9387275202, 0480 2756559